39. ശ്രീ. വർക്കല രാധാകൃഷ്ണൻ
40. ,, വി. കെ. രാജൻ
41. ,, കാനം രാജേന്ദ്രൻ
42. ,, കെ. ശങ്കരനാരായണപിള്ള
43. ,, എ. കെ. ശശീന്ദ്രൻ
44. ,, എ. സി. ഷൺമുഖദാസ്
45. ഡോക്ടർ എ. സുബ്ബാറാവു
46. ശ്രീ. എ. വി. താമരാക്ഷൻ
47. ,, സി. കെ. തങ്കപ്പൻ
48. ,, വി. ജെ. തങ്കപ്പൻ
49. ,, എസ്. ആർ. തങ്കരാജ്
50. ,, ജി. വരദൻ
51. ,, പി. വിജയദാസ്

നിഷ്പക്ഷർ—ഇല്ല.

അനുകൂലിക്കുന്നവർ 63
പ്രതികൂലിക്കുന്നവർ 51
നിഷ്പക്ഷത പാലിക്കുന്നവർ—ആരുമില്ല.

പ്രമേയം സഭ അംഗീകരിച്ചതായും ബിൽ പാസ്സായതായും പ്രഖ്യാപിക്കപ്പെട്ടു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും ഇന്നുതന്നെ വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(വൈകുന്നേരം 4 മണിക്ക് വീണ്ടും സമ്മേളിക്കുന്നതിനുവേണ്ടി സഭ ഉച്ചയ്ക്കുശേഷം 2-49ന് പിരിഞ്ഞു.)

(നിയമസഭ വൈകുന്നേരം 4 മണിക്ക് മി. സ്പീക്കറുടെ അദ്ധ്യക്ഷതയിൽ വീണ്ടും സമ്മേളിച്ചു.)

(2) സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ

നിയമവും ജലസേചനവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. മാണി): സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തപ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ പരിഗണനയ്ക്കെടുക്കണമെന്ന പ്രമേയം ഞാൻ അവതരിപ്പിക്കുന്നു.

ധനകാര്യ വകുപ്പുമന്ത്രി (ശ്രീ. തച്ചടി പ്രഭാകരൻ): സർ, ഞാൻ ഇതിനെ പിന്താങ്ങുന്നു.

ശ്രീ. കെ. എം. മാണി: സർ, ഈ പ്രമേയം ഇവിടെ അവതരിപ്പിച്ചുകൊണ്ട് ഏതാനും വാക്കുകൾ പറയാൻ ഞാൻ ആഗ്രഹിക്കുകയാണ്. മലിനജല സംസ്ഥാനത്തെ ശുദ്ധജല വിതരണ പദ്ധതികളുടെയും നിവാരണ പരിപാടികളുടേയും ശാസ്ത്രീയവും കാര്യക്ഷമവുമായ ആസൂത്രണ നിർവ്വഹണത്തിന് ആവശ്യമായ വിവര സമാഹരണത്തിന്

LIBRARY ARCHIVES Kerala Legislative Assembly

ഈ നിയമം മൂലം സ്ഥാപിതമാകുന്ന ജല അതോറിറ്റി സഹായകമാകുന്നതാണ്. ഈ രംഗത്ത് പുതിയ ചലനങ്ങൾ സൃഷ്ടിക്കുവാൻ ഈ നിയമം ഉപകരിക്കുമെന്നത് വളരെ വ്യക്തമാണ്. മൂല നിയമം പ്രസിദ്ധീകരിച്ചത് 23-3-1984-ലാണ്. നിയമസഭയിൽ അവതരിപ്പിച്ചത് 12-9-1985-ലാണ്. സബ്ജക്ട് കമ്മിറ്റിക്ക് റഫർ ചെയ്തത് 18-9-1985-ലാണ്. അഞ്ചു സിറ്റിംഗ്സ് ഈ കമ്മിറ്റി നടത്തി, ദക്ഷിണ സംസ്ഥാനങ്ങളിലെ അതോറിറ്റികളുമായി കമ്മിറ്റി ചർച്ചകൾ നടത്തി. എറണാകുളം, കോഴിക്കോട് ജില്ലാ കേന്ദ്രങ്ങളിൽ സമ്മേളിച്ച് തെളിവുകളെടുത്തു. അതിനുശേഷം ആണ് 26-6-1986-ൽ റിപ്പോർട്ട് രൂപീകരിച്ചത്. നയപരമായ ചില വ്യതിയാനങ്ങൾ മൂലനിയമത്തിൽ നിന്നും സബ്ജക്ട് കമ്മിറ്റി ചർച്ച നടത്തി വരുത്തുവാൻ ആഗ്രഹിക്കുകയാണ്. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ളത് പേരിൽ വരുത്തുന്ന മാറ്റമാണ്. ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരളാ ആക്ട് എന്നാണ് മൂല നിയമത്തിൽ പ്രതിപാദിച്ചിട്ടുള്ളത്. അതിൽ അതോറിറ്റിയെ ജലവും മലിനജലവും അതോറിറ്റി എന്നാണ് രണ്ടാമത്തെ ക്ലാസ്സിൽ നാമകരണം ചെയ്തിരിക്കുന്നത്. ജലം എന്നു പറയുന്നത് ജീനസ് ആണ്. മലിനജലം എന്നു പറയുന്നത് സ്പേഷി ആണ്. അപ്പോൾ ജലത്തിന്റെ കൂടെ മലിനജലവും എന്നുകൂടി കൂട്ടിച്ചേർക്കേണ്ട കാര്യമില്ല. ജലത്തിൽത്തന്നെ മലിനമുണ്ടെങ്കിൽ ശുദ്ധജലവും ഉണ്ട് മലിനജലവുമുണ്ട്. അതുകൊണ്ട് എല്ലാ നിലയിലും ലോജിക്കലായി ആലോചിക്കുമ്പോൾ അതോറിറ്റിയുടെ പേര് ജല അതോറിറ്റി എന്ന് കൺവർട്ട് ചെയ്യുകയായിരിക്കും നല്ലത് എന്നുള്ളതാണ് സബ്ജക്ട് കമ്മിറ്റിയുടെ അഭിപ്രായം. അതനുസരിച്ച് സബ്ജക്ട് കമ്മിറ്റി റെക്കമൻഡ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് 'ജല അതോറിറ്റി' എന്ന് പേരു മാറ്റണം. മലിനജലം എന്നുള്ളത് വേണ്ട.

സർ, അതോറിറ്റിയുടെ ചെയർമാൻ സ്ഥാനത്തെ സംബന്ധിച്ച് ഒരു ഭേദഗതിയുണ്ട്. പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിന്റെ ചുമതല വഹിക്കുന്ന -ബന്ധപ്പെട്ട മന്ത്രിയായിരിക്കണം ഇതിന്റെ ചെയർമാൻ എന്ന് നിർബന്ധമായിട്ട് സെക്ഷൻ (4)-ൽ പറയുന്നുണ്ട്. അത് മാൻഡേറ്ററിയാണ്. പക്ഷേ ഏതെങ്കിലും ഒരു മന്ത്രിയെ സംബന്ധിച്ചിടത്തോളം അല്ലെങ്കിൽ ഒരു ഗവൺമെന്റിന്റെ പോളിസി അനുസരിച്ച് മന്ത്രി ചെയർമാൻ ആയിരിക്കേണ്ടതില്ല. യോഗ്യനായ മറ്റൊരാളെ ചെയർമാനായി നിയമിക്കണമെന്നുണ്ടെങ്കിൽ ഇന്ന് ഈ നിയമത്തിൽ അത് സാദ്ധ്യമല്ല. അതുകൊണ്ട് ഈ കാര്യത്തെ സംബന്ധിച്ചിടത്തോളം ഒരു കാര്യം ഞാൻ വ്യക്തമാക്കുകയാണ്. ഈ അതോറിറ്റി എന്നു പറയുന്നത് ഒരു ആട്ടോണമസ് കോർപ്പറേഷനാണ്. ഒരു ആട്ടോണമസ് കോർപ്പറേഷന്റെ ദൈനംദിന ഭരണ രംഗത്തെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് അത് നോക്കിയിട്ട് കാര്യമില്ല. ദൈനംദിന ഭരണ രംഗത്തെ സംബന്ധിച്ചിടത്തോളം കഴിവുള്ള ഏതെങ്കിലും ഉദ്യോഗസ്ഥൻമാരെയോ അല്ലെങ്കിൽ ആരെയെങ്കിലുമോ ഇതിന്റെ ചെയർമാൻ സ്ഥാനത്ത് വയ്ക്കേണ്ടിവരും. അപ്പോൾ അതിനെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന് ആവശ്യമായ തീരുമാനം ഈ കാര്യത്തിൽ എടുക്കുന്നതിനുള്ള സ്വാതന്ത്ര്യം ലഭിക്കുന്നതിനുവേണ്ടി ഇതിന്റെ ചെയർമാൻ മന്ത്രിയോ അല്ലെങ്കിൽ മറ്റ് ആരെങ്കിലുമോ ഇതിലേക്ക് നിയമിക്കപ്പെടുന്ന ആൾ എന്നുള്ള നിലയിൽ ഇതിന് ഭേദഗതി ആവശ്യമായിട്ടുണ്ട്. അതുകൊണ്ട് ആ നിലയിൽ, Section 4: The Minister in charge of Public Health Engineering Department, or any other person appointed by Government

LIBRARY ARCHIVES Kerala Legislative Assembly

shall be the Chairman എന്ന് ഒരു ഭേഗതി വരുത്താൻ ഉദ്ദേശിക്കുന്നു. അതിന്റെ ഫലമായിട്ട് അതോറിറ്റിയുടെ ചെയർമാൻ സ്ഥാനത്ത് മറ്റൊരാളെ നിയമിക്കുന്നതിന് ബുദ്ധിമുട്ട് വരികയില്ല. ഏതായാലും ഗവൺമെന്റിന് അതേ സംബന്ധിച്ച് തീരുമാനമെടുക്കുന്നതിന് സ്വാതന്ത്ര്യം ലഭിക്കും. അത് ഇതിന്, വളരെ ഗുണകരമായിരിക്കും. എന്റെ വ്യക്തിപരമായ അഭിപ്രായത്തിൽ മറ്റൊരാളെ ചെയർമാനായി നിയമിക്കുകയാണ് ഉത്തമമായിട്ടുള്ളത്.

സർ, അതുപോലെതന്നെയാണ് മാനേജിംഗ് ഡയറക്ടറെ നിയമിക്കുന്ന കാര്യവും.

Section 4 (b): a Managing Director shall have financial and administrative expertise..... ഇതിനുമുമ്പ് പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് വർക്കിനെ സംബന്ധിച്ചിടത്തോളം അറിവുള്ള ഒരാൾ എന്നായിരുന്നു മൂല നിയമത്തിൽ പറഞ്ഞിരുന്നത്. പക്ഷേ അതിന്റെകൂടെ അഡ്മിനിസ്ട്രേറ്റീവ് എക്സ്പീരിയൻസ് ഉള്ള ഒരാളെയോ ഒരു ഐ. എ. എസ്. ആഫീസറെയോ നമുക്ക് മാനേജിംഗ് ഡയറക്ടറായി വയ്ക്കണം, അല്ലെങ്കിൽ ഏതെങ്കിലും കഴിവുള്ള ഒരാളെ മാനേജിംഗ് ഡയറക്ടറായിട്ട് വയ്ക്കണമെന്നുണ്ടെങ്കിൽ മൂലനിയമം അതിന് ഉപകരിക്കുന്നതല്ല. അതുകൊണ്ട് ഫൈനാൻഷ്യൽ ആൻറ് 'അഡ്മിനിസ്ട്രേറ്റീവ്" എക്സ്പെർട്ടിസം കൂടി കണക്കിലെടുത്തുകൊണ്ട് മാനേജിംഗ് ഡയറക്ടറെ നിയമിക്കണമെന്ന് ഒരു മാറ്റം വരുത്തുകയാണ്. അതുപോലെതന്നെ മാനേജിംഗ് ഡയറക്ടർ റിട്ടയേർഡ് ആഫീസർ ആയിരിക്കുവാൻ പാടില്ല. 55 വയസ്സിൽ കൂടുതൽ പ്രായമുണ്ടെങ്കിൽ അവരെ വയ്ക്കരുതെന്ന ഒരു നിബന്ധന സബ്ജക്ട് കമ്മിറ്റി റിപ്പോർട്ടു ചെയ്തിട്ടുള്ള ഈ ബില്ലിനകത്ത് ഞങ്ങൾ കൂട്ടിച്ചേർത്തിട്ടുണ്ട്. ഇതിനകത്ത് ഗവൺമെൻറിന് ഒന്നുകൂടി ആലോചിക്കേണ്ടതുണ്ട്. ഒരു ഐ. എ. എസ്. ആഫീസറെ സംബന്ധിച്ചിടത്തോളം റിട്ടയർമെൻറ് കാലാവധി ചിലപ്പോൾ 58 വയസ്സാണ്. അതുകൊണ്ട് 55 ആണോ 58 ആണോയെന്നുള്ളതിനെ സംബന്ധിച്ച് അതിന്റെ ക്ലാസ് ബൈ ക്ലാസ് ഡിസ്ക്രഷനറി നയപരമായ, അന്തിമമായ തീരുമാനം ഗവൺമെൻറിന് പറയാം. ഏതായാലും റിട്ടയേർഡ് ആയിട്ടുള്ള ഒരു ആഫീസറെ ഈ അതോറിറ്റിയുടെ എം. ഡി സ്ഥാനത്ത് വയ്ക്കുന്നത് ഉത്തമമായിരിക്കുകയില്ലെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം. ആ നിലയ്ക്കുള്ള ഭേഗതി ഇതിലേക്ക് കൊണ്ടുവരുന്നു. അതുപോലെ ഒരു ന്യൂ സബ്ക്ലാസ് (ജി) ആയി ക്ലാസ് 4–ൽ കൊണ്ടുവരുന്നുണ്ട് ഡവലപ്പ്മെൻറ് സെക്രട്ടറിയെ ഈ അതോറിറ്റിയിൽ മെമ്പറായി വയ്ക്കണം. അത് നല്ലതായിരിക്കുമെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം. ഇതിനു മുമ്പ് ഡവലപ്പ്മെൻറ് സെക്രട്ടറിയെ വച്ചിട്ടില്ലായിരുന്നു. അതുപോലെ ലാക്കൽ ബോഡികളിലെ മെമ്പർ, ഏതെങ്കിലും പഞ്ചായത്തു മെമ്പർ ഉണ്ടായിരിക്കണമെന്ന് മൂലനിയമത്തിൽ ഉണ്ടായിരുന്നു. പക്ഷേ ഇപ്പോൾ തിരഞ്ഞെടുക്കപ്പെട്ട ബോഡി ഇല്ല. അതുകൊണ്ട് ഇതിനകത്ത് മറ്റൊരു ക്ലാസ് കൂടി ചേർക്കുകയാണ്. തിരഞ്ഞെടുക്കപ്പെട്ട ബോഡി ഇല്ലാത്ത സന്ദർഭത്തിലാണെങ്കിൽ ഒരു 'എക്സ്' ലോക്കൽ ബോഡി മെമ്പറെ (മുമ്പ് ലോക്കൽ ബോഡിയിൽ മെമ്പർ ആയിരുന്ന ആളെ) ആയിരിക്കണം നോമിനേറ്റ് ചെയ്യേണ്ടതാണ് എന്നുള്ള നിലയ്ക്ക് ഇപ്പോഴത്തെ പരിതഃസ്ഥിതിയെ അഭിമുഖീകരിക്കത്തക്കവിധത്തിൽ ഒരു പുതിയ ക്ലാസ് കൂടി ഞങ്ങൾ ഡിസ്ക്രസ് ചെയ്ത് ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly

അതുപോലെ ക്ലാസ് 15–ൽ ഐറ്റം (4) ആയിട്ട് അതോറിറ്റിക്ക് സാങ്ഷൻ കൊടുക്കുന്ന സ്കീമിന്റെ പരിധി മുമ്പ് 25 ലക്ഷം രൂപ ആയിരുന്നു. ഇക്കാലത്ത് 25 ലക്ഷം എന്നു പറഞ്ഞാൽ ഒരു ചെറിയ തുക മാത്രമേ ആകുന്നുള്ളു. ഒരു ചെറിയ വർക്കിനുപോലും 25 ലക്ഷം രൂപ ആകുന്നുണ്ട്. അപ്പോൾ 25 ലക്ഷത്തിൽ കൂടുതലുള്ള വർക്കിന് ഗവൺമെന്റിന്റെ സാങ്ഷൻ വേണ്ടിവരുന്നു. പക്ഷേ അതുപോരാ. അതോറിറ്റിക്ക് ഒരു കോടി രൂപയ്ക്ക് വരെയുള്ള സ്കീമുകൾ സാങ്ഷൻ ചെയ്യാനുള്ള അധികാരം ഉണ്ടായിരിക്കണമെന്നാണ് കമ്മിറ്റിയുടെ അഭിപ്രായം. അതനുസരിച്ച് ഒരു കോടി രൂപവരെയുള്ള സ്കീമുകൾ സാങ്ഷൻ ചെയ്യുവാൻ അതോറിറ്റിക്ക് അവകാശം നൽകും. അതിനുമുപരിയുള്ള സ്കീമുകളെ സംബന്ധിച്ചിടത്തോളം ഗവൺമെന്റിന്റെ സാങ്ഷനു വിധേയമാവുകയും ചെയ്യണമെന്നുള്ള വ്യവസ്ഥയാണ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ളത്. അതാണ് ബില്ലിൽ പറഞ്ഞിരിക്കുന്നത്.

സർ, ഇതിനുമുമ്പിലത്തെ ബില്ലിൽ പല തവണ ടെക്നിക്കലായിട്ടുള്ള ഒബ്ജക്ഷൻസ് ഈ നിയമസഭയിൽ വരികയുണ്ടായി. ബഡ്ജറ്റിലെ അലോക്കേഷനെ സംബന്ധിച്ചിടത്തോളം ആ ബുദ്ധിമുട്ട് പരിഹരിക്കുന്നതിനുവേണ്ടി ക്യാപ്പിറ്റൽ കോൺട്രിബ്യൂഷൻ, ലോൺസ് വാങ്ങുന്നതിന് അധികാരം കൊടുക്കുന്ന ഒരു പുതിയ പ്രൊവിഷൻകൂടി ഇതിനകത്ത് ഉൾപ്പെടുത്തുന്നുണ്ട്.

അതുപോലെതന്നെ ഒരു പുതിയ ഐറ്റം, ഗിഫ്റ്റുകൾ വാങ്ങുകയെന്നുള്ളതാണ്. സമ്മാനം എന്നുപറയുന്നത് ഏതെങ്കിലും ഉപകരണങ്ങളായിട്ട് തരാൻ തയ്യാറുള്ള യൂണിസെഫ് പോലെയുള്ള സംഘടനകളുണ്ട്. അങ്ങനെയാണെങ്കിൽ ഗിഫ്റ്റ് വാങ്ങുന്നതിനുള്ള ഒരു എനേബ്ലിംഗ് ക്ലാസ് ഇതിനകത്ത് വേണം. അതിനുവേണ്ടി ഒരു എനേബ്ലിംഗ് ക്ലാസ് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിട്ടുള്ള ബില്ലിൽ കൊണ്ടുവന്നിട്ടുണ്ട്.

മറ്റൊരു പ്രധാനപ്പെട്ട ഭേദഗതി ക്ലാസ് 28 (5)–ന് ആണ്. അതോറിറ്റിയുടെ ആനുവൽ ഫൈനാൻഷ്യൽ സ്റ്റേറ്റ്മെന്റിൽ ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം വളരെ ആദരണീയമായ കാര്യമാണ് ഞങ്ങൾ ചെയ്യുന്നത്. ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം ഗവൺമെന്റ് ലോൺസ് കൊടുക്കുന്നു, സബ്വെൻഷൻസ് കൊടുക്കുന്നു, ഗ്രാന്റ് കൊടുക്കുന്നു, സബ്സിഡി കൊടുക്കുന്നു. ആ അതോറിറ്റിയുടെ ആനുവൽ ഫൈനാൻഷ്യൽ എസ്റ്റിമേറ്റ്സ് നിയമസഭയുടെ പരിഗണനയ്ക്കുവേണ്ടി വയ്ക്കണം. അത് മൂലനിയമത്തിൽ ഇല്ലായിരുന്നു. അത് നിയമസഭയുടെ സ്ക്രൂട്ടിണിക്ക് വിധേയമാക്കാൻ ആഗ്രഹിക്കുകയാണ്. അത് ചെയ്യണമെന്നുള്ള ഒരു പുതിയ നിർദ്ദേശം കൊണ്ടുവന്നിട്ടുണ്ട്. 31–ാമത്തെ ക്ലാസിൽ അതോറിറ്റിയുടെ സേവനത്തിന് പ്രതിഫലമായി പഞ്ചായത്തുകൾ ഒരു തുക കൊടുക്കണമെന്നാണ് ഇതിനുമുമ്പുണ്ടായിരുന്ന മൂലനിയമത്തിൽ പറഞ്ഞിരുന്നത്. അതായത് അതോറിറ്റിയിൽ നിന്ന് വെള്ളം കൊടുക്കുമ്പോൾ അതിനു പ്രതിഫലമായി പഞ്ചായത്തുകളും മുനിസിപ്പാലിറ്റികളുമൊക്കെ വാട്ടർ ടാക്സും, സീവറേജ് ടാക്സും ജനങ്ങളിൽനിന്നും കൺസ്യൂമേഴ്സിൽനിന്നും ഈടാക്കുന്നുണ്ട്. അതിനു തുല്യമായ ഒരു തുക അതോറിറ്റിക്ക് കൊടുക്കണമെന്ന് ഒരു വ്യവസ്ഥയുണ്ടായിരുന്നു. അത് ലോക്കൽ ബോഡിക്ക് വളരെ ബുദ്ധിമു

LIBRARY ARCHIVES Kerala Legislative Assembly

ട്ടാകുമെന്നുള്ളതുകൊണ്ട് ആ ക്ലാസ് ഞങ്ങൾ ഡിലീറ്റ് ചെയ്തിരിക്കയാണ്. അതിന്റെ ഫലമായി പഞ്ചായത്തോ മുനിസിപ്പാലിറ്റിയോ അതോറിറ്റിക്ക് അതിന് തുല്യമായ തുക കൊടുക്കേണ്ടതില്ലെന്ന് ഒരു പുതിയ ക്ലാസ് കൊണ്ടുവന്നിട്ടുണ്ട്. അതുപോലെതന്നെ ക്ലാസ് 62 പ്രകാരം അതിൽ ഉണ്ടായിരുന്ന ക്യൂറിയസായിട്ടുള്ള ഒരു നിയമത്തിൽ, അത് വളരെ ബുദ്ധിമുട്ട് ഉണ്ടാക്കുന്നതാണ്. അതിൽ വ്യവസ്ഥയുണ്ടായിരുന്നു, നിയമത്തിൽ ഏതെങ്കിലും വ്യവസ്ഥ ലംഘിച്ചതായി തോന്നുന്ന ഒരാൾ കണ്ടുപിടിക്കപ്പെട്ടാൽ അയാളുടെ പേരോ വിവരങ്ങളോ അയാൾ വെളിപ്പെടുത്തുന്നില്ലെങ്കിൽ അയാളെ അറസ്റ്റ് ചെയ്യുന്നതിനുള്ള അധികാരം അതോറിറ്റിയിലെ ഉദ്യോഗസ്ഥന് തന്നെ കൊടുത്തിട്ടുള്ളത് ഒരുപക്ഷേ ദുരുപയോഗപ്പെടുത്താൻ ഇടവരുമെന്നു പറഞ്ഞതുകൊണ്ട് അതോറിറ്റിയിലെ ഉദ്യോഗസ്ഥന് ''അറസ്റ്റു ചെയ്യുവാനുള്ള അധികാരം'' എന്നുള്ളത് ഞങ്ങൾ മാറ്റുകയാണ്. സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം അത് മാറ്റണമെന്നുള്ള ഉറച്ച അഭിപ്രായമുണ്ട്. അതനുസരിച്ച് ഒരു നിർദ്ദേശം ഈ ബില്ലിനകത്ത് ഉണ്ട്.

ശ്രീ. എസ്. ആർ. തങ്കരാജ് ഈ ബില്ലിനെ സംബന്ധിച്ച് ഒരു ഡിസൻറിംഗ് നോട്ട് കൊണ്ടുവന്നു. സബ്ജക്ട് കമ്മിറ്റിയെ സംബന്ധിച്ചിടത്തോളം പ്രതിപക്ഷങ്ങളുടെയും എല്ലാവരുടെയും അഭിപ്രായങ്ങൾ വന്നതിൽ നല്ല അഭിപ്രായങ്ങൾ മുഴുവൻ കണക്കിലെടുത്തുകൊണ്ട് ഈ നിയമം എത്രമാത്രം സമഗ്രമായി പരിഷ്കരിക്കാമോ, എത്ര നല്ലതാക്കാമോ എന്നുള്ളതാണ് പരിശോധനയ്ക്ക് ഞങ്ങളെ പ്രേരിപ്പിച്ചത്. പക്ഷെ ശ്രീ. എസ്. ആർ. തങ്കരാജിന്റെ ചെറിയ ഡിസൻറിംഗ് നോട്ടു മാത്രമാണ് ഇവിടെ വന്നിട്ടുള്ളത്. ഡിസൻറിംഗ് നോട്ട് എന്നു പറയുന്നത്, ഈ ബില്ലിനകത്ത് 22 (4) ബി, സി, ഡി; വ്യവസ്ഥയിൽ പറയുന്നത്, ബാങ്കിൽ അക്കൗണ്ട് തുടങ്ങാം, ഇതിന്റെ പണം അവിടെ നിക്ഷേപിക്കാമെന്നാണ്. ട്രഷറിയിൽ പണം നിക്ഷേപിക്കണം എന്നാണ് ഡിസൻറിംഗ് നോട്ട്. കേട്ടാൽ വളരെ നിരുപദ്രവകരമാണ്. ഞാൻ ധനകാര്യമന്ത്രിയായിരുന്ന കാലത്ത് ഞാൻതന്നെ സാധാരണ അതോറിറ്റികളും അല്ലെങ്കിൽ ബോർഡുകളും അവരുടെ പണം ട്രഷറിയിൽ നിക്ഷേപിക്കണമെന്ന് പറഞ്ഞ വ്യക്തിയാണ്. ഞാൻ അത് ഒന്നുകൂടി പരിശോധിച്ചു. ട്രഷറിയിൽ നിക്ഷേപിച്ചാലോ എന്ന് ഞാൻ ആലോചിച്ചു. അതിനകത്ത് ഓപ്പറേറ്റ് ചെയ്യുന്ന ചില അക്കൗണ്ടുകളും ക്രെഡിറ്റ് ചെയ്യുന്നവയാണ്. അത് നേരെ പണം വിത്ത്ഡ്രാ ചെയ്യാവുന്ന അക്കൗണ്ടല്ല. അങ്ങനെ ഓപ്പറേറ്റ് ചെയ്യുന്ന അക്കൗണ്ടുകളെ സംബന്ധിച്ചിടത്തോളം ക്രെഡിറ്റ് ചെയ്യുന്ന അക്കൗണ്ടുകളുള്ളതുകൊണ്ട് അതിന് ഒരു ബാങ്ക് അക്കൗണ്ട് തുടങ്ങിക്കൂടാ, ഓപ്പറേറ്റ് ചെയ്തുകൂടാ എന്നുള്ള ഒരു വിലക്ക് ശരിയായിരിക്കുകയില്ലെന്നാണ് ഗവൺമെന്റിന്റെ അഭിപ്രായം.

സർ, അതുപോലെതന്നെ ബഹുമാനപ്പെട്ട ശ്രീ. തങ്കരാജ് ഡിസെന്റിംഗ് നോട്ടിൽ പബ്ലിക് സർവ്വീസ് കമ്മീഷനു നിയമനാധികാരം വിട്ടു കൊടുക്കണമെന്ന് പറഞ്ഞു. അങ്ങനെയാണെങ്കിൽ ഒരു നോട്ടിഫിക്കേഷൻ മതിയല്ലോയെന്നു പറഞ്ഞു. ശരി അതിൽ അഭിപ്രായവ്യത്യാസമൊന്നുമില്ല. ഈ നിയമസഭയിൽ ഞാൻ പറഞ്ഞിട്ടുണ്ട്. ഭാവിയിൽ നിയമനങ്ങളെല്ലാം പബ്ലിക് സർവ്വീസ് കമ്മീഷനു വിടുന്നതാണെന്ന്. അതിനുശേഷം ഒരൊറ്റ നിയമനവും നടത്തിയിട്ടില്ല. നിയമനങ്ങളെല്ലാം മുഴുവൻ പബ്ലിക് സർവ്വീസ് കമ്മീഷനിലേക്ക് ഓറലായിട്ട് വിട്ടുകഴിഞ്ഞിരിക്കുന്നു. പക്ഷേ അതിന്റെ നോട്ടിഫിക്കേഷനേ പ്രൊസീഡ്വറലായിട്ടുള്ളൂ; നടപടി

LIBRARY ARCHIVES Kerala Legislative Assembly

കളൊക്കെ സ്വീകരിക്കേണ്ടതായിട്ടുണ്ട്. ഏത് പ്രൊസീഡർ ആയാലും അത് അഡോപ്ട് ചെയ്യുന്നതിനെ സംബന്ധിച്ചിടത്തോളം ഗവൺമെൻറിന് യാതൊരു ബുദ്ധിമുട്ടും ഇല്ല. അതുകൊണ്ട് മിക്കവാറും എല്ലാ അഭിപ്രായങ്ങളേയും പരിഗണിച്ചുകൊണ്ട് ആവശ്യമായ ഭേദഗതികളെല്ലാം ഉൾക്കൊണ്ടുകൊണ്ട് ഇവിടെ അവതരിപ്പിച്ചിരിക്കുന്ന ഈ ബില്ലിന് ഇനി വളരെ സമയമൊന്നും ഒരു പൊതുചർച്ച ആവശ്യമില്ല. അതുകൊണ്ട് എല്ലാ ബഹുമാനപ്പെട്ട മെമ്പർമാരും കൂടി സഹകരിച്ച് ഇത് പാസ്സാക്കിത്തരണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു.

മി. സ്പീക്കർ: ഇതിനകത്ത് ഏതാണ്ട് നാല്പതോളം ബഹുമാനപ്പെട്ട മെമ്പർമാർ ഭേദഗതി മൂവ് ചെയ്തിട്ടുണ്ട്. അതുകൊണ്ട് ഇന്നലത്തെ വികാരംകൂടി കണക്കിലെടുത്തുകൊണ്ട് കഴിയാവുന്നിടത്തോളം ചുരുക്കി പോയിൻറ് ബൈ പോയിൻറായിട്ട് പറയുകയാണെങ്കിൽ പരമാവധി അംഗങ്ങൾക്ക് അവസരം കൊടുക്കാൻ സാധിക്കും. ആദ്യമായി വിയോജിപ്പ് രേഖപ്പെടുത്തിയ മെമ്പർക്ക് സംസാരിക്കാം.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഞാൻ രേഖപ്പെടുത്തിയിട്ടുള്ള ഡിസെൻറിംഗ് നോട്ടിനെ സംബന്ധിച്ച് ഏതാനും കാര്യങ്ങൾ പറയുകയാണ്. അതിൽ ഞാൻ പ്രധാനമായി പറഞ്ഞിരിക്കുന്ന കാര്യം ബഹുമാനപ്പെട്ട മന്ത്രി ഈ സഭയുടെ ശ്രദ്ധയിൽപെടുത്തിയില്ല.

Section 4 of the Ordinance provides that the Minister in-charge of Public Health Engineering Department shall be the Chairman. The other members are Government officials and members nominated by Government. Officials who are receiving order of Minister cannot function independently. In fact in order to voice independent views by Government official, V.K. Krishnan Menon Committee report on public undertaking made specific recommendation to Government of India, that Minister of Union or State shall not be the Chairman of any autonomous body in which other members are officials in their ex-officio capacity, so the manual constitution of the authority as it is make it conclusive for carrying out the desires of the Chairman. So on any account the *Minister* shall not be the *Chairman*.

സർ, ഇവിടെ ബഹുമാനപ്പെട്ട മുൻ മന്ത്രി ശ്രീ. എം. പി. ഗംഗാധരൻ ആണ് ഈ ആക്ട് സഭയിൽ അവതരിപ്പിച്ചത്. മറ്റ് സംസ്ഥാനങ്ങളിൽ ഇതിനെക്കുറിച്ച് പഠനത്തിന് പോയതും മുൻ മന്ത്രിയുടെ നേതൃത്വത്തിലാണ്. അതുപോലെതന്നെ എറണാകുളത്തും, കോഴിക്കോട്ടുമുള്ള ജില്ലാ കളക്ടർമാരുടെ ഓഫീസിൽ വച്ച് ഇതിൻെറ തെളിവെടുപ്പും നടക്കുകയുണ്ടായി. ഇപ്പോഴത്തെ നമ്മുടെ ജലസേചനവകുപ്പു മന്ത്രി ചാർജ് എടുത്തതിനുശേഷം 40 മുതലുള്ള വകുപ്പുകൾ മാത്രമേ സെക്ഷൻ വൈസ് ആയിട്ട് പരിഗണിക്കാൻ എടുത്തിട്ടുള്ളു. അതുവരെയുള്ള വകുപ്പുകളെല്ലാം മുൻ മന്ത്രിയുടെ ഭരണ കാലഘട്ടത്തിൽതന്നെ പരിഗണനയ്ക്ക് എടുത്തിട്ടുള്ളതാണ്. മുൻ മന്ത്രിയുടെ കാലഘട്ടത്തിൽ ഈ സെക്ഷൻ 4 പരിഗണനയ്ക്ക് എടുത്തപ്പോൾ സ്വാഭാവികമായും ഒരു മന്ത്രി ചെയർമാൻ ആയിരിക്കുമ്പോൾ ഉണ്ടാകാവുന്ന പാകപ്പിഴകളൊക്കെ, ആ മന്ത്രിയുടെ അധികാരപരിധിക്കകത്തുള്ള ആളുകൾ, അതിൻെറ ബോർഡ് ഡയറക്ടേഴ്സായിട്ട് വരുമ്പോൾ ഉണ്ടാകാവുന്ന ബുദ്ധിമുട്ടുകൾ എന്തൊ

LIBRARY ARCHIVES Kerala Legislative Assembly

ക്കെയാണെന്ന് വളരെ വിശദമായിട്ട് ചർച്ച ചെയ്തതാണ്. എങ്ങനെയൊക്കെ ചർച്ചചെയ്തിട്ടും ആ മന്ത്രിക്ക് ആ ഒരു വകുപ്പിനെ മാറ്റി ഗവൺമെൻറ് നിയമിക്കുന്ന ഒരു ആശം മതിയെന്ന നിഗമനത്തിൽ എത്താൻ സാധിച്ചിട്ടില്ല. ഇതിൻെറ ബാക്ക് ഗ്രൗണ്ട് മെറ്റീരിയൽസ് എന്ന നിലയിൽ മറ്റ് സംസ്ഥാനങ്ങളിൽ, കർണ്ണാടകവും തമിഴ് നാടും മഹാരാഷ്ട്രയും പോലുള്ള സംസ്ഥാനങ്ങളിൽ ഇതുപോലെ നിലവിലിരിക്കുന്ന നിയമങ്ങളുടെ കോപ്പിയൊക്കെ ഞങ്ങൾക്ക് വിതരണം ചെയ്യുകയുണ്ടായി. തമിഴ്നാട്ടിൽ ചെന്ന് അവിടത്തെ പ്രവർത്തനരീതിയെക്കുറിച്ചും, അതുപോലെ തന്നെ അവിടത്തെ ചെയർമാനെ ഗവൺമെൻറ് അപ്പോയിൻറ് ചെയ്തത് അനുസരിച്ച് പ്രവർത്തനങ്ങൾ മുന്നോട്ടുകൊണ്ടുപോകുന്നതിനെക്കുറിച്ചും വിവരങ്ങൾ പഠിച്ചതിൻെറ അടിസ്ഥാനത്തിൽ ഗവൺമെൻറ് നിയമിക്കുന്ന ഒരാൾ ഇതിൻെറ ചെയർമാനായിരിക്കുന്നതാണ് അതിൻെറ കാര്യക്ഷമമായ പ്രവർത്തനത്തിന് ഏറ്റവും നല്ലത്. അല്ലെങ്കിൽ മന്ത്രി ഇടുന്ന ഉത്തരവിനെ വാലാട്ടിക്കൊണ്ടുനിന്ന് ചെയ്തുതീർക്കേണ്ട ഗതികേടുവരും.

ശ്രീ. കെ. എം. മാണി: സർ, ഇത് കൂടുതൽ ചർച്ചയുടെ ആവശ്യമില്ല. in principle അത് അംഗീകരിച്ചിരിക്കുന്നു. in principle ഇത് അംഗീകരിച്ചതുകൊണ്ടാണ് ഈ ഭേദഗതി കൊണ്ടുവന്നിരിക്കുന്നത്. അതിനുവേണ്ടി ചർച്ചയുടെ ആവശ്യമില്ല.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ബഹുമാനപ്പെട്ട മന്ത്രി ഈ ബില്ല് സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിൻെറ അടിസ്ഥാനത്തിൽ ഇവിടെ അവതരിപ്പിച്ചു. എന്തായാലും മന്ത്രി ഈ രീതിയിൽ തുടരാൻ ആഗ്രഹിക്കുന്നില്ല എന്ന ഒരു പ്രസ്താവന ഇതുവരെ രേഖാമൂലം ഇറക്കിയിട്ടില്ല. ഇപ്പോൾ ആദ്യമായിട്ട് പറയുകയാണ്.

ശ്രീ. കെ. എം. മാണി: സർ, ഞാനാണ് ഈ ബില്ല് കൊണ്ടുവന്നത്. ഞാൻ അതിൻെറ ചെയർമാൻ ആയിട്ട് ഇരിക്കാൻ ആഗ്രഹിക്കുന്നില്ല. മറ്റൊരാളെ ആയിരിക്കും നിയമിക്കുന്നത്. അതിനുവേണ്ടി in principle ഇത് കൊണ്ടുവന്നതാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: സർ, എല്ലാ പ്രാവശ്യവും ശ്രീ. മാണി ആയിക്കൊള്ളണമെന്നില്ല. തിരിച്ചും വരാം. അങ്ങനെ വരുമ്പോൾ അവർ അത് ഉപയോഗിക്കും. ഒരു കാരണവശാലും ഒരിക്കലും ഉപയോഗിക്കാൻ കഴിയാത്ത രീതിയിൽ അമെൻറുമെൻറ് വരുത്തിയാൽ എന്താണ് തെറ്റ്? എന്തിനാണ് വാശി പിടിക്കുന്നത്?

ശ്രീ. കെ. എം. മാണി: സർ, മന്ത്രിയേ ആയിരിക്കാവൂ എന്നുള്ളതു മാറ്റി മറ്റ് ഒരാളെക്കൂടി നിയമിക്കാമെന്ന് പറഞ്ഞപ്പോൾ in principle it is a deviation. അതിനെ സംബന്ധിച്ചിടത്തോളം അത്രയേയുള്ളൂ.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഞാൻ നേരത്തേ സൂചിപ്പിച്ചു ഈ 40 വകുപ്പുകളും സെക്ഷൻ വൈസ് സെക്ഷനായിട്ട് തന്നെ വായിച്ച് പരിഗണനയ്ക്ക് എടുത്തപ്പോൾ ബഹുമാനപ്പെട്ട ഇന്നത്തെ മന്ത്രി, അന്ന് ഈ വകുപ്പിൻെറ മന്ത്രിയായിരുന്നില്ല. 1965-ലെയും അതുപോലെ തന്നെ അതിനുമുമ്പുള്ള കാലഘട്ടങ്ങളിൽ തിരു-കൊച്ചിയിലും കേരളാ സ്റ്റേറ്റ് നിലവിൽ വന്നതിനുശേഷവും പ്രസിഡൻറ് ഭരണം നിലനിന്ന വസ്തുതകളൊക്കെ ബഹുമാനപ്പെട്ട മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തി.

LIBRARY ARCHIVES Kerala Legislative Assembly

അങ്ങനെ ശ്രദ്ധയിൽപ്പെടുത്തിയതിന്റെ ഫലമായിട്ടാണ് മന്ത്രി ഇല്ലാതിരിക്കുന്ന ഒരു അസന്നിഗ്ദ്ധാവസ്ഥ ഇവിടെ വന്നു ചേർന്നാൽ മന്ത്രി മാത്രമാണ് ഇതിന്റെ ചെയർമാൻ എന്നു പറഞ്ഞിരിക്കുന്നത് ശരിയല്ലാ എന്ന് മനസ്സിലാക്കി.

ശ്രീ. എ. വി. താമരാക്ഷൻ: സർ, ഈ നിയമനത്തിൽ ബന്ധപ്പെട്ട മന്ത്രിയോ മറ്റാരെങ്കിലുമോ ആകാമെന്ന തരത്തിൽ ഒരു ഡീവിയേഷൻ കൊണ്ടുവന്നു എങ്കിലും ഈ ഗവൺമെന്റിലെ മന്ത്രിമാർ, അതിൽ ഈ വ്യവസ്ഥയുണ്ടെങ്കിൽപ്പോലും മാറില്ലെന്ന് നിങ്ങൾക്ക് അറിയാമോ? ബഹുമാനപ്പെട്ട ശ്രീ. തച്ചടി പ്രഭാകരൻ തന്നെ സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റ് സ്ഥാനവും കയർ മാർക്കറ്റിംഗ് ഫെഡറേഷന്റെ പ്രസിഡന്റ് സ്ഥാനവും വച്ചുകൊണ്ടുതന്നെ മന്ത്രിയായിരിക്കുന്നത് നിങ്ങൾക്ക് അറിഞ്ഞുകൂടേ?

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, സ്റ്റേറ്റ് കോ–ഓപ്പറേറ്റീവ് ബാങ്കിന്റെ പ്രസിഡന്റ് സ്ഥാനം തിരഞ്ഞെടുക്കപ്പെട്ട നിലയിലല്ല ഇന്ന് തുടരുന്നത്. ഗവൺമെന്റിന്റെ പ്രത്യേക അധികാരം ഉപയോഗിച്ച് സഹകരണ വകുപ്പ് നിയമങ്ങളുടെ പ്രത്യേക അധികാരമുപയോഗിച്ച് എക്സ്റ്റെൻഡ് ചെയ്തു പോവുകയാണ്. അതുകൊണ്ട് ആ രീതിയിൽ നിയമപരമായ മാർഗ്ഗങ്ങളിലൂടെ ഈ സർക്കാർ ഈ രാജ്യത്തെ ജനങ്ങളുടെ മുന്നിൽ ഒരു ജനാധിപത്യ മര്യാദ പാലിക്കുമെന്ന് ആരും വിശ്വസിക്കേണ്ട കാര്യമില്ല. നാളിതുവരെയുള്ള സർക്കാരിന്റെ ചെയ്തികളും നമ്മൾ പഠിച്ചു നോക്കിയാൽ ഈ പ്രഖ്യാപനങ്ങൾക്ക് വിരുദ്ധമായിട്ട് പ്രവർത്തിക്കുന്ന ഒരു സർക്കാരാണ് ഈ രാജ്യത്ത് അധികാരത്തിലിരിക്കുന്നത് എന്നുള്ള കാര്യം എനിക്ക് എന്നല്ല ഭരണപക്ഷത്തുള്ള സകല മെമ്പർമാർക്കും അറിയാവുന്നതാണ്. അവർ ഒരുപക്ഷേ ഇവിടത്തെ പ്രസംഗവേളയിൽ സമ്മതിച്ചില്ലെങ്കിൽപ്പോലും സ്വകാര്യമായിട്ടും ഒറ്റയ്ക്കും പറയുന്നത് എല്ലാം ഓരോ മന്ത്രിമാരും അവരവരുടെ സാമ്രാജ്യങ്ങൾ കെട്ടിപ്പടുത്തിരിക്കുന്നുവെന്നാണ്. ഇവിടെ ഈ ജനാധിപത്യ കീഴ്വഴക്കങ്ങൾ അംഗീകരിക്കുവാനും ഉൾക്കൊള്ളുവാനും തയ്യാറാണെങ്കിൽ, ഞാൻ ഇതിന്റെ സബ്ജക്റ്റ് കമ്മിറ്റിയുടെ സംഭാഷണങ്ങൾനടക്കുന്ന അവസരത്തിൽ തന്നെ ശ്രീ. വി. കെ. കൃഷ്ണമേനോൻ ഈ സംസ്ഥാനത്തിന്റെ കാര്യമല്ല പറഞ്ഞത്, നമ്മുടെ യൂണിയൻ മിനിസ്ട്രിയിൽ അന്ന് വർഷങ്ങൾക്കു മുമ്പ് കേന്ദ്രത്തിൽ അവതരിപ്പിച്ച പബ്ലിക് അണ്ടർടേക്കിംഗ്സ് കമ്മിറ്റിയുടെ ഒരു റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ആണ് പറഞ്ഞത്. അത് കേന്ദ്രത്തിൽനിന്നല്ല സംസ്ഥാനങ്ങളിൽ നിന്നായാലും ഇൻഡിപ്പെൻഡന്റ് വ്യൂസ് അവർക്ക് പറയണം.

ശ്രീ. കെ. എം. മാണി: സർ, ഞാൻ ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ സ്യൂട്ടബിളായിട്ടുള്ള അമെൻഡ്മെന്റ് കൊണ്ടുവരാം. ഞാനാണ് ഇത് പൈലറ്റ് ചെയ്യുന്ന മിനിസ്റ്റർ എന്നുള്ള നിലയിൽ ഗവൺമെന്റിനു വേണ്ടി പറയുകയാണ്. ഗവൺമെന്റിനെ സംബന്ധിച്ച് മന്ത്രി എന്നുള്ള വാക്കേ കളയാൻ യാതൊരു വിഷമവുമില്ല. അതിനെ സംബന്ധിച്ചിടത്തോളം we agree എന്ന് പറയുകയാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഏതായിരുന്നാലും സ്വാഗതാർഹമായ ഒരു കാര്യമാണ് ബഹുമാനപ്പെട്ട മന്ത്രി പറയുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. ശങ്കരനാരായണ പിള്ള: സർ, ഇപ്പോൾ ഈ സർക്കാരിന്റെ കാലാവധി തീരുകയാണ്. ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായിരുന്നപ്പോൾ പൈപ്പ് ആവശ്യത്തിന് കൂടുതൽ വാങ്ങിക്കൂട്ടി, ഒരുപാട് ആളുകളെ നിയമിച്ചു. അതുകൊണ്ട് തൽക്കാലം ചെയർമാൻ ആയാലും ഒരു ഗുണവും ഇല്ലെന്നുള്ളതുകൊണ്ടാണ് ശ്രീ. കെ. എം. മാണി വേണ്ട എന്നു പറയുന്നത് എന്ന് അറിയാമോ?

ശ്രീ. കെ. എം. മാണി: എന്നാൽ പിന്നെ തിരിച്ച് ഇരുന്നോട്ടെ. ഈ നിയമസഭയ്ക്ക് ഏതാണോ ഉത്തമം അതനുസരിച്ച് പ്രവർത്തിക്കാൻ ഞാൻ തയ്യാറാണ്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, ഒരു നഷ്ടക്കച്ചവടത്തിനുവേണ്ടി പാപഭാരം ചുമക്കണമെന്ന് ബഹുമാനപ്പെട്ട മന്ത്രിക്ക് ഇഷ്ടമില്ലാത്തത് ഏതായിരുന്നാലും സ്വാഗതാർഹമായ ഒരു കാര്യമാണ്. നല്ല കാര്യങ്ങൾ അംഗീകരിക്കുകയാണ്.

ഇതിന്റെ നിയമനങ്ങൾ പി. എസ്. സി. ക്ക് വിട്ടുകൊടുക്കുമെന്ന് ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു. ഇന്നിവിടെ പ്രസംഗവേളയിൽ എന്റെ ഡിസെന്റിംഗ് നോട്ടിനെക്കുറിച്ചു സംസാരിക്കുമ്പോൾ നിയമപരമായ നടപടികളൊന്നും എടുത്തിട്ടില്ലെന്ന് പറഞ്ഞതുകൊണ്ട് തീർച്ചയായിട്ടും ഇതിനെക്കുറിച്ചു ചർച്ച ചെയ്യണം.

ശ്രീ. കെ. എം. മാണി: എടുത്തിട്ടില്ലെന്നു പറഞ്ഞിട്ടില്ല. ഒന്നേമുറിച്ച് അതിന്റെ നടപടികൾ എടുത്തു കഴിഞ്ഞിരിക്കുന്നു. അതിന്റെ സ്റ്റെപ്സ് എടുത്തു കഴിഞ്ഞിരിക്കുന്നു.

ശ്രീ. എസ്. ആർ. തങ്കരാജ്: അതിനുള്ള നിയമപരമായ നടപടികളെടുത്തെങ്കിൽ അതിന്റെ നോട്ടിഫിക്കേഷൻ നമ്മുടെ കൈയിൽക്കൂടി കിട്ടേണ്ടതല്ലേ സർ. ഇതുവരെ നിയമപരമായി നടപടികൾ എടുത്തതായിട്ട് അറിവായിട്ടില്ല. അങ്ങനെ നിയമപരമായ നടപടി എടുത്തു കഴിഞ്ഞുവെങ്കിൽ ബഹുമാനപ്പെട്ട മന്ത്രി ഒരു കാര്യം കൂടി ചെയ്യണം. എന്തെല്ലാം കുഴപ്പങ്ങൾ വരുത്തിയിട്ടുണ്ടെന്നു മനസ്സിലാക്കിയിട്ട് ആ കുഴപ്പങ്ങൾ കൂടി കറക്ട് ചെയ്യാൻ ശ്രമിക്കണം. സാധാരണഗതിയിൽ തെറ്റു തിരുത്തുന്നത് യോഗ്യന്മാരായ ആളുകളുടെ ഒരു ശ്രമം എന്നുള്ള നിലയിൽ വന്നിട്ടുള്ള തകരാറുകൾ തിരുത്തി എടുക്കുവാൻ കൂടി തയ്യാറായേ തീരൂ. ബാങ്ക് അക്കൗണ്ടിനെക്കുറിച്ച് വിയോജന കുറിപ്പിൽ ഞാൻ പറഞ്ഞു. അതിനെക്കുറിച്ചു പിന്നീട് സംസാരിക്കാം. ഗവൺമെന്റിന്റെ അനുവാദം കൂടാതെ പോസ്റ്റ് ക്രിയേറ്റ് ചെയ്യുന്ന ഒരു വകുപ്പ് ഈ ആക്ടിൽ എഴുതിച്ചേർത്തിട്ടുണ്ട്. അത് ബഹുമാനപ്പെട്ട മന്ത്രിവേഗം ചെയ്യാൻ തയ്യാറാകണം. എക്സിക്യൂട്ടീവ് എഞ്ചിനീയർക്ക് മുകളിലുള്ള ഉത്തരവാദപ്പെട്ട പോസ്റ്റുകൾ ഏതെങ്കിലും വന്നാൽ അത് സർക്കാരിന്റെ അനുവാദത്തോടുകൂടിയും എക്സിക്യൂട്ടീവ് എഞ്ചിനീയർ തസ്തിക വരെയുള്ളതെല്ലാം ഇഷ്ടം പോലെ ക്രിയേറ്റ് ചെയ്യുന്നതിനും നിയമനം നടത്തുന്നതിനുമുള്ള അവകാശം ഇതിൽ പറഞ്ഞിരിക്കുകയാണ്. ഈ അധികാരം വച്ചുകൊണ്ടു വേണം ഈ സംസ്ഥാനത്തു ഇന്ന് നിലവിലിരിക്കുന്ന വിവിധ ഡിപ്പാർട്ടുമെന്റുകളുടെ കീഴിലുള്ള പൊതുമേഖലാ സ്ഥാപനങ്ങളെക്കുറിച്ച് നമ്മൾ ഒന്നു വിലയിരുത്തേണ്ടത്. ആ വകുപ്പ് ഈ സ്ഥാപനത്തിനെ കുഴിച്ചു മൂടുന്നതിനു കൂടി ഉപയുക്തമാകുമെന്നുള്ളതിനെക്കുറിച്ചുകൂടി മനസ്സിലാക്കണം. ബഹുമാനപ്പെട്ട മാണി അത്

LIBRARY ARCHIVES Kerala Legislative Assembly

കാര്യമായി കണക്കിലെടുക്കേണ്ടതുണ്ട്. ഈ നിയമം ഓർഡിനൻസായി കൊണ്ടുവരുകയും ഇതിനെ ആക്ടായി മാറ്റുന്നതിന് മുമ്പ്, ഇതിനു വശ്യമായ റൂംസ് ഉണ്ടാക്കുന്നതിന് മുമ്പ് (പല പത്രപംക്തികളിലും വന്ന വാർത്തകളാണ്) ലക്ഷക്കണക്കിന് അപേക്ഷകരം സ്വീകരിച്ചു. അങ്ങനെ സ്വീകരിച്ച അപേക്ഷകരം എങ്ങനെ സ്ക്രൂട്ടിനി ചെയ്തു എന്നു പോലും ആർക്കും അറിവില്ല. ടെസ്റ്റ് നടത്തിയോ എന്നറിവില്ല. ടെസ്റ്റിന് അപേക്ഷ കൊടുക്കുകയോ ടെസ്റ്റിനിരിക്കുകയോ ചെയ്യാത്ത ആളുകൾക്ക് ഇന്ന് നിയമനം കിട്ടിയിരിക്കുകയാണ്. എങ്ങനെ നിയമനം കിട്ടി. ഇതിന്റെ പ്രസക്തമായ കണക്കുകരം ബഹുമാനപ്പെട്ട മന്ത്രിയ്ക്കറിയാം. പഞ്ചായത്തിന്റെ, മുനിസിപ്പാലിറ്റിയുടെ, കോർപ്പറേഷന്റെ കീഴിലുള്ള ഉദ്യോഗസ്ഥൻമാർ വാട്ടർ വർക്സുമായി ബന്ധപ്പെട്ട് ജോലിയിലിരുന്ന ആളുകരം ഈ ആക്ട് നിലവിൽ വന്നതോടുകൂടി ഇതിലെ ഉദ്യോഗസ്ഥനായി മാറുകയാണ്. അവർക്ക് ഓപ്ഷനും കൊടുത്തിട്ടുണ്ട്. ആ ആളുകൾക്ക് സീനിയോറിറ്റിയും ഉണ്ടായിരിക്കും. വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിക്കുന്നതിനു മുമ്പ് രണ്ടു മൂന്നു വർഷത്തെ സർവ്വീസായിക്കഴിഞ്ഞവർ, മൂന്നും നാലും ഇൻക്രിമെന്റ് വാങ്ങിച്ച ആളുകരം ഇന്നും പ്രൊവിഷണൽ ആയിട്ട് തുടരുകയും, ഈ നിയമം നടപ്പിൽ വന്നതിനുശേഷം ഇതിന്റെ പ്രസക്ത വകുപ്പ് ദുരുപയോഗപ്പെടുത്തി അപേക്ഷ കൊടുത്തും കൊടുക്കാതേയും നിയമനം കിട്ടിയ ആളുകരം സ്ഥിരം ഉദ്യോഗസ്ഥൻമാരുമായി മാറിയിരിക്കുകയാണ്. ഇങ്ങനെ അപേക്ഷ കൊടുത്തും കൊടുക്കാതേയും പരീക്ഷ എഴുതിയും എഴുതാതേയും നിയമിച്ച ആളുകരം സ്ഥിരം ഉദ്യോഗസ്ഥൻമാരായി മാറുക. നാലും അഞ്ചും ഇൻക്രിമെന്റ് വാങ്ങിച്ച ആളുകരം താൽക്കാലികമായ വ്യവസ്ഥയിൽ എടുത്തിട്ടുള്ള ഉദ്യോഗസ്ഥൻമാർ ആയിട്ടും മാറുക. ഈ രീതിയിൽ ഇവിടെ ഒരു ദുരവസ്ഥ ഉണ്ടായിരിക്കുകയാണ്. ബഹുമാനപ്പെട്ട മന്ത്രി ഇതിന്റെ ചെയർമാനായി തുടരണമെന്നാഗ്രഹിക്കുന്നില്ലെന്നിവിടെ പറയുകയുണ്ടായി. അദ്ദേഹം ഒടുവിൽ തന്ന വിവരമനുസരിച്ച് ഏതെങ്കിലും ഒരു കാലത്ത് കുബുദ്ധികളായ ആരെങ്കിലും മന്ത്രിക്കസേരയിൽ കയറുകയും അദ്ദേഹത്തിന് അതിന്റെ ചെയർമാനായി ഇരിക്കണമെന്നു തോന്നുന്ന ഒരു സാഹചര്യം ഒഴിവാക്കുന്നതിനും വേണ്ടി 'മന്ത്രി' എന്നുള്ള പദം എടുത്തു മാറ്റാം എന്നു പറഞ്ഞു. അത് ആശ്വാസകരമാണ്. അതു പോലെ തന്നെ നിയമനം പബ്ലിക് സർവ്വീസ് കമ്മീഷനു വിടാമെന്നു പറഞ്ഞു. പോസ്റ്റ് ക്രിയേറ്റ് ചെയ്യുമ്പോരം ഇതുവരെ നടത്തിയിട്ടുള്ള നിയമനങ്ങളിലെ പാകപ്പിഴകരം പരിഹരിക്കുന്നതിനുകൂടി തയ്യാറായാൽ തീർച്ചയായും ആശ്വാസകരമായി നിയമ നിർമ്മാണങ്ങളിലേക്ക് കടക്കാം എന്നുള്ള കാര്യത്തിൽ സംശയമില്ല. മറ്റു സംസ്ഥാനങ്ങളിലെ നിയമങ്ങളുമായി തട്ടിച്ചു നോക്കിയാൽ ഇത് വളരെ ചെറിയ ഒരു ആക്ടാണ്. 70 വകുപ്പുകരം മാത്രം അടങ്ങിയിട്ടുള്ള വളരെ ചെറിയ ഒരു നിയമ പുസ്തകം. ഇത് കൂടുതൽ വലുതാക്കി ബുദ്ധിമുട്ടുണ്ടാക്കണമെന്നു ഞാൻ പറയുന്നില്ല. പക്ഷേ മറ്റു സംസ്ഥാനങ്ങളിൽ വളരെ വിശാലമായി കൊടുത്തിട്ടുള്ളതിനെ നമ്മരം ചെറുതായി കാണേണ്ട കാര്യമില്ല. ഇപ്പോരം കുറേയേറെ സ്ഥലങ്ങളിൽ ശുദ്ധജല വിതരണം കവർ ചെയ്യാൻ കഴിഞ്ഞിട്ടുണ്ട്. ഇനിയും കുറച്ചുകൂടി കവർ ചെയ്യാൻ സാധിക്കും. ക്ലാസ് ബൈ ക്ലാസ് ആയിട്ട് എടുക്കുമ്പോരം എങ്കിലും ആവശ്യമായ ഭേദഗതികരം എഴുതിച്ചേർക്കണം. നമ്മുടെ കൊച്ചു സംസ്ഥാനത്തിൽ ഏതാണ്ട് 2,55,00,000—ഓളം ആളുകളുണ്ട്. പത്തിരുപത്തഞ്ചു വർഷത്തിനകം വച്ചെങ്കിലും മുഴുവൻ ആളുകൾക്കും ശുദ്ധജലം വിതരണം കവർ ചെയ്യത്തക്കവണ്ണം ഓവനയോടുകൂടി ഒരു ദീർഘ ദൃഷ്ടിയോടുകൂടിത്തന്നെ

LIBRARY ARCHIVES Kerala Legislative Assembly

ഇതിനെ അൽപ്പംകൂടി ഒന്നു മോഡിഫൈ ചെയ്തു എടുത്താൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. മറ്റു സംസ്ഥാനങ്ങളിലെ ജനസംഖ്യയുമായി തട്ടിച്ചു നോക്കണം. അതിൽത്തന്നെ അർബൻ പോപ്പുലേഷൻ എത്ര? റൂറൽ പോപ്പുലേഷനെത്ര? അതിൽ ഓരോരുത്തർക്ക് കവർ ചെയ്തതിന്റെ കണക്കുകൾ. ഇതെല്ലാം ആ ആക്ടിൽത്തന്നെ പറഞ്ഞിട്ടുണ്ട്. തീർച്ചയായിട്ടും ആ ആക്ട് എടുത്ത് വായിച്ചു നോക്കുന്ന ഒരാളിന് ആ സംസ്ഥാനത്തിന്റെ മൊത്തം ജനസംഖ്യയെത്ര? അതിൽ എത്ര ശതമാനം ആളുകൾക്ക് ശുദ്ധജലം വിതരണം നടത്തിയിട്ടുണ്ട്; ബാക്കിയുള്ള ആളുകൾക്ക് ശുദ്ധജല വിതരണം പൂർത്തിയാക്കുന്നതിനാവശ്യമായ കാലദൈർഘ്യം സ്വാധീക്കുമെങ്കിൽ അതിന്റെ ചെലവുമൊക്കെ ഒന്നു ഡിസൈൻ ചെയ്ത് ഈ ആക്ടിൽ എഴുതിച്ചേർക്കണം. പുതിയ മന്ത്രി അധികാരത്തിൽ വന്നതിനുശേഷം വേൾഡ് ബാങ്കിൽ നിന്നും മറ്റും കിട്ടുന്ന സഹായത്തെക്കുറിച്ചൊന്നും ഇവിടെ പ്രസ്താവിച്ചിട്ടില്ല. മുൻ മന്ത്രി പറഞ്ഞിട്ടുണ്ട്. അനേകം കോടിരൂപ കിട്ടിയതും ആ കിട്ടിയതിനെ ഉപയോഗിച്ചതായിട്ടുമുള്ള കാര്യങ്ങളെ സംബന്ധിച്ച് മുൻമന്ത്രി ഇവിടെ പറഞ്ഞിട്ടുണ്ട്. ഇതിൽ ഒരു കാര്യം കൂടി പ്രസക്തമായി പറയാനുണ്ട്. ബഹുമാനപ്പെട്ട മന്ത്രി 25 ലക്ഷംരൂപ ചെലവു ചെയ്യുന്നതിന് ഉണ്ടായിരുന്ന അധികാരം ഒരുകോടി രൂപ ചെലവു ചെയ്യുന്നതിനുള്ളതാക്കി മാറ്റി. അതിനെത്തെ മന്ത്രിയല്ല മുൻമന്ത്രിയാണ് ചെയ്തതെങ്കിലും അന്ന് അതിനെക്കുറിച്ച് ഞങ്ങൾ ഏറ്റവും കൂടുതൽ ആക്ഷേപം ഉന്നയിച്ചിരുന്നതാണ്. ഇന്നു തന്നെ ഈ സർക്കാരിന്റെ ഖജനാവിലുള്ള തുകയും എങ്ങനെ തീർത്തെടുക്കാമെന്ന് ആഗ്രഹിക്കുന്ന ആളുകൾ ഈ മന്ത്രിസഭയിലുണ്ട്. ദക്ഷമകരമായി പ്രവർത്തിച്ചാൽ മാത്രമേ ജനങ്ങൾക്ക് പ്രയോജനം ഉണ്ടാവുകയുള്ളൂ. ഈ രാജ്യത്ത് കൂടുതൽ സൗകര്യങ്ങൾ ഉണ്ടാകണം. എല്ലാവരുടേയും ആഗ്രഹമാണത്. വിദ്യാഭ്യാസം എല്ലാ ആളുകൾക്കും കിട്ടണം. മരുന്നു കിട്ടണം. ആശുപത്രികൾ നല്ല രീതിയായി പ്രവർത്തിക്കണം. ഇങ്ങനെയുള്ള ക്ഷേമപ്രവർത്തനങ്ങൾ നടത്തേണ്ട ആവശ്യമുള്ളപ്പോൾ ഈ ഒരുകോടി രൂപ ഏതു രീതിയിൽ ചെലവഴിക്കുന്നു എന്ന് ഒന്ന് ചെക്ക് ചെയ്യുകയെങ്കിലും വേണ്ടേ? ഈ വകുപ്പ് അംഗീകരിക്കുന്നതിനുമുമ്പ് കഴിഞ്ഞ കാലഘട്ടങ്ങളിൽ എങ്ങനെയാണ് കൈകാര്യം ചെയ്തിരുന്നത് എന്ന് ഈ രാജ്യത്തെ ആളുകളൊക്കെ മനസ്സിലാക്കേണ്ടതാണ്. വലിയ വലിയ ഡാമുകൾക്കും മറ്റും ചോർച്ച ഉണ്ടായപ്പോൾ വളരെ വേദനയോടുകൂടി ആ കഥകൾ ഇവിടെ അവതരിപ്പിച്ച സന്ദർഭങ്ങളുണ്ട്. മൂല്യ വില കുറഞ്ഞിരിക്കുന്ന ഈ കാലഘട്ടത്തിൽ ഒരു കോടി രൂപ എന്നു പറയുന്നത് വലിയ തുകയൊന്നുമല്ലെന്ന് ബഹുമാനപ്പെട്ട മന്ത്രി ചിലപ്പോൾ പറയാൻ സാദ്ധ്യതയുണ്ട്. പക്ഷേ ഖജനാവിൽ ഒരുകോടിരൂപ സ്വരൂപിച്ചെടുക്കുന്നതിന് എന്തു ബുദ്ധിമുട്ടുണ്ടെന്നുകൂടി ആലോചിക്കണം. ആ തുക ഒരു കാരണവശാലും ദുർവിനിയോഗം ചെയ്യാതിരിക്കുന്നതിനുവേണ്ടി ശ്രമിക്കണം. ഇത് ദുർവിനിയോഗം ചെയ്യുന്നതിനാണ് ആളുകൾക്ക് ഏറ്റവും കൂടുതൽ ആഗ്രഹം. കഴിഞ്ഞ കാലഘട്ടങ്ങളിൽ പ്രസക്ത വകുപ്പുകൾ ഉപയോഗിച്ച് നടത്തിയ നിയമനങ്ങളെയാതൊരു നിയന്ത്രണവുമില്ലാതെ നടത്തിയ നിയമനങ്ങളെ ചെക്ക് ചെയ്യാൻ ഈ രാജ്യത്ത് ആരും ഉണ്ടായില്ല. ഇവിടെ പി. എസ്. സി. ഉണ്ട്. ആ പി. എസ്. സി ഒരു വർഷം നടത്തിയ ജോലിയുടെ ഒരു പഠനം നടത്തി നോക്കിയാൽ എന്താണ് നമുക്ക് കാണാൻ സാധിക്കുന്നത്. അവിടെയുള്ള ഉദ്യോഗസ്ഥൻമാരുടെ എണ്ണം എടുത്തു നോക്കിയാൽ നാലാം തരം ഉദ്യോഗസ്ഥൻമാർ മുതൽ പി. എസ്. സി. ചെയർമാൻ വരെയുള്ള ആളുകളുടെ എണ്ണം എടുത്തതിനുശേഷം എത്ര പേരെ ഒരു വർഷത്തിനകത്തു നിയമിച്ചു എന്നു പോരിച്ചാൽ അതിന്റെ ഒരു കണക്കെടുത്തു നോക്കിയാൽ ഒരാളിന്

LIBRARY ARCHIVES Kerala Legislative Assembly

ഒന്നു വീതം ഈ കഴിഞ്ഞ കാലഘട്ടങ്ങളിൽ നിയമനം നടത്തിയിട്ടില്ലെന്നു കാണാൻ സാധിക്കും.

ഈ ഉദ്യോഗസ്ഥൻമാർക്ക് ശമ്പളം കൊടുക്കുന്നതിന് നമ്മുടെ ഖജനാവിലെ വലിയ തുക ചെലവാകുന്നുവെന്നുള്ളതിൽക്കവിഞ്ഞ് ആ ഉദ്യോഗസ്ഥൻമാർക്ക് ജോലികൊടുത്ത് അത് ഫലപ്രദമായി നടത്തിക്കൊണ്ടു പോകാൻ സാധിക്കുന്നില്ല. ഏതെങ്കിലും ഒരു ഉദ്യോഗത്തിന് അഞ്ചു വേക്കൻസിയുണ്ടെന്നു പറഞ്ഞാൽ അഞ്ചുലക്ഷം അപേക്ഷകരെ കിട്ടുന്ന ഒരു കാലമാണിത്. അതിനെ സോർട്ടു ചെയ്തു നൽകാനോ, കൃത്യമായി ടെസ്റ്റ് നടത്താനോ, അതനുസരിച്ച് നിയമനം നടത്താനോ ഒന്നും ഇവിടെ സംവിധാനമില്ല. അങ്ങനെ പല മാർഗ്ഗങ്ങളിലൂടെ നമ്മുടെ സമ്പത്ത് ചോർന്നുപോകുമ്പോൾ ഒരുപിടി ഉദ്യോഗസ്ഥൻമാരുടെ കോടിക്കണക്കിനു രൂപയുടെ ധൂർത്ത് അനുവദിക്കാൻ പാടില്ല. ഏതെങ്കിലും ഒരു വർക്കിന് ഒരുകോടി രൂപവരെ ചെലവുകൂടെ ചെയ്യുന്നതിനുള്ള അധികാരം അവർക്ക് കൊടുത്തിരിക്കുകയാണ്. അതുകൊണ്ട് തീർച്ചയായിട്ടും 25 ലക്ഷം രൂപയെന്നുള്ളതുതന്നെ കൂടുതലാണ്. ഈ ഉദ്യോഗസ്ഥൻമാർക്കും മന്ത്രിമാർക്കും ആഗ്രഹമുണ്ടെങ്കിൽ ഒരു അനുവാദം കിട്ടാൻ വലിയ താമസമൊന്നുമില്ല. അത് ഈ സഭയിലെ രേഖകൾ പരിശോധിച്ചുനോക്കിയാൽ അറിയാം. ഞാനിവിടെ എം. എൽ. എ. റോഡുകളുടെ കഥതന്നെ പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി $1\frac{1}{2}$ കോടി രൂപയുടെ ചെലവിനെക്കുറിച്ച് ഇവിടെ പറഞ്ഞപ്പോൾ ആ പറഞ്ഞ മന്ത്രിയുടെ ആത്മാർത്ഥതയും സത്യസന്ധതയും നമുക്ക് പരിക്കുന്നതിനുള്ള ഒരു മാർഗ്ഗമാണ്. ഞാൻ അദ്ദേഹത്തെ ചോദ്യം ചെയ്യാൻവേണ്ടി പറയുന്നതല്ല. ബഡ്ജറ്റിൽ ഓരോ വർക്കിന് അലോട്ട് ചെയ്തിട്ടുള്ള തുകയിൽതന്നെ പക്ഷപാതമുണ്ട്. തെക്കോട്ടുള്ള ഓരോ എം. എൽ. എ. റോഡുകൾക്ക് ഒരുലക്ഷം രൂപയോ അമ്പതിനായിരം രൂപയോ ഒക്കെ, അലോട്ടുമെന്റിൽ ഉൾക്കൊള്ളിക്കുമ്പോൾ മറ്റു സ്ഥലങ്ങളിൽ 8 ലക്ഷംതൊട്ട് 88 ലക്ഷംവരെ അലോട്ട്മെന്റിൽ ഉൾക്കൊള്ളിച്ചിട്ടുള്ള റോഡുകളുണ്ട്. അതായത് എക്സ്പെൻറിച്ചറിനു മതിയായ തുക ഉൾക്കൊള്ളിച്ചിട്ടുണ്ട്. ഇത് വിനിയോഗം ചെയ്യുന്നതു സംബന്ധിച്ചു തന്ന മറുപടി എന്താണെന്നുവച്ചാൽ ഒരു നിയോജകമണ്ഡലത്തിലും ഒരു എം. എൽ. എ. ക്കും രണ്ടു റോഡിൽക്കൂടുതൽ അനുവദിച്ചിട്ടില്ലായെന്നാണ്, പക്ഷപാതം മാത്രമേ നടന്നിട്ടുള്ളൂ. പ്രതിപക്ഷ എം. എൽ. എ. മാരുടെ റോഡുകൾക്ക് തുക ഒട്ടും ഉൾപ്പെടുത്തിയിട്ടില്ല പണം ചെലവുചെയ്യുമ്പോൾ അതിന് നിയന്ത്രണവുമില്ലാതെ തോന്നിയതുപോലെ ചെയ്യുന്നുവെന്നുള്ള ആക്ഷേപം ബഹുമാനപ്പെട്ട മന്ത്രി കണക്കിലെടുത്തുകൊണ്ട് ഉദ്യോഗസ്ഥൻമാരെ കയറഴിച്ചുവിട്ട് അവർക്കു തോന്നിയതുപോലെ ചെയ്യാനുള്ള സംവിധാനമുണ്ടാക്കാൻ പാടില്ല, പ്രത്യേകിച്ചും മന്ത്രി ചെയർമാൻ അല്ലാതാകുമ്പോൾ. ഒരുപക്ഷെ പ്രാദേശികമായ ആവശ്യമനുസരിച്ചു പ്രാധാന്യം കൊടുക്കാൻ സാധിക്കണം. ആരെങ്കിലുമൊരാൾ ഒരു ഉദ്യോഗസ്ഥനെ ചെന്നു സ്വാധീനിച്ചുകഴിഞ്ഞാൽ ആ ഉദ്യോഗസ്ഥന്റെ തോന്നിയതുപോലുള്ള വിനിയോഗങ്ങളുണ്ടാകരുത്. അതുണ്ടാകാതിരിക്കുന്നതിനുവേണ്ടി മന്ത്രി ചെയർമാൻ അല്ലാതെവരുന്ന സാഹചര്യത്തിൽ തീർച്ചയായും 25 ലക്ഷം രൂപയിൽക്കൂടുതൽ വരുന്ന ചെലവുകൾ ഗവൺമെന്റ് അറിഞ്ഞു ചെലവു ചെയ്താൽ മതി. അത് കാര്യമായ ഒരു നിയന്ത്രണമായിരിക്കും. ഈ കാര്യങ്ങൾകൂടി ശ്രദ്ധിക്കേണ്ടതുണ്ട്. ഈ നിയമത്തെ സെക്ഷൻവൈസായിട്ട് നോക്കുമ്പോൾ തീർച്ചയായും അതുംകൂടി കണക്കിലെടുത്ത് ഇതെല്ലാം ഉൾക്കൊള്ളിക്കാൻ തയ്യാറാകണമെന്നു പറഞ്ഞുകൊണ്ട് ഞാൻ എന്റെ വാക്കുകൾ നിർത്തുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ: സർ, സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984–ലെ കേരള ബിൽ വീണ്ടും സബ്ജക്ട് കമ്മിറ്റിയുടെ പരിഗണനയ്ക്കയക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിക്കുന്നു.

സർ, ഈ ബില്ലിനെക്കുറിച്ചു പറയുമ്പോൾ സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും ഈ ബില്ലയയ്ക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. ചർച്ച നടന്ന സന്ദർഭത്തിൽ ഉണ്ടായിരുന്നതിലും കുറെ മാറ്റങ്ങൾ സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചകളിലും ആലോചനകളിലും ഉണ്ടായിട്ടുണ്ടെന്നുള്ളത് ശരിയാണ്. എങ്കിലും ഇതുപോലെ ഒരു നിയമം കൊണ്ടുവരുമ്പോൾ ചില പ്രശ്നങ്ങളിൽ വീണ്ടും കാര്യമായ ആലോചനയുണ്ടാകണമെന്നുള്ളതുകൊണ്ടാണ് അതേ സബ്ജക്ട് കമ്മിറ്റിക്ക് വീണ്ടും ഈ റിപ്പോർട്ട് തിരിച്ചയയ്ക്കണമെന്ന ഭേദഗതി ഞാൻ അവതരിപ്പിച്ചത്. സർ, സബ്ജക്ട് കമ്മിറ്റിയുടെ റിപ്പോർട്ടിൽനിന്നും അൽപ്പസ്വൽപ്പ വ്യത്യാസമായിട്ടുള്ള സ്റ്റേറ്റ്മെന്റുകളും ഈ ബില്ലവതരിപ്പിച്ചുകൊണ്ട് ഇവിടെ ജലസേചന വകുപ്പുമന്ത്രി ചെയ്യുകയുണ്ടായി. അതിൽ ഏറ്റവും പ്രധാനമായിട്ടുള്ള ഒന്ന് മന്ത്രിതന്നെ ചെയർമാൻ ആകണമെന്നില്ലായെന്ന് അദ്ദേഹം പറഞ്ഞുവെന്നുള്ളതാണ്. എന്നാൽ ഈ ബിൽ ക്ലോസ് ബൈ ക്ലോസ് ആയി എടുക്കുന്നസമയത്ത് അദ്ദേഹം അതിനുള്ള ഭേദഗതി കൊണ്ടുവരുമെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. അതുപോലെതന്നെ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്നുള്ളത് വളരെ ചർച്ച ചെയ്യപ്പെട്ട ഒരു പേരാണ്. അന്നൊക്കെത്തന്നെ ഇതിനൊരു ന്യായീകരണം പറഞ്ഞിരുന്നത് വേസ്റ്റ് വാട്ടർ ഇല്ലെങ്കിൽ വേൾഡ് ബാങ്ക് നമ്മളെ ഉപേക്ഷിക്കുമെന്നാണ്. എന്തായാലും വേസ്റ്റ് വാട്ടർ ഇല്ലാതെയും വേൾഡ് ബാങ്കിന്റെ സഹായം കിട്ടുമെന്നുള്ള കാര്യം ഇപ്പോഴെങ്കിലും വെളിപ്പെടുത്തിയത് നന്നായിയെന്നാണ് എന്റെ അഭിപ്രായം. എന്നാൽ മുന്ന മന്ത്രി മുമ്പു പറഞ്ഞിരുന്നത് ഞങ്ങൾക്ക് യാതൊരു നിർബന്ധവുമില്ല, പക്ഷെ വേൾഡ് ബാങ്ക് വേസ്റ്റ് വാട്ടർ എന്നു ചേർക്കാൻ ഞങ്ങളെ നിർബന്ധിച്ചുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് ഞങ്ങൾ വേസ്റ്റ് വാട്ടർ എന്നു ചേർത്തുവെന്നേയുള്ളൂ എന്നാണ്. എന്നാൽ ഇപ്പോൾ സാമാന്യം ഭേദപ്പെട്ട ഒരു പേര് സബ്ജക്ട് കമ്മിറ്റി റക്കമൻഡ് ചെയ്തു വന്നിട്ടുണ്ട്. ഈ ഭേദഗതികളോരോന്നും പരിശോധിക്കുമ്പോൾ ക്ലോസ് ബൈ ക്ലോസായിട്ട് കൺസിഡർ ചെയ്യുന്ന സമയത്ത് പറയാം സർ. ഞാൻ 77 ഭേദഗതികൾ കൊടുത്തിട്ടുണ്ട്. ഇനി ഒരു 30 എണ്ണംകൂടി തയ്യാറാക്കിയിട്ടുണ്ട്. അതും ഓരോന്നായി പരിഗണിക്കുന്നസമയത്ത് പറയാം. ഒന്നുരണ്ടു പ്രധാനപ്പെട്ട കാര്യങ്ങൾ പറയാം. ഇത്തരം അതോറിറ്റി വരുന്നത് പ്രധാനമായിട്ടും നമ്മുടെ സംസ്ഥാനത്ത് ഇന്നു നിലനിൽക്കുന്ന ശുദ്ധജല വിതരണത്തിലെ അപര്യാപ്തതകൾ പരിഹരിക്കാനും ലോക ബാങ്കിന്റേയും മറ്റു രാജ്യങ്ങളിലെ ധനകാര്യ സ്ഥാപനങ്ങളുടേയും സഹായത്തോടുകൂടി വളരെക്കൂടുതൽ പദ്ധതികൾ തയ്യാറാക്കുന്നതിനുള്ള സൗകര്യമുണ്ടാക്കുന്നതിനും വേണ്ടിയാണ്, 1990 വരെ ഇന്റർനാഷണൽ വാട്ടർ ആൻഡ് സാനിറ്റേഷൻ ഡീക്കേഡ് ആയതുകൊണ്ട് ആ കാലഘട്ടത്തിനുള്ളിൽ പൂർത്തിയാക്കുന്ന വിവിധ പദ്ധതികൾക്കുള്ള അംഗീകാരം നമ്മുടെ സംസ്ഥാനത്തിന് ലഭിക്കും. കഴിഞ്ഞകാലത്ത് പ്രോജക്ട് റിപ്പോർട്ടുകൾ തയ്യാറാക്കുകയും മറ്റും ചെയ്ത പലതും ലഭിച്ചിട്ടുണ്ട്. അതുപോലെതന്നെ "Health for all by 2000 A.D" എന്ന പേരിൽ സാർവ്വദേശീയമായി രണ്ടായിരമാണ്ടോടുകൂടി എല്ലാവർക്കും ആരോഗ്യമെന്ന മുദ്രാവാക്യത്തിന്റെ കീഴിൽ വേൾഡ് ഹെൽത്ത് ഓർഗനൈസേഷനും മറ്റും വിവിധ പരിപാടികൾ

LIBRARY ARCHIVES Kerala Legislative Assembly

നടപ്പിലാക്കുമ്പോൾ ആ പരിപാടികളിൽ ഏറ്റവും കൂടുതൽ മുൻഗണന കൊടുക്കുന്നത് സാനിറേഷനും അത്യാപേക്ഷിതമെന്ന ശുദ്ധജല വിതരണത്തിനുമാണ്. ഇൻഡ്യാ രാജ്യത്തെ കണക്കുകൾ വേൾഡ് ഹെൽത്ത് ഓർഗനൈസേഷൻ പരിശോധിച്ചിട്ട് ഇൻഡ്യയിലുണ്ടാകുന്ന രോഗത്തിന്റെ 75 ശതമാനവും മോശമായ ജലം ഉപയോഗിക്കുന്നതുകൊണ്ടാണെന്ന് കണ്ടു പിടിച്ചിട്ടുണ്ട്. അതുപോലെ ഗ്രാമപ്രദേശങ്ങളിലെ സാനിറേഷന്റെ അപര്യാപ്തത അവർ എടുത്തുപറഞ്ഞിട്ടുണ്ട്. രണ്ടായിരമാണ്ടോടെ എല്ലാവർക്കും ആരോഗ്യമെന്ന മുദ്രാവാക്യത്തിന്റെ കീഴിൽ വിവിധ പദ്ധതികൾ ആവിഷ്കരിച്ചുകൊണ്ടിരിക്കുമ്പോൾ അതിൽ ഏറ്റവും കൂടുതൽ പ്രാധാന്യം കൊടുക്കുന്നത് ശുദ്ധജല വിതരണത്തിലാണെന്ന് ചൂണ്ടിക്കാണിച്ചിട്ടുണ്ട്. ഇന്ന്യാവിലെ നിയമസഭയിൽ മന്ത്രി പറഞ്ഞതനുസരിച്ചാണെങ്കിൽ നഗരപ്രദേശങ്ങളിൽ 85 ശതമാനവും ഗ്രാമപ്രദേശങ്ങളിൽ 58 ശതമാനവും ആളുകൾക്കുമാത്രമേ ശുദ്ധജലമെത്തിക്കാൻ കഴിഞ്ഞിട്ടുള്ളുവെന്നാണ്. ഗ്രാമപ്രദേശങ്ങളിൽ 50 ശതമാനം ആളുകൾക്കെ ശുദ്ധജലമെത്തിക്കാൻ കഴിഞ്ഞുള്ളൂവെന്നുപറഞ്ഞാൽ വളരെയധികം പ്രശ്നവില്ലേജുകൾ കേരളത്തിൽ ഐഡന്റിഫൈ ചെയ്തിട്ടുണ്ടെന്നും ആ പ്രശ്ന പ്രദേശങ്ങളിലൊന്നും പൂർണ്ണമായി ശുദ്ധജലമെത്തിക്കുന്നതിനുവേണ്ടിയുള്ള പരിപാടികൾ ആവിഷ്കരിക്കാൻ കഴിഞ്ഞിട്ടില്ലെന്നുമാണ്. രണ്ടായിരമാണ്ടോടുകൂടി വേൾഡ് ബാങ്കിനേയും വേൾഡ് ഹെൽത്ത് ഓർഗനൈസേഷനേയും സമാനമായി പ്രവർത്തിക്കുന്ന മറ്റു സംഘടനകളുടേയും സഹായത്തോടുകൂടി ഈ പരിപാടികളാവിഷ്കരിക്കാൻ കഴിഞ്ഞില്ലായെന്നുണ്ടെങ്കിൽ മുടക്കുന്ന പണത്തിന്റെ ഫലം മുഴുവൻ ജനങ്ങൾക്ക് ലഭിക്കണമെന്നുണ്ടെങ്കിൽ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റി എന്ന പേരിൽ മുമ്പ് അറിയപ്പെട്ടിരുന്ന വാട്ടർ അതോറിറ്റി സംശയാതീതമായി പ്രവർത്തിക്കാൻ കഴിയുന്ന ഒരു സാഹചര്യമുണ്ടാക്കണം. അതുകൊണ്ടാണ് ഈ വാട്ടർ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം കഴിഞ്ഞകാലത്തു നടന്ന കാര്യങ്ങളെക്കുറിച്ചൊന്നും ഈ ചർച്ചയിൽ വീണ്ടും ഉന്നയിക്കാൻ ആഗ്രഹിക്കുന്നില്ല. സംശയാതീതമായി പ്രവർത്തിക്കണമെന്നു പറയാൻ കാരണം ഇതുവരെ ഈ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതിന്റെ കഴിഞ്ഞകാല റിക്കോർഡെന്നു പറയുന്നത് വളരെ ക്ലീൻ അല്ല. അങ്ങനെ ക്ലീൻ റിക്കോർഡ് ഇല്ലാത്ത ഒരു സ്ഥാപനമാണെന്നുള്ളതുകൊണ്ട് അതിനുള്ള ഒരു നിയമം.....

ശ്രീ. എം. എം. ഹസ്സൻ: ഈ അതോറിറ്റി രൂപീകരിച്ച് അതിന്റെ പ്രവർത്തനം ആരംഭിച്ചതേയുള്ളൂ. അതുകൊണ്ട് കഴിഞ്ഞകാല റിക്കാർഡ് ക്ലീൻ അല്ല എന്നു പറഞ്ഞത് മനസ്സിലായില്ല.

ശ്രീ. കാനം രാജേന്ദ്രൻ: അതോറിറ്റി രൂപീകരിച്ചു എന്നു പറയുന്നതുതന്നെ ലോകത്തിലെ വിഡ്ഢികളുടെ ദിനത്തിലാണ്. അങ്ങനെ രൂപീകരിച്ചുകഴിഞ്ഞതിനുശേഷം അത് കുറെ നാളുകളായി പ്രവർത്തിക്കുന്നുണ്ട്. ഇപ്പോൾ അതിന് ഒരു മാറ്റംവരുത്തി പുതിയ ഒരു രീതിയിൽ പുതിയ തരത്തിൽ അവതരിപ്പിച്ചിരിക്കുകയാണ്. അതുകൊണ്ട് കഴിഞ്ഞകാലത്ത് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ എന്ന ഒരു അതോറിറ്റി ഉണ്ടായിരുന്നല്ലോ.

ശ്രീ. എം. എം. ഹസ്സൻ: ശുദ്ധജലവിതരണവും അതുപോലെതന്നെ ഡ്രെയിനേജുമുണ്ടല്ലോ? അതുകൊണ്ടാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ എന്ന പേരു വന്നത്. ഈ വേസ്റ്റ് വാട്ടറിനോട് പ്രതിഷേധ

LIBRARY ARCHIVES Kerala Legislative Assembly

ത്തിന് വളരെയധികം അലർജിയുണ്ടെങ്കിൽ അത് മാറ്റിക്കളയാമെന്നാണ് ഇപ്പോൾ ഗവൺമെന്റ് തീരുമാനിച്ചിരിക്കുന്നത്.

ശ്രീ. ഒ. ഭരതൻ: വാട്ടർ ആന്റ് വേസ്റ്റ് വാട്ടർ അതോറിറ്റി രൂപീകരിച്ചുകഴിഞ്ഞതിനുശേഷം നടന്നിട്ടുള്ള അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചു ശ്രീ. ഹസ്സനു പറയാൻ വിഷമമുള്ളതുകൊണ്ടാണോ അത് പറയാൻ ശ്രീ. രാജേന്ദ്രനെ ബുദ്ധിമുട്ടിച്ച് പ്രേരിപ്പിക്കുന്നത്?

ശ്രീ. കെ. ശങ്കരനാരായണപിള്ള: മുൻമന്ത്രി ഗംഗാധരന് വേസ്റ്റ് വാട്ടറിനോടും ശ്രീമാൻ മാണിക്ക് വേസ്റ്റ് വാട്ടറിനോടും ഉള്ള പ്രതിപത്തി എന്താണെന്നറിയില്ല.

ശ്രീ. എ. സി. ഷൺമുഖദാസ്: എല്ലാ സ്ഥലത്തും സ്വീവേജ് എന്നാണ് ആവർത്തിച്ചാവർത്തിച്ച് പറഞ്ഞിരിക്കുന്നത്. ചാർട്ടറിലും സ്വീവേജാണ്. വേസ്റ്റ് വാട്ടർ എന്ന് എവിടേയും പറഞ്ഞിട്ടില്ല. അതുകൊണ്ട് സ്വീവേജ് എന്ന പേര് സ്വീകരിച്ചാൽ എന്താണ് തെറ്റ്?

ശ്രീ. കാനംരാജേന്ദ്രൻ: എല്ലാവരുടേയും ടേസ്റ്റിനെക്കുറിച്ച് ഞാൻ പറയണമെന്നു പറഞ്ഞാൽ വലിയ ബുദ്ധിമുട്ടാണ്.

ശ്രീ. എം. എം. ഹസ്സൻ: ശ്രീ. ഷൺമുഖദാസിന്റെ വേസ്റ്റേജ് എങ്കിലും അങ്ങേക്ക് അംഗീകരിച്ചുകൂടേ?

ശ്രീ. കാനംരാജേന്ദ്രൻ: ഈ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനങ്ങളിൽ ഈ നിയമസഭയിലെ ഭരണപക്ഷത്തുനിന്നും പ്രതിപക്ഷത്തുനിന്നും വിമർശനമുണ്ടായി എന്നതിന്റെ സൂചനയാണ് ഈ ബില്ലിൽവന്ന മാറ്റം. സബ്ജക്ട് കമ്മിറ്റിയിൽ വന്നപ്പോഴും ഭരണ കക്ഷി പ്രതിപക്ഷവ്യത്യാസമില്ലാതെതന്നെ അതിലെ അംഗങ്ങൾ ഇതിൽ കാര്യമായ മാറ്റം വരുത്തണമെന്ന് ആവശ്യപ്പെടുകയുണ്ടായി. ഒരു ആട്ടോണമസ് ബോഡി എന്നുള്ള നിലയിൽ അതിന്റെ പ്രവർത്തനങ്ങൾ പൂർണ്ണമായി മുന്നോട്ടു കൊണ്ടുപോകാൻ കഴിഞ്ഞകാലങ്ങളിൽ കഴിഞ്ഞിരുന്നില്ല. അതുകൊണ്ട് ബഹുമാനപ്പെട്ട മന്ത്രി ഇവിടെ പുതിയ ഭേദഗതി അവതരിപ്പിക്കും. 'other than minister' എന്നു പറഞ്ഞ് എന്റെ ഒരു ഭേദഗതിയുണ്ട്. അത് അംഗീകരിച്ചാലും മതി. അങ്ങനെ ഒരു ഭേദഗതി അംഗീകരിച്ച് മറ്റൊരാളെ ഈ വാട്ടർ അതോറിറ്റിയുടെ ചെയർമാനാക്കുകയും ഇതിന്റെ ആസ്പൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് മാത്രമല്ല പ്രൊപ്പോസൽസ്, അല്ലെങ്കിൽ ആക്ഷൻപ്ലാൻ ഈ നിയമസഭയുടെ മുമ്പാകെ വയ്ക്കുകയും വേണം. ആസ്പൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതിന് ഇപ്പോഴത്തെ ഭേദഗതിയനുസരിച്ച് എന്നെങ്കിലും വച്ചാൽ മതി. ആസ്പൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് വയ്ക്കുന്നതിന് ഒരു ക്രിപ്തതീയതിയുണ്ടാകണം. പല ആട്ടോണമസ് ബോഡിയുടേയും ആസ്പൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെന്റ് ഈ നിയമസഭയിൽ വയ്ക്കുന്ന കാര്യം നമുക്കറിയാം. അഞ്ചു വർഷത്തേയും നാലുവർഷത്തേയും റിപ്പോർട്ടെല്ലാം കൂടി ഒന്നിച്ചു കൊണ്ടുവയ്ക്കുന്ന ഒരു സാഹചര്യം ഉണ്ടായിട്ടുണ്ട്. അതുകൊണ്ട് ഈ വാട്ടർ അതോറിറ്റിയെസംബന്ധിച്ചിടത്തോളം ലെജിസ്ലേച്ചർ കൺട്രോൾ വരണമെന്ന് നിർബന്ധമായി സബ്ജക്ട് കമ്മിറ്റി തീരുമാനിക്കുകയും അതിനുള്ള ഭേദഗതി കൊണ്ടുവരികയും ചെയ്ത സമയത്ത് ഇതിന് ഒരു നിബന്ധനകൂടി ഉണ്ടാകുന്നത് നല്ലതാണെന്നാണ് എനിക്ക് തോന്നുന്നത്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: ആനവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് നിർബന്ധമായും ലെജിസ്ലേച്ചറിൽ വയ്ക്കണമെന്ന് വ്യവസ്ഥയുള്ള പൊതുമേഖലാ സ്ഥാപനങ്ങൾതന്നെ ആ വ്യവസ്ഥ പാലിക്കുന്നില്ല. വ്യവസ്ഥ എഴുതിവച്ചതുകൊണ്ട് കാര്യമില്ല. അതുകൊണ്ട് അത് പാലിക്കാനുള്ള നടപടി വേണമെന്നു പറയുന്നതല്ലേ നല്ലത്.

ശ്രീ. കാനം രാജേന്ദ്രൻ: അത് നല്ല നിർദ്ദേശമാണ്. എഴുതിവച്ചത് ഇവിടെ ഒരു മന്ത്രി ഈ നിയമസഭയിൽ സമ്മതിച്ചതാണ്. ഞാൻ ഇവിടെ ഉന്നയിക്കുന്ന സമയത്താണ് അദ്ദേഹത്തിന് അത് മനസ്സിലായതെന്നു പറഞ്ഞു. വീണ്ടും ഇവിടെ പറഞ്ഞു ആനവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് പല പൊതുമേഖലാ സ്ഥാപനങ്ങളുടേയും ഇപ്പോൾ വരുന്നുണ്ടെന്ന്. മാർച്ച് മാസത്തിനുള്ളിൽ ആനവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് സബ്മിറ്റ് ചെയ്യണമെന്നു പറഞ്ഞിരിക്കുന്ന സ്ഥാപനങ്ങൾപോലും. ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് ഇവിടെ തരാത്ത സാഹചര്യത്തിൽ ഒരു ടൈം ലിമിറ്റുമില്ലാതെ ഇതിൻറെ ആനവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് തരണമെന്നു പറഞ്ഞാൽ എന്നെങ്കിലും തരുമോ എന്നുള്ളതാണ് എൻറെ ചോദ്യം. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഒരു സമയം നിശ്ചയിക്കണമെന്ന്. ഇത്ര നാളിനുള്ളിൽ ആ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ് നിയമസഭയിൽ വയ്ക്കണം. നിയമസഭയ്ക്ക് ആ കാര്യത്തെക്കുറിച്ച് ചർച്ച ചെയ്യാൻ അവസരമുണ്ടാകണം. അങ്ങനെ നിയമസഭയ്ക്ക് ചർച്ച ചെയ്യാൻ അവസരമുണ്ടാകത്തക്കരീതിയിൽ ആനവൽ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറും അതുപോലെ വരുന്ന ഒരു കൊല്ലക്കാലം ചെയ്യാൻ പോകുന്ന പദ്ധതികളുടെ സംഗ്രഹവും ഓൺഗോയിംഗ് സ്കീമുകളെക്കുറിച്ചുള്ള അതിൻറെ പുരോഗതി എത്രയാണെന്നു കാണിക്കുന്ന ഒരു റിപ്പോർട്ടും ഈ നിയമസഭയിൽ വയ്ക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെ ഈ പ്രവർത്തനങ്ങൾ പ്ലാൻ ചെയ്യുമ്പോൾ ഇന്നത്തെ ഒരു പ്രത്യേകത കാണുന്നത് ഈ വർഷം കുറച്ച് ജോലിയെടുക്കും. ആ ജോലി ഒരു ഭാഗം പൂർത്തിയായിക്കഴിയുമ്പോൾ ഓൺഗോയിംഗ് വർക്കുകൾക്കൊന്നും പണം അനുവദിക്കാറില്ല. പിന്നീട് അടുത്തവർഷം വേറെ കുറച്ച് ജോലിയെടുക്കും. ആ ജോലികൾ ഒരു ഘട്ടമായിക്കഴിയുമ്പോൾ ബാക്കിപൂർത്തിയാക്കാൻ പണം അനുവദിക്കാറില്ല. ഇതിൻറെ പ്രവർത്തനങ്ങൾ നടത്തുമ്പോൾ പലപ്പോഴും എഴുപതുശതമാനത്തോളം മെറ്റീരിയൽ കോസ്റ്റ് വരുന്നതുകൊണ്ട് ആദ്യഭാഗത്തായി ഇതിനുള്ള പർച്ചേസ് നടക്കുന്നതുകൊണ്ട് പണം അനുവദിക്കാൻ താൽപ്പര്യം പിന്നീട് ഇല്ലാതാവുകയാണ് ചെയ്യുന്നത്. ഇപ്പോൾതന്നെ കേരളത്തിൽ നടന്നുകൊണ്ടിരിക്കുന്ന പല സ്കീമുകൾക്കും പണം നീക്കിവച്ചിട്ടില്ലാത്ത ഒരു സാഹചര്യമുണ്ട്. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് നിയമസഭയുടെ മുമ്പാകെ വരികയും അടുത്ത വർഷത്തെ പ്രവർത്തനം എന്തായിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു പ്ലാൻ ഉണ്ടാവുകയും ചെയ്യുകയാണെങ്കിൽ അതിനെക്കുറിച്ച് നമുക്ക് അഭിപ്രായങ്ങൾ പറയുവാനും അതനുസരിച്ച് പ്രവർത്തനങ്ങൾ നടത്താനും കഴിയും. അതല്ലാതെ അതോറിറ്റിയിലുള്ള ഏതാനും അംഗങ്ങളുടേയും അതോറിറ്റിയിലെ ചില ഉദ്യോഗസ്ഥൻമാരുടേയും താൽപ്പര്യത്തിനനുസരിച്ച് അടുത്തവർഷത്തെ പ്ലാൻ തയ്യാറാക്കുകയും പ്രവർത്തനങ്ങളുടെ പ്രയോറിറ്റി നിശ്ചയിക്കുന്നതും ചെയ്യുന്നത് ശരിയായിരിക്കുകയില്ല എന്നാണ് എൻറെ അഭിപ്രായം. വിവിധ സംസ്ഥാനങ്ങളിലെ ബില്ലുകളെല്ലാം പരിശോധിക്കുമ്പോഴും ഇതിൽ ചില വകുപ്പുകളുമായി ബന്ധപ്പെട്ടത്തോളം വ്യത്യസ്തമായ അഭിപ്രായങ്ങളുണ്ട്. അതിനുപകരമുള്ള

LIBRARY ARCHIVES Kerala Legislative Assembly

വകുപ്പുകളും ഞാൻ ഇതിൽ ചേർത്തിട്ടുള്ളതുകൊണ്ട് ഇപ്പോൾ വിശദീകരിക്കുന്നില്ല. ക്ലോസ് ബൈ ക്ലോസ് ഡിസ്കഷന്റെ സമയത്ത് ഞാനത് ചെയ്യാം. ലോക്കൽ ബോഡീസിന്റെ പ്രതിനിധികളായ അംഗങ്ങളെ ഇതിൽ എടുക്കുന്നതിനെ സംബന്ധിച്ചിടത്തോളം മന്ത്രി ഒരു ഭേദഗതി ഇവിടെ അവതരിപ്പിക്കുകയുണ്ടായി; സബ്ജക്ട് കമ്മിറ്റിയുടെ ഭേദഗതിതന്നെ അവതരിപ്പിക്കുകയുണ്ടായി. ലോക്കൽ ബോഡീസ് ഇന്ന് കേരളത്തിൽ നിലവിലില്ലാത്തതുകൊണ്ടും നമ്മുടെ ബഹുമാനപ്പെട്ട പഞ്ചായത്തുവകുപ്പുമന്ത്രിക്ക് എന്ന് അത് നിലവിൽ വരുമെന്നുള്ളതിനെക്കുറിച്ച് പറയാൻ യാതൊരു സാഹചര്യവുമില്ലാത്തതുകൊണ്ടും അങ്ങയുടെ ഭേദഗതി ഞാൻ സ്വാഗതം ചെയ്യുകയാണ്. പക്ഷേ അത്രസമയത്ത് ലോക്കൽ ബോഡീസിന്റെ പ്രതിനിധികളായ ആളുകളെ നോമിനേറ്റ് ചെയ്യുന്നു എന്നു പറയുമ്പോൾ ഇപ്പോഴത്തെ നിയമമനുസരിച്ച് പിന്നീട് ലോക്കൽ ബോഡീസ് നിലവിൽവന്നാൽ അവർ പുറത്തുപോകേണ്ടിവരുന്നില്ല. അതുകൊണ്ട് ലോക്കൽബോഡീസ് എന്ന് നിലവിൽ വരുന്നുവോ ആ സമയത്ത് ഇവർ അതോറിറ്റിയിൽനിന്നും പുറത്തുപോകാനുള്ള അവസരം വേണം. ഇല്ലെങ്കിൽ ലോക്കൽബോഡീസിൽ എന്നെങ്കിലും തിരഞ്ഞെടുപ്പു നടന്നാൽ അതിന്റെ പേരിൽ മുൻപഞ്ചായത്തു പ്രസിഡൻറുമാരോ കോർപ്പറേഷൻ കൗൺസിലർമാരോ ആയിട്ടുള്ള ആളുകൾ വീണ്ടും ലോക്കൽബോഡീസിന്റെ പ്രതിനിധികളായി തുടരുന്ന ഒരു സാഹചര്യം ഉണ്ടാകും. ഇതിനെസംബന്ധിച്ചിടത്തോളം മറ്റു പല ചെറുതും വലുതുമായിട്ടുള്ള ഭേദഗതികളുണ്ട്. അത് ഞാൻ പ്രത്യേകമായി അവതരിപ്പിക്കുന്നുണ്ട്. അതുകൊണ്ട് വളരെ പുരുഷത്തിൽ ഈ ബില്ലിനെ സംബന്ധിച്ചിടത്തോളം എനിക്ക് സൂചിപ്പിക്കാനുള്ള നമ്മുടെ സാഹചര്യത്തിന്റെ ആവശ്യങ്ങൾ കണക്കിലെടുത്തുകൊണ്ട് ആ പ്രവർത്തനങ്ങളുമായി മുന്നോട്ടു പോകണം. ബഹുമാനപ്പെട്ട മന്ത്രി ഇപ്പോൾ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തിരിക്കുന്ന പ്രകാരമേ ഇത് പാസ്സാക്കൂ എന്ന് നിർബന്ധം പിടിക്കാതെ അനുയോജ്യവും ആവശ്യവുമായ ഭേദഗതികളോട് സൗഹൃപൂർവ്വമായ സമീപനം സ്വീകരിച്ച് ഈ ബിൽ സമ്പൂർണ്ണമാക്കാൻവേണ്ടി പരിശ്രമിക്കണമെന്നാണ് എനിക്ക് പറയാനുള്ളത്.

Shri. Kodiyeri Balakrishnan: Sir, I move that the Kerala Water and Waste Water Bill, 1984 as reported by the Subject Committee be circulated for obtaining public opinion. ഇവിടെ സബ്ജക്ട് കമ്മിറ്റി ഈ ബിൽ പരിഗണിച്ചതിനുശേഷം കുറേയേറെ മാറ്റങ്ങൾ വരുത്താൻ തയ്യാറായിട്ടുണ്ട്. പക്ഷേ ഇനിയും ഈ ബില്ലിനകത്ത് ധാരാളം അപാകതകളുണ്ട്. ആ അപാകതകൾകൂടി പരിഹരിച്ചുകൊണ്ട് ഈ ബിൽ ഒരു കുറ്റമറ്റ നിയമമാക്കി മാറ്റണമെന്നാണ് എനിക്ക് ആദ്യമായി പറയാനുള്ളത്. വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ എന്നാണ് അന്ന് അറിയപ്പെട്ടിരുന്ന പേര്. അത് മാറ്റാൻ ഇപ്പോൾ ഉദ്ദേശിക്കുന്നുണ്ടെന്നാണ് സബ്ജക്ട് കമ്മിറ്റിയുടെ ചർച്ചക്കുശേഷം വെളിവാക്കപ്പെട്ടിട്ടുള്ളത്. ഏതായാലും ആ വേസ്റ്റ്വാട്ടർ എന്നത് എടുത്തുകളഞ്ഞത് നന്നായി. ഇത് ഒരു മലീമസവസ്തുവായിരുന്നത് മാറ്റാനുള്ള തയ്യാറെടുപ്പോടുകൂടിയായിരിക്കണം ഈ മലിനജലം എന്നുള്ളവാക്ക് എടുത്തുകളയാൻ തീരുമാനിച്ചതെന്നു വിശ്വസിക്കുന്നു. ഈ വാക്ക് എടുത്തുകളയുമ്പോൾ ഈ അതോറിറ്റി മുൻകാലത്ത് ചെയ്തിട്ടുള്ള ചെയ്തികൾകൂടി മാറ്റുന്നതിനുള്ള നടപടിക്ക് തുടക്കം കുറിക്കണമെന്നാണ് എനിക്ക് മന്ത്രിയോട് അഭ്യർത്ഥിക്കാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

സർ, ഇവിടെ ക്ലോസ് 4-ൽ അതോറിറ്റിയുടെ രൂപീകരണത്തെക്കുറിച്ച് പറയുന്ന ഭാഗത്ത്, അതിൽ ഒന്നാമത്തേത് മെമ്പർമാർ ഇവിടെ സൂചിപ്പിച്ച കൂട്ടത്തിൽ മന്ത്രി ഇതിനകത്ത് ഒരു മെമ്പറാണെന്നും മറ്റും പറഞ്ഞു. മന്ത്രി ഇവിടെ മെമ്പർ മാത്രമല്ല, ചെയർമാൻ കൂടിയാണ്. പക്ഷേ സബ്ജക്റ്റു കമ്മിറ്റി റിപ്പോർട്ട് അനുസരിച്ച് വേണമെങ്കിൽ മന്ത്രിയല്ലാത്ത ഒരാളെ ചെയർമാനായി ഗവൺമെൻറിന് നിശ്ചയിക്കാവുന്നതാണ്. എന്നുപറഞ്ഞാൽ ഇവിടെ രേണകക്ഷിയിലുള്ള മറെറാരാൾക്ക് ഈ സ്ഥാനം കൊടുക്കാനുള്ള നിർദ്ദേശമാണ് ഇപ്പോൾ സബ്ജക്റ്റു കമ്മിറ്റിക്കു വേണ്ടി മന്ത്രി അവതരിപ്പിച്ചിട്ടുള്ള ഭേദഗതിയിൽക്കൂടി കാണാൻ സാധിക്കുന്നത്.

ശ്രീ. എം. എം. ഹസ്സൻ: വിശാലമനസ്കനായ ശ്രീ. കെ. എം. മാണി പ്രതിപക്ഷത്തുള്ള ശ്രീ. കോടിയേരിയെപ്പോലുള്ള ഒരാളിനെയാണ് ചെയർമാനാക്കാൻ ഉദ്ദേശിക്കുന്നതെങ്കിലോ? അങ്ങനെ സംഭവിച്ചാൽ അങ്ങേയ്ക്ക് അത് തള്ളിക്കളയാൻ കഴിയുമോ?

ശ്രീ. കെ. എം. മാണി: അതിൽ ഒട്ടും സംശയിക്കേണ്ട. ശ്രീ. കോടിയേരിയെപ്പോലുള്ള ഉന്നതനായ ഒരാൾ ഒരിക്കലും അതിന് മുതിരുകയില്ല എന്നുള്ളത് തീർച്ചയാണ്.

ശ്രീമതി കെ. ആർ. ഗൗരി: അത് മലിനജല അതോറിറ്റിയാണ്. അതുകൊണ്ടാണ് ശ്രീ. കോടിയേരിയോട് ചെയർമാൻറെ കാര്യം പറയുന്നത്. അത് മലീമസമാണ്.

ശ്രീ. കെ. എം. മാണി: ഈ മലിനമെന്നുള്ളത് നിങ്ങളും തന്നെ പേറി കൊണ്ടാൽ മതി. ഞാൻ ഏതായാലും അതിനില്ല.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, ഞാൻ ഏതായാലും അതോറിറ്റിയുടെ ചെയർമാൻ ആവില്ല. അത്രയും ഉദാരമനസ്കത കാണിച്ചതിന് ഹസ്സനോട് നന്ദിയുണ്ട്. ആരും ഇതിൻറെ ചെയർമാനായി നിൽക്കില്ല. ഏതെങ്കിലും ഒരുമന്ത്രി ഇതിൻറെ ചെയർമാനായിട്ട് നിൽക്കുമോ? ശ്രീ. എം. പി. ഗംഗാധരൻ ഇതിൻറെ ചെയർമാനായിട്ട് അവസാനം വെള്ളത്തിലായില്ലേ സർ? ആ ഗംഗാധരൻ വെള്ളത്തിലായതുകൊണ്ടാണ് ഇപ്പോൾ ശ്രീ. മാണി പായുന്നത്, ഏതായാലും ഞാൻ ആ വഴിക്കില്ല. ഗംഗാധരൻറെ ആപത്ത് മനസ്സിലാക്കിയിട്ടാണ് മാണി ഇപ്പോൾ അതിൻറെ ചെയർമാൻസ്ഥാനം വേണ്ടന്നൊക്കെ പറയുന്നത്. അതുകൊണ്ടാണ് ശ്രീ. മാണി ഇപ്പോൾ എന്തായാലും ഞാൻ അതിൻറെ ചെയർമാനായി നിൽക്കുകയില്ലെന്ന് പ്രഖ്യാപിച്ചിട്ടുള്ളത്.

ശ്രീ. എം. എം. ഹസ്സൻ: ബിൽ സബ്ജക്റ്റു കമ്മിറ്റിക്ക് അയക്കണമെന്ന കാര്യം ചർച്ചയ്ക്കുവന്നപ്പോൾ, ബഹുമാനപ്പെട്ട ശ്രീ. ആർ. എസ്. ഉണ്ണിയും പ്രതിപക്ഷത്തുള്ള ബഹുമാന്യരായ പല മെമ്പർമാരും മന്ത്രി ചെയർമാനാകുന്നതിനെതിരെ ശക്തിയായി ധാർമ്മികമായി രോഷംകൊണ്ടു. സബ്ജക്റ്റു കമ്മിറ്റിയിൽ നമ്മൾ നടത്തിയ ചർച്ചയിൽ മന്ത്രിയല്ലാതെ വേറെ ഒരാൾ ചെയർമാനാകണമെന്നും, അത് രേണകക്ഷിയിൽപ്പെട്ട ആളായിക്കൊള്ളട്ടെ, വേണമെങ്കിൽ നിയമസഭയിലെ അംഗമായിക്കൊള്ളട്ടെ, പുറത്തുള്ള ആളായിക്കൊള്ളട്ടെ എന്നും പറഞ്ഞതാണ്. അത് ഗവൺമെൻറ് അംഗീകരിച്ചു കഴിഞ്ഞിട്ടും വീണ്ടും കുറെ പ്രചോദിപ്പിക്കുന്നത് അൽപം ക്രൂരമാണെന്നു മാത്രമേ എനിക്ക് പറയുവാനുള്ളൂ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ചെയർമാൻ മന്ത്രിയല്ലാതിരിക്കുമെന്നുള്ളതിന് യാതൊരു ഉറപ്പുമില്ല. ഇതിനനുസരണപ്പെടുത്തി മന്ത്രിക്കും ആകാം. മന്ത്രിയല്ലാത്ത ആൾക്കും ആകാം. യഥാർത്ഥത്തിൽ ആ ക്ലോസ്സിൽ മന്ത്രിയാകാനേ പാടില്ല, എന്ന തരത്തിലുള്ള ഒരു ഭേദഗതി വരണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: നമ്മുടെ രാജ്യത്ത് മറെറാരു മന്ത്രിയും ചെയ്യാത്ത രീതിയിൽ നമ്മുടെ ധനകാര്യമന്ത്രി ഒരു കീഴ്വഴക്കം സൃഷ്ടിച്ചിട്ടുണ്ട്. അനവധി സ്ഥാപനങ്ങളുടെ ചെയർമാൻ സ്ഥാനം അദ്ദേഹത്തിനുണ്ട്. സ്റേറ്റ് കോ–ഓപ്പറേറീവ് ബാങ്കിനേറയും കയർ ഫെഡ്ഡിനേറയും അതുപോലുള്ള സ്ഥാപനങ്ങളുടേയും ചെയർമാൻസ്ഥാനം ഒന്നും കൈവിടാതെ തന്നെ മന്ത്രിസ്ഥാനവും കൊണ്ടു പോകുമ്പോൾ അങ്ങനെയൊരു കാര്യം രേണകക്ഷിയിൽനിന്നും പ്രതീക്ഷിക്കാമോ?

ശ്രീ. തച്ചടിപ്രഭാകരൻ: മാർക്സിസ്റു പാർട്ടിയിലെ, ഗോവിന്ദക്കുറുപ്പിന്റെ പാർട്ടിയിലെ ആൾക്കാരാണ് എന്റെ ബോർഡിലെ മൂരി പക്ഷം ആളുകളും. അവർ ഏകകണ്ഠമായി പറഞ്ഞത്, യാതൊരു കാരണവശാലും രാജിവയ്ക്കാൻ പാടില്ല എന്നാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അപ്പോൾ മാർക്സിസ്റു പാർട്ടിയുമായിട്ടാണോ ഇപ്പോൾ കൂട്ടുകെട്ടുള്ളത്?

ശ്രീ. ടി. പി. പീതാംബരൻ മാസ്റർ: ശ്രീ. കോടിയേരി ചോദിക്കുന്നത് അവിടെ ഈ ഡയറക്ടർ ബോർഡിൽ ഒക്കെ തച്ചടിപ്രഭാകരൻ മാർക്സിസ്റുപാർട്ടിയുമായുള്ള ഇടതുപക്ഷമുന്നണിയിൽതന്നെയാണോ ഇപ്പോഴും നിൽക്കുന്നത് എന്നാണോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇപ്പോൾ അങ്ങനെയാണ് നിൽക്കുന്നത്.

ശ്രീ. എ. സി. ജോസ്: സർ, തച്ചടി പ്രഭാകരൻ പണ്ട് ചെയർമാനായത് അന്ന് മാർക്സിസ്റുപാർട്ടിയുടെ പിൻതുണയോടുകൂടിയാണ്. ഇപ്പോൾ മാർക്സിസ്റു പാർട്ടിയുടെ പിൻതുണയില്ല. പക്ഷേ തച്ചടി കിട്ടിയസ്ഥാനങ്ങൾ ഒരിക്കലും വിട്ടുകൊടുക്കാറില്ല.

ശ്രീ. തച്ചടി പ്രഭാകരൻ: ഇപ്പോഴുള്ള മെമ്പർമാരോട് ചോദിച്ചിട്ട് അഭിപ്രായം പറഞ്ഞാൽ മതി.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ശ്രീ. തച്ചടി, കിട്ടിയസ്ഥാനങ്ങൾ ഒരിക്കലും വിട്ടുകൊടുക്കാറില്ല. അതിനുപററിയ സാമർത്ഥ്യം തച്ചടിയുടെ കൈയിലുണ്ട്.

ശ്രീ. കാനം രാജേന്ദ്രൻ: മന്ത്രിസ്ഥാനം വളരെ താൽക്കാലികവും മറെറുള്ളതൊക്കെ സാമാന്യം സ്ഥായിയായിട്ടുള്ളതുമാണെന്നതിന്റെ അടിസ്ഥാനത്തിലാണ് മന്ത്രി അത് വിട്ടുകൊടുക്കാത്തതെന്നറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ഏതായാലും മന്ത്രിക്കറിയാം, ഇത് ഒരു നാലഞ്ചുമാസത്തേക്കുള്ള ഏർപ്പാടാണെന്ന്.

LIBRARY ARCHIVES Kerala Legislative Assembly

മറ്റേതാണ് സർ, നല്ലത്. അതുകൊണ്ട് തച്ചടിയെ സംബന്ധിച്ചിടത്തോളം അത് മാണിയുമായിട്ട് കൂട്ടിക്കുഴക്കുന്നതിൽ അർത്ഥമില്ല. ഏതായാലും തച്ചടി ചെയ്ത പണി മാണി ചെയ്യില്ലെന്നാണ് ഞാൻ പ്രതീക്ഷിക്കുന്നത്. മാണി പറഞ്ഞാൽ പറഞ്ഞതുപോലെ ചെയ്യും. ശ്രീ. മാണി ഇപ്പോഴും പറഞ്ഞിട്ടുള്ളത്, മന്ത്രി ഏതായാലും ഇതിന്റെ ചെയർമാനായി നിൽക്കാൻ പോകുന്നില്ലെന്നാണ്. ക്ലോസ് ബൈ ക്ലോസായി ബിൽ ഇവിടെ ചർച്ചയ്ക്ക് പരിഗണിക്കുമ്പോഴും അത് ഒരു ഭേഗേതിയായിട്ട് തന്നെ കൊണ്ടുവരണമെന്നാണ് എനിക്ക് ബഹുമാനപ്പെട്ട മന്ത്രി, മാണിയോട് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കുവാനുള്ളത്. മന്ത്രിമാർ ഇത്തരം സ്ഥാപനങ്ങളുടെ ചെയർമാൻമാരായിട്ട് നിൽക്കുന്നത് ഗുണകരമല്ല, വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ചെയർമാനായി മുൻപത്തെ മന്ത്രി, അതിന്റെ ചെയർമാനായി നിന്നതിന്റെ ഫലം ഈ സംസ്ഥാനത്തെ ജനങ്ങൾ അനുഭവിച്ചു കഴിഞ്ഞിരിക്കുകയാണ്. ആ അതോറിറ്റി മുഴുവൻ മലീമസമാക്കുന്നതിനുള്ള ഏർപ്പാടുകളാണ് അന്ന് മന്ത്രി അതിന്റെ ചെയർമാനായി ഇരുന്നസമയത്ത് ചെയ്തിരുന്നതെന്ന കാര്യംകൂടി ഞാൻ ഈ സന്ദർഭത്തിൽ ഓർമ്മിപ്പിക്കുകയാണ്. ഇതിലെ ക്ലാസ് 4 (ബി) യിൽ മാനേജിംഗ് ഡയറക്ടറായി മാനേജുമെന്റിലും അഡ്മിനിസ്ട്രേഷനിലും പ്രാവീണ്യമുള്ള ഒരാളെ നിശ്ചയിക്കണമെന്നാണ് വ്യവസ്ഥ ചെയ്തിട്ടുള്ളത്. മന്ത്രി ഈ ബിൽ, സബ്ജക്ട് കമ്മിറ്റിയുടെ നിപ്പോർട്ട് അവതരിപ്പിച്ചുകൊണ്ട് പറഞ്ഞത്, ഐ. എ. എസ്. കാരനെ നിയമിക്കുന്നതിനുള്ള സൗകര്യത്തിനുവേണ്ടിയാണ് ഈ ക്ലോസ് എഴുതി വച്ചിട്ടുള്ളത് എന്നാണ്. ഐ. എ. എസ്. കാരൻ തന്നെ വേണോ?

ശ്രീ. കെ. എം. മാണി: ഐ. എ. എസ്. കാരനെതന്നെ നിയമിക്കുമെന്ന് പറഞ്ഞില്ല. അങ്ങനെയുള്ള കേഡറിലുള്ള ആരെയെങ്കിലും യുക്തമനുസരിച്ച് തീരുമാനിക്കുമെന്നാണ് പറഞ്ഞത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അത് ചെന്നെത്തുന്നത് ഐ. എ. എസ്. കാരുടെ നിയമനത്തിലേക്കാണ്. ഇപ്പോൾ നമ്മുടെ കെ. എസ്. ആർ. ടി. സി. യിലെ ശ്രീ. ജയറാം പടിക്കൽ ഐ. പി. എസ്. കാരനല്ലേ? അങ്ങനെ ഐ. എ. എസ്. കാരനേറെയും ഐ. പി. എസ്. കാരനേറെയും കയ്യിൽ ഈ സ്ഥാപനവുംകൂടി എത്തിച്ചുകൊടുക്കാനുള്ള ഒരു ഭേഗേതിയാണ് മന്ത്രി ഇപ്പോൾ വരുത്തിയിട്ടുള്ളത്. ടെക്നിക്കലായി പ്രാവീണ്യമുള്ള ഒരാളായിരിക്കണം ഇതിന്റെ എം. ഡി. ആയിട്ട് വരേണ്ടത് എന്നാണെന്റെ അഭിപ്രായം. ഇതാണ് എനിക്ക് ആ കാര്യത്തിൽ നിർദ്ദേശിക്കുവാനുള്ളത്. ഏതായാലും ഈ ബിൽ പാസ്സാകുന്നതോടുകൂടി നമ്മുടെ ഭൈരവൻ ഔട്ടാകും. മാണിക്ക് ഇങ്ങനെയൊരു വകുപ്പ് എഴുതിവച്ചതിന്റെ പിന്നിൽ അങ്ങനെയൊരു ഉദ്ദേശമേയുള്ളൂ. എങ്ങനെയെങ്കിലും ശ്രീ. ഭൈരവനെ ഒന്ന് ഔട്ടാക്കണം. അതാണ് 55 വയസ്സ് എന്ന കാര്യം ശ്രീ. മാണി, ഇവിടെ സ്ട്രെസ്സു ചെയ്ത് പറഞ്ഞത്. മാണി നേരത്തെ പറഞ്ഞു, വേണമെങ്കിൽ 58 ആക്കാം എന്ന്. എന്തായാലും ഭൈരവൻ ഔട്ടാകും.

ശ്രീ. കെ. എം. മാണി: ഈ ആക്ട് നല്ലതുപോലെ ഒന്ന് വായിച്ചുനോക്കണം. ഇത് ഞാൻ വരുന്നതിനുമുൻപാണ് ഔട്ടായത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതേ സർ, ഈ ബിൽ പാസ്സാകുന്നതോടുകൂടി ശ്രീ. മാണിയുടെ ഉദ്ദേശം നടക്കും. ഈ ബിൽ മുഴുവൻ വായിച്ചു നോക്കിയാൽ ഇതിലെ ഭേഗേതികം മുഴുവൻ

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. പി. ഗംഗാധരനെ പാരവയ്ക്കാനുള്ള ഒരു പരിപാടിയാണ്, ഒരു പണിയാണ്. കിട്ടാവുന്ന സമയത്തൊക്കെ പാരവയ്ക്കണമല്ലോ?

ശ്രീ. കാനം രാജേന്ദ്രൻ: അദ്ദേഹം വന്നതിനുശേഷവും ഇപ്പോഴത്തെ മാനേജിംഗ് ഡയറക്ടറുടെ കാലാവധി നീട്ടിക്കൊടുത്ത കാര്യം ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അദ്ദേഹം (മാണി) വന്നു കഴിഞ്ഞതിനുശേഷവും കാലാവധി നീട്ടിക്കൊടുത്തിട്ടുണ്ട്. നീട്ടിക്കൊടുക്കാതെ പറ്റുമോ? കോൺഗ്രസ് (ഐ) പറയുന്നതുപോലെ കേട്ടില്ലെങ്കിൽ മാണിക്ക് ഭരിക്കാൻ പറ്റുമോ? പത്മരാജൻ പറഞ്ഞിട്ടില്ലേ കോൺഗ്രസ് (ഐ), യുടെ തീരുമാനം അംഗീകരിക്കാത്ത ഒറ്റയാളും മുന്നണിയിലുണ്ടാവുകയില്ല, മുന്നണിയിൽ വേണ്ട എന്നൊക്കെ. പത്മരാജൻ അപ്രകാരം പറഞ്ഞിട്ട് അതിനെതിരായി ഒന്നും പറയാനോ പ്രതികരിക്കാനോ കഴിയാതെ അല്ലേ നമ്മുടെ ശ്രീ. കെ. എം. മാണി ഇവിടെ ഇരിക്കുന്നത്? അപ്പോഴും മാണിയോട് കോൺഗ്രസ് (ഐ) ശ്രീ. ഭൈരവന് കാലാവധി നീട്ടിക്കൊടുക്കണമെന്ന് പറഞ്ഞാൽ മാണിക്ക് അത് അംഗീകരിക്കാതിരിക്കാൻ കഴിയുമോ? അതുകൊണ്ടാണ് അത് നീട്ടിക്കൊടുത്തതെന്ന് ശ്രീ. രാജേന്ദ്രൻ മനസ്സിലാക്കണം.

ശ്രീ. സി. ടി. കൃഷ്ണൻ: കെ. പി. സി. സി. പ്രസിഡന്റ് ശ്രീ. പത്മരാജൻ കോൺഗ്രസ് ഐ. യുടെ നേതൃത്വം അംഗീകരിക്കാത്ത വരാരും മുന്നണിയിൽ ഉണ്ടാവുകയില്ലെന്ന് പറഞ്ഞു. അതിന് മന്ത്രി മാണിയുടെ മനസ്സിലിരുപ്പല്ലേ ഇന്നലെ കേരള കോൺഗ്രസ്സിന്റെ വർക്കിംഗ് ചെയർമാൻ ശ്രീ. ലൂക്കോസിനെ കൊണ്ട് പറയിപ്പിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. മാണി: ഈ ബില്ലിന്റെ ചർച്ചയിൽ ഞങ്ങളെ തമ്മിൽ തല്ലിക്കാൻ നോക്കേണ്ട. വേറെ നമുക്ക് ചർച്ച ചെയ്യാം. ഞാനും ശ്രീ. ഗംഗാധരനും തമ്മിൽ തെറ്റാൻ പോകുന്നോ? നമുക്ക് അതൊന്നും വേണ്ട. നമുക്കിപ്പോൾ ബില്ലിന്റെ കാര്യം ചർച്ച ചെയ്താൽ മതി.

ശ്രീ. കെ. ശങ്കരനാരായണപിള്ള: പഴയ പൊതുജനാരോഗ്യ എഞ്ചിനീയറിംഗ് വകുപ്പിന്റെ ചുമതലവഹിച്ചിരുന്ന മന്ത്രി ശ്രീ. എം. പി. ഗംഗാധരന്റെ ഒരു ഫയൽ പഴയ ധനകാര്യവകുപ്പ് ഭരിച്ചിരുന്ന ശ്രീ. മാണിയുടെ കൈയിൽ കിട്ടിയെന്നും മാണി അത് പിടിച്ചുവച്ചിരിക്കുന്നുവെന്നും, അങ്ങനെ അവർ തമ്മിലുണ്ടായ ഗുസ്തിയുടെ ഫലമായിട്ടാണ് ശ്രീ. മാണിക്ക് ധനകാര്യവകുപ്പ് നഷ്ടമായതെന്നും പറയുന്നു. ഇപ്പോൾ അവർ തമ്മിൽ ഒത്തുവരുന്നുവെന്ന് പറയുന്നു. അതിലുള്ള വ്യവസ്ഥ എന്താണെന്നറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: എനിക്കതിന്റെ വ്യവസ്ഥയൊന്നും അറിയില്ല. ഞാൻ പത്രത്തിൽ കണ്ടകാര്യം പറഞ്ഞുവന്നേയുള്ളൂ. ശ്രീ. പത്മരാജൻ പറഞ്ഞു, കോൺഗ്രസ് (ഐ) യുടെ നയവും പരിപാടിയും അംഗീകരിക്കാത്ത ആളുകളും ആരും ഈ മുന്നണിയിൽ വേണ്ട എന്ന്. എന്നിട്ടും നമ്മുടെ ശ്രീ. മാണി ഇപ്പോഴും വിട്ടുപോകാതെ രഹിക്കുന്നതിന്റെ പിന്നിലുള്ള രഹസ്യമെന്താണ്?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. തച്ചടി പ്രഭാകരൻ: ശ്രീ. ബാലകൃഷ്ണൻ, ശ്രീ. പത്മരാജൻ അപ്രകാരം കോൺഗ്രസ് (ഐ) യുടെ നയങ്ങളും പരിപാടികളും നടപ്പിലാക്കാത്തവരെ മുന്നണിയിൽ വേണ്ട എന്ന് പറഞ്ഞിട്ടില്ല. പത്രത്തിൽ വരുന്ന സത്യവിരുദ്ധമായ റിപ്പോർട്ടിനെ ആധാരമാക്കി ഒന്നും പറയരുത്. ഞാനും കെ. പി. സി. സി. യുടെ ഉത്തരവാദിത്വമുള്ള ഒരു എളിയ പ്രവർത്തകൻ കൂടിയാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: സർ, പത്മരാജൻ ഇതുവരെ നിഷേധിച്ചിട്ടില്ല. പക്ഷേ തച്ചടി പറയുന്നത് പത്മരാജനല്ല നേതാവ്, ഞാനാണ് നേതാവെന്ന്. ഇവിടെ പ്രസിഡൻറിനേക്കാൾ വലുത് വൈസ് പ്രസിഡൻറാണ് എന്നാണ് ശ്രീ. തച്ചടി പ്രഭാകരൻ പറയുന്നത്.

ശ്രീ. തച്ചടി പ്രഭാകരൻ: പത്രത്തിൽ വരുന്ന എല്ലാ റിപ്പോർട്ടുകളും നിഷേധിക്കാനാവുമെങ്കിൽ രാഷ്ട്രീയ പ്രവർത്തകൻമാർക്ക് അതിനേ സമയമുള്ളൂ. അതുകൊണ്ടാണ്.....

ശ്രീ. എം. എം. ഹസ്സൻ: പത്രവാർത്തകളുടെ അടിസ്ഥാനത്തിൽ അങ്ങയെപ്പോലുള്ള ഉത്തരവാദിത്വമുള്ള ആളുകാർ സംസാരിക്കരുത്. ഞാൻ വായിച്ച പത്രത്തിൽ എം. വി. രാഘവനെ ശ്രീ. കോടിയേരി പിൻതുണയ്ക്കുമെന്ന് എഴുതിയിരുന്നു. ഞാൻ അത് വിശ്വസിച്ചിട്ടില്ല. ഞാൻ വിശ്വസിക്കുകയുമില്ല. പത്രത്തിൽ എഴുതിയതുകൊണ്ട് നിങ്ങൾ വിശ്വസിക്കുമോ? രാഘവന്റെ പിന്നാലെയാണ് കോടിയേരി എന്നായിരുന്നു ഹെഡ്ഡിംഗ്. കണ്ണൂരിലെ ഒരു സായാഹ്ന പത്രത്തിലാണ്. പക്ഷേ പത്രത്തിൽ എഴുതിയെന്നുവച്ച് എനിക്ക് വിശ്വസിക്കാനാവുമോ? അങ്ങനെയാണെങ്കിൽ പത്മരാജൻ പറഞ്ഞുവെന്ന പത്രവാർത്തയുടെ അടിസ്ഥാനത്തിൽ അങ്ങ് സംസാരിക്കുരത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഹസ്സന് വീണ്ടും രാഘവന്റെ അടുത്തേക്ക് തന്നെ പോകണം. അതിനുവേണ്ടിയാണ് സർ, ഹസ്സൻ ഈ ചോദ്യങ്ങളൊക്കെ ചോദിക്കുന്നത്. ഞാൻ എന്റെ നിലപാട് വ്യക്തമാക്കുകയാണ്. പത്രത്തിൽ എന്നെക്കുറിച്ച് അങ്ങനെയൊരു വാർത്ത വന്നപ്പോൾ ഞാൻ അത് നിഷേധിച്ചു കൊടുക്കുകയും ചെയ്തതാണ്. പത്മരാജൻ ഇതുവരെ അത് നിഷേധിച്ചിട്ടില്ല. അതുകൊണ്ടാണ് ഞാൻ പറഞ്ഞത്.

ശ്രീ. എ. സി. ഷൺമുഖദാസ്: മി. കോടിയേരി, പത്മരാജന്റെ പ്രസ്താവനയെ ഇപ്പോൾ ശ്രീ. തച്ചടി നിഷേധിച്ചത് മനഃപൂർവ്വമാണ്. ശ്രീ. വയലാർ രവിക്ക് ധനകാര്യവകുപ്പ് തിരിച്ചുകിട്ടണമെന്ന പഴയ (ഐ) ഗ്രൂപ്പുകാരുടെ തീരുമാനം അറിയിക്കാൻ ശ്രീ. തച്ചടിയെ അയച്ചു. തച്ചടി തിരിച്ചുവന്നത് ആ വകുപ്പ് സ്വയം വാങ്ങി, ധനകാര്യമന്ത്രിയായിട്ടാണ്. ഇപ്പോൾ അത് കഴിഞ്ഞു, വയലാർ രവിയെ ഒരു മൂലയ്ക്കിരുത്തി. ഇനി ഇരുത്തേണ്ടത് ശ്രീ. പത്മരാജനെയാണ്.

ശ്രീ. കെ. എം. മാണി: ഈ രാഷ്ട്രീയ വെയിസ്റ്റ് ഒക്കെ ഇവിടെ ചർച്ച ചെയ്യണോ സർ? ഇത് വേറെ വിഷയമല്ലേ?

ശ്രീ. കെ. ശങ്കരനാരായണപിള്ള: ഒരു ചോദ്യം, ഈ കോൺഗ്രസ് (ഐ) യിലെ രാഷ്ട്രീയം മുഴുവൻ രാഷ്ട്രീയ വേസ്റ്റാണെന്ന്

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. മാണി പറഞ്ഞ സാഹചര്യത്തിൽ ബഹുമാനപ്പെട്ട മെമ്പർ ഇനി അതിനെക്കുറിച്ച് സംസാരിക്കരുത്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഞാൻ അതിന്റെ വിശദാംശങ്ങളിലേയ്ക്ക് കടക്കുന്നില്ല. ബില്ലിൽ ഒതുങ്ങിനിന്ന് സംസാരിക്കണമെന്നാണുദ്ദേശിക്കുന്നത്. ഈ ബോർഡിൽ മാനേജിംഗ്

5 P.M.] ഡയറക്ടറെ - നിയമിക്കുന്നതു സംബന്ധിച്ച് പറയുമ്പോൾ ടെക്നിക്കൽ കാളിഫിക്കേഷനുള്ള ആളായിരിക്കണം മാനേജിംഗ് ഡയറക്ടറായി വരേണ്ടതെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. അതുപോലെതന്നെ ഇവിടെയുള്ള ലോക്കൽ അതോറിറ്റിയിൽനിന്ന് ഒരാളെ ഗവൺമെന്റിന് ഇതിലേയ്ക്ക് നോമിനേറ്റ് ചെയ്യാം. അത് ഇതിൽ എഴുതിവച്ചിട്ടുണ്ട്. അതിന്റെ ഫലമായിട്ട് ഏതു രാമനേയും കോമനേയും നോമിനേറ്റ് ചെയ്യുന്ന ഒരവസ്ഥയുണ്ടാകും. അതുകൊണ്ട് ഈ ക്ലാസ് മാറ്റി പഞ്ചായത്ത് അസോസിയേഷന്റെ സംസ്ഥാന പ്രസിഡന്റ്, മുനിസിപ്പൽചെയർമാൻമാരുടെ ചേംബേഴ്സിന്റെ പ്രസിഡന്റ് ഈ രണ്ടുപേരെ ഈ ബോർഡിലേക്ക് ഗവൺമെന്റ് നിശ്ചയിക്കണമെന്നാണ് എനിക്ക് അതിനെക്കുറിച്ച് പറയുവാനുള്ളത്. ഈ രണ്ടു സ്ഥാനങ്ങളും ഇലക്ടഡ് സ്ഥാനങ്ങളാണ്. അതുകൊണ്ട് ഈ രണ്ടുപേരെയും ഈ സ്ഥാപനത്തിലേയ്ക്ക് നിശ്ചയിക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. പഞ്ചായത്തുകളിലും മുനിസിപ്പൽ കൗൺസിലുകളിലും ഈ അടുത്തകാലത്തൊന്നും തിരഞ്ഞെടുപ്പ് നടത്താൻ പോകുന്നില്ലെന്ന് മന്ത്രി ഇവിടെ നേരത്തേ ഈ ബിൽ അവതരിപ്പിച്ചുകൊണ്ട് പ്രസംഗിച്ചപ്പോൾ വ്യക്തമായി. പഞ്ചായത്തുതിരഞ്ഞെടുപ്പോ മുനിസിപ്പൽ തിരഞ്ഞെടുപ്പോ നടത്താനുള്ള ധൈര്യംപോലും ഏതായാലും ഈ ഗവൺമെന്റിനില്ല. ഈ ഗവൺമെന്റധികാരത്തിൽ തുടരുന്നിടത്തോളംകാലം തദ്ദേശസ്വയംഭരണസ്ഥാപനങ്ങളുടെ തിരഞ്ഞെടുപ്പുകളും നടക്കുകയില്ലെന്നുള്ളതിന്റെ പ്രഖ്യാപനമാണ് ബഹുമാനപ്പെട്ട മന്ത്രി നേരത്തേ ഇവിടെ നടത്തിയത്. അതുകൊണ്ടാണ് ഈ ബില്ലിൽ ഇപ്പോഴത്തെ പരിതഃസ്ഥിതിയെ അതിജീവിക്കുന്നതിനുവേണ്ടി, ഇലക്ടഡ് ബോഡിയില്ലാത്ത പരിതഃസ്ഥിതിയിൽ ഒരാളെ നോമിനേറ്റ് ചെയ്യുമെന്ന് എഴുതിവച്ചിട്ടുള്ളത്. പഞ്ചായത്തിലേയ്ക്കും മുനിസിപ്പൽ കൗൺസിലിലേയ്ക്കുമുള്ള തിരഞ്ഞെടുപ്പ് നടത്തി പഞ്ചായത്ത് പ്രസിഡന്റുമാരുടെ സ്റ്റേറ്റ് പ്രസിഡന്റിനേയും മുനിസിപ്പൽ ചെയർമാൻമാരുടെ ചെയർമാനെയും ഈ ബോഡിയിലുൾപ്പെടുത്താനുള്ള സമീപനമുണ്ടാകണം. അതുപോലെതന്നെ ഇവിടെ സൂചിപ്പിച്ചിട്ടുള്ള മെമ്പർമാരുടെ പട്ടികയിൽ ഇറിഗേഷന്റെ ചീഫ് എഞ്ചിനീയറെക്കൂടി ഈ ബോർഡിനകത്ത് ഉൾക്കൊള്ളിക്കണം. ഇപ്പോൾ ചില പദ്ധതികൾ വഴി ഇറിഗേഷൻ പ്രോജക്ടിൽനിന്ന് വെള്ളം എടുത്തു ശുദ്ധജലവിതരണത്തിനുവേണ്ടി ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുകയാണ്. ഉദാഹരണമായി കണ്ണൂർ ജില്ലയിൽ അഞ്ചരക്കണ്ടിപ്പുഴയിൽ വെള്ളം വറ്റുമ്പോൾ പഴശ്ശി ജലസേചനപദ്ധതിയിലുള്ള വെള്ളം എടുത്തുകൊണ്ടാണ് കണ്ണൂർ, തലശ്ശേരി ഭാഗത്തുള്ള ശുദ്ധജലവിതരണത്തിനുവേണ്ടി വെള്ളം ഉപയോഗപ്പെടുത്തിക്കൊണ്ടിരിക്കുന്നത്. അങ്ങനെയുള്ള പ്രത്യേകഘട്ടങ്ങളിൽ നാം ഇറിഗേഷൻ പ്രോജക്ടുകളെയാണ് ആശ്രയിക്കുന്നത്. അതു കണക്കിലെടുത്തുകൊണ്ട് ഇറിഗേഷന്റെ ചീഫ് എഞ്ചിനീയറെക്കൂടി ഈ ബോർഡിനകത്ത് ഉൾക്കൊള്ളിക്കുവാനുള്ള നടപടികളും സ്വീകരിക്കണം.

LIBRARY ARCHIVES Kerala Legislative Assembly

മറ്റൊന്ന്, ഒരു പൊതുമേഖലാ സ്ഥാപനമായി ഉയർന്നുവരുന്ന ഈ അതോറിറ്റിയുടെ ബോർഡിൽ നിയമസഭയുടെ പ്രതിനിധികൂടി യുണ്ടാകണം എന്നുള്ളതാണ്. നിയമസഭയുടെ ആനുപാതികപ്രാതിനി ധ്യത്തിന്റെ അടിസ്ഥാനത്തിൽ അഞ്ചുപേരെയെങ്കിലും ഈ അതോറിറ്റി യിലേയ്ക്ക് ഉൾക്കൊള്ളിക്കണമെന്ന ഒരു നിർദ്ദേശംകൂടി ഈ സന്ദർഭ ത്തിൽ ഞാൻ അവതരിപ്പിക്കുന്നു. യൂണിവേഴ്സിറ്റി സെനറ്റിൽ നിയമ സഭയുടെ പ്രതിനിധികൾ ഉണ്ട്. ആഗ്രിക്കൾച്ചറൽ യൂണിവേഴ്സിറ്റി യിൽ നിയമസഭയുടെ പ്രതിനിധികളുണ്ട്. അങ്ങനെ വിവിധ സ്ഥാപ നങ്ങളിൽ നിയമസഭയുടെ പ്രതിനിധികളുണ്ടെന്നുള്ള വസ്തുത കണക്കി ലെടുത്തുകൊണ്ട് ഈ വാട്ടർ അതോറിറ്റിയുടെ ബോർഡിലേക്ക് നിയമസഭാ സാമാജികർമാരിൽനിന്നും അഞ്ചുപേരെ തിരഞ്ഞെടുക്കുന്നതിനുള്ള വ്യവസ്ഥയുണ്ടാക്കണമെന്നാണ് എനിക്ക് ഈയവസരത്തിൽ നിർദ്ദേശി ക്കുവാനുള്ളത്.

അതുപോലെതന്നെയാണ് appointment of officers and staff—ന്റെ കാര്യം. എട്ടാമത്തെ ക്ലാസ്സിൽ appointment of officers and staff എന്നു പറയു ന്നുണ്ട്. കഴിഞ്ഞ നിയമസഭയുടെ ചർച്ചയിൽ ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞു ബില്ലിന്റെ എല്ലാ നിയമനങ്ങളും പി. എസ്. സി. ക്ക് വിട്ടുകൊടു ക്കുവാൻ പോകുന്നുവെന്ന്. പക്ഷേ ഈ ബില്ലിനകത്ത് അങ്ങനെയൊരു ക്ലാസ്സും കാണുന്നില്ല. പി. എസ്. സി. യിലേയ്ക്ക് നിയമനങ്ങൾ മുഴുവൻ വിട്ടുകൊടുക്കുന്നതിനുള്ള നടപടിക്രമം സ്വീകരിക്കുന്നതിന് സഹാ യകരമാകുന്ന വിധത്തിൽ ഈ നിയമനങ്ങളെല്ലാം പി. എസ്. സി. മുഖേന മാത്രമേ നടത്തുകയുള്ളുവെന്ന് ഈ ബില്ലിനകത്ത് വ്യവസ്ഥ ചെയ്യണം.

ശ്രീ. കെ. കൃഷ്ണൻകുട്ടി: ബഹുമാനപ്പെട്ട മന്ത്രി എല്ലാ നിയമ നങ്ങളും പി. എസ്. സി. ക്ക് വിട്ടുകൊടുത്തുവെന്ന് പറഞ്ഞു. ഇപ്പോഴും 3,000—വും 5,000—വും രൂപ വാങ്ങിക്കൊണ്ട് ക്ലറിക്കൽപോസ്റ്റിനു താഴെയുള്ള പോസ്റ്റുകളിൽ നിയമനം നടത്തുന്നുണ്ട് എന്നുള്ള വസ്തുത മെമ്പറുടെ ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ധാരാളം നിയമനങ്ങളും ഇതിൽ നടന്നിട്ടുണ്ട്. ശ്രീമാൻ ഗംഗാധരൻ മന്ത്രിയായിരുന്ന കാലഘട്ടത്തിൽ നട ത്തിയ എല്ലാ നിയമനങ്ങളുടെയും റിപ്പോർട്ടുകളും ഞാൻ ഈ നിയമസഭയുടെ മുമ്പാകെ സമർപ്പിച്ചതാണ്. അവിഹിതമായി നിയമനങ്ങളും ലഭിച്ചവ രെല്ലാം ഇന്നും ആ ബോർഡിൽ തുടർന്നുകൊണ്ടിരിക്കുകയാണ്. ഇപ്പോഴും പുതിയ പുതിയ ആളുകളെ നിയമിച്ചുകൊണ്ടിരിക്കുകയാണ്. ഇതെല്ലാം ശ്രീമാൻ മാണിയുടെ അനുവാദത്തോടുകൂടിയാണോയെന്ന് എനിക്കറിയു കയില്ല.

ശ്രീ. കെ. എം. മാണി: ഞാൻ ആ പ്രഖ്യാപനം നടത്തിയതിനുശേഷം എവിടെയെങ്കിലും നിയമിച്ചിട്ടുള്ളതായി ശരിയായ പേരുവിവരം തരു മെങ്കിൽ അവരെ അന്നേരം ക്യാൻസൽ ചെയ്യാം.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: കരാർ വ്യവസ്ഥയിൽ ഇപ്പോഴും പല എക്സിക്യൂട്ടീവ് എഞ്ചിനീയർമാരും പല നിയമനങ്ങളും നടത്തിക്കൊണ്ടിരിക്കുകയാണ്. അതിന്റെ ലിസ്റ്റ് ഞാൻ മന്ത്രിയുടെ മുമ്പാകെ സമർപ്പിക്കാം. പി. എച്ച്. ഇ. ഡി. ആയി പ്രവർത്തിക്കുന്ന കാലത്ത് ഇലക്ട്രീഷ്യൻ, ഫിറ്റർ, ഓപ്പറേറ്റർ തസ്തികകളിൽ തിരുവനന്ത

LIBRARY ARCHIVES Kerala Legislative Assembly

പുരം ജില്ലയിൽമാത്രം 153 പേരടങ്ങുന്ന ഒരു റാങ്ക് ലിസ്റ്റ് പി. എസ്. സി. യിൽ ഉണ്ടായിരുന്നു. കേരളത്തിലാകെ 1900 പേരുടെ റാങ്ക് ലിസ്റ്റ് പി. എസ്. സി. നിയമനത്തിനുവേണ്ടി പ്രസിദ്ധീകരിച്ചിരുന്നു. ഈ റാങ്ക് ലിസ്റ്റ് നിലനിൽക്കുന്ന സന്ദർഭത്തിലാണ് ആ റാങ്ക് ലിസ്റ്റിനെ മറികടന്നുകൊണ്ട് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ധാരാളം നിയമനങ്ങൾ നടത്തിയത്. ആ റാങ്ക് ഹോൾഡേഴ്സ് കോടതിയെ സമീപിച്ചതിനെത്തുടർന്ന് ആ റാങ്ക് ലിസ്റ്റിൽനിന്ന് രണ്ടു ഫിറ്റർമാരെ മാത്രമാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ നിയമിച്ചിട്ടുള്ളത്. പി. എസ്. സി. റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിച്ചിട്ടുള്ള ഉദ്യോഗാർത്ഥികൾക്ക് വെറുതെ പ്രാക്കിനിൽക്കേണ്ട അവസ്ഥയാണുള്ളത്. പി. എസ്. സി. റാങ്ക് ലിസ്റ്റിൽ സ്ഥാനം പിടിക്കുന്നതിന് ധാരാളം കടമ്പകൾ കടക്കണം. അവസാനം ഇന്നല്ലെങ്കിൽ നാളെ ഒരു ജോലി കിട്ടുമെന്നുള്ള പ്രതീക്ഷയോടുകൂടി കാത്തുനിൽക്കുന്ന നമ്മുടെ ഉദ്യോഗാർത്ഥികളെ നിരാശരാക്കുന്ന വിധത്തിലാണ് ഈ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ധാരാളം നിയമനങ്ങൾ ഇതിന്റെ എല്ലാവിധ നടപടിക്രമങ്ങളെയും മറികടന്നുകൊണ്ട് നടത്തിയിട്ടുള്ളത്. പബ്ലിക് സർവ്വീസ് കമ്മീഷന് ഇതിന്റെ മുഴുവൻ നിയമനങ്ങളും വിട്ടുകൊടുക്കുന്നതിനുവേണ്ടിയുള്ള അടിയന്തിരനടപടികൾ ഗവൺമെന്റ് സ്വീകരിക്കുവാൻ തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുന്നു. അതിന് സഹായകരമാകുന്നവിധത്തിൽ ഇതിനകത്ത് വകുപ്പുകൾ എഴുതിച്ചേർക്കണമെന്നാണ്. എനിക്ക് ഈയവസരത്തിൽ നിർദ്ദേശിക്കുവാനുള്ളത്.

ജീവനക്കാർ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട പങ്ക് വഹിക്കുന്നുണ്ട്. അതുകൊണ്ട് ജീവനക്കാരുടെ പ്രതിനിധികളിൽ ഒരാളെയെങ്കിലും ഈ വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയിൽ ഉൾക്കൊള്ളിക്കുവാൻ തയ്യാറാകണം. അങ്ങനെ ജീവനക്കാർക്കുകൂടി പങ്കാളിത്തമുള്ള ഒരു ബോർഡാക്കി ഇതിനെ രൂപാന്തരപ്പെടുത്തുവാൻ കഴിയണം. ജീവനക്കാരുടെ പങ്കാളിത്തത്തോടുകൂടി മാത്രമേ ഇതിന്റെ പ്രവർത്തനം വിജയിപ്പിക്കുവാൻ കഴിയുകയുള്ളൂ.

ശ്രീ. ടി. ഭരതൻ: നമ്മുടെ ഭരണഘടനയുടെ 43-ാം അനുച്ഛേദത്തിൽ തന്നെ പൊതുമേഖലാസ്ഥാപനങ്ങളിൽ പ്രവർത്തിക്കുന്ന ജീവനക്കാർക്ക് അതിന്റെ മാനേജുമെന്റിൽ പങ്കാളിത്തംകൊടുക്കണമെന്ന് വ്യവസ്ഥചെയ്തിട്ടുള്ളതിനെപ്പറ്റി ബഹുമാനപ്പെട്ട മെമ്പർക്ക് അറിയാമോ?

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: അതുകൊണ്ടാണ് ഞാൻ പറഞ്ഞത്, ഈ ബോർഡിനകത്ത് ജീവനക്കാരുടെ പ്രതിനിധികളെ ഉൾപ്പെടുത്തുന്നതിൽ യാതൊരു തടസ്സവുമില്ലെന്ന്. ശ്രീ. കെ. എം. മാണി പലതിനും മാതൃക കാണിക്കുന്ന ഒരു മന്ത്രിയാണ്. അതുകൊണ്ട് ഈ കാര്യത്തിലും ഒരു മാതൃക ശ്രീ. മാണി കാണിക്കുമെന്നാണ് പ്രതീക്ഷിക്കുന്നത്. അതിനാൽ ജീവനക്കാരുടെ പ്രതിനിധികൾക്ക് കൂടി ഈ ബോർഡിനകത്ത് ഒരു സ്ഥാനം കൊടുക്കാൻ തയ്യാറാകണം. ക്ലാസ് 22-ൽ ബാങ്ക് അക്കൗണ്ടിനെ സംബന്ധിച്ച് ശ്രീ. കെ. എം. മാണി പറഞ്ഞു. ബഹുമാനപ്പെട്ട മന്ത്രി പറഞ്ഞത് എല്ലാ അക്കൗണ്ടുകളും ട്രഷറിയിൽ നിക്ഷേപിക്കണമെന്ന അഭിപ്രായക്കാരൻ ആയിരുന്നു ഞാൻ. ഇപ്പോൾ ആ അഭിപ്രായം മാറി, ബാങ്ക് അക്കൗണ്ട് ആകാമെന്നാണ്. മന്ത്രി ധനകാര്യ കുപ്പായത്തിൽനിന്ന് മാറി ഇറിഗേഷൻ ഡിപ്പാർട്ടുമെന്റിലേക്ക് വന്നപ്പോഴുള്ള ഒരു പുതിയ മാറ്റമാണ്. എന്തായാലും അതിനെക്കുറിച്ച് ഒരു പരിശോധന

LIBRARY ARCHIVES Kerala Legislative Assembly

നടത്തേണ്ടതുണ്ട് എന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്. ധാരാളം അപാകതകളെല്ലാം ഈ ബില്ലിനകത്തുണ്ട്. ആ അപാകതകളെല്ലാം പരിഹരിക്കണം. കുടിവെള്ളത്തിന്റെ പ്രശ്നം നമ്മുടെ സംസ്ഥാനത്ത ഗൗരവകരമായ ഒരു പ്രശ്നമാണ്. ഇപ്പോഴും കണ്ണൂർ, തലശ്ശേരി പ്രദേശത്തു തന്നെ കുടിവെള്ളം കിട്ടാതെ വളരെയധികം പ്രയാസങ്ങളും അനുഭവിച്ചുകൊണ്ടിരിക്കുകയാണ്. ആ പ്രദേശത്ത് കുടിവെള്ളക്ഷാമത്തിന് പരിഹാരം കാണാൻവേണ്ടി അതോറിറ്റി രൂപം കൊണ്ടാൽ സാധിക്കുമെന്നാണ് ശ്രീ. ഗംഗാധരൻ മുൻപുകാലത്ത് പറഞ്ഞിരുന്നത്. പക്ഷെ ഗംഗാധരൻ പോയി. ശ്രീ. മാണി വന്നു. എന്നിട്ടും വെള്ളമില്ല. അതുകൊണ്ട് ആ പ്രദേശത്ത് കുടിവെള്ളക്ഷാമം പരിഹരിക്കുന്നതിനു വേണ്ടി അടിയന്തിരമായ നടപടികൾ സ്വീകരിക്കണം. നേരത്തെ ഇവിടെ പ്രോബ്ലം വില്ലേജുകളെക്കുറിച്ച് പറഞ്ഞു. ആ പ്രശ്നവില്ലേജുകളിൽ കുടിവെള്ളം എത്തിക്കുന്നതിനുവേണ്ടിയുള്ള പ്രവർത്തനങ്ങൾ ഇപ്പോഴും പൂർത്തീകരിക്കാൻ സാധിച്ചിട്ടില്ല. എന്റെ നിയോജകമണ്ഡലത്തിൽ തന്നെ കോടിയേരി വില്ലേജ്, പ്രോബ്ലം സ്കീമിൽ ഉൾപ്പെടുത്തിയതാണ്. അതിന്റെ പ്രവർത്തനങ്ങൾ മുഴുവൻ മരവിച്ചു കിടക്കുന്ന അവസ്ഥയാണുള്ളത്. അതുകൊണ്ട് ഈ ബില്ല് നിയമമാക്കി വാട്ടർ അതോറിറ്റിയുടെ പ്രവർത്തനം കാര്യക്ഷമമാക്കാൻ സാധിക്കണമെങ്കിൽ ഈ നിയമം കുറ്റമറ്റതാ ആയിരിക്കണം. അതുകൊണ്ടാണ് ഇതിനകത്തുള്ള അപാകതകളെല്ലാം പരിഹരിച്ചുകൊണ്ടുള്ള നടപടികൾ സ്വീകരിക്കണമെന്ന് പറഞ്ഞത്. മുൻപ് ഇതിന്റെ ചെയർമാനായി പ്രവർത്തിച്ചിരുന്ന കാലത്ത് ശ്രീ. ഗംഗാധരൻ ചെയ്ത തെറ്റുകൾ തിരുത്തിക്കൊണ്ട് ഈ പറയുന്ന നിർദ്ദേശങ്ങൾ എല്ലാം സ്വീകരിച്ചുകൊണ്ട് ഈ ബില്ല് കുറ്റമറ്റ നിയമമാക്കി തീർക്കണമെന്ന് നിർദ്ദേശിച്ചുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ശ്രീ. വി. ജെ. തങ്കപ്പൻ: സർ, മുൻപ് മന്ത്രിയായിരുന്ന ശ്രീമാൻ ഗംഗാധരൻ കൊണ്ടുവന്നതാണ് ഈ ബില്ല്. ഈ ബില്ല് കൊണ്ടുവരുമ്പോൾ തന്നെ ആ ബില്ലിലെ പല വ്യവസ്ഥകളെക്കുറിച്ചും ശക്തമായ ആക്ഷേപങ്ങൾ പ്രതിപക്ഷത്തുനിന്നും ഉന്നയിച്ചിരുന്നു. അതുപോലെ തന്നെ പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിനേയും അതിനുശേഷമുണ്ടായ വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെയും രണത്തെക്കുറിച്ച് അതിരൂക്ഷമായ ആക്ഷേപം പത്രങ്ങളും പ്രതിപക്ഷവും ഉയർത്തിയിരുന്നു. ആ ഡിപ്പാർട്ടുമെന്റ് നടത്തിയ കറപ്ഷനെ സംബന്ധിച്ചുള്ള ഒരു ഫയൽ തന്നെ ഇന്നത്തെ ജലസേചന മന്ത്രി ശ്രീമാൻ മാണിയുടെ, അന്നത്തെ ധനകാര്യമന്ത്രിയുടെ, കയ്യിൽ ഉണ്ടായിരുന്നു എന്നാണ് പറയുന്നത്. അത്തരത്തിലുള്ള ഒരു ദൂഷിത വലയം ആയിരുന്നു വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ അതോറിറ്റി ഭരിച്ചിരുന്നത്. അതിലെ നിയമനങ്ങളെ സംബന്ധിച്ച് ഈ കാലഘട്ടത്തിൽ അതിശക്തമായ ആക്ഷേപം പ്രതിപക്ഷങ്ങളും, ഇവിടത്തെ പത്രങ്ങളും ഉയർത്തിയിരുന്നു. അതിനുശേഷമാണ്, അതായത് വാട്ടർ ആൻറ് വേസ്റ്റ് വാട്ടർ എന്ന പറയുന്നതിനുള്ളിൽനിന്ന് 'വേസ്റ്റ് വാട്ടർ' എന്നത് ശ്രീമാൻ ഗംഗാധരൻ പോയതോടുകൂടി പോയിട്ട്, ഇപ്പോൾ വാട്ടർ മാത്രമായി അവശേഷിച്ചിരിക്കുന്നു. അതിരൂക്ഷമായ വിമർശനത്തിന്റെ ഫലമായും രണകക്ഷിക്കകത്തുള്ള, കോൺഗ്രസ് പാർട്ടിക്കകത്തുള്ള കാലുവാരലിന്റെ ഫലമായും.....

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. പന്തളം സുധാകരൻ: മന്ത്രിസഭയിലെ ബഹുമാനപ്പെട്ട ഒരം ഗത്തെ വേസ്റ്റ് എന്നു പറയുന്നത് ഓർഡറിലാണോ സർ? അതു നീക്കം ചെയ്യണം.

ശ്രീ. വി. ജെ. തങ്കപ്പൻ: എന്നു ഞാൻ പറഞ്ഞില്ല. അതോറിറ്റി യിലെ ഒരു വേസ്റ്റ് പോയിരിക്കുന്നു. അത് ശ്രീമാൻ ഗംഗാധരനാണോ? അപ്പോഴും സംഭവവികാസങ്ങളും ആകെ കൂടി പരിശോധിക്കുമ്പോഴും അങ്ങനെ തോന്നിപ്പോകുന്നു. അത്രയുള്ളു. അദ്ദേഹത്തെ ഞാൻ വേസ്റ്റ് എന്ന് വിളിച്ചില്ല. പല കാരണങ്ങളാൽ പുറത്തുപോയി. ഈ ബില്ലിനെ സംബന്ധിച്ച് ചർച്ച ചെയ്യുമ്പോഴും ഈ ബില്ല് ഒന്നുകൂടി സബ്ജക്ട് കമ്മിറ്റിയ്ക്ക് അയക്കണമെന്നും, ഈ ബില്ല് ഇവിടെ പ്രസന്റു ചെയ്ത ലാ ഡിപ്പാർട്ടുമെന്റും ബഹുമാനപ്പെട്ട മന്ത്രിയും സബ്ജക്ട് കമ്മിറ്റിയും ഒന്നുകൂടി പരിശോധിക്കണമെന്നുമാണ് എനിക്ക് ആദ്യമായി പറയാനു ള്ളത്. കാരണം ഇതിന്റെ അവസാനം ''പെനാൽറ്റീസ് ആൻറ് പ്രൊസീഡ്യൂർ'' എന്ന ഒരു അദ്ധ്യായമുണ്ട്. 1000 രൂപ പെനാൽറ്റി നിശ്ചയിച്ചിട്ടുണ്ട്. അതിൽ ആരാണ് പെനാൽറ്റി നിശ്ചയിക്കുന്ന തെന്ന് ഞാൻ വായിച്ചിട്ട് അവിടെയൊന്നും കാണുന്നില്ല. ഞാനും എന്റെ സുഹൃത്ത് പത്മനാഭനും കൂടി ഒന്ന് ഓടിച്ച് വായിച്ചുനോക്കി. 1000 രൂപ പെനാൽറ്റി അടിക്കുന്നത് ആര്? അത് കോടതിയാണോ? ഇതി നെക്കുറിച്ചൊന്നും യാതൊരു വിവരവും ഇതിനകത്തില്ല. നേരത്തെ ഇവിടെ ബഹുമാന്യനായ മന്ത്രി പറഞ്ഞു 62–ാം വകുപ്പ് ഞങ്ങൾ എടുത്തു മാറ്റി യിരിക്കുന്നു എന്ന്. 62–ാം വകുപ്പിൽ അറസ്റ്റിനെക്കുറിച്ച് പറയുന്നു. അറസ്റ്റിനു ക്രിമിനൽ പ്രൊസീഡ്യൂർ കോഡിൽ 42, 46, 48, 56, 58 വകുപ്പുകളാണ് ആപ്ലിക്കബിൾ ആയിട്ടുള്ളത്. ഒറിജിനൽ ആക്ടിൽ, ഭേദഗതി ചെയ്യപ്പെടുന്നതിനു മുൻപുള്ള 62–ാം വകുപ്പിൽ അത് പറഞ്ഞിരിക്കുന്നു. ആ വകുപ്പ് എടുത്തു മാറ്റിയിട്ടും ഇപ്പോഴും 62 (2)-ൽ ഒന്ന് അവശേഷിക്കുന്നു. ഒഫൻസ് കോംപൗണ്ട് ചെയ്തു കഴി ഞ്ഞാൽ കസ്റ്റഡിയിൽനിന്നും വിമോചിപ്പിക്കണം. അറസ്റ്റില്ലാതെ കസ്റ്റഡിയുണ്ടോ? ഇത് ലാ ഡിപ്പാർട്ടുമെന്റിന് പറ്റിയ ഒരു ഓവർ സൈറ്റ് ആണോ എന്ന് എനിക്കറിയില്ല. അറസ്റ്റിനുള്ള വകുപ്പ് എടുത്തു മാറ്റിയിരിക്കുന്നു—പഴയ 62. 62 (2)-ൽ സി. ആർ. പി. സി. യിലെ 42 മുതൽ അങ്ങോട്ട് 58 വരെയുള്ള വകുപ്പുകളും അറസ്റ്റിനെ കുറിച്ചുള്ളതാണ്. അറസ്റ്റ് കഴിഞ്ഞാൽ ഇത്ര സമയമേ കൈവശം വച്ചേക്കാവൂ, അതു കഴിഞ്ഞാൽ അടുത്തുള്ള മജിസ്ട്രേറ്റിന്റെ മുന്നിൽ ഹാജരാക്കണം. ആ കാര്യങ്ങളാണ് എടുത്തു മാറ്റപ്പെട്ട 62 (2)–ൽ പറഞ്ഞി രിക്കുന്നത്. അങ്ങനെ അറസ്റ്റില്ലാതാകുമ്പോഴും സ്വാഭാവികമായും കസ്റ്റഡി ഇല്ലാതാകണ്ടേ? ഇപ്പോഴത്തെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്തതിനുശേഷമുള്ള 62 (2) പരിശോധിക്കുമ്പോഴും ഒരു ഒഫൻസ് കോമ്പൗണ്ട് ചെയ്തു കഴിഞ്ഞാൽ കസ്റ്റഡിയിൽനിന്നും വിമോചി പ്പിക്കണമെന്നാണ് പറയുന്നത്. അപ്പോഴും അറസ്റ്റില്ലാതെ എങ്ങനെ കസ്റ്റഡിയിൽ വരും. ബഹുമാനപ്പെട്ട മന്ത്രിയും ലാ ഡിപ്പാർട്ടു മെന്റും പറയേണ്ടതാണ്. ഈ പ്രത്യേക പെനാൽറ്റീസ് ആൻറ് പ്രൊസീഡ്യുറിനെക്കുറിച്ച് ഈ ബില്ലിനകത്ത് യാതൊന്നും ഇല്ലാത്തതു കൊണ്ട് 1000 രൂപ ഫൈൻ അടിക്കാനുള്ള അധികാരം ആർക്ക് എന്നു പറ യുന്നില്ല. മാനേജിംഗ് ഡയറക്ടർ ആണോ? എന്നാൽ അതിന്റെ നടപടി ക്രമങ്ങൾ എന്ത്? വല്ലതുമുണ്ടോ? ഇതിനെ സംബന്ധിച്ച് ബാക്ക് മെറിറ്റീരിയൽസ് എന്നു പറഞ്ഞുതന്നിരിക്കുന്ന രേഖകൾ മുഴുവൻ പരിശോ ധിച്ചു. കൊഗ്നൈസബിൾ ഒഫൻസ് എടുക്കുന്നതാര്? കൊഗ്നൈസ്,

LIBRARY ARCHIVES Kerala Legislative Assembly

എടുത്തതിനുശേഷം ട്രെ ചെയ്യുന്നതാര്? അതെക്കുറിച്ചെല്ലാം വ്യക്തമായ നിർദ്ദേശങ്ങൾ അടങ്ങിയതാണ്. മറെറല്ലാ ബില്ലുകളും. ഒന്നുകിൽ ബഹുമാനപ്പെട്ട മന്ത്രി അതേ സംബന്ധിച്ചുള്ള പ്രത്യേക ക്ലാസ് കൊണ്ടു വരണം അല്ലെങ്കിൽ ഞാൻ എഴുതി കൊടുക്കാം. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തിട്ടുപോലും കണ്ട് പരിഹരിക്കാൻ കഴിയാത്ത ഒരു ന്യൂനതയായി ഞാൻ ചൂണ്ടിക്കാണിക്കുന്നു. അതുകൊണ്ടാണ് ഞാൻ പറഞ്ഞത് ഈ ബില്ല് വീണ്ടും സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന്. ഒന്നു കൂടി ലാ ഡിപ്പാർട്ടുമെൻറും ബഹുമാനപ്പെട്ട മന്ത്രിയും അത് പരിശോധിക്കണം. അതുപോലെ തന്നെ ഓഡിറ്റിനെക്കുറിച്ച് ശക്തമായി ആക്ഷേപം ഉന്നയിക്കുന്നു. സർ, ഏതെങ്കിലും ഒരു കമ്പനി ഓഡിറ് ചെയ്യാൻ ഏതെങ്കിലും ഒരു ഓഡിറ്ററെ ചുമതലപ്പെടുത്തി, കമ്പനി മാനേജിംഗ് ഡയറക്ടറും ബോർഡ് മെമ്പേഴ്സും കൂടി ഓഡിറ് റിപ്പോർട്ട് എഴുതിക്കൊടുക്കുന്ന സംഭവം ഇന്ന് നിലവിലുണ്ട്. പല കമ്പനികളേയും എനിക്കറിയാം. കമ്പനിയുടെ മാനേജിംഗ് ഡയറക്ടറും അതിന്റെ പിന്നിൽ ചുറ്റിപ്പറ്റി നിൽക്കുന്ന സിൽബന്ധികളും ഓഡിറ്ററെ സ്വാധീനിച്ച് അയാൾക്ക് അത്യാവശ്യം വേണ്ട കാര്യങ്ങൾ ഒരുക്കിക്കൊടുത്തു ശേഷം മാനേജ്മെൻറ് പറയുന്നതനുസരിച്ച് ഓഡിറ് റിപ്പോർട്ട് എഴുതിക്കൊടുക്കുന്ന ഒരുപിടി ഓഡിറ്റർമാരെ അറിയാം. എല്ലാ ഓഡിറ്റർമാരും ഇതുപോലെ തെമ്മാടിത്തരം കാണിക്കുന്ന ആളുകളാണെന്ന് ഞാൻ പറയുന്നില്ല. എന്നാലും ഇന്ന് ഓഡിറ്റർമാർ എന്നു പറയുമ്പോൾ പല സ്വാധീനങ്ങൾക്കും വഴങ്ങി ഇഷ്ടം പോലെ അല്ലെങ്കിൽ നിർദ്ദേശിക്കപ്പെടുന്നതു പോലെ എഴുതിക്കൊടുക്കാൻ മടിയില്ലാത്തവരാണ്. ഓഡിറ്റിനെ സംബന്ധിച്ച് 29–ാം വകുപ്പിലുണ്ട്. ഏതെങ്കിലും ഒരു ഓഡിറ്ററെ ചുമതലപ്പെടുത്തുക, അയാൾ തരുന്ന ഓഡിറ് സർട്ടിഫിക്കറ് ഹാജരാക്കുക, അവസാനം അത് ലെജിസ്ലേച്ചറിലും വരും. അത് മതിയോ? ഞാൻ ശക്തിയായി ഉന്നയിക്കുന്നു; ഏറ്റവും ചുരുങ്ങിയത് ഇലക്ട്രിസിറ്റി ബോർഡിൽ നടക്കുന്ന ഓഡിറ് സമ്പ്രദായം എങ്കിലും വാട്ടർ അതോറിട്ടിയിലും ഏർപ്പെടുത്തണം. ഇന്ന് നമ്മുടെ സംസ്ഥാനത്തെ പല ഡിപ്പാർട്ടുമെൻറുകളും പരിശോധിച്ചാൽ, ലോക്കൽ ബോഡീസ് ഓഡിറ് ആയാലും ഇൻറേണൽ ഓഡിറ് ആയാലും ഈ ഓഡിറ് അക്കൗണ്ടിംഗ് നടത്തുന്നയാളുകൾ പറയുന്നതനുസരിച്ച് ചെയ്യുന്നവരാണ് അധികവും. കണക്ക് കൂട്ടുന്നതിലും കിഴിക്കുന്നതിലും വരുന്ന ചില തെറ്റുകൾ ചൂണ്ടിക്കാണിക്കുന്നതല്ലാതെ, അതല്ലെങ്കിൽ ഏതെങ്കിലും അക്ഷരപ്പിശകുകൾ ചൂണ്ടിക്കാണിക്കുന്നതല്ലാതെ അടിസ്ഥാനപരമായി ഓഡിറ് ചെയ്യുന്ന ഓഡിറ്റർമാർ കുറവാണ്. നമുക്ക് ഇന്നുള്ളതിൽ വിശ്വസിക്കാവുന്നതും ഏറ്റവും റിലയബിളായിട്ടുള്ളതുമായ സംവിധാനമാണ് കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന്റെ ഓഡിറ്റിംഗ്. അതുകൊണ്ട് ഇന്ന് ഈ ബില്ലിൽ പറഞ്ഞിരിക്കുന്ന രീതിയിലുള്ള ഓഡിറ്റിംഗ് പോര ഓഡിറ്റിന്റെ പൂർണ്ണമായ ചുമതല കംപ്ട്രോളർ ആൻഡ് ഓഡിറ്റർ ജനറലിന് നൽകണം. ഇലക്ട്രിസിറ്റി ബോർഡിൽ അതാണ് നടപ്പിലാക്കിക്കൊണ്ടിരിക്കുന്നത്.

മറെറാരു കാര്യം പറയാനുള്ളത് ലോക്കൽ ബോഡീസിനു വെള്ളം കൊടുക്കുന്നതിനെ സംബന്ധിച്ചാണ്. ഈ ആക്ടിൽ പറയുന്ന രീതിയിലാണ് ഇത് നടപ്പിലാക്കാൻ ഉദ്ദേശിക്കുന്നതെങ്കിൽ ഇന്ന് കൺസ്യൂം ചെയ്യാത്ത ഇലക്ട്രിസിറ്റിക്ക് ഇലക്ട്രിസിറ്റി ബോർഡിന് പണം കൊടുക്കുന്നതുപോലെ ഉപയോഗിക്കാത്ത വെള്ളത്തിന് വാട്ടർ അതോറിറ്റിക്ക് പണം കൊടുക്കേണ്ടതായിവരും. തെരുവുവിളക്കുകൾ ഇലക്ട്രി

LIBRARY ARCHIVES Kerala Legislative Assembly

സിറ്റി ബോർഡ് തരുന്ന കറൻറ് ഉപയോഗിച്ച് കത്തുന്നില്ല. അരുപതും എഴുപതും തെരുവുവിളക്കുകളും കത്താതിരിക്കേ അവിടെ ഘടിപ്പിച്ചിട്ടുള്ള ഫ്ളൂസൻറ് ലാമ്പിനും ബൾബിനും വോൾട്ടേജ് കണക്കാക്കി, അതിൻറെ എണ്ണം കണക്കാക്കി ഇലക്ട്രിസിറ്റി ചാർജ് അടയ്ക്കാൻ ലോക്കൽ ബോഡീസ് നിർബ്ബന്ധിതരാകുന്നു. അതുപോലെതന്നെ ഈ ആക്ടിൽ പറഞ്ഞിരിക്കുന്ന വ്യവസ്ഥകളനുസരിച്ചാണ് ജനങ്ങൾക്ക് ലോക്കൽ ബോഡീസിൻറെ ഹൈഡൽസ് വഴി വെള്ളം കൊടുക്കാൻ പോകുന്നതെങ്കിൽ ആളുകൾ ഉപയോഗിക്കാത്ത വെള്ളത്തിന് ലോക്കൽ ബോഡീസ് വാട്ടർ അതോറിറ്റിക്ക് പണം കൊടുക്കേണ്ടിവരും.

അതുപോലെതന്നെ മറ്റൊരു പ്രധാനപ്പെട്ട കാര്യം പറയാനുണ്ട്. ഈ ബില്ലിൽ ചുണ്ടിക്കാണിച്ചുട്ടുള്ളത് ഡൊമസ്റ്റിക്ക് യൂസിന് വെള്ളം എടുത്താലും മറ്റ് എന്തെങ്കിലും കാര്യത്തിന് വെള്ളം എടുത്താലും ഒരു തുക ഡിപ്പോസിറ്റ് ചെയ്യണമെന്നാണ്. ഡിപ്പോസിറ്റ് സമ്പ്രദായം ഇൻഡ്യയിലെ മറ്റ് സംസ്ഥാനങ്ങളിലുള്ള ബില്ലുകളിലും വ്യവസ്ഥയുണ്ട്. അതുകൊണ്ട് ആ വ്യവസ്ഥ പിൻതുടരണമെന്നില്ല. ഏറ്റവും ചുരുങ്ങിയത് ഹൗസ് കണക്ഷന് വെള്ളം നൽകുമ്പോഴെങ്കിലും ഡിപ്പോസിറ്റ് സമ്പ്രദായം ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. പാവപ്പെട്ട ആളുകൾ വെള്ളത്തിനുവേണ്ടി അപേക്ഷിക്കുമ്പോൾ ഒരു തുക ഡിപ്പോസിറ്റ് ചെയ്താൽ മാത്രമേ വെള്ളം കൊടുക്കൂ എന്ന ഡിപ്പാർട്ടുമെൻറിൻറെ വാശി ഉണ്ടാകുന്നതുകൊണ്ടാണ് ബില്ലിലെ ഈ വ്യവസ്ഥ സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തതിനുശേഷവും നിലനിൽക്കുന്നത്. കമ്പനികൾക്കോ, ഫാക്ടറികൾക്കോ, അല്ലെങ്കിൽ അതുപോലുള്ള മറ്റ് വൻകിട സ്ഥാപനങ്ങൾക്കോ വെള്ളം കൊടുക്കേണ്ടിവരുമ്പോൾ ഒരു പ്രത്യേക തുക ഡിപ്പോസിറ്റായി വാങ്ങുന്നതിനോട് വിയോജിക്കുന്നില്ല. ഡൊമസ്റ്റിക് കൺസ്യൂമേഴ്സിനെ സംബന്ധിച്ച് ഈ ആക്ടിലെ പ്രത്യേക വ്യവസ്ഥ—ഡിപ്പോസിറ്റ് ചെയ്യണമെന്നത്—ഒഴിവാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

അതുപോലെ തന്നെ വാട്ടർ അതോറിറ്റി ലൈനിൽനിന്ന് കൺസ്യൂമേഴ്സിന് ഫ്രീ കണക്ഷൻ കൊടുക്കുന്നുണ്ട്. ഈ ആക്ടിൽ അതിനും വ്യവസ്ഥയുണ്ട്. ഇവിടെ ഇപ്പോൾ 30 മീറ്ററാണ് ചേർത്തിരിക്കുന്നത്. വലിയ സിറ്റികളിൽ ചിലപ്പോൾ 30 മീറ്റർ മതിയാകും. പക്ഷേ ചെറിയ പട്ടണങ്ങളിലും നാട്ടിൻപുറങ്ങളിലും പഞ്ചായത്തുകളിലും വാട്ടർ കണക്ഷൻ ഫ്രീയായിട്ട് അനുവദിക്കുമ്പോൾ ഏറ്റവും ചുരുങ്ങിയത് 200 അടി (60 മീറ്റർ) എങ്കിലും ഉണ്ടാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ആകെക്കൂടി എനിക്ക് മൂന്നുകാര്യങ്ങളാണ് പറയാനുള്ളത്. ഒന്നാമത് പെനാൽറ്റിയെ സംബന്ധിച്ചാണ്. അത് എങ്ങനെ നടപ്പിലാക്കുമെന്നുള്ളതിനെ സംബന്ധിച്ച് വ്യവസ്ഥ ചെയ്തിട്ടില്ല. രണ്ടാമത് ഓഡിറ്റിനെ സംബന്ധിച്ചാണ് പറയാനുള്ളത്. കംപ്ട്രോളറെക്കൊണ്ട് ഓഡിറ്റ് നടത്തിക്കണം. മൂന്നാമത് ഹൗസ് കണക്ഷനെങ്കിലും ഡിപ്പോസിറ്റ് സമ്പ്രദായം ഒഴിവാക്കണം. ഈവക കാര്യങ്ങളാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. മറ്റ് കാര്യങ്ങൾ ഇനി ക്ലോസ് ബൈ ക്ലോസ് ഡിസ്കഷൻ വരുമ്പോൾ ഉന്നയിച്ചുകൊള്ളാം.

ശ്രീ. വർക്കല രാധാകൃഷ്ണൻ: സർ, ഈ ബില്ലിനെ സംബന്ധിച്ച പൊതുചർച്ചയിൽ പങ്കെടുത്തുകൊണ്ട് അന്ന് ചില നിർദ്ദേശങ്ങൾ ഞാൻ

LIBRARY ARCHIVES Kerala Legislative Assembly

ഉന്നയിക്കുകയുണ്ടായി. എന്നാൽ മൗലികമായ മാറ്റങ്ങളൊ ബില്ലിൽ വരുത്തിയിട്ടില്ല എന്നുള്ള ആക്ഷേപമാണ് എനിക്കുള്ളത്. ശ്രീമാൻ മാണിക്ക് ഈ കാര്യത്തിൽ വിവരമുണ്ടെന്നുള്ള വിചാരത്തിലാണ് സംസാരിക്കുന്നത്, ഈ നിയമത്തിൽ മൗലികമായ തകരാറുണ്ട്, അത് ആദ്യമായി ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. ഇവിടെ ഏത് ഗവൺമെൻറ് ഇരിക്കുന്നുവെന്നുള്ളതല്ല പ്രശ്നം. നമ്മുടെ രാജ്യത്ത് രണ്ടുമൂന്നു കോർപ്പറേഷനുകളും ഇതിനു മുൻപ് രൂപീകരിക്കപ്പെട്ടിട്ടുണ്ട്. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷൻ (കെ. എസ്. ആർ. ടി. സി.), കേരള സ്റ്റേറ്റ് ഇലക്ട്രിസിറ്റി ബോർഡ് (കെ. എസ്. ഇ. ബി) ഇതെല്ലാം ഓരോ കേന്ദ്രനിയമങ്ങളുടേയും സംസ്ഥാനനിയമങ്ങളുടേയും അടിസ്ഥാനത്തിൽ രൂപീകരിക്കപ്പെട്ട പൊതുമേഖലാ സ്ഥാപനങ്ങളാണ്. ആ സ്ഥാപനങ്ങളുടെ സ്കീം ഓഫ് ലെജിസ്ലേഷൻ പരിശോധിച്ചാൽ അത് രൂപീകരിച്ചതുതന്നെ ക്യാബിനറ്റിലുള്ള ഒരാൾ അതിലെ അംഗമായിരിക്കുകയില്ല എന്നുള്ള അടിസ്ഥാനത്തിലാണ്. അതുകൊണ്ട് സ്വാഭാവികമായും ഈ ഗവൺമെൻറിന് ആവശ്യമായ നിർദ്ദേശങ്ങൾ കാലാകാലങ്ങളിൽ കൊടുക്കുന്നതിനുള്ള എനേബ്ലിംഗ് പ്രൊവിഷൻസ് ആ നിയമത്തിലെല്ലാം ഉണ്ടായിരുന്നു. എന്നാൽ ഈ ബിൽ ഇവിടെ അവതരിപ്പിച്ച അവസരത്തിൽ, അന്ന് ഇത് അവതരിപ്പിച്ച മന്ത്രി മുഴുവൻ കാലവും അദ്ദേഹമായിരിക്കും ഇതിന്റെ ചെയർമാനായിരിക്കുകയെന്നുള്ളതുകൊണ്ട്, ഗവൺമെൻറിന്റെ തീരുമാനങ്ങൾ കാലാകാലങ്ങളിൽ അതോറിറ്റിയിൽ നടപ്പിലാക്കാനുള്ള ബുദ്ധിമുട്ട് ഉണ്ടാകുകയില്ല എന്നുള്ള ധാരണയിലാണ് പല വകുപ്പുകളും എഴുതി ചേർത്തത്. എന്നാൽ മന്ത്രിയെ മാറ്റുമ്പോൾ തീർച്ചയായിട്ടും ഗവൺമെൻറിന് ഒരു മേൽവിചാരം ഉണ്ടായിരിക്കുന്നതിന് ആവശ്യമായ നിർദ്ദേശങ്ങൾ അല്ലെങ്കിൽ വ്യവസ്ഥ ബില്ലിൽ ഉൾക്കൊള്ളിക്കണം. ഉദാഹരണത്തിന് ട്രാൻസ്പോർട്ട് കോർപ്പറേഷൻ എടുക്കാം. സംസ്ഥാന ഗവൺമെൻറിന് കാലാകാലങ്ങളിൽ ആവശ്യമായ ഡയറക്ഷൻസ് കൊടുക്കാൻ ആ നിയമത്തിൽ വ്യവസ്ഥയുണ്ട്.

സർ, അതുപോലെതന്നെ കെ. എസ്. ഇ. ബി. യെ സംബന്ധിച്ചിടത്തോളം കാലാകാലങ്ങളിൽ ഗവൺമെൻറിന് ഡയറക്ഷൻ കൊടുക്കാൻ ആ നിയമത്തിൽ വ്യവസ്ഥയുണ്ട്. എന്നാൽ ഈ നിയമത്തിൽ അങ്ങനെ വ്യക്തമായ യാതൊരു വ്യവസ്ഥയുമില്ല. അങ്ങനെ വന്നാൽ ബുദ്ധിമുട്ടുണ്ടാകും. ശ്രീ. മാണിയോ, ശ്രീ. ഗംഗാധരനോ ആര് മന്ത്രിയായിരിക്കുമെന്നതല്ല പ്രശ്നം. ഇവിടെ രൂപീകരിക്കപ്പെടുന്ന വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിയുടെ ബോർഡിനെ സംബന്ധിച്ചിടത്തോളം അതിന്റെ കഴിഞ്ഞ വർഷത്തെ കണക്കുകൾ പരിശോധിച്ചാൽ 12 കോടി രൂപയാണ് ഇതിന്റെ റവന്യൂ ചെലവ്. അപ്പോൾ റവന്യൂ എക്സ് പെൻറിച്ചർ 12 കോടി രൂപയാണ്. അതു മുഴുവൻ ഗവൺമെൻറാണ് കൊടുക്കുന്നത്. പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെൻറ്, ഒരു ഗവൺമെൻറ് ഡിപ്പാർട്ടുമെൻറ് എന്നുള്ള നിലയിൽ ഈ എക്സ് പെൻറിച്ചറിനെ സംബന്ധിച്ചിടത്തോളം സംസ്ഥാന നിയമസഭയ്ക്ക് ചർച്ച ചെയ്യാനും അതു സംബന്ധിച്ച വിവരങ്ങൾ ശേഖരിക്കാനും സന്ദർഭം ഉണ്ടായിട്ടുണ്ട്. അങ്ങനെ ഗവൺമെൻറിന്റെ കൺസോളിഡേറ്റഡ് ഫണ്ടിൽനിന്നും 12 കോടി രൂപ മാറി വച്ച് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ അതോറിറ്റിക്ക് നമ്മൾ കൊടുക്കുകയാണ്. ഗവൺമെൻറ് പണം കൊണ്ട് മാത്രമാണ് ഈ സ്ഥാപനം പ്രവർത്തിക്കുന്നത്. അതിന്റെ റവന്യൂ റസീറ്റ് എന്നു പറയുന്നത് കേവലം 2 കോടി രൂപമാത്രമാണ്. 12 കോടി രൂപ ഗവൺമെൻറ് കൊടുക്കുമ്പോൾ ഈ സ്ഥാപനം പിരിക്കു

LIBRARY ARCHIVES Kerala Legislative Assembly

ന്നത് കേവലം 2 കോടി രൂപ മാത്രമാണ്. അപ്പോൾ ഗവൺമെന്റിന്റെ മുഴുവൻ പണം കൊണ്ട് പ്രവർത്തിക്കുന്ന ഒരു സ്ഥാപനത്തെ സർവ്വതന്ത്ര സ്വതന്ത്രമായി വിട്ടാൽ ഉണ്ടാകാവുന്ന അപകടം ശ്രീമാൻ മാണി ശ്രദ്ധിക്കണം. ശ്രീ. ഗംഗാധരൻ ഇതിന്റെ സ്കീം തയ്യാറാക്കുമ്പോൾ അദ്ദേഹമാണ് ഇതിന്റെ ചെയർമാൻ എന്നുള്ളതുകൊണ്ട് ആ നിലയിലുള്ള മാറ്റങ്ങളും നിയന്ത്രണങ്ങളും വരുത്തിയിരുന്നില്ല. പക്ഷേ, ഈ ബില്ലിൽ അതിനാവശ്യമായ വ്യവസ്ഥകൾ ഇനിയും ഉൾപ്പെടുത്തിയിട്ടില്ല. ട്രാൻസ്പോർട്ട് കോർപ്പറേഷൻ നിയമത്തിലും ഇലക്ട്രിസിറ്റി നിയമത്തിലും കാലാകാലങ്ങളിൽ ആവശ്യമായ നിർദ്ദേശങ്ങൾ ഗവൺമെന്റ് കൊടുക്കണമെന്ന് വ്യവസ്ഥയുണ്ട്. അതുപോലെ മന്ത്രിയല്ല ഇതിന്റെ ചെയർമാൻ എന്ന് തീരുമാനിച്ചിരിക്കുന്ന സ്ഥിതിക്ക് ആ വ്യവസ്ഥ ഇതിൽ എഴുതിച്ചേർക്കണമെന്നുള്ള പ്രധാനപ്പെട്ട ഒരു കാര്യം ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ഞാനാഗ്രഹിക്കുകയാണ്. നിങ്ങൾ 12 കോടി രൂപ കൊടുത്തു പ്രവർത്തിപ്പിക്കുന്ന ഈ സ്ഥാപനത്തിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ചിടത്തോളം മറ്റു സിസ്റ്റർ അണ്ടർടേക്കിംഗ്സായ കെ.എസ്.ആർ.ടി.സി.-ക്കും കെ.എസ്.ഇ. ബി.-ക്കും ഏർപ്പെടുത്തിയിട്ടുള്ള നിയന്ത്രണ വ്യവസ്ഥകൾ ഈ അതോറിറ്റിക്കും ആവശ്യമാണ്.. അങ്ങനെ നിയന്ത്രണമേർപ്പെടുത്തിയിട്ടില്ലെന്നുള്ളത് വളരെ വ്യക്തമാണ്. അതു സംബന്ധിച്ചിടത്തോളം ഓരോന്നായി ഞാൻ എടുത്തു പറയാം. ഈ അതോറിറ്റി ടാക്സ് അല്ലെങ്കിൽ സെസ് ഏർപ്പെടുത്തുന്നുവെന്നു വയ്ക്കുക.

ശ്രീ. എം. എം. ഹസ്സൻ: ഇതുവരെ നടന്ന ചർച്ചകളിൽ എല്ലാം മന്ത്രി ചെയർമാനായി നിയന്ത്രണം ഏർപ്പെടുത്തി ഇതിന്റെ ആട്ടോണമസ് സ്വഭാവം നശിപ്പിക്കരുതെന്നാണ് കേട്ടത്. ബഹുമാനപ്പെട്ട പ്രതിപക്ഷ മെമ്പർ ഇപ്പോൾ കേസ് തിരിച്ചാണ് വാദിക്കുന്നത്. ഗവൺമെന്റിന്റെ നിയന്ത്രണം വേണമെന്നാണോ പറയുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഗവൺമെന്റിന് ഇക്കാര്യത്തിൽ നിയന്ത്രണം വേണം. നിങ്ങൾ ഇവിടെ ഗവൺമെന്റായിരിക്കുന്നതുകൊണ്ട് എനിക്ക് ഈ അഭിപ്രായം മാറുകയില്ല. ഗവൺമെന്റിന്റെ വക ടാക്സ് കളക്ട് ചെയ്യുമ്പോൾ 12 കോടി അങ്ങനെ.....

ശ്രീ. ഇ. പത്മനാഭൻ: ഗവൺമെന്റ് കൺട്രോൾ എന്നു പറഞ്ഞാൽ മന്ത്രിയുടെ കൺട്രോളാണോ ലെജിസ്ലേച്ചർ കൺട്രോളാണോ, സെക്രട്ടറിയുടെ കൺട്രോളാണോ ഏതാണ് ഉദ്ദേശിച്ചത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ഉദ്ദേശിച്ചത്, ഈ 12 കോടി രൂപയെ സംബന്ധിച്ചിടത്തോളം അതുകൊടുക്കണമെന്നൊക്കെ ഇന്നലെവരെ തീരുമാനിച്ചത് ഈ സഭയാണ്.

ശ്രീ. എം. എം. ഹസ്സൻ: അങ്ങനെയാണെങ്കിൽ, ഗവൺമെന്റിന്റെ കൺട്രോൾ ഇംപോസ് ചെയ്യണമെന്നാണ് ആഗ്രഹിക്കുന്നതെങ്കിൽ മന്ത്രി തന്നെ ചെയർമാനായിരുന്ന് കൺട്രോൾ ചെയ്യുന്നത് കുറെക്കൂടി ഇഫക്ടീവ് കൺട്രോൾ ആയിരിക്കും. ലെജിസ്ലേച്ചറിന്റെ പ്രതിനിധിയല്ലേ മന്ത്രി?

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ പറയാം. എന്റെ ബഹുമാന്യ സുഹൃത്തിന് ഒരു അപകടം പറ്റി. എന്താണെന്നു വച്ചാൽ ചെയർമാൻ മന്ത്രിയാകരുതെന്നു പറയുന്നത്, ശ്രീ. മാണിയായതുകൊണ്ടോ ശ്രീ. ഗംഗാധരനായതുകൊണ്ടോ അല്ല. വേസ്റ്റ് വാട്ടർ അതോറിറ്റി അല്ലെങ്കിൽ

LIBRARY ARCHIVES Kerala Legislative Assembly

കെ. എസ്. ആർ. ടി. സി. പ്രവർത്തിക്കുന്നത് ഗവൺമെൻറിന്റെ സൂപ്പർ വൈസറി കൺട്രോളിലാണ്. അങ്ങനെയുള്ള ഒരു സ്ഥാപനം ഒരു തീരുമാനമെടുത്താൽ ആ തീരുമാനം ഒതറാണെന്ന് കണ്ടാൽ അത് തിരുത്താനുള്ള അതോറിറ്റി ക്യാബിനറാണ്. അപ്പോഴാ ഒരു അപ്പലേറ് അതോറിറ്റി ആയി പ്രവർത്തിക്കേണ്ട ക്യാബിനറിലെ അതിൽത്തന്നെ അംഗമായിട്ടുള്ള ഒരാൾ ഇതിന്റെ ചെയർമാനായിട്ട് ഇരിക്കുകയും, ആ അതോറിറ്റി എടുക്കുന്ന തീരുമാനം ക്യാബിനറിൽ കൊണ്ടുപോയി മാറ്റം വരുത്തുകയും ചെയ്യാൻ ശ്രമിക്കുന്നത് നീതിക്ക് നിരക്കാത്തതാണ്. ഈ ക്യാബിനറിനു ഒരു സൂപ്പർവൈസറി കൺട്രോൾ ഉണ്ടായിരിക്കണം. അങ്ങനെ വരികയാണെങ്കിൽ ചെയർമാൻ മന്ത്രി ആയിക്കൂടാ. കാരണം ഈ ബോർഡ് ചെയ്യുന്ന നടപടിക്രമത്തിൽ ഗവൺമെൻറാണ് ഫൈനൽ തീരുമാനം എടുക്കുന്നത്. അതുകൊണ്ട് ഞാൻ പറഞ്ഞത് 12 കോടി രൂപയുടെ എക്സ് പെൻറിച്ചറിനെ സംബന്ധിച്ചിടത്തോളം നമ്മളാണ് കൺട്രോളിംഗ് അതോറിറ്റി. 12 കോടി രൂപയുടെ ലെജിസ്ലേറ്റീവ് കൺട്രോൾ ഈ ബോർഡ് രൂപീകരിക്കുന്നതിനു മുൻപുവരെ നമ്മളിലായിരുന്നു. അതിന്റെ എക്സ്പെൻറിച്ചറിനെ സംബന്ധിച്ചിടത്തോളം ആ തുക എങ്ങനെ ചെലവാക്കണമെന്നത് സംബന്ധിച്ച് കൺസോളിഡേറ്റഡ് ഫണ്ടിൽനിന്ന് കൊടുക്കുന്ന പണം എങ്ങനെ വിനിയോഗിക്കണമെന്നത് സംബന്ധിച്ച്, ഇന്ന് ഇവിടെ അപ്രോപ്രിയേഷൻ ബില്ല് പാസ്സാക്കിയതുപോലെ നമ്മൾ അപ്രോപ്രിയേഷൻ ബില്ല് പാസ്സാക്കി ചെലവ് ചെയ്തിരുന്ന ആ തുകയിൽ നമുക്ക് അഭിപ്രായം പറയാനുള്ള സ്വാതന്ത്ര്യം പോലുമില്ലാതെ മേലിൽ ഈ ബജറിൽ 12 കോടി രൂപ പ്രത്യേകം മാറ്റിവയ്ക്കുകയാണ് ചെയ്യുന്നത്. അതാണ് ഞാൻ പറഞ്ഞത്. അത് വയ്ക്കുന്നതിന് ഞാൻ എതിരല്ല. പക്ഷേ അതു വച്ചാൽ അതിനു ഒരു സൂപ്പർ വൈസറി ലെജിസ്ലേറ്റീവ് കൺട്രോൾ ഉണ്ടാകണം. അതു ഞാൻ പറയാൻ കാരണം ഇലക്ട്രിസിറ്റി ബോർഡിൽ ഇതുപോലെ ഒരു പ്രൊവിഷനുണ്ട്. ഒരുപക്ഷേ, ഈ സഭയിലുള്ള ബഹുമാനപ്പെട്ട അംഗങ്ങൾ ഓർക്കുന്നുണ്ടാകും. ഈ അതോറിറ്റിക്ക് ഇഷ്ടംപോലെ പണം കടമെടുക്കാം, ഒരു നിയന്ത്രണവുമില്ല. എത്ര വേണമെങ്കിലും കടം വാങ്ങുന്ന കാര്യത്തിൽ യാതൊരു നിയന്ത്രണവുമില്ല. എത്ര കോടി രൂപ വേണമെങ്കിലും കടം വാങ്ങിക്കാമെന്ന് നിയമത്തിൽ വ്യവസ്ഥ ചെയ്തിട്ടുണ്ട്. ഇലക്ട്രിസിറ്റി ബോർഡിൽ അങ്ങനെയില്ല. 25-ാം വകുപ്പനുസരിച്ച് ഈ അതോറിറ്റിക്ക് ഇഷ്ടംപോലെ കടം വാങ്ങാം. ആരോടും ചോദിക്കാതെ എവിടെനിന്നും വാങ്ങാം., ഗവൺമെൻറിനോടും ചോദിക്കണ്ട. അങ്ങനെ ഇഷ്ടംപോലെ കടം വാങ്ങാൻ വ്യവസ്ഥ ചെയ്യുന്നതാണ് ഈ നിയമത്തിലെ 25-ാം വകുപ്പ്.

ശ്രീ. എ. സി. ജോസ്: ഈ ആട്ടോണമസ് ബോഡി ഉണ്ടാകുന്നതു തന്നെ ഇതുപോലെ ഗവൺമെൻറ് കൺട്രോൾ ഇല്ലാതെ, ഗവൺമെൻറ് ഇൻറർഫിയറൻസില്ലാതെ ഇൻസ്റ്റിറ്റ്യൂഷനിൽനിന്ന് പണം കടം വാങ്ങാൻ വേണ്ടി അല്ലേ? അങ്ങനെയൊരു തത്വം തന്നെ ആവിഷ്കരിച്ച് ഈ ആട്ടോണമസ് ബോഡീസായ കോർപ്പറേഷൻസ് ഉണ്ടാക്കിയിരിക്കുന്നത്. അതിന്റെ ഫിനാൻഷ്യൽ സ്റ്റേറ്റ്മെൻറ്സ് അസംബ്ലിയിൽ വരുമെന്നുള്ള കാരണത്തിലായിരിക്കുന്നതാണ് ഈ ആട്ടോണമസ് ബോഡീസ് ഉണ്ടാക്കുന്നത്.

ശ്രീ. വർക്കല രാധാകൃഷ്ണൻ: അല്ല. അതിനല്ല.

ശ്രീ. എം. എം. ഹസ്സൻ: ഏതായാലും ഇത്രയും വിവരമുള്ള സ്ത്രീയ്ക്ക് ഒരു സംശയംകൂടി എനിക്ക് തോന്നിയിട്ടുണ്ട്

LIBRARY ARCHIVES Kerala Legislative Assembly

ഇന്നുള്ള സ്റ്റാന്റിംഗ് കമ്മിറ്റി ബോഡീസിനു എല്ലാംതന്നെ പവർ ടു ബോറോ ആക്ടിൽ കൊടുക്കുന്നുണ്ടെങ്കിലും എല്ലാ ധനകാര്യസ്ഥാപനങ്ങളും ഗവൺമെന്റ് ഗ്യാരന്റിയുടെ പുറത്തുമാത്രമാണ് പണം കടം കൊടുക്കുന്നത് എന്ന് ബഹുമാനപ്പെട്ട മെമ്പർക്കറിയാമോ? അങ്ങനെയാണെങ്കിൽ ഗവൺമെന്റിൽ പോകാതെ ഗവൺമെന്റ് ഗ്യാരന്റി നിന്നിട്ട് പണം ബോറോ ചെയ്തിട്ടുള്ളതിന്റെ എത്ര ലിസ്റ്റ് ലെജിസ്ലേച്ചറിൽ നമുക്ക് അവയിലബിളാക്കാറുണ്ട്. അപ്പോൾ ഗവൺമെന്റ് ഗ്യാരന്റിയില്ലാതെ ഒരു ധനകാര്യസ്ഥാപനവും പണം കടം കൊടുക്കുകയില്ല എന്നുള്ളതുകൊണ്ട് ഗവൺമെന്റ് കൺകറൻസോടുകൂടി മാത്രമേ പണം കടം വാങ്ങാൻ സാധിക്കുകയുള്ളു.

ശ്രീ. വർക്കല രാധാകൃഷ്ണൻ: ഞാൻ ആദ്യം ശ്രീ. ജോസിന്റെ സംശയം തീർക്കാം. വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് കിട്ടുന്നതിനു വേണ്ടിയുള്ള ഒരു നിർദ്ദേശമെന്ന നിലയിലാണ് ഇൻഡ്യയിൽ പല സംസ്ഥാനങ്ങളും ഇങ്ങനെ വാട്ടർ അതോറിറ്റി രൂപീകരിക്കാൻ തീരുമാനമെടുത്തത്. അല്ലാതെ ആട്ടോണമസ് ബോഡിയുടെ പേരിൽ അല്ല. ഇനി ശ്രീ. ഹസ്സൻ പറഞ്ഞ കാര്യമെടുക്കാം. അതിന് വ്യക്തമായി എല്ലാ നിയമത്തിലും വ്യവസ്ഥയുണ്ട്.

ശ്രീ. കെ. എം. മാണി: മി. രാധാകൃഷ്ണൻ, ശ്രീമാൻ ഹസ്സൻ പറഞ്ഞ എല്ലാ അഭിപ്രായവും സ്വയം അംഗീകരിച്ചുകൊണ്ടാണോ അങ്ങ് മറുപടി പറയുന്നത്?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അംഗീകരിച്ചിട്ടല്ല പറയുന്നത്. മാണിയാണ് ഞാൻ പറയുന്നത് കേൾക്കേണ്ട ആള്. കർണ്ണാടക കനിയമത്തിലും തമിഴ്നാട് നിയമത്തിലും സ്റ്റേറ്റ് ബാങ്ക് ഓഫ് ഇൻഡ്യയിൽ നിന്ന് ലോൺ എടുക്കുന്നതിന് വ്യവസ്ഥയുണ്ട്. അതിന്റെ ഗാരന്റിയും കൊടുത്തിട്ടുണ്ട്. നിയമത്തിൽ ഇന്നയിന്ന ഏജൻസികളിൽ നിന്നും പണമെടുക്കാമെന്ന് എഴുതിയിട്ടുണ്ട്. നമ്മളുടെ നിയമത്തിൽ അങ്ങനെ ഏത് ഏജൻസിയിൽ നിന്നും പണമെടുക്കണമെന്ന വ്യവസ്ഥ ചെയ്തിട്ടില്ല. ഗാരന്റിയുടെ പ്രശ്നങ്ങളും ഇതിനകത്ത് എഴുതിവച്ചിട്ടില്ല. ഇഷ്ടംപോലെ പണമെടുക്കാം. ഞാൻ ചോദിക്കുന്നത് ഇലക്ട്രിസിറ്റി ബോർഡിന്റെ പ്രൊവിഷൻ എന്തുകൊണ്ട് ഇതിനകത്ത് വച്ചുകൂടാ? 50 കോടി അല്ലെങ്കിൽ 75 കോടി എന്നൊരു എമൗണ്ട് ഫിക്സ് ചെയ്ത് അതിൽക്കൂടുതൽ വരുന്നതിന് ഈ നിയമസഭയിൽ പ്രമേയം അവതരിപ്പിച്ച് വാങ്ങാമല്ലോ. അതാണ് ഇലക്ട്രിസിറ്റി ബോർഡ് ചെയ്തിരിക്കുന്നത്.

ശ്രീ. എ. എ. ഹസ്സൻ: സർ, ഇത്രയുമധികം ജനങ്ങൾക്ക് പ്രയോജനം ചെയ്യുന്ന സാനിട്ടേഷനും വാട്ടർസപ്ലൈയും പോലുള്ള സ്കീമുകൾക്ക് പണം കടം വാങ്ങിക്കണമെങ്കിൽ ഓരോ തവണയും ലെജിസ്ലേച്ചറിലേക്ക് വരണം. നമുക്ക് ആ അധികാരം അതോറിറ്റിക്ക് കൊടുത്തുകൂടേ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: പാടില്ല. പാടില്ലെന്നു പറയാൻ കാരണം ഇതിൽ വേറൊരു അപകടമുണ്ട്. കെ. എസ്. ആർ. ടി. സി., ഇലക്ട്രിസിറ്റി ബോർഡ് തുടങ്ങി ഇൻഡ്യയിലുള്ള എല്ലാ പൊതുമേഖലാസ്ഥാപനങ്ങളും ആഡിറ്റർ ആൻഡ് കംപ്ട്രോളർ ജനറലിന്റെ ആഡിറ്റിനു വിധേയമാണ്. ഈ സ്ഥാപനത്തിന് ഇഷ്ടംപോലെ ഒരു

LIBRARY ARCHIVES Kerala Legislative Assembly

ചാർട്ടേഡ് അക്കൗണ്ടൻറ് ആഡിറ്റ് ചെയ്താൽ മതി. ശ്രീ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചതുപോലെ ഈ നിയമത്തിലെ വ്യവസ്ഥകളനുസരിച്ച് ഇവിടെ ആനുവൽ അക്കൗണ്ട് ചാർട്ടേഡ് അക്കൗണ്ടൻറ് ആഡിറ്റ് ചെയ്താൽ മതി. അതു ശരിയാണോ? 12 കോടി രൂപ സംസ്ഥാന ഖജനാവിൽ നിന്നു റ കാടുക്കുന്ന ഒരു സ്ഥാപനത്തിന്റെ അക്കൗണ്ട് ആഡിറ്റ് ചെയ്യാൻ ഒരു ചാർട്ടേഡ് അക്കൗണ്ടൻറ് മതിയെന്നു നിയമത്തിൽ വ്യവസ്ഥ ചെയ്തിരിക്കുന്നത് നമുക്ക് ആക്ഷേപാർഹമല്ലേ? എല്ലാ പബ്ലിക് അണ്ടർടേക്കിംഗ് സിനേറയും ആഡിറ്റ് നടപ്പാക്കേണ്ടതു് ആഡിറ്റർ ആൻഡ് കംപ്ട്രോളർ ജനറൽ ഓഫ് ഇൻഡ്യയാണ്. ഇങ്ങേയറ്റം എയർ കോർപ്പറേഷൻ തുടങ്ങി നമ്മുടെ നാട്ടിലെ ബഹുഭൂരിപക്ഷം കോർപ്പറേഷനുകളുടേയും ആഡിറ്റ്, ആഡിറ്റർ ആൻഡ് കംപ്ട്രോളർ ജനറൽ ഓഫ് ഇൻഡ്യയ്ക്ക് വിട്ടു കൊടുത്തിരിക്കുകയാണ്. ഗവൺമെൻറിൽനിന്ന് 12 കോടി രൂപ ലഭിക്കുന്ന ഒരു സ്ഥാപനത്തിന്റെ ആഡിറ്റ് കേവലം 100 രൂപയോ മറ്റോ ഫീസ് കൊടുത്ത്, ഒരു ചാർട്ടേഡ് അക്കൗണ്ടൻറിനെക്കൊണ്ട് ആഡിറ്റ് ചെയ്തു സർട്ടിഫിക്കറ്റ് ഹാജരാക്കിയാൽ മതിയെന്ന വ്യവസ്ഥ ഈ രാജ്യത്ത് അഴിമതിക്ക് മാത്രമേ സഹായകമാവൂ. ശ്രീ. ഹസ്സനോട് പോദിക്കട്ടെ ഒരു കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുടെ ആഡിറ്റ് നടത്താൻ മതിയാവുന്ന ആളു് മതിയോ ഇതിന്? ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു സഹകരണസംഘങ്ങളുടെ ആഡിറ്റ് നടത്തുന്ന ഒരു ആഡിറ്റർ മതി ഈ കോടിക്കണക്കിന് രൂപ ചെലവ് ചെയ്യുന്ന ഇതിനേറയും ആഡിറ്റ് നടത്താൻ. അതാണ് ഈ നിയമത്തിൽ എഴുതിയിരിക്കുന്ന വ്യവസ്ഥ. ഇതു ശരിയാണോ? ഇതിൽ എഴുതിയിരിക്കുന്നത് ഇതിലെ ആഡിനു് ചെയ്യുന്നതിനു് ഒരു സാധാരണ ആഡിറ്റർ മതിയെന്നാണ്.

ശ്രീ. എം. എം. ഹസ്സൻ: സഹകരണസംഘത്തിൽ ആഡിറ്റ് നടത്തുന്നത് ഇൻസ്പെക്ടർമാരും അസിസ്റ്റൻറ് രജിസ്ട്രാർ തസ്തികയിലുള്ളവരുമാണ്. ചാർട്ടേഡ് അക്കൗണ്ടൻസി പാസ്സായിട്ടുള്ള ആളുകളാണ് സി. എ. മാരായിട്ട് വരുന്നത്. ഇതു തമ്മിൽ വലിയ വ്യത്യാസമുണ്ട്. സഹകരണസംഘങ്ങളിലെ ഓഡിറ്റും ഇതും തമ്മിൽ വലിയ വ്യത്യാസമുണ്ട്. അങ്ങേയ്ക്ക് അതു അറിയാമല്ലോ?

ശ്രീ. വർക്കല രാധാകൃഷ്ണൻ: അറിയാം. ഞാനും ഹസ്സനുമൊക്കെ നടത്തുന്ന ട്രെയ്ഡ് യൂണിയനിൽ ചാർട്ടേഡ് അക്കൗണ്ടൻറാണ് ആഡിറ്റ് നടത്തുന്നത്. അവരുടെ സർട്ടിഫിക്കറ്റ് വേണം. അതു മതി ഇതിലും. ചാർട്ടേഡ് അക്കൗണ്ടൻറുകളാണല്ലോ രജിസ്റ്റേർഡ് ട്രെയ്ഡ് യൂണിയന്റെ അക്കൗണ്ട് ആഡിറ്റ് ചെയ്യുന്നത്. അതേ രീതി തന്നെയാണ് ഇതിനും. ഒരു ചുണയുള്ള മാനേജിംഗ് ഡയറക്ടർ വന്നാൽ എന്തെല്ലാം നടന്നുകൂടാ, എന്തെല്ലാം തിരിമറി നടത്തിക്കൂടാ? റിട്ടയേർഡായ ഒരു ചെയർമാനും കൂടിയാണെങ്കിൽ പിന്നെ ഫസ്റ്റായിരിക്കും സ്ഥിതി. അങ്ങനെയുള്ള വ്യവസ്ഥയാണ് ഈ നിയമത്തിൽ എഴുതിവച്ചിരിക്കുന്നത്. റിട്ടയേർഡ് ചെയ്ത ഒരു ഉദ്യോഗസ്ഥൻ ഇതിന്റെ അധികാരസ്ഥാനത്ത് വരികയും ഒരു സാധാരണ ആഡിറ്ററെക്കൊണ്ട് കോടിക്കണക്കിനു രൂപ ആഡിറ്റ് ചെയ്യുന്ന ഒരു നിയമവ്യവസ്ഥയുണ്ടാക്കുകയും ചെയ്താൽ എന്തായിരിക്കും സർ ഈ രാജ്യത്തെ സ്ഥിതി? നമ്മളും ഇതു ചിന്തിക്കേണ്ട കാര്യമാണ്. മാണി അത്ര കടുംപിടി പിടിക്കുന്ന ആളല്ല. അതുകൊണ്ട് ആഡിറ്റർ ആൻഡ് കംപ്ട്രോളർ ജനറലിനെക്കൊണ്ട് തന്നെ ഇതിന്റെ ആഡിറ്റും നടത്തണം.

LIBRARY ARCHIVES Kerala Legislative Assembly

രണ്ടാമത്തെ കാര്യം നികുതികളേർപ്പെടുത്തുന്നതിനെ സംബന്ധിച്ചാണ്. ഇതു ജനങ്ങളെ ബാധിക്കുന്ന കാര്യമാണ്. ഈ നിയമപ്രകാരമുള്ള ടാക്സസ് ആൻഡ് ചാർജസ് ആണ് ചാപ്റ്റർ 5—ൽ പറയുന്നത്. കോസ്റ്റ് ഓഫ് വാട്ടർ തുടങ്ങിയുള്ള ഇതിന്റെ നികുതികളും തീരുമാനിക്കുന്നത് ഈ ബോഡിയാണ്. അങ്ങനെയാണോ മറ്റുള്ള നിയമങ്ങളിലുള്ളത്; അല്ല. ആര് എന്ത് നികുതി പിരിക്കണമെന്നു തീരുമാനിക്കേണ്ടതു ഗവൺമെന്റായിരിക്കണം. ട്രാൻസ്പോർട്ട് കോർപ്പറേഷനിലെ ബസ് ചാർജ്ജ് തീരുമാനിക്കുന്നതു ഗവൺമെന്റാണ്. ഗവൺമെന്റ് തീരുമാനിക്കുന്ന ചാർജ് അനുസരിച്ചാണ് കെ. എസ്. ആർ. ടി. സി. ടിക്കറ്റടിച്ചു കളക്ഷൻ നടത്തുന്നത്. അല്ലാതെ കെ. എസ്. ആർ. ടി. സി. ക്ക് സർവ്വതന്ത്രസ്വതന്ത്രമായി ഈ രാജ്യത്തെ ടിക്കറ്റ് ചാർജ്, എന്തായിരിക്കണമെന്നു തീരുമാനിക്കുവാൻ നിയമത്തിൽ വ്യവസ്ഥയില്ല. ഗസറ്റിൽ നോട്ടിഫൈ ചെയ്തു ഒബ്ജക്ഷൻസ് കാംക്ഷ ഫോർ ചെയ്തു, ഗവൺമെന്റിന്റെ നോട്ടിഫിക്കേഷൻ വരുന്നതിന്റെയടിസ്ഥാനത്തിൽ മാത്രമാണ് കെ. എസ്. ആർ. ടി. സി. ബസ് ചാർജ് തീരുമാനിക്കുന്നത്. അല്ലാതെ അവർക്ക് സ്വന്തമായി തീരുമാനിക്കുവാൻ അവകാശമില്ല. ഈ നിയമത്തിലെ വ്യവസ്ഥയനുസരിച്ചു വാട്ടർ അതോറിറ്റിക്ക് തന്നിഷ്ടംപോലെ വെള്ളക്കരം ഏർപ്പെടുത്താം. ഗവൺമെന്റിനോടു ചോദിക്കേണ്ട. ജനങ്ങളുടെ അഭിപ്രായം ആരായേണ്ട. ഒരു നോട്ടിഫിക്കേഷൻ പുറപ്പെടുവിച്ചു ഒബ്ജക്ഷൻസ് കാംക്ഷ ഫോർ ചെയ്യേണ്ട കാര്യമില്ല. ഈ രാജ്യത്തെ ജനങ്ങളുടെ വെള്ളംകുടി മുട്ടിക്കുന്നതായിരിക്കും ഈ വ്യവസ്ഥകളെന്നുള്ളതുകൊണ്ട് ശ്രീമാൻ മാണി ഒന്നു ശ്രദ്ധിക്കണം. അല്ലെങ്കിൽ നമ്മളെല്ലാപേരും വെള്ളത്തിലാകും. അതുകൊണ്ട് വെള്ളത്തിന് സെസ് ഏർപ്പെടുത്തുന്ന കാര്യത്തിൽ ഗവൺമെന്റായിരിക്കണം ഫൈനൽ അതോറിറ്റി. ഗവൺമെന്റാകുമ്പോഴാ, ഗവൺമെന്റിനു ജനങ്ങളോട് ഉത്തരവാദിത്വമുണ്ട്. എന്തായിരിക്കണം വെള്ളത്തിന്റെ കരം, എന്തായിരിക്കണം വെള്ളത്തിനേർപ്പെടുത്തേണ്ട നികുതിയുടെ റേറ്റ് എന്നൊക്കെ തീരുമാനിക്കേണ്ടതു ജനങ്ങളോട് ഉത്തരവാദിത്വമുള്ള ഗവൺമെന്റായിരിക്കണം. ഏതു ഗവൺമെന്റ് എന്നുള്ളതല്ല പ്രശ്നം. ഗവൺമെന്റ് ഏതായാലും ഒരു ഗവൺമെന്റായിരിക്കണം. നികുതികളും ഏർപ്പെടുത്തുന്നതിൽ അവസാന തീരുമാനം എടുക്കേണ്ടതു നിർഭാഗ്യവശാൽ ഈ നിയമം നിലവിൽ വന്നുകഴിഞ്ഞാൽ നികുതി ഏർപ്പെടുത്തുന്നതിനുള്ള സ്വാതന്ത്ര്യം അതോറിറ്റിക്ക് വന്നുചേരും. റോഡ് ട്രാൻസ്പോർട്ട് കോർപ്പറേഷനിലുള്ള വ്യവസ്ഥകളും എന്തുകൊണ്ട് ഇവിടെയും ഏർപ്പെടുത്തിക്കൂടാ? വെള്ളക്കരം കൂട്ടുമ്പോൾ ഗവൺമെന്റ് നോട്ടിഫിക്കേഷൻ പുറപ്പെടുവിക്കണം. അതുപോലെതന്നെ നികുതികളും ഏർപ്പെടുത്തുമ്പോഴും. അതിനെല്ലാമുള്ള അധികാരം ഈ അതോറിറ്റിക്കു പൂർണ്ണമായി വിട്ടുകൊടുത്താൽ അത് ഇവിടത്തെ ജനങ്ങളോട് ചെയ്യുന്ന ഏറ്റവും വലിയ ദ്രോഹമായിരിക്കും. അതുകൊണ്ട് അതു മാറണമെന്നാണ് ഞാൻ പറയുന്നത്.

ഈ ബില്ല് ഇവിടെ അവതരിപ്പിച്ചുകൊണ്ട് വളരെ പ്രധാനപ്പെട്ട പല മാറ്റങ്ങളും വരുത്തിയെന്നു മന്ത്രി പറഞ്ഞു. ഈ സ്ഥാപനത്തെ സംബന്ധിച്ചിടത്തോളം ഫിനാൻസ് കൺട്രോൾ, ആർക്കാണ്? ആർക്കാണ് ഇതിന്റെ നിയന്ത്രണം? ഇവർ തയ്യാറാക്കുന്ന എസ്റ്റിമേറ്റു അക്കൗണ്ട്സും നിയമസഭയിൽ വയ്ക്കണമെന്നു വ്യവസ്ഥ ചെയ്തിട്ടുണ്ടോ? എപ്പോഴെങ്കിലും വച്ചാൽ മതിയോ? ഇലക്ട്രിസിറ്റി ബോർഡിലേയും അതുപോലെയുള്ള മറ്റ് സ്ഥാപനങ്ങളിലേയും

LIBRARY ARCHIVES Kerala Legislative Assembly

ആനുവൽ എസ്റ്റിമേറ്റ്സ് എത്രയോ വർഷങ്ങൾ കഴിഞ്ഞാണ് വയ്ക്കുന്നത്. അതുകൊണ്ട് ഒരു വർഷത്തെ എസ്റ്റിമേറ്റ്സ് തയ്യാറാക്കിയാൽ ഇന്ന മാസത്തിൽ അതു സമർപ്പിക്കണമെന്നു നിയമത്തിൽ വ്യവസ്ഥയുണ്ടോ? ഇതിന്റെ കണക്കുകൾ ഒരു സാമ്പത്തികവർഷത്തിൽ ഒരു പർട്ടിക്കുലർ ടൈമിനുള്ളിൽ ഒരു നിശ്ചിത മാസത്തിൽ നിയമസഭാവേദിയിൽ വയ്ക്കണമെന്നു വ്യവസ്ഥ ചെയ്യണം. അല്ലെങ്കിൽ വളരെക്കാലം കഴിഞ്ഞാണ് അതു സമർപ്പിക്കുന്നതെങ്കിൽ അതൊരു പോസ്റ്റ്മാർട്ടം സർട്ടിഫിക്കറ്റായി മാറും. അതൊരു പോസ്റ്റ് മാർട്ടം എക്സാമിനേഷനായിപ്പോകും. നമ്മുടെ സംസ്ഥാനത്തെ ഇലക്ട്രിസിറ്റി ബോർഡിന്റെ കണക്കുകൾ എത്രയോ വർഷം കഴിഞ്ഞു ഒന്നിച്ചാണ് നമുക്ക് കിട്ടുന്നത്. പലപൊതുമേഖലാസ്ഥാപനങ്ങളുടേയും കണക്കുകൾ കൃത്യമായി നിയമസഭയിൽ വയ്ക്കണമെന്നു വ്യവസ്ഥയുണ്ടായിരുന്നിട്ടും സഭയുടെ മുമ്പാകെ വയ്ക്കുന്നില്ല. അപ്പോൾ പിന്നെ ഇത്രയും അവ്യക്തമായി ഈ നിയമസഭയുടെ മുമ്പിൽ ഇന്ന പീരിയഡിൽ വയ്ക്കണമെന്നു പറയാതെ ആനുവലി എന്ന് ഇതിൽ പറഞ്ഞിരിക്കുന്നതാണ് ശ്രീ. മാണി മഹാകാര്യമായി ഇവിടെ പറഞ്ഞത്. അതുകൊണ്ട് അത് ഇന്ന മാസത്തിനുള്ളിൽ എന്നു സ്പെസിഫൈ ചെയ്യണം.

അതുപോലെ തന്നെ ബോറോയിംഗിനെ സംബന്ധിച്ച് ഒരു കണക്കു വേണ്ടേ? അതും ഇതിലില്ല. അതാണ് ഈ നിയമത്തിലെ മറെറാരു പോരായ്മ. ഇതിന്റെ സാമ്പത്തികമായിട്ടുള്ള നിലനിൽപ്പിനുവേണ്ടി നമ്മൾ ശ്രദ്ധിക്കേണ്ട കാര്യമാണിത്. അതിനൊന്നിനും ഈ നിയമത്തിൽ വ്യവസ്ഥയില്ല.

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. സി. ജോസഫ്]

എനിക്ക് കൂടുതലായിട്ട് പറയാനൊന്നുമില്ല. ഈ നിയമത്തെ സംബന്ധിച്ചിടത്തോളം മറെറാരപകടം കൂടിയുണ്ട്. കഴിഞ്ഞകാലമത്രയും പബ്ലിക് ഹെൽത്ത് എഞ്ചിനീയറിംഗ് ഡിപ്പാർട്ടുമെന്റിലെ അഡ്മിനിസ്ട്രേറീവ് വിഭാഗത്തിൽ പ്രവർത്തിച്ചിരുന്ന ആളുകൾക്ക് ഈ നിയമത്തിൽ 19–ാം വകുപ്പനുസരിച്ച് ഓപ്ഷൻ കൊടുക്കാൻ സൗകര്യമുണ്ട്. അക്കൗണ്ടൻസ്, സ്റെനോഗ്രാഫേഴ്സ്, അതുപോലെ അഡ്മിനിസ്ട്രേറീവ് അസിസ്റൻസ് ഫിനാൻസ് അസിസ്റൻസ്, ഡിവിഷണൽ അക്കൗണ്ടൻസ്, ടൈപ്പിസ്റസ്, ഇവർക്കെല്ലാം ഓപ്ഷൻ കൊടുത്തിട്ടുണ്ട്. ഗവൺമെൻറിൽ നിന്ന് നോട്ടീസ് കൊടുത്തിട്ട് ഒന്നുകിൽ അവർക്ക് ഗവൺമെൻറിൽ തുടരാം അല്ലെങ്കിൽ അതോറിറ്റിയിൽ എംപ്ലോയീസായി തീരാം. എന്നാൽ പബ്ലിക് ഹെൽത്ത് ഡിപ്പാർട്ടുമെൻറിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന എഞ്ചിനീയർമാരെ സംബന്ധിച്ചിടത്തോളം ഓപ്ഷനില്ല. ഞാൻ ഈ ബില്ല് വേണ്ട എന്നല്ല പറയുന്നത്. ശ്രീ. മാണിയെ സംബന്ധിച്ച് ഒരു കാര്യം ഓർമ്മപ്പെടുത്താനുണ്ട്. ഗുജറാത്ത് സംസ്ഥാനത്ത് ഈ നിയമം നിലവിൽ വന്നതിനുശേഷം ഒരു റീ–തിങ്കിങ് വേണ്ടി വന്നിരിക്കുന്നു. കാരണം അതിനൊരു സേഫ്ഗാഡില്ല. ഓപ്ഷനെന്ന് പറയുന്നത് ഒരു ജീവനക്കാരന്റെ മൗലികമായ അവകാശമാണ്. അയാളോട് ചോദിക്കണം. അങ്ങനെ ചോദിക്കാനുള്ള ഓപ്ഷനൊന്നും ഇതിനകത്തില്ല. ജീവനക്കാരെ സംബന്ധിച്ച് ഒരു പ്രൊവിസോയുമായി ഒചർത്ത് തങ്ങൾക്ക് ഇന്നയിന്ന സേഫ്ഗാഡ്, സെക്യൂരിറ്റി നൽകുന്ന ഏതു വ്യവസ്ഥ ഈ നിയമത്തിൽ ഉൾപ്പെടുത്തിയിട്ടില്ല എന്നുള്ള കാരണത്താൽ ഗുജറാത്തിലെ എഞ്ചിനീയർമാർ ഇപ്പോൾ അവിടത്തെ ഹൈക്കോടതിയിൽ കേസ് കൊടുത്തിരിക്കുകയാണ്. അവർ പറയുന്നത് വാട്ടർ അതോറ

LIBRARY ARCHIVES Kerala Legislative Assembly

റിയിൽ ഡെപ്യൂട്ടേഷനായി അംഗീകരിച്ച് ഞങ്ങളുടെ റിട്ടയർമെന്റ് ബെനിഫിറെല്ലാം ഗവൺമെന്റിൽനിന്നു കിട്ടണമെന്നാണ് അവരുടെ വാദഗതി. അത് അംഗീകരിച്ച് കഴിഞ്ഞാൽ പിന്നെ ഈ അതോറിറ്റി അതോടുകൂടി തീരും. അതുകൊണ്ട് അങ്ങനെ ഒരു സ്ഥിതിവിശേഷം ഉണ്ടാകാതെ ഇരിക്കാൻ വേണ്ടിയാണ് ഞാൻ ഇത് പറയുന്നത്. അവരെ സംബന്ധിച്ചിടത്തോളം സംരക്ഷണം ഇതിനകത്ത് പെടുത്തണം. അല്ലെങ്കിൽ ഈ അപകടം വരും.

അടുത്തതായി ഈ നിയമത്തെ സംബന്ധിച്ച് വേറൊരു അപകടം വരാനിടയുള്ളത് ലോക്കൽ ബോഡീസിന്റെ എംപ്ലോയ്യീസിനെ സംബന്ധിച്ചിടത്തോളമാണ്. ഇന്ന് കേരള സംസ്ഥാനത്ത് വാട്ടർ ഡിസ്ട്രിബ്യൂഷൻ നടത്തുന്നത് മുഴുവൻ ഗവൺമെന്റല്ല. ഈ രാജ്യത്തെ മേജർ മുനിസിപ്പാലിറ്റികളും, തിരുവനന്തപുരം കോർപ്പറേഷൻ ഒഴിച്ചുള്ള മറ്റ് കോർപ്പറേഷനുകളും, മുനിസിപ്പൽ കോർപ്പറേഷനും ആണ്. കോർപ്പറേഷൻ എന്ന് പറയുന്നത് പ്രൈവറ്റ് ഏജൻസിയാണ്. ഡിസ്ട്രിബ്യൂഷന്റെ ഏജൻസിയുമാണ്. ആ ജോലിയുമായി ബന്ധപ്പെട്ടിരിക്കുന്ന ലോക്കൽ ബോഡീസിലെ എംപ്ലോയീസിനെ സ്വാഭാവികമായും ഇതിനകത്ത് ഉൾക്കൊള്ളേണ്ടിവരും. അപ്പോഴാ വരാവുന്ന ഒരു അപകടം ഞാൻ ഇപ്പോഴേ ചൂണ്ടിക്കാണിക്കുകയാണ്: ഈ ലോക്കൽ ബോഡീസിലെ എംപ്ലോയീസിനെ ട്രാൻസ്ഫർ ചെയ്യുമ്പോഴും ഇതിൽ കൂടുതൽ അപകടം സംഭവിക്കും. അവരെ സംബന്ധിച്ചിടത്തോളം എങ്ങനെയാണ് ഇതിൽ നിലനിർത്തുക എന്നത് വേറൊരു പ്രശ്നം. അതിരിക്കട്ടെ. ഞാൻ പറഞ്ഞു വന്നത് വേറൊരപകടം ഈ നിയമനത്തെ സംബന്ധിച്ചിടത്തോളം സംഭവിക്കാനുള്ളതും പെൻഷന്റെ കാര്യമാണ്. ഈ ഡിപ്പാർട്ടുമെന്റിൽ പ്രവർത്തിച്ചുകൊണ്ടിരിക്കുന്ന ധാരാളം ആളുകൾ പെൻഷൻ പറ്റുന്നുണ്ട്. ഈ ബോർഡ് നിലവിൽ വന്നതിനുശേഷം അവർക്ക് ഈ അടുത്തകാലത്തൊന്നും പെൻഷൻ കിട്ടുകയില്ല. ഒന്നാമത് കംപ്ട്രോളർ ആൻഡ് ആഡിറ്റർ ജനറൽ ഇതിന്റെ അധികാര അതിർത്തിയിൽ വരുന്നില്ല. അതുകൊണ്ട് ഒരു ട്രാൻസിഷണൽ പീരിയഡ് എന്നുള്ള നിലയിൽ ഇതിലിരിക്കുന്ന പ്രധാന എഞ്ചിനീയർമാരെല്ലാം പെൻഷൻ പറ്റുമ്പോൾ അവരെ പഴയ ഗവൺമെന്റ് സർവെന്റ് എന്ന നിലയിൽ ഒരു ട്രാൻസിഷണൽ സ്റ്റേജിൽ തുടരാൻ അനുവദിച്ചില്ലെങ്കിൽ, 100 കണക്കിന്, ആയിരക്കണക്കിന് പെൻഷൻ പറ്റുന്ന എഞ്ചിനീയർമാരായ ഉദ്യോഗസ്ഥൻമാർക്ക് അവർ മരണമടഞ്ഞാലും അവരുടെ അനന്തരാവകാശികൾക്ക് പോലും പെൻഷൻ കിട്ടാൻ സാധിക്കാത്ത ഒരു സ്ഥിതി വിശേഷം ഇതിൽ അന്തർലീനമായിട്ടുണ്ട്. അതുകൊണ്ട് മാറ്റം വരുത്തുന്ന അവസരത്തിൽ പ്രധാനമായും ഒരു ട്രാൻസിഷൻ പീരിയഡിൽ ഇതിന് ഒരു സേഫ്ഗാഡ് ഏർപ്പെടുത്തണം.

അതുപോലെ വേറൊരു പ്രധാന ദോഷം പെൻഷൻ പറ്റുന്ന എഞ്ചിനീയർമാരുടെ നിയമനത്തെ സംബന്ധിച്ചാണ്. അത് ഇവിടെ ശ്രീ. തങ്കപ്പൻ ചൂണ്ടിക്കാണിച്ചതാണ്. അത് ഇനി റൂൾസിൽ ഉൾപ്പെടുത്തിയാൽ ശരിയാവുകയില്ല. Who is to take cognizance of the offence? ഒഫൻസ് വന്നു കഴിഞ്ഞാൽ there must be an authority to take cognizance of the offence. No authority is specified in this Act. Specific ആയിട്ട് പറയണം, ആരാണ് ഈ അതോറിറ്റിയെന്ന്. ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റാണോ, ബിലോ ദി റാങ്ക് ഓഫ് ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റാണോ, ഫസ്റ്റ് ക്ലാസ് മജിസ്ട്രേറ്റിനു താഴെയല്ലാതുള്ള ഒരു ഉദ്യോഗസ്ഥനെ, ഈ കോഗ്നൈസൻസ് എടുക്കാം. അയാളുടെ മുൻപിൽ ഹാജരാക്കുക്

LIBRARY ARCHIVES Kerala Legislative Assembly

അല്ലെങ്കിൽ ഒരു കംപ്ലയിൻറ് എഴുതി കൊടുത്ത് കോഗ്നൈസൻസ് എടുത്തതിനുശേഷം കോമ്പൗണ്ട് ചെയ്യാം. കോമ്പൗണ്ട് ചെയ്താൽ ഈ കേസ് പിൻവലിക്കാവുന്നതാണ്. അങ്ങനെ കോഗ്നൈസൻസ് എടുക്കുന്ന അതോറിറ്റി സ്പെസിഫൈ ചെയ്യാത്തിടത്തോളം കാലം അത് ഒരു റൂംസിൽ പറഞ്ഞാൽ പോരാ, സ്റ്റാറ്റ്യൂട്ടിൽ തന്നെ പറയണം. റൂംസിൽ പറഞ്ഞാൽ പോരാ, കോടതിയിൽ പോയാൽ തള്ളിപ്പോകും. അതുകൊണ്ട് സ്റ്റാറ്റ്യൂട്ടിൽ തന്നെ പറഞ്ഞില്ലെങ്കിൽ അപകടമാണ്. റൂംസ് മാത്രം എഴുതി വച്ചതുകൊണ്ടോ, കോഗ്നൈസൻസ് ഒരു അതോറിറ്റിയുടെ റൂംസിൽ പറഞ്ഞതുകൊണ്ടോ കോഗ്നൈസിന്റെ അതോറിറ്റി കിട്ടുകയില്ല. അതുകൊണ്ടാണ് ഈ നിയമത്തിൽ ആ നിലയിൽ ഒരു വ്യവസ്ഥ കൂടി ഉൾപ്പെടുത്തണമെന്ന് ബഹുമാനപ്പെട്ട മന്ത്രിയോട് പറയുന്നത്. അതല്ല; ഇതെല്ലാം നമ്മൾ ഇപ്പോൾ ചെയ്തില്ലെങ്കിൽ ഏറെ താമസിയാതെ ഭേദഗതികൾ കൊണ്ടുവരേണ്ടിവരും. ആ ബുദ്ധിമുട്ട് ഒഴിവാക്കുന്നതിനു വേണ്ടിയും ഇതിന്റെ ലീഗൽ വാലിഡിറ്റി പരിശോധിക്കാനും ഹൈക്കോടതിയിൽ പോകുകയാണെങ്കിൽ ഈ നിയമം തന്നെ കട്ട് ഓഫ് ചെയ്യാതിരിക്കാനും വേണ്ടിയാണ് ഞാൻ ഒരു മുന്നറിയിപ്പെന്ന നിലയിൽ ഈ അത്യാവശ്യകാര്യങ്ങൾ ഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്താൻ ആഗ്രഹിക്കുന്നത്. ഇങ്ങനെ അടിസ്ഥാനപരമായ ചില മാറ്റങ്ങൾ ഈ നിയമത്തിൽ വരുത്തണമെന്നും ഈ നിയമം സമ്പൂർണ്ണമാക്കണമെന്നും ഗവൺമെന്റിനോട് അഭ്യർത്ഥിച്ചുകൊണ്ട് ഞാൻ എന്റെ വാക്കുകൾ ഉപസംഹരിച്ചു കൊള്ളുന്നു.

ശ്രീ. ഇ. പത്മനാഭൻ: സർ, ഈ അതോറിറ്റി രൂപീകരിക്കാൻ ഓർഡിനൻസ് കൊണ്ടുവന്നുകഴിഞ്ഞ് രണ്ടര വർഷക്കാലമായി. അതോറിറ്റി ഓർഡിനൻസിന്റെ കീഴിൽ നടത്തിയിട്ടുള്ള ഭരണത്തിന്റെ ഒരു ഏകദേശ രൂപം നമുക്ക് ഇപ്പോൾ വ്യക്തമാണ്. അതുകൂടെ കണക്കിലെടുത്തുകൊണ്ട് വേണം ഈ നിയമം എന്ത് രൂപത്തിൽ ആയിരിക്കണമെന്നുള്ളതിനെ സംബന്ധിച്ച് ഒരു തീരുമാനമെടുക്കേണ്ടത്. നിയമത്തിൽ എന്ത് പറഞ്ഞാലും, നിയമ പുസ്തകങ്ങളിൽ എന്തുണ്ടായാലും അതൊന്നും തങ്ങൾക്ക് ബാധകമല്ല എന്ന രീതിയിൽ ഭരണം നടത്തുന്നവരുടെ മുൻപിൽ ഇപ്പോൾ ഏതൊരു നിയമവും ഉണ്ടാക്കിയിട്ട് വലിയ കാര്യമൊന്നുമില്ല. ഈ അതോറിറ്റി രൂപീകരിച്ച സമയത്ത് മറ്റ് സംസ്ഥാനങ്ങളിലെല്ലാം ചെയ്തപോലെ ശുദ്ധജല വിതരണ രംഗത്തും, അതുപോലെ മലിനജല നിർമ്മാർജ്ജന രംഗത്തും ചെയ്യേണ്ടതായ സാങ്കേതികവും, ശാസ്ത്രീയവുമായ സംവിധാനങ്ങൾ എന്ത് എന്നുള്ളതിനെക്കുറിച്ച് ആലോചിക്കുകയല്ല ചെയ്തത്. ഒന്നാമതായി കുറെ നിയമനങ്ങൾ നടത്തുക, രണ്ടാമതായി കുറെ പൈപ്പും മറ്റും വാങ്ങി സൂക്ഷിക്കുകയെന്നുള്ളതാണ് നടന്നത്. സാധാരണ നിലയിൽ മൂലധനത്തിൽ ഇത്രയേറെ ക്ഷാമമുള്ള നമ്മുടെ സംസ്ഥാനത്ത് ഇത്രയും വലിയ ഒരു ഇൻവൻറി ഹോൾഡിംഗ് എന്ന് വരുന്നതുപോലെ മണ്ടത്തരമായ വേറൊരു കാര്യവുമില്ല. പണം മുഴുവനും അതിന് വേണ്ടി വിനിയോഗിക്കുകയാണ്. വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് നമ്മുടെ രാജ്യത്ത് ഒഴുകിക്കൊണ്ടിരിക്കുന്നുവെന്ന് ഒരു പ്രചാരവേലയാണ് ഇവിടെ നടന്നു കൊണ്ടിരിക്കുന്നത്. സത്യത്തിൽ ഈ അതോറിറ്റി രൂപീകരിച്ച് രണ്ടര വർഷം കഴിഞ്ഞിട്ടും ഇന്നുവരെയും യാതൊരു സ്കീമും വേൾഡ് ബാങ്ക് അംഗീകരിക്കുകയോ, അതിന്റെ യാതൊരു പണവും ഇവിടെ ലഭിക്കുകയോ ചെയ്തിട്ടില്ല. വേൾഡ് ബാങ്ക് സ്കീം എന്നുള്ളത് നമ്മുടെ രാജ്യത്തിന് ഒരു അനുഗ്രഹമെന്നുള്ള നിലയിലുള്ള ഒരു പ്രചാരവേലയും ഇവിടെ

LIBRARY ARCHIVES Kerala Legislative Assembly

ന്നുവരികയാണ്. സർ, അതിന്റെ യാഥാർത്ഥ്യം ഒന്ന് പരിശോധിച്ചു നോക്കേണ്ടതാണ്. ഈ വേൾഡ്ബാങ്ക് സ്കീമിന്റെ ഒരു പ്രത്യേകത ഈ സ്കീമിന്റെ മൊത്തം തുകയിൽ അതിനാവശ്യമായ ഭൂമിയുടെ വില, അതുപോലുള്ള മാറ് ഫിക്സഡ് അസെറ്റ്സ് വരുന്നതെല്ലാം തന്നെ അവർ എസ്റ്റിമേറ്റിൽ നിന്ന് കണക്കിലെടുക്കുന്നില്ല. ബാക്കി വരുന്നതിന്റെ അൻപത് ശതമാനമാണ് അവർ അസിസ്റ്റൻസിനായിട്ട് കണക്കിലെടുക്കുന്നത്. ചുരുക്കത്തിൽ ഇപ്പോൾ 110 കോടി രൂപയുടെ വേൾഡ് ബാങ്ക് സ്കീം വരുന്നുവെന്നൊക്കെ പറഞ്ഞാൽ ഇവിടെ കിട്ടാൻ പോകുന്നത് കേവലം മുപ്പത്തിയഞ്ചോ, മുപ്പത്തിയേഴോ കോടി രൂപ മാത്രമാണ്. അതാണ് എട്ട് ശതമാനം പലിശ നിരക്കിൽ തിരിച്ചടയ്ക്കേണ്ടത്. ബാക്കിയുള്ള ഏകദേശം 63–ഓ 64–ഓ കോടി രൂപ നമ്മുടെ സംസ്ഥാനത്തു നിന്ന് ഉണ്ടാക്കേണ്ട സ്ഥിതിയാണുള്ളത്. ഇങ്ങനെ മുപ്പത്തിമൂന്നോ, മുപ്പത്തിയഞ്ചോ കോടി രൂപയ ക്കുള്ള വേൾഡ് ബാങ്ക് അസിസ്റ്റൻസ് സ്വീകരിക്കുന്നതുവഴി അവർക്കാണ് ഇരട്ടിനേട്ടം.

ഇതിന് മുൻപ് മുൻ മന്ത്രി നിയമസഭയിൽ പറയുകയുണ്ടായി; ഈ ശുദ്ധജല വിതരണ രംഗത്തെ പദ്ധതികളുടെ പ്രവർത്തനത്തിന്റെ 60, 65% അതിനുള്ള പൈപ്പും മറ്റും വാങ്ങുന്നതിനുവേണ്ടിയാണ് ചെലവാക്കുന്നതെന്ന്. വേൾഡ് ബാങ്കിന്റെ സ്കീം അനുസരിച്ച് സഹായം സ്വീകരിക്കുന്ന സമയത്തുള്ള ആദ്യത്തെ നിബന്ധന അതിന്റെ അടങ്കൽ തുകയിൽ നിന്ന് വാങ്ങുന്ന സാധനങ്ങൾ ആഗോള ടെൻഡർ അനുസരിച്ചായിരിക്കണമെന്നുള്ളതാണ്.

സർ, അങ്ങനെ ഇൻഡ്യയ്ക്കു പുറത്തുനിന്നും ആഗോള കുത്തകകളിൽ നിന്നും 110 കോടി രൂപയിൽ 60–65 കോടിരൂപയുടെ സാധനങ്ങൾ വിദേശത്തുനിന്ന് അല്ലെങ്കിൽ ആഗോള ടെൻഡറിന്റെ അടിസ്ഥാന
6 p.m.] ത്തിൽ മാത്രമേ വാങ്ങാവൂ എന്നുള്ള വ്യവസ്ഥയാണ് ആദ്യം ലഭിക്കുന്നത്. 35 കോടിരൂപ നമുക്കു വേൾഡ്ബാങ്കിൽ നിന്നും ലഭിക്കുക, 67 കോടിരൂപയുടെ വിദേശ സാധനങ്ങൾ വാങ്ങുക. ഇതാണ് വേൾഡ്ബാങ്ക് സ്കീം എന്നുള്ള രീതിയിൽ ഇവിടെ ഇപ്പോൾ നടപ്പാക്കിക്കൊണ്ടിരിക്കുന്നത്. വേൾഡ്ബാങ്ക് സ്കീമിനുവേണ്ടി പ്രത്യേകം കണക്കു സൂക്ഷിക്കണം. അതിനുവേണ്ടി പ്രത്യേകം ഓഫീസുകളും ഗസ്റ്റൻമാരുണ്ടായിരിക്കണം. അതിനുവേണ്ടി പ്രത്യേകം ഓഫീസുകളും ഉണ്ടാകണം. ഇതെല്ലാം തീരുമാനിച്ച് നമ്മുടെ സംസ്ഥാനത്ത് ഇപ്പോൾ നടപ്പായി കഴിഞ്ഞിരിക്കുകയാണ്. പല ആഗോള ടെൻഡറുകളും വരാൻ തുടങ്ങിയിരിക്കുന്നു. പക്ഷേ വേൾഡ് ബാങ്ക് ഇതുവരെ സ്കീം അംഗീകരിച്ച് നമ്മുടെ സംസ്ഥാനത്തിന് ഒരു പൈസ തന്നിട്ടില്ല. ഇവിടെ അംഗീകരിച്ച സ്കീമിനു കിട്ടേണ്ട തുക അനുസരിച്ച്, നിയമസഭയിൽ പറഞ്ഞ കണക്കനുസരിച്ച്, 40 കോടിരൂപയാണ് നമുക്കു വരാനുള്ളത് അടുത്ത അഞ്ചുകൊല്ലത്തിനുള്ളിൽ. ഈ 1990 ജലദശകം കഴിയുന്നതിനുള്ളിൽ 40 കോടിരൂപ എന്നു പറഞ്ഞാൽ ശരാശരി 8–9 കോടി രൂപയാണ് ഒരു വർഷത്തിൽ വരേണ്ടത്. അത് ഇതുവരെ വന്നിട്ടില്ല. അതേസമയം വേൾഡ്ബാങ്ക് സ്കീം എന്നുള്ളതിന്റെ പേരിൽ ഓഫീസുകളും ഉദ്യോഗസ്ഥൻമാരുടെ തസ്തികകളും സൃഷ്ടിച്ചുകൊണ്ട് ചെലവിനങ്ങൾ എല്ലാം നടത്തിക്കഴിഞ്ഞിരിക്കുന്നു. പൈപ്പുകളെല്ലാം വാങ്ങികഴിഞ്ഞിരിക്കുന്നു. ആഗോള ടെൻഡറിന്റെയെല്ലാം പണികളും നടന്നു കഴിഞ്ഞിരിക്കുന്നു. നമ്മുടെ രാജ്യത്ത് വ്യവസായങ്ങൾക്ക് യാതൊരു വിധത്തിലും

LIBRARY ARCHIVES Kerala Legislative Assembly

മെച്ചം ഉണ്ടാകുന്ന സ്ഥിതിവിശേഷം ശുദ്ധജല വിതരണരംഗത്തുണ്ടാകുന്ന പദ്ധതികൊണ്ട് പ്രതീക്ഷിക്കാൻ നിവർത്തിയില്ല.

ഇതുമാത്രമല്ല. വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് സ്വീകരിച്ചാൽ ഉണ്ടാകാവുന്ന ഒരു പ്രത്യേകത എന്താണ്. ശുദ്ധജലത്തിന് കേന്ദ്ര ഗവൺമെന്റു പറയുന്ന രീതി ആക്സിലറേറ്റഡ് റൂറൽ വാട്ടർസപ്ലൈ സ്കീം (ARWS) അനുസരിച്ചാണെങ്കിൽ അത് സൗജന്യമാണ്, അതിന് മുഴുവനും കേന്ദ്രഗ്രാന്റാണ് ലഭിക്കുന്നത്. എൽ. ഐ. സി. യുടെ ലോൺ ഉണ്ടെങ്കിൽ അവരതിന് കണക്കു വയ്ക്കണമെന്നുമാത്രമേ പറയുന്നുള്ളൂ. അതിന് വേണ്ട പ്രത്യേകമായൊരു സംവിധാനമുണ്ടാകണം. അതിന് പ്രത്യേകമായൊരു ഓർഗനൈസേഷനുണ്ടാകണം, അതായത് ഈ ലോണെല്ലാം തിരിച്ചടയ്ക്കുന്നതിന് ആവശ്യമായ കണക്കെല്ലാം സൂക്ഷിക്കുന്നതിന് ആവശ്യമായ ഒരു സംവിധാനമുണ്ടാകണമെന്നു മാത്രമേ പറയുന്നുള്ളൂ. വേൾഡ് ബാങ്ക് രംഗത്തു വന്നപ്പോൾ അവർ പറയുന്നത് ഇത് പോര, കമേഴ്സ്യൽ അടിസ്ഥാനത്തിലായിരിക്കണമെന്നാണ്. ഈ സ്കീംപ്രകാരം വിതരണം ചെയ്യുന്ന വെള്ളത്തിന്റെ സാധാരണനിലയിലുള്ള ഡിസ്ട്രിബ്യൂഷൻ ലോസ്സിനുള്ള 15 ശതമാനം എന്ന മാർജിൻ വിട്ടുകഴിഞ്ഞാൽ 85 ശതമാനവും വിലയ്ക്കായിരിക്കണം വിൽക്കുക എന്നതാണ് മറ്റൊരു നിബന്ധന. കാലവർഷം അനുഗ്രഹിച്ച് സുലഭമായി നമുക്കു ലഭിക്കുന്ന വെള്ളം, രാജ്യത്തെ ജനങ്ങൾക്ക്, ദാഹംതീർക്കുന്നതിന് വെള്ളം കുടിക്കുന്ന സമയത്തു അത് വിലകൊടുത്തു വാങ്ങിക്കണമെന്നോ? അങ്ങനെയൊരു അവസ്ഥയിലേക്ക് എത്തുകയാണ് ഈ വേൾഡ് ബാങ്ക് സ്കീമും അതിന്റെ അനുബന്ധമായ നിബന്ധനകളും വഴി ഇവിടെ വന്നുചേർന്നുകൊണ്ടിരിക്കുന്നത്. ഇവിടെ ശുദ്ധജലരംഗത്ത് എന്തു വിപ്ലവം നടത്തിയാലുംശരി ഇങ്ങനെയൊരു ഗതികേടിലേയ്ക്ക് കേരളത്തെ കൊണ്ടുചെന്ന് എത്തിക്കുന്ന ഒരു അവസ്ഥ ഉണ്ടാകരുതായിരുന്നു. ഇതിന്റെ ആവശ്യമില്ല. ഇൻഡ്യയിൽത്തന്നെ ഈ ആക്സിലറേറ്റഡ് റൂറൽ വാട്ടർസപ്ലൈയ്ക്ക് വേണ്ടി ഗവൺമെന്റ് ഓഫ് ഇൻഡ്യ നൽകുന്ന ഗ്രാന്റുണ്ട്. ഗവൺമെന്റ് ഓഫ് ഇൻഡ്യ ശുദ്ധജലവിതരണത്തിന് വേണ്ടി നൽകുന്ന ലോണുണ്ട്. അതുമാത്രമല്ല, 'ഹഡ്കോ ഇതിനുവേണ്ടി പണം കൊടുക്കുന്നുണ്ട്. കർണ്ണാടക സ്റ്റേറ്റിലേയും മറ്റുമുള്ള രേഖകളിൽ കാണുന്നു ഹഡ്കോപോലുള്ള സ്ഥാപനങ്ങളും ശുദ്ധജല വിതരണത്തിന് പണം കൊടുക്കുന്നുണ്ട് എന്ന്. എൽ. ഐ. സി. യും പണം കൊടുക്കുന്നുണ്ട്. വിദേശരാജ്യത്തുനിന്നും ഇങ്ങനെയുള്ള വ്യവസ്ഥകളോടെ, സാധനസാമഗ്രികളും എല്ലാം ആഗോള ടെൻഡർ അനുസരിച്ച് വാങ്ങണം. അതും അവർ തരുന്ന പണത്തിന്റെ ഇരട്ടിത്തുകയ്ക്കുള്ള സാധനങ്ങൾ വാങ്ങണം, കുടിക്കാൻ പച്ചവെള്ളത്തിനു വില ഈടാക്കണം എന്നീ നിബന്ധനകളും എന്തിനാണ് സ്വീകരിക്കുന്നത്. നമ്മുടെ രാജ്യത്തുള്ള ഏതെങ്കിലും ബാങ്കിങ്ങ് സ്ഥാപനങ്ങളിൽ നിന്നും പലിശയ്ക്ക് പണം വാങ്ങിയാൽ പോലും ഇത്രയും വലിയ നഷ്ടമോ ഒരു രാജ്യത്തിന് ദ്രോഹമോ വരില്ല. രാജ്യത്തെ ശുദ്ധജലത്തിന് വില നിശ്ചയിച്ച് കൊടുക്കണം എന്നുള്ള വേൾഡ്ബാങ്ക് കണ്ടീഷൻ സ്വീകരിക്കുന്നതുകൊണ്ട് അതോറിറ്റി രൂപീകരിച്ചാൽ ഏതെങ്കിലും ഉദ്യോഗസ്ഥൻമാർക്കും ഭാഗ്യാന്വേഷികൾക്കും വല്ല ഉയർന്ന തസ്തികയും കിട്ടുമായിരിക്കും. അതുപോലെ പലർക്കും നല്ലകാലം വന്നിരിക്കും.

നാട്ടിൽ ഒഴിഞ്ഞുകിടന്നിരുന്ന തരിശുസ്ഥലങ്ങൾക്കെല്ലാം നല്ല വാടകയായിരിക്കുന്നു. ഈ അതോറിറ്റി വാങ്ങിക്കൂട്ടിയിട്ടുള്ള പൊട്ടിയ

LIBRARY ARCHIVES Kerala Legislative Assembly

പൈപ്പുകൾ സൂക്ഷിക്കുന്ന തരിശുസ്ഥലങ്ങൾക്ക് വാടകയാണ്. ഞാൻ അന്വേഷിച്ചപ്പോൾ തൊടുപുഴയിൽമാത്രം അവിടെ പൊട്ടിക്കിടക്കുന്ന പൈപ്പുകൾ കിടക്കുന്ന സ്ഥലത്തിന് മാത്രം പ്രതിമാസം 2,500 രൂപ വാടകയായി കൊടുക്കുന്നുണ്ട്. അങ്ങനെ കേരളം മുഴുവനും സ്വകാര്യ വ്യക്തികളുടെ സ്ഥലങ്ങളിൽ ഇതുപോലുള്ള സാധനസാമഗ്രികൾ മഴയും വെയിലുംകൊണ്ട് കിടക്കുന്നതിനുവേണ്ടി ഇപ്പോൾ പതിനായിരക്കണക്കിന് രൂപയാണ് വാടകകൊടുത്തു കൊണ്ടിരിക്കുന്നത്. ഇതൊന്നും ഉപയോഗക്ഷമമായിട്ടുള്ള പൈപ്പുകൾ അല്ല. സാധാരണയുള്ള ജലത്തിന്റെ സമ്മർദ്ദംപോലും താങ്ങാൻ കഴിയാതെ ഗുണനിലവാരംകുറഞ്ഞ പൈപ്പുകളാണ് ഈ അതോറിറ്റി വാങ്ങിക്കൂട്ടിയിരിക്കുന്നത്. ഉപയോഗശൂന്യമായ സാധനങ്ങൾ വാങ്ങിക്കുന്നതിന് വേണ്ടിയാണ് ഈ രൂപ ചെലവഴിക്കുന്നത്. കടലിൽക്കൊണ്ടുപോയി കെട്ടിത്താഴ്ത്തിയെങ്കിലും ഈ വാടകയിനത്തിലെ ദുർവിനിയോഗം അവസാനിപ്പിക്കാൻ ജലസേചനവകുപ്പു മന്ത്രി ഒരു സംവിധാനമുണ്ടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. അറബിക്കടലിൽകൊണ്ടുപോയി കെട്ടിത്താഴ്ത്തിയാലും ലാഭമാണ്. ഈ രീതിയിൽ വാടകകൊടുത്തുകൊണ്ട് തരിശുസ്ഥലങ്ങളെടുത്ത് അവിടെ പൊട്ടിയ പൈപ്പുകളും അതുപോലുള്ള സാധനങ്ങളും കുന്നുകൂട്ടിയിടുന്നതിനുവേണ്ടി പണം ചെലവഴിക്കുന്നത് അവസാനിപ്പിക്കണം. അതിനു വേണ്ടിയാണോ വേൾഡ്ബാങ്കിൽനിന്നും പണം വാങ്ങുന്നത്. ഈ രാജ്യത്തെ ജനങ്ങൾക്ക് ഒരു ഗ്ലാസ് വെള്ളംകുടിക്കുന്നതിന് പലിശയടക്കമുള്ള വില കൊടുക്കേണ്ടിവരുന്ന ഒരു സ്ഥിതിവിശേഷത്തിൽനിന്നും ഈ രാജ്യത്തെ രക്ഷിക്കണം.

സർ, ഇതുവരെയുള്ള പ്രവർത്തനം എടുത്തുപരിശോധിച്ചാൽ കാണാൻ കഴിയുന്നത് അപമാനകരമായ വ്യവസ്ഥകൾ അംഗീകരിച്ചു എന്നാണ്. വേൾഡ് ബാങ്ക് ഉദ്യോഗസ്ഥൻമാരുടെ ഇഷ്ടം അനുസരിച്ച് അവർ പറയുന്ന രീതിയിൽ സ്കീമുകൾ നടന്നിട്ടില്ലെങ്കിൽ, അവരുടെ കണ്ടീഷൻസ് തൃപ്തിയായി പൂർത്തീകരിച്ചിട്ടില്ലെങ്കിൽ ഈ വായ്പ പിൻവലിക്കാം, അല്ലെങ്കിൽ ഏതുസമയത്തും ഇതിന്റെ പ്രവർത്തനത്തിൽ ഇടപെടാനുള്ള സ്വാതന്ത്ര്യം ഉണ്ടായിരിക്കും എന്നാണ് കാണുന്നത്. അതുകൊണ്ട് ഈ വേൾഡ് ബാങ്കിന്റെ പേരിൽ നാളിതുവരെ കേരളസംസ്ഥാനത്തിനോ ഈ അതോറിറ്റിക്കോ ഒരു നയാപൈസപോലും ലഭിക്കാതെയാണ് ഈവിധം അവരുടെ വ്യവസ്ഥകൾ പൂർണ്ണമായും നടപ്പാക്കിക്കൊണ്ട്, ഭീമമായ തുക ചെലവഴിച്ചുകൊണ്ട്, വമ്പിച്ച നഷ്ടം വരുത്തിക്കൊണ്ട് ഈ അതോറിറ്റി പ്രവർത്തിച്ചുവന്നത്.

നമ്മുടെ രാജ്യത്ത് തിരുവാതിര ഞാറ്റുവേലയിൽ പെയ്യുന്ന മഴവെള്ളത്തിനുപോലും വില കൊടുത്തിട്ടുവേണം ജനങ്ങൾക്ക് കുടിക്കാനെന്ന സ്ഥിതിയിലേയ്ക്കുവരെ ഈ നാടിനെ കൊണ്ടുചെന്ന് എത്തിച്ചിരിക്കുന്നു!

സർ, ഈ അതോറിറ്റിയുടെ വേൾഡ്ബാങ്ക് സ്കീം അനുസരിച്ച പരിപാടികൾക്കായി വാഷിംഗ്ടണിലേയ്ക്കുപോയിട്ടുള്ള ഉദ്യോഗസ്ഥൻമാർക്ക് ചെലവായ ടി എ. എങ്കിലും ലോണായി കിട്ടിയാൽ മതിയായിരുന്നു. അതുപോലും കിട്ടുന്നില്ല. അവർ എത്രതവണപോയി. ഇനി എത്രതവണ പോകേണ്ടിവരും? ഇന്നുവരെ ഒരു പൈസ കിട്ടിയിട്ടില്ല കേരളത്തിലെ സാധാരണ ജനങ്ങൾ മനസ്സിലാക്കുന്നത് വേൾഡ്ബാങ്കാണ് അവർക്ക് കുടിക്കുന്ന വെള്ളം എത്തിച്ചിരിക്കുന്നത് എന്നാണ് ഈ രീതിയിൽ വളരെ ഫലപ്രദമായിട്ടുള്ള പ്രചാരണവേലയാണ് നമ്മുടെ

LIBRARY ARCHIVES Kerala Legislative Assembly

പബ്ലിക് റിലേഷൻസ് ഡിപ്പാർട്ടുമെന്റും ഫിലിം ഡെവലപ്പ്മെന്റ് കോർപ്പറേഷനും ഉപയോഗിച്ച് ഈ അതോറിറ്റി നടത്തിക്കൊണ്ടിരിക്കുന്നത്. അവർ സിനിമവരെ നിർമ്മിച്ചിരിക്കുന്നു. ഗാന്ധാരൻ യഥാർത്ഥത്തിൽ ഒരു ഗാന്ധാരനായിട്ടുതന്നെ അവതരിച്ചിരിക്കുകയല്ലേ! അദ്ദേഹം ശുദ്ധജലം എത്തിക്കുന്നതിൽ ഒരു വിപ്ലവംതന്നെ നടത്തിയിരിക്കുകയാണ്; വേൾഡ് ബാങ്കിന്റെ സ്കീം ഉപയോഗിച്ചുകൊണ്ട്! .....അങ്ങനെ പോകുന്നു പ്രചാരവേല. സത്യത്തിൽ 20—ഇന പരിപാടിയിൽ ശുദ്ധജലവിതരണംകൂടി ഉൾപ്പെടുത്തി അങ്ങനെ കേന്ദ്രം കുറെ പണം ലഭ്യമാക്കി. എങ്ങനെയോ അന്താരാഷ്ട്ര നിലവാരത്തിൽ ഒരു ശുദ്ധജല ദശകം തുടങ്ങാൻ ഇടയായി. ഈ രണ്ടു സാഹചര്യങ്ങളും ഉപയോഗിച്ചു കൊണ്ടാണ് ഇന്നത്തെ ജലവിതരണ സ്കീം വന്നിട്ടുള്ളത്.

ശ്രീ. എസ്. ആർ. തങ്കരാജ്: സർ, മുൻമന്ത്രി ഗാന്ധാരൻ ഈ ഗാന്ധാജലം വിതരണം ചെയ്തതിന്റെ പേരിൽ അദ്ദേഹത്തിന്റെ പടം പ്രദർശിപ്പിച്ചിരുന്നുവെന്നുള്ള വിവരം താങ്കൾക്ക് അറിയാമോ?

ശ്രീ. ഇ. പത്മനാഭൻ: സർ, അദ്ദേഹത്തിന്റെ ഒരു പടമല്ല. അദ്ദേഹം അഭിനയിക്കുന്ന ഒരു സിനിമതന്നെ ഷൂട്ട് ചെയ്തിട്ടുണ്ട്. അദ്ദേഹം അക്കാര്യത്തിൽ അത്ര മോശക്കാരനൊന്നുമല്ല. ഒന്നുമില്ലെങ്കിലും പബ്ലിസിറ്റി ജോറാവണം. വേൾഡ്ബാങ്കിൽനിന്നും ഒരു പൈസകിട്ടാതെ വേൾഡ്ബാങ്കാണ് ഇവിടെ വെള്ളം തരുന്നത് എന്ന് അദ്ദേഹത്തിന് സ്ഥാപിക്കാൻ കഴിഞ്ഞല്ലോ. അദ്ദേഹത്തിന്റെ വീരപരാക്രമങ്ങളെപ്പറ്റി പറയാൻ ഈ സമയം പോരാ. അതുകൊണ്ട് ഞാൻ അതിലേയ്ക്ക് കടക്കുന്നില്ല.

സർ, ഈ അതോറിറ്റിയുടെ പ്രവർത്തനം ഇക്കാര്യത്തിൽ മാത്രമല്ല മറ്റു പലതുകൊണ്ടും ശ്രദ്ധേയമാണ്. ഒരുഭാഗത്തു അതോറിറ്റി പൈപ്പും മറ്റും വാങ്ങി ടൂർവിനിയോഗം നടത്തിയെങ്കിൽ മറുഭാഗത്തു കുറെ നിയമനങ്ങളാണ് നടത്തിയത്. ഈ അതോറിറ്റിയുടെ നിയമം അനുസരിച്ചുള്ള ഒരു റൂളും കൊണ്ടുവരാതെ, ഒരു റെഗുലേഷനും കൊണ്ടുവരാതെ രണ്ടരവർഷം തികയുകയാണ്. അതിന്റെ പ്രവർത്തനങ്ങളെ സംബന്ധിച്ച്, നിയമപ്രകാരമുള്ള ഉത്തരവാദിത്വം നിർവ്വഹിക്കുന്നതിലുള്ള നടപടിക്രമങ്ങൾ എന്താണെന്ന് വ്യക്തമാക്കാത്തത് ശ്രദ്ധിയ്ക്കപ്പെടേണ്ടതാണ്. ഗവൺമെന്റുപോലും അറിയാതെ, റെഗുലേഷൻ രൂപീകരിക്കുന്നതിനു മുമ്പ്, പേപ്പറിൽ അഡ്വർട്ടൈസ്മെന്റു നടത്തിക്കൊണ്ട് കുറെ നിയമനം നടത്തിക്കഴിഞ്ഞിരിക്കുകയാണ്. ഈ ബില്ലിൽ ഇതൊരു ലോക്കൽ അതോറിറ്റിയായിരിക്കുമെന്നൊരു പ്രഖ്യാപനം നടത്തി. അതാണ് സെക്ഷൻ മൂന്നിലെ മൂന്നാം ഉപവകുപ്പ്. (ക്ലാസ് 3, സബ് ക്ലാസ് 3 "The authority shall for all purposes be deemed to be a local authority" എന്നതിൽ പറഞ്ഞിട്ടുണ്ട്. 'Kerala Public Service Commission (Additional Functions as respects the Services under Local Authorities) Act, 1973." ഈ ആക്ട് അനുസരിച്ച് 'ലോക്കൽ അതോറിറ്റി' എന്നു പറയുന്ന ഏതൊരു സ്ഥാപനത്തിനും അതിലെ സെക്ഷൻ 3 ബാധകമാണ്. അത് പറയുന്നത്: Functions of the Public Service Commission in respect of services under local authorities:—(I) Notwithstanding anything contained in any law relating to the recruitment and conditions of service of officers and servants of local authorities or any rule, bye-law or regulations made under any such law, the Public Service Commission shall be consulted—(a) on all matters relating to methods of recruitment to services and posts under a local

LIBRARY ARCHIVES Kerala Legislative Assembly

authority: (b) on the principles to be followed in making appointments to services and posts under a local authority and in making promotions and transfers from one service to another and on the suitability of candidates for such appointments, promotions or transfers and it shall be the duty of the Public Service Commission to advice on any matter so referred to them:

സർ, ഇതു നമ്മുടെ നിയമസഭ അംഗീകരിച്ച "Kerala Public Service Commission (Additional Functions as respects the services Under Local Authorities) Act, 1973"-ൽ ഉള്ളതണ്. ഈ നിയമം നിലനിൽക്കുന്നിടത്തോളം കാലം ഒരു അതോറിറ്റിയാണെന്ന് ഈ ഓഡിനൻസിൽ പ്രഖ്യാപിച്ചിട്ടുള്ള ഈ വാട്ടർ ആൻറ് വെയ്സ്റ്റ് വാട്ടർ അതോറിറ്റിയിൽ പബ്ലിക് സർവ്വീസ് കമ്മീഷന്റെ കൺസംട്ടേഷനോ അവരോട് ചോദിക്കാതെയോ ഒരാളിനെ നിയമിക്കുന്നതിന് നിയമസാധുതയില്ല. ഒരു നിയമം ഈ ഗവൺമെൻറ് ഉണ്ടാക്കുന്നതിനും നിയമസാധുതയില്ല. എന്നാൽ ഈ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതിന്റെ ജീവനക്കാരെ ബാധിക്കുന്ന സ്പെഷ്യൽ റൂംസ് എന്നുപറഞ്ഞ് ഒരു റൂം ഇറക്കുകയുണ്ടായി. കേരളാ പബ്ലിക് സർവ്വീസ് കമ്മീഷനുമായി കൺസംട്ടേഷൻ ആ കാര്യത്തിൽ ഉണ്ടായില്ല: പോസ്റ്റ് ബോക്സ് നമ്പരിട്ട് സ്ഥാപനത്തിന്റെ പേരു പറയാതെ കൈക്കൂലി വാങ്ങി കുറേ ആളുകളെ നിയമിച്ചിട്ടുണ്ട്. കുറേ സ്വന്തക്കാരെ നിയമിച്ചിട്ടുണ്ട്. അതുപോലെ തന്നെ കുറേ ആഭാസൻമാരേയും കയറ്റി ഇരുത്തിയിട്ടുണ്ട്. അതിനൊന്നും നിയമസാധുതയില്ല. നിയമസഭ നിയമം പാസ്സാക്കിയാൽ പോര നിയമം പാലിക്കണം. നിയമം പാലിക്കാൻ ഇന്നു തയ്യാറാകുന്നില്ല. ഇത് മാത്രമാണോ? അതോറിറ്റി രൂപീകരിക്കുന്നതിന് മുമ്പ് ഈ ഡിപ്പാർട്ടുമെൻറിൽ ജോലി ചെയ്തിരുന്ന കുറേ ജീവനക്കാർ ഉണ്ട്. അവർ താൽക്കാലിക ജീവനക്കാരാണെന്നാണ് പറയുന്നത്. നിയമം ഒന്നും ബാധകമല്ലാതെ പുതിയ ആളിനെ നിയമിക്കാം. പക്ഷേ പഴയ ആൾക്കാരെ പിരിച്ചുവിട്ടിരിക്കുന്നു. നാലും അഞ്ചും വർഷം സർവ്വീസായി, ഏജ് ഓവറായി മറ്റൊരു ജോലിക്കോ, ഇനി എംപ്ലോയ്മെൻറ് എക്സ്ചേഞ്ചിൽ പോലും രജിസ്റ്റർ ചെയ്യാൻ പറ്റാത്ത അവസ്ഥയിലാക്കി അവരെ പിരിച്ചുവിട്ടിരുന്ന ഒരു സ്ഥിതിയാണ് ഇതുവരെ ഉണ്ടായിട്ടുള്ളത്. ഈ നിയമം നടപ്പിലാക്കുന്നതിന് മുമ്പുതന്നെ ഇന്നത്തെ ഈ ഓർഡിനൻസ്ഭരണത്തിന്റെ ചെയ്തികളെപ്പറ്റി ചിന്തിക്കേണ്ട ചില കാര്യങ്ങൾ കഴിഞ്ഞ രണ്ടരക്കൊല്ല കാലമായി നടന്നിട്ടുണ്ട് എന്ന് കാണണം. നിലവിലുള്ള എല്ലാ നിയമങ്ങളേയും ഈ ഓർഡിനൻസിലുള്ള വകുപ്പുകളേയും പരസ്യമായി കാറ്റിൽ പറത്തിക്കൊണ്ട് ഉള്ള ഒരു താന്തോന്നിത്ത ഭരണമാണ് ഈ അതോറിറ്റിയിൽ നടന്നിട്ടുള്ളത്. ഇതൊന്ന് തിരുത്താൻ തയ്യാറാകണം എന്നാണ് എനിക്ക് പറയാനുള്ളത്. അതുപോലെതന്നെ ഇതിലെ ജീവനക്കാരെ സംബന്ധിക്കുന്ന ഭേദഗതം ഇതിന്റെ 19-ാം വകുപ്പിൽ ആയിരുന്നാലും ശരി 8-ാം വകുപ്പിലായിരുന്നാലും ശരി നിയമം ഉണ്ടാക്കാനുള്ള അധികാരം അതിൽ ഉണ്ടെന്ന് പറഞ്ഞാൽ അത് ഈ ലോക്കൽ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം 1973-ലെ നിയമത്തിന് വിധേയമാണ് എന്നുള്ളത് വളരെ വ്യക്തമായി ഇവിടെ പ്രഖ്യാപിച്ചിട്ടുണ്ട്. എന്നാൽ അത് പരിഗണിക്കാതെയാണ് പുതിയ നിയമങ്ങൾ ഉണ്ടാക്കിയത്. പബ്ലിക് സർവ്വീസ് കമ്മീഷനെ കൺസംട്ട് ചെയ്തിട്ടില്ല. ഇത് മാത്രമല്ല പഴയ ജീവനക്കാർക്ക് ഭരണഘടനയുടെ 309-ാം വകുപ്പിന്റെ പരിരക്ഷയും അതുപോലെതന്നെ കേരളത്തിലുള്ള പബ്ലിക് സർവ്വീസ് ആക്ടിന്റെ പരിരക്ഷയും ലഭിച്ചിട്ടുള്ള ജീവനക്കാരെയാണ് ഒരു ഓപ്ഷൻ ഇല്ലാതെ അവരുടെ തസ്തിക മുഴുവനും ഒന്നിച്ച് മറ്റൊരു സ്ഥാപനത്തിലാക്കി മാറ്റിയത്. അവരുടെ മുഴുവനും ഒന്നിച്ച്

LIBRARY ARCHIVES Kerala Legislative Assembly

ഡിപ്പാർട്ടുമെന്റ് അതുപോലെ ഇല്ലാതാവുകയാണ് ചെയ്തത്. അവർക്ക് ഓപ്ഷൻ കൊടുക്കാനുള്ള അവകാശമില്ല. അവർക്ക് ഓപ്ഷനിൽ നൽകാൻവേണ്ടി മറെറാരു സ്ഥാപനമില്ല. അങ്ങനെ വരുന്നത് ഇത് ആദ്യമായിട്ടല്ല. കേരളത്തിൽ മാത്രമല്ല, ഇൻഡ്യയിൽ ആകെ സംസ്ഥാന പുനഃസംഘടന വന്ന കാലഘട്ടത്തിലാണ് ഇതുപോലൊരു പ്രശ്നം ഉണ്ടായത്. അതുപോലെതന്നെ ആന്ധ്രാ സെപ്പറേഷന്റെ കാലത്ത് ഉണ്ടായി. അന്ന് കേന്ദ്ര സർക്കാർ വളരെ വ്യക്തമായി നിർവ്വചിച്ച ചില കാര്യങ്ങളുണ്ട് നിലവിലുള്ള സേവന–വേതന വ്യവസ്ഥകളേക്കാളും മോശമല്ലാത്ത സേവന–വേതന വ്യവസ്ഥകളും ഉണ്ടാകുമെന്നുള്ള ഉറപ്പോടുകൂടി മാത്രമേ, അതിനുള്ള നിയമപരമായ പരിരക്ഷകളും ഉണ്ടായതിനുശേഷമേ നിലവിലുള്ള സേവന-വേതന വ്യവസ്ഥകളും മാറാവൂ എന്നാണ് അംഗീകൃതമായിട്ടുള്ള വ്യവസ്ഥ. ഭരണഘടനയിൽത്തന്നെ ജീവനക്കാരെ പൊതു മേഖലാ സ്ഥാപനങ്ങളിലേക്ക് മാറുന്ന സമയത്ത് ഈ പരിരക്ഷകളും പാലിക്കുമെന്നും വളരെ വ്യക്തമായിട്ട് അതാത് നിയമത്തിൽ പറയുന്ന പതിവുണ്ട്. S.R.C. Act-ൻമേൽ നമ്മുടെ പാർലമെന്ററിൽ നടന്ന ഡിബേറ്റിൽ ആ കാര്യം വളരെ വ്യക്തമായും ഉറപ്പിച്ചും ആവർത്തിച്ചും പറഞ്ഞിട്ടുള്ള കാര്യങ്ങളാണ്. എന്നാൽ അത് ഒന്നും ഇവിടെ പ്രശ്നമല്ലത്രെ! മറെറ് സംസ്ഥാനങ്ങളിൽ ഇതുപോലുള്ള നിയമം വന്നു. 1964–ൽ വന്നതാണ് മൈസൂരിലെ ആക്ട്. അതോറിറ്റിയും ബോർഡും രൂപീകരിക്കുന്നത് ഇവിടെ ആദ്യമായിട്ടല്ല. 22 കൊല്ലങ്ങൾക്കുമുമ്പ് മൈസൂർ സ്റ്റേറ്റിൽ ഇതുപോലുള്ള ഒരു ആക്ട് നിലവിൽ വന്നു. അന്നും ഇതേ വകുപ്പ് ഉണ്ട്. അത് ഗവൺമെന്റിൽ നിന്ന് മാറ്റപ്പെട്ടപ്പോഴും ജീവനക്കാരെ സംബന്ധിച്ചിടത്തോളം അവരുടെ സേവന–വേതന വ്യവസ്ഥകളും അതുവരെ ഉണ്ടായിരുന്നതിൽ നിന്നു മെച്ചപ്പെട്ട രീതിയിലല്ലാതെ അതിൽ നിന്ന് പിറകോട്ടുപോകുന്ന ഒരു രീതിയിൽ ഒരു നിയമം ഉണ്ടാവുകയില്ലെന്നുള്ള വ്യവസ്ഥ വളരെ വ്യക്തമായിട്ട് അതിൽ ഉൾപ്പെടുത്തിയിരുന്നു. അതൊന്നും തന്നെ ഇവിടെ കൊണ്ടുവന്നിട്ടുള്ള ഓർഡിനൻസിലോ, നിർഭാഗ്യവശാൽ സബ്ജക്ട് കമ്മിറ്റി പരിശോധിച്ച് ഒട്ടേറെ മാറ്റങ്ങൾ വരുത്തി എന്ന് അവകാശപ്പെടുന്ന ഈ നിയമത്തിലോ ഇല്ല. എന്നുള്ള വസ്തുതയാണ് ഇതിന്റെ പ്രത്യേകത.

അതുപോലെതന്നെ ഈ ബില്ലെടുത്തു പരിശോധിച്ചുനോക്കിയാലും അതിന് സമാനമായ മറെറ് നിയമങ്ങളും എടുത്തു നോക്കിയാലും ഇതിലുള്ള മുഴുവൻ സ്കീമും തന്നെ അപകടത്തിലായിട്ടാണ് നിൽക്കുന്നതെന്ന് കാണാം. ഈ അതോറിറ്റിയിൽ തീരുമാനമെടുക്കുന്നത് എങ്ങനെയാണെന്നു പറയുന്നില്ല. ഭൂരിപക്ഷ തീരുമാനമാണോ ഏകപക്ഷീയമായ തീരുമാനമാണോ എടുക്കുന്നതെന്ന കാര്യം പറയുന്നില്ല. അതോറിറ്റിക്ക് തീരുമാനം എടുക്കാൻ അധികാരമുണ്ടോയെന്നു പറയുന്നില്ല. അതോറിറ്റിയിൽ ചെയർമാന്റെ സ്ഥാനത്ത്, ഒരാളില്ലെങ്കിൽ അതോറിറ്റിയുടെ യോഗം നടത്തുമോയെന്നു പറയുന്നില്ല. അതോറിറ്റിയുടെ മീറ്റിംഗിനു പ്രിസൈഡ് ചെയ്ത ഒരാൾക്ക് അതിന്റെ മിനിറ്റ്സ് അപ്രൂവ് ചെയ്യാനുള്ള അധികാരമില്ല. ആ രീതിയിൽ ഇതെല്ലാം ചെയർമാൻ എന്നുള്ള ഒരാളിനു മാത്രമാണ്. ആ ചെയർമാൻ എന്നുള്ള ആൾ ഒരു ദിവസം ഇല്ലാതാവുമ്പോൾ ഉണ്ടാകാവുന്ന ഭവിഷ്യത്തിനെ സംബന്ധിച്ചിടത്തോളം ചിന്തിക്കാൻ വയ്യാത്ത ഒരു സ്ഥിതി ഇതിലുണ്ട്. ഈ രീതിയിൽ ഇതേ നിയമം എടുത്ത് പരിശോധിച്ചാൽ ഓരോന്നിനു വേണ്ടി പ്രത്യേക ഓർഡിനൻസ് മുഖേനയാണ് ഇത് ഇവിടെ നടപ്പിലാക്കിയത് എന്ന് വളരെ വ്യക്തമാണ്. അതുപോലെതന്നെ ധൃതിപിടിച്ച് പലവകുപ്പുകളും എഴുതിച്ചേർത്തു. ഇവിടെ അഡിറ്റിനെ സംബന്ധിച്ചിടത്തോളം

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വർക്കല രാധാകൃഷ്ണൻ സംസാരിച്ചു. അതുപോലെ ശിക്ഷക്ക് വിധിക്കുന്ന വകുപ്പുകളെ സംബന്ധിച്ചിടത്തോളം ശ്രീ. തങ്കപ്പൻ ഇവിടെ സംസാരിച്ചു. അതുമാത്രമല്ല ബഡ്ജറ്റ് രൂപീകരിക്കുന്ന കാര്യത്തിൽ പോലും ഈ നിയമത്തിന്റെ വകുപ്പുകൾ വളരെയേറെ അപകടകരമാണെന്ന് ആണ് ചൂണ്ടിക്കാണിക്കുന്നത്. അതോറിറ്റിയിൽ നോമിനേറ്റ് ചെയ്ത മെമ്പർമാരുണ്ട്. ഗവൺമെന്റിന്റെ മെമ്പർമാരുണ്ട്. അവർ അതിന്റെ ബഡ്ജറ്റ് അംഗീകരിക്കണമെന്നുള്ള വ്യവസ്ഥയില്ല. അതോറിറ്റി അതിന്റെ ബഡ്ജറ്റ് അംഗീകരിച്ച് ഗവൺമെന്റിലേക്ക് അയയ്ക്കണം എന്ന ഒരു വകുപ്പ് ഇതിലില്ല. അതോറിറ്റികൂടി അതിന്റെ ബഡ്ജറ്റ് അംഗീകരിക്കണമെന്ന് പറയുന്നില്ല. സമാനമായ നിയമങ്ങളിൽ ആണെങ്കിൽ ബഡ്ജറ്റിനുവേണ്ടി ഒരു പ്രത്യേക മീറ്റിംഗ് അതോറിറ്റി വിളിക്കണം അല്ലെങ്കിൽ ബോർഡ് വിളിക്കണം. അതിൽ ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും അതുപോലെ ഉള്ള കാര്യങ്ങളും വെക്കണം. ശ്രീ. കെ. എം. മാണി ധനകാര്യമന്ത്രിയായിരുന്ന സമയത്ത് ബാദ്ധ്യതകൾ മുഴുവൻ കാണിക്കാതെ മിച്ച ബഡ്ജറ്റ് കാണിച്ചതുപോലെ ബഡ്ജറ്റുണ്ടാക്കാൻ പാടില്ല എന്ന് നിയമത്തിൽ വ്യവസ്ഥയുണ്ടാകണം. ബോർഡിനേറയോ അതോറിറ്റിയുടേയോ മുഴുവൻ ബാദ്ധ്യതകളും ഉൾക്കൊള്ളുന്ന രീതിയിലുള്ള ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റും എസ്റ്റിമേറ്റ്സും വേണമെന്നാണ് ഞാൻ പറയുന്നത്. എന്നാൽ ഈ നിയമത്തിൽ അങ്ങനെ യാതൊന്നും തന്നെ പറയുന്നില്ല. ഇന്ന കാലയളവിൽ ചെയ്യണമെന്ന് പറയുന്നില്ല. മറ്റെല്ലാ നിയമങ്ങളുമെടുത്തുനോക്കിയാൽ സാമ്പത്തികവർഷത്തിന്റെ ആരംഭത്തിനു മുമ്പുതന്നെ, ഫെബ്രുവരി മാസത്തിൽ തന്നെ അതോറിറ്റിയുടെ ബഡ്ജറ്റ് ഉണ്ടാക്കണമെന്ന് പറയുന്നുണ്ട്. സാമ്പത്തികവർഷത്തിനുമുമ്പുതന്നെ അത് ഗവൺമെന്റിലേക്ക് അയയ്ക്കണമെന്നും പറയുന്നുണ്ട്. ഗവൺമെന്റിന്റെ അംഗീകാരമോ ഗവൺമെന്റ് പറയുന്ന ഭേദഗതിയോ അംഗീകരിച്ചുകൊള്ളണം ബോർഡ് എന്നുള്ള നിലയാണുള്ളത്. ഇത്തരം യാതൊരു നിബന്ധനയുമില്ലാതെയാണ് ഇന്നത്തെ ഇതിന്റെ ബഡ്ജറ്റ് സംബന്ധമായിട്ടുള്ള ആനുവൽ ഫിനാൻഷ്യൽ സ്റ്റേറ്റുമെന്റ് ഉൾപ്പെടെയുള്ള കാര്യങ്ങളെ സംബന്ധിച്ച് ഇതിൽ ഉൾപ്പെടുത്തിയിട്ടുള്ള വ്യവസ്ഥകൾ.

ഒരു വിധത്തിലും ഗവൺമെന്റിന്റെ ധനവിനിയോഗത്തിന്റെ സാധാരണ നിലയിൽ അംഗീകൃത മാനദണ്ഡങ്ങളോ നിയമങ്ങളോ ഈ നിയമത്തിന്റെ ഏത് ഭാഗം എടുത്ത് പരിശോധിച്ചാലും നമുക്ക് കാണാൻ കഴിയുകയില്ല. സബ്ജക്ട് കമ്മിറ്റി മാറ്റങ്ങൾ വരുത്തിയിട്ടുണ്ട് എന്നുള്ളത് ശരിയാണ്. അതൊക്കെ വരയിട്ട് തന്നിട്ടുമുണ്ട്. പക്ഷേ മാറ്റങ്ങൾ വരുത്താത്തതും പരിശോധിക്കാത്തതും ഗുരുതരമായിട്ടുള്ള വീഴ്ചകൾ വരുന്ന, ഗുരുതരമായ അപകടങ്ങൾ വരുന്ന പല പ്രത്യേകതകളും ഈ ബില്ലിൽ ഉൾക്കൊള്ളുന്നു എന്നതാണ് ഈ ബില്ലിന്റെ ന്യൂനത. അതുകൊണ്ട് ഇതെല്ലാം തന്നെ ഒരു പുനഃപരിശോധനയ്ക്ക് വിധേയമാക്കണം. ഈ രീതിയിൽ ഉള്ള ഒരു ബില്ലിനെ ക്ലാസ് ബൈ ക്ലാസ് അമെൻറുമെന്റ് കൊണ്ട് ന്യൂനതകൾ പരിഹരിച്ചുകളയാമെന്ന് ബഹുമന്ത്രി ഇവിടെ പറയുന്നത് കേട്ടു. അങ്ങനെ പരിഹരിക്കാവുന്നവയാണോ ഇതെന്ന് എനിക്ക് അറിയില്ല. ശ്രീ. കാനം രാജേന്ദ്രൻ തന്നെ 70 അമെൻറുമെന്റുകൾ കൊടുത്തു, 30 എണ്ണം കയ്യിൽ ഇരിക്കുന്നു എന്ന് പറയുന്നു. ഇവിടെ കിട്ടിയിടത്തോളം ഭേദഗതികളും എണ്ണം നോക്കിയാൽ ആ കാര്യത്തിൽ വളരെ മോശം വരുകയില്ല. ഒരിക്കലും സ്വീകാര്യമാകുന്ന വകുപ്പുകളല്ല ബില്ലിൽ ഉണ്ടായിരുന്നത് എന്നുള്ളത് ഈ മാറ്റങ്ങൾ എല്ലാം തന്നെ

LIBRARY ARCHIVES Kerala Legislative Assembly

കാണിക്കുന്നുണ്ട്. പുതുതായി ഭേഗതികളും ഒന്നും ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യത്തെ പരാജയപ്പെടുത്തുന്നവയല്ല എന്നുള്ള കാര്യം വളരെ വ്യക്തമാണ്. ഈ ബില്ലിന്റെ ഉദ്ദേശലക്ഷ്യങ്ങളും സാധിക്കണമെന്നുണ്ടെങ്കിൽ സമാനരീതിയിലുള്ള നിയമ വ്യവസ്ഥകളും അംഗീകരിക്കണമെന്നുണ്ടെങ്കിൽ, ഭരണഘടന അനുശാസിക്കുന്ന രീതിയിലുള്ള സാമ്പത്തിക ക്രമീകരണങ്ങളും മറ്റും ഈ അതോറിറ്റി പാലിക്കണമെന്നുണ്ടെങ്കിൽ ഇന്ന് ഈ ബില്ലിൽ ഉൾക്കൊള്ളിച്ചിട്ടുള്ള വ്യവസ്ഥകളും ഒന്നും കൊണ്ടുതന്നെ കഴിയുകയില്ല എന്നു വ്യക്തമായിരിക്കുകയാണ്. മറ്റൊരു കാര്യം ചൂണ്ടിക്കാണിക്കാനുള്ളത് ഈ അതോറിറ്റിയുടെ ഇന്നത്തെ പ്രവർത്തനവും ഇതുവരെ നടത്തിയ പ്രവർത്തനവും ഞാൻ നേരത്തേ തന്നെ സൂചിപ്പിച്ചു. യൂനിസെഫ് പോലുള്ള സ്ഥാപനങ്ങളും നമ്മുടെ ശുദ്ധജലവിതരണ രംഗത്ത് കൊടുക്കുന്ന ചില സഹായങ്ങളുപോലും നമുക്ക് ഉപയോഗിക്കാൻ കഴിഞ്ഞിട്ടില്ല. ഈ അതോറിറ്റിയിൽ നാളിതുവരെ നടന്നിട്ടുള്ള അതിന്റെ പ്രവർത്തനവും ശുദ്ധജലവിതരണ രംഗത്തെ കാര്യങ്ങളും കാര്യക്ഷമമായും സമർത്ഥമായും നടത്തുന്നതിനെസംബന്ധിച്ച് ആലോചിക്കാൻ വേണ്ടിയല്ല ഉപയോഗിച്ചിട്ടുള്ളത് എന്നുള്ളതുകൊണ്ടാണ് ഇങ്ങനെവരുന്നത്. ഇനി എത്രനാൾ ഇങ്ങനെ തുടരും. ഈ ബില്ലിലെ വകുപ്പുകളും ആദ്യവസാനം എടുത്ത് പരിശോധിച്ചാൽ ഇനിയും ഒട്ടേറെ കാര്യങ്ങളും പറയാനുണ്ട്. ഈ അതോറിറ്റിക്ക് ജലനികുതി പിരിക്കുന്നതിനുള്ള അധികാരം കൊടുത്തിരിക്കുകയാണ്. ട്രാൻസ്പോർട്ടിൽ ആണെങ്കിൽ അതിന്റെ കിലോമീറ്റർ റേറ്റ് എന്തായിരിക്കണമെന്ന് ഗവൺമെന്റാണ് തീരുമാനിക്കുന്നത്. അതുപോലെ ജലനികുതി ഗവൺമെന്റ് തീരുമാനിക്കണമെന്നും ഞങ്ങളും പറയുന്നത് ചില നടപടിക്രമങ്ങളും അതിനു പാലിക്കേണ്ടതും ആവശ്യമാണ് എന്നതുകൊണ്ടാണ്. ഇതില്ലെങ്കിൽ വലിയ അപകടം ഉണ്ടാകും. ഇവിടെ ഈ അതോറിറ്റി രൂപീകരിച്ചയുടനെ ശ്രീ. ഗംഗാധരൻ ആദ്യമായി ചെയ്തത് തിരുവനന്തപുരം നഗരത്തിൽ കഴിഞ്ഞ ഏൻപത് വർഷക്കാലമായി നിലവിലുണ്ടായിരുന്ന വാട്ടർ ചാർജ്

[അദ്ധ്യക്ഷവേദിയിൽ ശ്രീ. കെ. പി. എ. മജീദ്]

ഏകപക്ഷീയമായി വർദ്ധിപ്പിച്ചു. മുൻകൂട്ടി ഒരു പബ്ലിസിറ്റിപോലും ഇക്കാര്യത്തിലുണ്ടായില്ല. ആക്ഷേപം നൽകാൻ ആർക്കും അവസരം നൽകിയില്ല. സ്വതസിദ്ധമായ ഒരു സ്റ്റൈൽ റോളർ റൈലിയിൽ സ്വന്തം ഇഷ്ടപ്രകാരം വാട്ടർ ചാർജ് കൂട്ടിക്കൊണ്ട് ഒരു നോട്ടിഫിക്കേഷൻ കൊണ്ടുവരികയാണ് ചെയ്തത്. ഈ രീതിയിൽ ജനദ്രോഹപരമായി ഒരു അതോറിട്ടിയെ പ്രവർത്തിക്കാൻ അനുവദിച്ചുകൂടാ.

ശ്രീ. എസ്. ആർ. തങ്കരാജ്: സ്വന്തം ഇഷ്ടപ്രകാരം ചെയ്യുന്നതിന്റെ ഭാഗമായിട്ട് പഞ്ചായത്ത് പ്രതിനിധാനം ചെയ്യേണ്ട ഒരു പഞ്ചായത്ത് നോമിനിയെ പഞ്ചായത്ത്മന്ത്രിപോലും അറിയാതെയാണ് എടുത്തിട്ടുള്ളതെന്നും അതിനുവേണ്ടി പഞ്ചായത്തുമന്ത്രിയുടെ അംഗീകാരത്തിനു ചെന്നപ്പോൾ അംഗീകാരം കൊടുക്കാതെ തിരിച്ചയച്ച വിവരവും ആ ഒറ്റക്കാരണംകൊണ്ട് പഞ്ചായത്തുമന്ത്രി സബ്ജക്ട് കമ്മിറ്റിയിൽ പങ്കെടുത്തിട്ടില്ല എന്നുള്ള കാര്യവും അങ്ങേയ്ക്ക് അറിയാമോ?

ശ്രീ. ഇ. പത്മനാഭൻ: ശ്രീ. ഗംഗാധരൻ നടത്തിയ നോമിനേഷൻ പഞ്ചായത്തിന്റേതാണോയെന്ന് നോക്കിയിട്ടില്ല. അദ്ദേഹത്തിന്റെ മുമ്പിൽ ഇരിക്കാൻപോലും ധൈര്യപ്പെടാതെ ഒരുമാതിരി ഫ്യൂഡൽ പ്രമാ

LIBRARY ARCHIVES Kerala Legislative Assembly

ണിമാരുടെ മുമ്പിൽ അടിമകൾ ചെന്നു നിൽക്കുന്നതുപോലെ 45 ഡിഗ്രി വളഞ്ഞ് നിൽക്കുന്നവരെ മാത്രമേ അദ്ദേഹം നോമിനേറ്റ് ചെയ്യുകയുള്ളൂ. അതല്ലാതെ വിവരമുള്ളവരെ അല്ല അദ്ദേഹം നോമിനേറ്റ് ചെയ്യുന്നത്. അദ്ദേഹം പ്രാതിനിധ്യമല്ല പരിശോധിക്കുന്നത്. അതൊരു നാടുവാഴി പ്രമാണിത്തമായിട്ടാണ് അദ്ദേഹം കാണുന്നത്. അതുകൊണ്ട് സുന്ദരം സ്വാമി പരിഭവിച്ചിട്ടു കാര്യമില്ല, പരിഭവിച്ച് ഒരു ഭാഗത്തിരിക്കുകയല്ലാതെ നിവൃത്തിയില്ല.

അദ്ദേഹം കമാൻറ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റിയിൽ കുറെ ആളുകളെ നോമിനേറ്റ് ചെയ്തിട്ടുണ്ട്. ഏത് തരം ആളുകളാണെന്നറിയാമോ? ഭൂമി എന്താണെന്നോ, കൃഷിയെന്താണെന്നോ തിരിച്ചറിയാൻ കഴിവില്ലാത്ത ആളുകളെയാണ് കമാൻറ് ഏരിയ ഡവലപ്പ്മെൻറ് അതോറിറ്റിയിൽ നോമിനേറ്റ് ചെയ്തിരിക്കുന്നത്. നെല്ലും ചാമയും കണ്ടാൽ തിരിച്ചറിയാത്തവരെയാണ് മെമ്പർമാരായി നോമിനേറ്റ് ചെയ്തിരിക്കുന്നത്. ശ്രീ. ഗംഗാധരനെക്കുറിച്ച് പറഞ്ഞ് ഈ സഭയിലെ സമയം കളയുന്നതെന്തിനാണ്? അതിലേയ്ക്കൊന്നും ഞാൻ കടക്കുന്നില്ല. ഏതായാലും ഈ നിയമത്തിന് ബഹുമാനപ്പെട്ട ജലസേചനവകുപ്പുമന്ത്രി ധൃതി കാണിക്കരുത്. ഇതൊന്നുകൂടി സവിസ്തരമായ ഒരു പരിശോധനയ്ക്ക് വിധേയമാക്കണം. അല്ലാതെ ഇതിനെ മുന്നോട്ടു കൊണ്ടുപോയാൽ ഈ രാജ്യത്തിനുതന്നെ ഒരു വലിയ വിനയായിത്തീരും.

ഈ ബില്ലിൽ ആളുകളെ ജയിലിൽനിന്ന് മോചിപ്പിക്കണമെന്നൊരു വാക്കുണ്ട്. ഞാൻ എവിടെ പരിശോധിച്ചിട്ടും ജയിലിൽ അടയ്ക്കുന്നതാരാണെന്ന് പറയുന്നില്ല. അറസ്റ്റുവാറണ്ട് പുറപ്പെടുവിക്കുന്നത് ആരാണെന്ന് പറയുന്നില്ല. പോലീസിന് അങ്ങനെയൊരു അറസ്റ്റിനു അധികാരം ഉണ്ടെന്നും പറയുന്നില്ല. നിയമത്തിൽ കോമ്പൗണ്ടബിൾ ഒഫൻസ് എന്നു പറയുന്നു. എന്താണ് കോമ്പൗണ്ട് ചെയ്യാൻ വ്യവസ്ഥ ചെയ്യാൻ കാരണം? മോട്ടോർ വെഹിക്കിൾ ഇൻസ്പെക്ടർമാർ, പോലീസ് ഇൻസ്പെക്ടർമാർ, സെയിൽസ്ടാക്സ് ഇൻസ്പെക്ടർമാർ എന്നിവർക്ക് ഒഫൻസ് കോമ്പൗണ്ട് ചെയ്യാനുള്ള അധികാരമുണ്ട്. അങ്ങനെ കോമ്പൗണ്ട് ചെയ്യാനുള്ള അധികാരം കൊടുക്കാനുള്ളത് ജുഡീഷ്യൽ പ്രോസസ്കൊണ്ട് ഇരുഭാഗത്തുമുണ്ടാകുന്ന വൈഷമ്യങ്ങൾ പരിഹരിക്കാൻ വേണ്ടിയാണ്. ഈ ബിൽ പറയുന്നത് മാനേജിംഗ് ഡയറക്ടറോ അയാൾക്കിഷ്ടമുള്ള ഉദ്യോഗസ്ഥനോ ഡെലിഗേറ്റ് ചെയ്യണമെന്നാണ്. അതുപോലെ ഈ ഡിപ്പാർട്ടുമെൻറിലെ സ്റ്റാഫിൽപ്പെട്ട ഒരു സാധാരണ ജീവനക്കാരനു ഈ ഡെലിഗേഷൻ വച്ചാലും അപകടമുണ്ട്. മാനേജിംഗ് ഡയറക്ടർക്ക് മാത്രമായി അധികാരംവച്ചാലും അപകടം ഉണ്ട്. കാസർകോട്ടുള്ള ഒരാളിനു ഇതുപോലുള്ള ഒരു ഒഫൻസ് വന്നാൽ കോമ്പൗണ്ട് ചെയ്യുന്നതിന് എത്രമാത്രം പ്രയാസങ്ങൾ ഉണ്ടാകുമെന്ന് മനസ്സിലാക്കണം. കൃത്യമായി ഇത്തരം ശിക്ഷകൾ വിധിക്കുന്നതിനു ഉള്ള അധികാരം ആരു വിനിയോഗിക്കുന്നു എന്നുള്ള റാങ്ക് ഓഫ് ദി ഓഫീസർ നിർവ്വചിച്ചിരിക്കണം. അല്ലാതെ ആർക്കും എന്തും ചെയ്യാമെന്നുള്ള അവസ്ഥാവിശേഷം ഉണ്ടാകരുത്. വെള്ളം കുടിക്കാതെ മനുഷ്യനു ജീവിക്കാൻ കഴിയില്ല. ഈ അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാരെയെന്നു വെള്ളം തൊടാനും പറ്റില്ലായെന്നുള്ള അവസ്ഥാവിശേഷത്തിലേക്ക് എത്തിക്കരുത്. ശ്രീ. മാണിയോട് പ്രത്യേകമായി പറയുകയാണ്, അദ്ദേഹം മിച്ച ബഡ്ജറ്റ് ഉണ്ടാക്കിയിട്ട് അവസാനം മിച്ചബഡ്ജറും കൊണ്ട് തച്ചടി പിച്ചയെടുക്കേണ്ടി വരും എന്നുള്ള അവസ്ഥയിൽ ആണ് ഇപ്പോൾ നടക്കുന്നത്. വെള്ളത്തിൻറെ കാര്യവും അങ്ങനെ ആക്കരുത്.

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം തൊട്ടുപോയാൽ അപകടമായിയെന്നുള്ള അവസ്ഥയിലാക്കരുത്. അതുകൊണ്ട് ഇത്തരമൊരു അപകടം വരാതിരിക്കുവാൻവേണ്ടി ഈ നിയമം ഒന്നുകൂടി പുനഃപരിശോധിക്കണം. ഈ ഒരു വാക്ക് മാത്രമല്ല എനിക്ക് പറയാനുള്ളത്. കോമ്പൗണ്ടിംഗിന് ഉദ്യോഗസ്ഥൻമാരേതെന്ന് തീരുമാനിക്കണം. കോമ്പൗണ്ട് ചെയ്തുകഴിഞ്ഞ്, പണമടച്ച ആളുകളെ ജയിലിൽനിന്ന് മോചിപ്പിക്കണമെന്നു പറയുന്നു. എന്നാൽ ആരാണ് ജയിലിൽ അടയ്ക്കുന്നതെന്ന് ഇതിൽ പറയുന്നില്ല. അങ്ങനെ നിയമമെന്നു പറയാൻ ഇതിൽ യാതൊന്നുമില്ല. അതുകൊണ്ട് ഈ ബില്ലാകെ ഒരു സമഗ്രമായ പുനഃപരിശോധനയ്ക്ക് വിധേയമാക്കണം.

മറെറാന്ന് ഇതിലെ ഉദ്യോഗസ്ഥൻമാരെ നിയമിക്കുന്ന കാര്യമാണ്. നിയമനസമയത്തുള്ള വയസ്സുമാത്രം. നിശ്ചയിച്ചാൽപോര. ഈ അതോറിറ്റിയിൽ ഇത്രവയസ്സുകഴിഞ്ഞാൽ ഉദ്യോഗത്തിലിരിക്കാൻ പാടില്ലെന്ന് നിഷ്കർഷിക്കണം. നിലവിലുള്ള വ്യവസ്ഥയനുസരിച്ച് അൻപത്തിയഞ്ച് വയസ്സു കഴിയുന്നതിനുമുമ്പ് നിയമിച്ചാൽമതി. തുടർച്ചയായി നിയമനം നിലനിറുത്തിയാൽ, ആളുകളെ തുടരാനനുവദിച്ചാൽ ഏജ്ബാർ എത്തിയാൽ പതിവ് ബാധകമാകുമോയെന്ന് എനിക്കറിയില്ല. സർവ്വീസ് നിയമത്തിൽ കാണുന്നത്, ഇത്ര വയസ്സ് കഴിഞ്ഞ ഒരാൾ സർവ്വീസിൽ തുടരാൻ പാടില്ലെന്നാണ്. ഈ നിയമത്തിൽ പറഞ്ഞിട്ടുള്ള രീതിയതല്ല. ഇതിന്റെ ഓരോ അദ്ധ്യായവും എടുത്ത് പരിശോധിച്ചാൽ, അതിന്റെ പ്രധാന ഭാഗങ്ങളെടുത്ത് പരിശോധിച്ചാൽ, അവധാനതയോടുകൂടി, ഒരു നിയമമുണ്ടാക്കാൻ ആവശ്യമായ പക്വതയോടുകൂടി, അതുമായി ബന്ധപ്പെട്ട മററു കാര്യങ്ങളെല്ലാം പരിശോധിച്ചുകൊണ്ട് ഇത് ചെയ്തുവെന്ന് മനസ്സിലാകുന്നില്ല. അതുകൊണ്ട് ഈ നിയമം പുനഃപരിശോധിക്കണം. ഈ അതോറിറ്റിയെ സംബന്ധിച്ചിടത്തോളം ഇന്നവിടെ ഒരു ഗുരുതരമായ പ്രതിസന്ധിയുണ്ടായിരിക്കുകയാണ്. അതിൽ പറയുന്ന പത്തൊൻപതാം വകുപ്പിന്റെ രണ്ടാം അനുചേദം അനുസരിച്ച് ഈ ഗവൺമെൻറ് ഏതാനും ജീവനക്കാരാട് അതോറിറ്റിയിൽ വരുന്നോ ഇല്ലയോയെന്ന് ചോദിക്കണം, അവർ വരുന്നില്ലെങ്കിൽ അവരെ ഗവൺമെൻറിന്റെ കീഴിൽ നിലനിറുത്തണമെന്നാണ്. ആരുമാരും അറിയാതെ മററു വകുപ്പിൽ ജോലി ചെയ്യുന്നവരെ ഇന്ന് പി. എച്ച്. ഇ. ഡി. വകുപ്പിൽ പണ്ടുണ്ടായിരുന്നവരെന്നുള്ളനിലയ്ക്ക് അതോറിറ്റിയുടെ കീഴിൽ തിരിച്ചയച്ചിരിക്കുകയാണ്. ഇവരെ താൽക്കാലിക ജീവനക്കാരെന്നാണ് പറയുന്നത്. ഇരുപത് വർഷമായിട്ട് ഡിവിഷണൽ അക്കൗണ്ടൻറും മററുമായിട്ട് പല വകുപ്പുകളിൽ ജോലി ചെയ്യുന്ന ആളുകളെയാണ് ഇപ്പോഴും താൽക്കാലിക ജീവനക്കാരെന്ന് പറഞ്ഞ് തിരിച്ചയച്ചിരിക്കുന്നത്. അതേസമയത്ത് രണ്ടുവർഷക്കാലം അതേ തസ്തികയിൽ ജോലി ചെയ്തവർ ജോലിയിൽ തുടരുകയും ചെയ്യുന്നു. തികച്ചും വിവേചനപരമായ ഒരു സമീപനമാണ് സ്വീകരിച്ചിരിക്കുന്നത്. ഈ ഓർഡിനൻസിൽ പറഞ്ഞിട്ടുള്ള വകുപ്പുകളെപോലും നടപ്പിലാക്കുന്നില്ല. ഗവൺമെൻറ് അവർക്ക് നൽകാമെന്ന് പറഞ്ഞിട്ടുള്ള അവസരം നൽകാതെ തിരിച്ചയച്ചിട്ടുണ്ട്. ബഹുമാനപ്പെട്ട മന്ത്രി മാണി, പോയവരെ ആശ്വസിപ്പിക്കാൻവേണ്ടി കുറെ തസ്തികകൾ സൃഷ്ടിച്ചുകൊണ്ട് തൽക്കാലം ഇവരെ നിലനിറുത്തുന്നതിനുവേണ്ടിയുള്ള ഒരു ശ്രമം നടത്തുന്നു എന്നാണ് ഞാൻ മനസ്സിലാക്കുന്നത്. നിയമപരമായി ഈ ഓർഡിനൻസിൽ വ്യവസ്ഥ ചെയ്തിട്ടുള്ള അവകാശങ്ങൾ നിഷേധിക്കുന്ന ഒരു നടപടി ഗവൺമെൻറ് ഏകപക്ഷീയമായി സ്വീകരിച്ചിരിക്കുന്നു. അത് തിരുത്താൻവേണ്ടിയുള്ള സംവിധാനമുണ്ടാക്കണം. നിയമപരമായി അതിനെ പരിരക്ഷിക്കാൻവേണ്ടി

LIBRARY ARCHIVES Kerala Legislative Assembly

ഗവൺമെൻറ് ചെയ്യേണ്ട കാര്യങ്ങളും ഗവൺമെൻറ് ചെയ്യേണ്ടിയിരിക്കുന്നു. ഈ നിയമത്തിൻറെ എല്ലാ ഭാഗത്തെ സംബന്ധിച്ചിടത്തോളവും ചില ആക്ഷേപങ്ങളും പോരായ്മകളും ഉയർന്നുവന്നിട്ടുണ്ട്. അത്തരം കുഴപ്പങ്ങളുള്ളതുകൊണ്ടാണ് ഞാൻ ആവർത്തിച്ചു പറയുന്നത്, ഇത്ര ധൃതി പിടിച്ച് പകുതയോടുകൂടി പരിഗണിക്കാതെയുള്ള രീതിയിൽ മുന്നോട്ടു പോകരുത്. വീണ്ടും ഇതിനെ ഒരു സബ്ജക്ട് കമ്മിറ്റിക്കോ പൊതു ജനാഭിപ്രായം അറിയുന്നതിനുവേണ്ടിയോ അയയ്ക്കണമെന്ന് ഞാൻ ശക്തിയായി ആവശ്യപ്പെട്ടുകൊണ്ട് നിറുത്തുന്നു.

ശ്രീ. എം. എം. ഹസ്സൻ: സർ, ഇവിടെ സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ഈ ബില്ലിൻറെ ചർച്ചയിൽ വകുപ്പും മന്ത്രിയുമെല്ലാം മാറിയിട്ടും ബഹുമാനപ്പെട്ട പത്മനാഭൻ തുടങ്ങിയവർ വീണ്ടും ഗംഗാധരനെ കൂശിക്കാൻ ധാരാളം സമയം കണ്ടെത്തുന്നു. ഇതു വളരെ ക്രൂരതയാണ്. ഒരു കാര്യം നമ്മൾ സമ്മതിച്ചേ മതിയാകൂ. നമ്മുടെ സംസ്ഥാനത്ത് പി. എച്ച്. ഇ. ഡി. എന്നൊരു വകുപ്പ് വളരെ വർഷങ്ങളായി പ്രവർത്തിക്കുകയാണ്. ഈ ബില്ല് കൊണ്ടുവന്നതടക്കം ഈ ഗവൺമെൻറിൻറെ പ്രവർത്തനകാലമായ നാലര വർഷത്തിനിടയ്ക്ക് ശുദ്ധജല വിതരണ രംഗത്ത് ജനങ്ങൾക്ക് എത്രമാത്രം സഹായം നൽകുന്ന സമീപനം സ്വീകരിച്ചു എന്നുള്ള കാര്യം ഞാൻ ഈ അവസരത്തിൽ അനുസ്മരിക്കുകയാണ്. ഒരു പരമ്പരാഗത വകുപ്പായിട്ട് പി. എച്ച്. ഇ. ഡി. യുടെ കീഴിൽ വാട്ടർസപ്ലൈയും സീവേജും ഒക്കെ പോയിക്കൊണ്ടിരിക്കുകയായിരുന്നു. ഈ ഗവൺമെൻറ് അധികാരത്തിൽ വന്നതിനുശേഷമാണ് ശുദ്ധജലം എത്താത്ത ഗ്രാമങ്ങളിൽ, കുടിവെള്ളമെത്താത്ത അവികസിത പ്രദേശങ്ങളിൽ വെള്ളമെത്തിക്കുവാനുള്ള യുദ്ധകാലാടിസ്ഥാനത്തിലുള്ള ഒരു പദ്ധതിയാവിഷ്കരിച്ചത്.

ശ്രീമതി കെ. ആർ. ഗൗരി: എൻറെ കോൺസ്റ്റിറ്റ്യൂവൻസിയിൽ ഒരു തുള്ളിവെള്ളം കൊടുത്തിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: വെള്ളത്തിന് യാതൊരു വിവേചനവുമില്ല ഗൗരിയമ്മേ. കേരളമൊട്ടുകെ എത്ര പദ്ധതികൾ. ഏറെടുത്തിട്ടുണ്ട് എന്ന് ആധികാരികമായിട്ട് മന്ത്രി മറുപടി പറയുമ്പോൾ പറയും.

ശ്രീ. എസ്. ഗോവിന്ദക്കുറുപ്പ്: എൻറെ നിയോജകമണ്ഡലത്തിൽ ആറു പഞ്ചായത്തുകളും ഒരു മുനിസിപ്പാലിറ്റിയുമുണ്ട്. ഈ ഗവൺമെൻറ് വരുന്നതിനും പത്തു കൊല്ലത്തിനു മുമ്പ് അവിടെ മുനിസിപ്പാലിറ്റിയിൽ ഉണ്ടായിരുന്ന ശുദ്ധജല വിതരണ പദ്ധതിയൊഴിച്ചാൽ ഒരൊറ്റ വില്ലേജിലും ഒരു തുള്ളിവെള്ളം പോലും കൊടുക്കുന്നതിനുള്ള പുതിയ പദ്ധതി ആവിഷ്കരിച്ചിട്ടില്ല.

ശ്രീ. എം. എം. ഹസ്സൻ: ഗവൺമെൻറിൻറെ പക്കലുള്ള കണക്കനുസരിച്ച് പ്രോബ്ലം വില്ലേജസായി ഐഡൻറിഫൈ ചെയ്തിട്ടുള്ളതിൽ ഞാൻ മനസ്സിലാക്കിയിടത്തോളം ഒന്നോ രണ്ടോ വില്ലേജുകളൊഴിച്ചാൽ എല്ലായിടത്തും വെള്ളം എത്തിച്ചിട്ടുണ്ട്.

ശ്രീ. എ. സി. ഷൺമുഖദാസ്: പ്രോബ്ലം വില്ലേജ് എന്നു പറയുമ്പോൾ വടക്കേ ഇൻഡ്യയിലുള്ള വില്ലേജുകളെ സംബന്ധിച്ച് പത്തും അറുനൂറും വീടുകൾ ഒന്നിച്ചുള്ള വില്ലേജുകളാണ്. അവിടെ പത്തു ടാപ്പിട്ടാൽ ആ വില്ലേജ് മുഴുവൻ വെള്ളം കിട്ടും. നമ്മുടെ വില്ലേജിൽ

LIBRARY ARCHIVES Kerala Legislative Assembly

പത്തു ടാപ്പിട്ടാൽ ഒരു വില്ലേജിലെ പഞ്ചായത്തിന്റെ ഒരു വാർഡിൽ പോലും എത്തുകയില്ലയെന്നുള്ളതാണ്. അത് വച്ചുകൊണ്ട് പ്രോബ്ലം വില്ലേജ് എന്നു പറഞ്ഞാൽ?

ശ്രീ. എം. എം. ഹസ്സൻ: സർ, ബഹുമാനപ്പെട്ട ഷൺമുഖദാസൊക്കെ ഇങ്ങനെ പറയുന്നത് അൽപ്പം കടന്ന കയ്യാണ്. അദ്ദേഹം ഈ വകുപ്പിന്റെ മന്ത്രിയായിട്ട് ചുമതല വഹിച്ചകാലത്തുപോലും ചെയ്യാൻ പറ്റാത്ത കാര്യം ഈ ഗവൺമെന്റ് നടപ്പിലാക്കി. വളരെ വർദ്ധിച്ച തോതിൽ നടപ്പിലാക്കാനുള്ള പദ്ധതികളും പരിപാടികളുമായി ശ്രീ. കെ. എം. മാണി മുമ്പോട്ടു പോകുകയാണ്.

ശ്രീ. എ. സി. ഷൺമുഖദാസ്: ശ്രീ. ജോസഫ് ഇന്നലെ ഇവിടെ പ്രസംഗിച്ചപ്പോഴും ഏറെവുമധികം പ്രശ്നമുള്ള കുട്ടനാട് കഴിഞ്ഞ പത്തു വർഷക്കാലമായി തുടങ്ങിവച്ച പദ്ധതികളൊന്നും പൂർത്തിയാക്കിയിട്ടില്ലായെന്നു പറഞ്ഞു.

ശ്രീ. എം. എം. ഹസ്സൻ: ഞാൻ പറഞ്ഞതിന്റെ അർത്ഥം കേരളത്തിലെ പ്രശ്നഗ്രാമങ്ങളിലും കുടിവെള്ളമെത്താത്ത തീരപ്രദേശങ്ങളിലുമൊക്കെത്തന്നെ ശുദ്ധജലമെത്തിക്കാനുള്ള ഒരു സമഗ്ര പരിപാടിക്ക് ഈ ഗവൺമെന്റിനു രൂപം നൽകാനും നടപ്പിലാക്കാനും കഴിഞ്ഞിട്ടുണ്ട്. അതുകൊണ്ടാണ് രാഷ്ട്രീയമായിട്ട് ഈ ശുദ്ധജല വിതരണ പദ്ധതിയെ തകർക്കാൻവേണ്ടി.....

ശ്രീമതി കെ. ആർ. ഗൗരി: സർ, ഞാനൊന്നു പറയട്ടെ. ആലപ്പുഴ മുനിസിപ്പാലിറ്റിയിൽ മുനിസിപ്പൽ വാട്ടർവർക്സ് ആണ്. മുമ്പുണ്ടായിരുന്ന മന്ത്രിയുണ്ടല്ലോ അദ്ദേഹം ആ മുനിസിപ്പൽ വാട്ടർവർക്സ് ആലപ്പുഴയിലായതുകൊണ്ട് ഏറെടുക്കുകയില്ലായെന്നു പറഞ്ഞു. ഇന്ന് മുനിസിപ്പാലിറ്റിയാണ് ആ വാട്ടർവർക്സ് നടത്തുന്നത്. അത്രമാത്രമിടുക്കായിട്ടാണ് ഇതിവിടെ നടത്തിയത്.

ശ്രീ. എം. എം. ഹസ്സൻ: സർ, ഈ സംസ്ഥാനത്ത് ആലപ്പുഴയടക്കമുള്ള പ്രദേശങ്ങളിൽ ശുദ്ധജലവിതരണ പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. ഇല്ലായെന്നു പറഞ്ഞാൽ ഗവൺമെന്റിന്റെ പക്കൽ ഇതിനെല്ലാം വ്യക്തമായ കണക്കുണ്ട്. മുനിസിപ്പൽ വാട്ടർസപ്ലൈ സ്കീം മാത്രമല്ലല്ലോ വില്ലേജുകളിൽ വെള്ളമെത്തിക്കാനുള്ള മാർഗ്ഗം. ഞാൻ എന്റെ നിയോജകമണ്ഡലത്തിലെ കാര്യം പറയാം. അതുപോലെ പല നിയോജകമണ്ഡലങ്ങളിലുമുണ്ട്. ഇവിടെ ഇന്നു കാലത്ത് ചോദ്യോത്തര സമയത്ത് പ്രതിപക്ഷത്തുനിന്നുള്ള ഓരോ എം. എൽ. എ. മാരും തന്റെ നിയോജകമണ്ഡലത്തിൽ ആരംഭിച്ച വാട്ടർസപ്ലൈ സ്കീം എത്രയും വേഗം പൂർത്തിയാക്കുമോയെന്നു ചോദിച്ച ഒരു ഡസനിലധികം എം. എൽ. എ. മാരുടെ പേരുകൾ ഇവിടത്തെ രേഖകളിലുണ്ട് സർ. അങ്ങേക്ക് അത് പരിശോധിക്കാം.

ശ്രീ. വി. ദിനകരൻ: ആലപ്പുഴയിൽ ടൗൺ ഏരിയായിൽ ശുദ്ധജല വിതരണം നടക്കുന്നില്ലായെന്നു പറഞ്ഞു. അതിനു കാരണമായി ഒരു ടാക്സിന്റെ പ്രശ്നംകൂടിയുണ്ട്. അതായത് വാട്ടർ ടാക്സ് മുനിസിപ്പാലിറ്റി കൊടുക്കാതിരുന്നതിന്റെ ഫലമായിട്ട് ഡിപ്പാർട്ടുമെന്റുകൾ തമ്മിലുള്ള തർക്കം കാരണമാണ് ആലപ്പുഴയിലെ ശുദ്ധജല

LIBRARY ARCHIVES Kerala Legislative Assembly

വിതരണ പദ്ധതി മുടങ്ങാനെന്നുള്ള കാരണം എന്നത് ഗൗരിയമ്മക്കും അറിയാവുന്ന കാര്യമല്ലേ? എന്റെ നിയോജകമണ്ഡലത്തിലെ നെടുമുടി, കൈനകരി പഞ്ചായത്തുകളിലെ ജനങ്ങളും പൂർണ്ണമായും ഉപ്പുവെള്ളം കുടിക്കുന്നവരാണ്. കഴിഞ്ഞ പ്രാവശ്യം ഞാൻ ആ മണ്ഡലത്തിൽ ചെന്നപ്പോഴും ഉപ്പുവെള്ളം കുടിപ്പിക്കുന്നത് നിങ്ങളാണെന്നു പറഞ്ഞ് ഗോബേക്ക് വിളിച്ച ആ മണ്ഡലത്തിൽ ഇന്ന് നൂറു ശതമാവും പൈപ്പു കളിട്ടുകൊണ്ട് വെള്ളമെത്തിക്കാനുള്ള നടപടികളും സ്വീകരിച്ചിരിക്കുക യാണ്.

ശ്രീ. എം. എം. ഹസ്സൻ: അപ്പോഴും ഒരുകാര്യം വ്യക്തമാണു സർ. ഇവർ എന്തുപറഞ്ഞാലും ജനങ്ങളെ സംബന്ധിച്ചിടത്തോളം ഈ ഗവൺമെന്റ് അധികാരത്തിൽ വന്നശേഷം ഈ ഡിപ്പാർട്ടുമെന്റിന്റെ പ്രവർ ത്തനം നല്ല രീതിയിലാണ്. അതുപോലെ പുതിയ ജനവിധിയെഴുതാൻ പോകുകയാണല്ലോ. എന്തിന് നമ്മൾ തമ്മിൽ തർക്കിക്കുന്നു. ഗൗരിയമ്മേ, ഞങ്ങളൊക്കെ ജനങ്ങളുടെ മുമ്പിലേക്കുപോയി ഈ ഗവൺമെന്റ് ചെയ്ത നല്ല കാര്യങ്ങളെക്കുറിച്ചു പറയും. നിങ്ങൾ അതിനെതിരായിട്ട് പ്രചരണം നടത്തും. ഇതൊക്കെ കേട്ടിട്ട് ജനങ്ങൾ ഒരു തീരുമാനമെടുക്കാൻ പോകു കയാണ്.

ശ്രീ. കെ. ശങ്കരനാരായണപിള്ള: സർ, കണ്ടമാനം പൈപ്പു വാങ്ങി ച്ചുകൊണ്ട് കേരളത്തിന്റെ പല ഭാഗത്തും കൊണ്ടുകുഴിച്ചിട്ടിട്ടുള്ള കണ ക്കാണ് ഈ സർക്കാരിന്റെ കണക്കെന്നറിയാമോ? ഇവിടെ ശ്രീ. എം. പി. ഗംഗാധരൻ മന്ത്രിയായിരുന്നപ്പോൾ സോഴ്സ് ഡവലപ്പ് ചെയ്തിട്ടുണ്ടോ എന്ന ചോദ്യം ചോദിച്ചപ്പോൾ അദ്ദേഹത്തിന് മറുപടി പറയാൻ കഴി യാതിരുന്നതാണ്. അതുകൊണ്ട് അതിനെ ശ്രീ. ഹസ്സൻ ന്യായീക രിക്കണോ?

ശ്രീ. എം. എം. ഹസ്സൻ: ശ്രീമാൻ ശങ്കരനാരായണപിള്ള പറഞ്ഞ കാര്യങ്ങളിലേക്ക് ഞാൻ വരുന്നുണ്ട്. ഈ ഗവൺമെന്റ് ചെയ്തതെല്ലാം തെറ്റാണെന്നാണല്ലോ ശ്രീ. ഷൺമുഖദാസ് പറയുന്നത്. ചെയ്ത നല്ല കാര്യങ്ങളും കാണാൻ അദ്ദേഹത്തിന് കണ്ണാടി വച്ചിട്ടും പറയുന്നില്ലല്ലോ? കണ്ണാടി വച്ചിട്ടും നല്ലതു കാണാൻ പറയുന്നില്ലെങ്കിൽപിന്നെ കണ്ണാടി എടുത്താൽ വല്ലതും കാണാൻ പറയുമോ? ആ അവസ്ഥയാണ്. അദ്ദേഹം മന്ത്രിയായിരുന്ന കാലത്ത് ഉണ്ടാക്കിയതിനേക്കാൾ വലിയ നേട്ടം ഈ ഗവൺമെന്റിന്റെ കാലത്ത് ഉണ്ടാക്കാൻ കഴിഞ്ഞിട്ടുണ്ട്. അതിന് വ്യക്തിപരമായി ശ്രീ. ഗംഗാധരൻ ആ വകുപ്പിന്റെ ചുമതല വഹിച്ചി രുന്നകാലത്ത് ഞങ്ങളെല്ലാം അദ്ദേഹത്തെ പ്രശംസിക്കുകയും ചെയ്തി രുന്നു. അതിന്റെ രാഷ്ട്രീയമായ ഗുണം ഈ ഗവൺമെന്റിനു കിട്ടാ തിരിക്കാൻവേണ്ടി നിങ്ങൾ അദ്ദേഹത്തെ എത്രത്തോളം ക്രൂശിക്കാമോ അത്രത്തോളം നിങ്ങൾ ശ്രമിക്കുകയും ചെയ്തിട്ടുണ്ട്. എന്നാൽ ഇപ്പോൾ മന്ത്രി മാറി, വകുപ്പു മാറി. പുതിയ മന്ത്രിയുടെ നേതൃത്വത്തിൽ ചലനാ ത്മകമായ ഒരു സമീപനത്തോടുകൂടി ഇത് മുമ്പോട്ടു പോകുന്നു.

ശ്രീ. എ. വി. താമരാക്ഷൻ: ബഹുമാനപ്പെട്ട ഷൺമുഖദാസ് മന്ത്രി യായിരുന്ന അവസരത്തിൽ എൽ. ഐ. സി. യുമായും വേൾഡ് ബാങ്കു മായും മറ്റു സാമ്പത്തിക സ്ഥാപനങ്ങളുമായി നടത്തിയ ചർച്ചയുടെ

LIBRARY ARCHIVES Kerala Legislative Assembly

അടിസ്ഥാനത്തിൽ അന്നു രൂപംകൊണ്ട പദ്ധതികളല്ലേ ഇന്ന് ഉൽഘാടനം ചെയ്തുകൊണ്ടിരിക്കുന്ന പദ്ധതികളെല്ലാം?

ശ്രീ. എം. എം. ഹസ്സൻ: അതു് എന്തുചോദ്യമാണ് താമരാക്ഷൻ ചോദിക്കുന്നതു്. ബഹുമാനപ്പെട്ട മെമ്പർമാർക്കു് സംശയം വന്നാൽപിന്നെ എന്തുചെയ്യാൻ. നിയമനിർമ്മാണത്തിനകത്തു് സംശയനിവാരണം ആവശ്യമല്ലേ സർ. അങ്ങനെ വല്ല ഒന്നോ രണ്ടോ പദ്ധതികളുണ്ടാവും. ഞാൻ പറയുന്നതു് ഗവൺമെൻറ് എന്നു പറഞ്ഞാൽ ഒരു തുടർച്ചയാണ്. കേരളം പോലുള്ള ഒരു സംസ്ഥാനത്തു് ഒരു ഗവൺമെൻറ് തുടങ്ങിയ പരിപാടി വേറൊരു ഗവൺമെൻറിന്റെ കാലത്തു് ഉൽഘാടനം ചെയ്തുകാണും. ഇല്ലായെന്നൊന്നും ഞാൻ പറയുന്നില്ല. സർ, ഒരു വസ്തുത നിങ്ങൾക്കു് നിഷേധിക്കാൻ സാധിക്കുകയില്ല. ഈ ഐക്യജനാധിപത്യ മുന്നണി ഗവൺമെൻറ് അധികാരത്തിൽ വന്നശേഷം ഇവിടത്തെ ജനങ്ങൾക്കു് ശുദ്ധ ജലം എത്തിക്കുന്ന കാര്യത്തിൽ അദ്ഭുതകരമായ നേട്ടം ഞങ്ങൾക്കുണ്ടാക്കാൻ കഴിഞ്ഞുവെന്നു് നിങ്ങൾ എത്ര നിഷേധിച്ചാലും ഞാൻ അവകാശപ്പെടും.

ശ്രീ. മണിമംഗലത്തു കുട്ട്യാലി: ബഹുമാനപ്പെട്ട ഷൺമുഖദാസ് പി. എച്ച്. ഇ. ഡി. യുടെ മന്ത്രിയായിരുന്ന കാലത്തു് ഒരു മന്ത്രിയെന്ന നിലക്കു് ഇനിഷ്യേറ്റീവ് എടുത്തിട്ടു് ഈ സംസ്ഥാനത്തു് ഏതെങ്കിലും ഒരു പ്രദേശത്തു് ഒരു കിലോമീറ്റർ ദൂരം പൈപ്പ് ഇട്ടു് വെള്ളം കൊടുത്ത ഒരൊറ്റ സംഭവമെങ്കിലും ഉണ്ടോ?

ശ്രീ. എം. എം. ഹസ്സൻ: ഞാൻ അതിനെക്കുറിച്ചൊന്നും പറയുന്നില്ല. ശ്രീ. ഷൺമുഖദാസിനെക്കുറിച്ചു എനിക്കു് നല്ല മതിപ്പും അഭിപ്രായവുമുണ്ട്. അങ്ങേക്കു് ഇനിഷ്യേറ്റീവ് ഉണ്ടെന്നും അങ്ങ് ഡൈനാമിക് ആണെന്നും ചില സന്ദർഭങ്ങളിൽ ബുൾഡോസർ പോലെ അങ്ങു കയറിപ്പോകുമെന്നും മണിമംഗലത്തിനറിഞ്ഞുകൂടെങ്കിലും എനിക്കറിയാം.

ശ്രീ. എ. സി. ഷൺമുഖദാസ്: കേരളത്തെ സംബന്ധിച്ചിടത്തോളം ഇൻറർനാഷണൽ വാട്ടർ ഡീക്കേഡിലും വേൾഡ് ബാങ്ക് അസിസ്റ്റൻസു പ്രകാരവും നമുക്ക് ലഭിച്ചിട്ടുള്ള സ്കീമുകളും ഇവരൊക്കെ തോന്നിയതു് പോലെയാണ് നടത്തുന്നതു്. ഇപ്പോൾ പറയുന്നതുകേട്ടാൽ തോന്നും വെള്ളം സർവ്വത്ര വെള്ളം, പക്ഷേ ഒരു തുള്ളി കുടിയ്ക്കാനില്ല. അതാണ് കേരളത്തിലെ സ്ഥിതി. തോന്നിയതുപോലെ നടത്തുകയും ശാസ്ത്രീയമായും ഭരണപരമായും പരാജയപ്പെടുകയും ചെയ്തുവെന്നുള്ളതാണ് സത്യം.

ശ്രീ. എം. എം. ഹസ്സൻ: അതൊന്നും പറഞ്ഞിട്ടു് കാര്യമില്ല. വരൾച്ചയുടെ കെടുതി വന്നകാലത്തു് കുഴൽക്കിണർ കുഴിപ്പിച്ചു. അദ്ദേഹവും മന്ത്രിയായിരുന്ന ആളല്ലേ. ഏറ്റവും കൂടുതൽ ഡവലപ്പ് ചെയ്യേണ്ടതു് സോഴ്സാണതു്. എന്നും മഴയെ മാത്രം ആശ്രയിച്ചാൽ പോരാ.

ശ്രീ. കാനം രാജേന്ദ്രൻ: ശ്രീ. ഷൺമുഖദാസ് മന്ത്രിയായിരുന്ന സമയത്തു് അദ്ദേഹത്തെപ്പോലൊരു നല്ല മന്ത്രിയെ കണ്ടിട്ടില്ലെന്നും അദ്ദേഹത്തിന്റെ ഭരണത്തിൻകീഴിൽ ഇവിടെയുണ്ടായ നേട്ടങ്ങളെക്കുറിച്ചും അങ്ങ് ഇവിടെ പ്രസംഗിച്ച കാര്യം മറന്നുപോയോ?

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ ഞാൻ പറഞ്ഞത് ബഡ്ജറ്റ് വേണ്ടി വന്നാൽ ഒരു ബുഡ്ഡോസർ പോലെ കയറാൻ ഒന്നാമനായുള്ള ആളാണെന്നാണ്. ഇപ്പോഴും പറഞ്ഞതും അതുതന്നെയാണ്. അദ്ദേഹത്തെക്കുറിച്ചും അക്കാര്യത്തെക്കുറിച്ചും യാതൊരു അഭിപ്രായവ്യത്യാസവും എനിക്കില്ല. ഞാൻ പറഞ്ഞത് ശുദ്ധജല വിതരണരംഗത്ത്, അദ്ദേഹത്തിന്റെ കാലത്തേക്കാൾ വളരെ കൂടുതൽ നേട്ടങ്ങൾ ഐക്യ ജനാധിപത്യ മുന്നണി ഗവൺമെന്റിന്റെ കാലത്ത് ഉണ്ടായിട്ടുണ്ടെന്നാണ്.

ശ്രീമതി കെ. ആർ. ഗൗരി: വരൾച്ചയ്ക്കുള്ള പണം കൊണ്ട് രണ്ടു മൂന്നു ഡ്രില്ലിംഗ് മെഷീനും കുറെ പൈപ്പും വാങ്ങിച്ചു.

ശ്രീ. എം. എം. ഹസ്സൻ: അത് ബഹുമാനപ്പെട്ട ഗൗരിയമ്മ പറയുന്നതാണ് സർ. ഡ്രോട്ടുണ്ടായത് ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് പറഞ്ഞിട്ടുമല്ല, ഐക്യജനാധിപത്യ മുന്നണി ഗവൺമെന്റ് ഉണ്ടായതുകൊണ്ടുമല്ല. പ്രകൃതിക്ഷോഭവും വരൾച്ചയുടെ കെടുതിയുമൊക്കെ ഉണ്ടായിക്കഴിഞ്ഞാൽ അതു വളരെ ഭൗർഭാഗ്യകരമായ കാര്യങ്ങളാണ്. ഇന്നു രാവിലെ ശ്രീ. ബേബി ജോൺ ഇവിടെ ചില കാര്യങ്ങളൊക്കെ ഉദ്ധരിച്ചിട്ട് അദ്ദേഹം പ്രൊഡക്ഷൻ കുറഞ്ഞതിനെക്കുറിച്ച് ചോദിച്ചു. ഡ്രോട്ടും വരൾച്ചയുമൊക്കെ ഉണ്ടായതുകൊണ്ടാണ് പ്രൊഡക്ഷൻ കുറഞ്ഞത്. ഇപ്പോഴത്തെ കാലാവസ്ഥയെന്താണ്, നമ്മൾ പ്രതീക്ഷിക്കുന്നതുപോലെയാണോ സംഭവിക്കുന്നത്? ഇതുവരെ ശക്തിയായിട്ടുള്ള മഴ നമുക്ക് കിട്ടിയിട്ടില്ല. അതിന്റെ ഫലമായി പവർ ഷോർട്ടേജ് വരുന്നു. ഇതൊക്കെ പ്രവചനാതീതമാണ്. ഇപ്പോൾ സൗത്തിൽ മഴ ഇല്ല, നോർത്തിലാണു മഴ.

ശ്രീമതി കെ. ആർ. ഗൗരി: ഉള്ള കാടു മുഴുവൻ വെട്ടിത്തീർത്തു.

ശ്രീ. എം. എം. ഹസ്സൻ: പണ്ട് കാടൊന്നും വെട്ടിയില്ലേ? എം. കെ. കൃഷ്ണന്റെ കാലത്ത് കാടുവെട്ടൽ ഉണ്ടായില്ലേ? അങ്ങനെയാണെങ്കിൽ ഞാൻ ചോദിക്കട്ടെ, ബഹുമാനപ്പെട്ട ഗൗരിയമ്മ സൈലന്റ് വാലിയുടെ കാര്യത്തിൽ മാർക്സിസ്റ്റ് പാർട്ടി എടുത്തത് ഇരട്ടത്താപ്പു നയമല്ലേ? ദേശാഭിമാനി പത്രത്തിൽ വന്നതാണ്. സൈലന്റ് വാലി പദ്ധതി നടപ്പിലാക്കണമെന്ന് മാർക്സിസ്റ്റ് പാർട്ടിയിലെ ഒരു വിഭാഗം ബുദ്ധിജീവികളും, മറുഭാഗത്ത് ശാസ്ത്ര–സാങ്കേതിക പരിഷത്ത് ഉണ്ടാക്കി അതിന്റെപേരിൽ എതിർത്തു.

ശ്രീമതി കെ. ആർ. ഗൗരി: കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ മെമ്പർമാർ സൈലന്റ് വാലി നടത്തണമെന്നാണ് പറയുന്നത്. കമ്മ്യൂണിസ്റ്റ് പാർട്ടിയിൽ അപ്പുറത്ത് ബുദ്ധിജീവികളും ഇപ്പുറത്ത് തൊഴിലാളികളുമല്ല. കമ്മ്യൂണിസ്റ്റ് പാർട്ടിയുടെ പ്രമേയം അതായിരുന്നു.

ശ്രീ. എം. എം. ഹസ്സൻ: കമ്മ്യൂണിസ്റ്റ് പാർട്ടിയിലെ ബുദ്ധിജീവികളും സൈലന്റ് വാലിക്കെതിരായിട്ടുള്ള പ്രക്ഷോഭണത്തിലും പ്രചരണത്തിലും മുൻപന്തിയിൽ ഉണ്ടായിരുന്നു. നിരവധി ആളുകളുടെ പ്രസംഗങ്ങൾ ദേശാഭിമാനി പത്രത്തിലുണ്ടായിരുന്നു. ഞാൻ അതിലേക്ക് പോകുന്നില്ല. കുഴൽക്കിണറുകളുണ്ടാക്കി നമ്മുടെ നാട്ടിൻപുറങ്ങളിൽ ജനങ്ങൾക്ക് ശുദ്ധജലം എത്തിക്കുന്നകാര്യത്തിൽ വളരെ വിപ്ലവകരമായ മാറ്റം വരുത്തിയിട്ടുണ്ട്. ഈ ബിൽ വന്നത് എന്തുകൊണ്ടാണ്? അതു

LIBRARY ARCHIVES Kerala Legislative Assembly

നിങ്ങൾക്ക് നിഷേധിക്കാൻ സാധിക്കുമോ? ഇത് സബ്ജക്ട് കമ്മിറ്റിക്ക് അയക്കണമെന്നുള്ള ചർച്ച ഇവിടെ വന്നപ്പോൾ ശ്രീ. ആർ. എസ്. ഉണ്ണി ധാർമ്മികരോഷം കൊണ്ട് തുള്ളിച്ചാടി. ആ സബ്ജക്ട് കമ്മിറ്റിയിൽ ഞാൻ ഉണ്ടായിരുന്നു. അതിനുമുമ്പ് ഈ പ്രൊപ്പോസൽ വന്നപ്പോൾ പി. എച്ച്. ഇ. ഡി. നിർത്തലാക്കുന്നതിനെതിരായിട്ട് വാദിച്ചവരിൽ ശ്രീ. ഷൺമുഖദാസുമുണ്ട്. ഞാൻ ചോദിക്കുന്നത് ഇതുപോലുള്ള സംവിധാനങ്ങൾ കൊണ്ടുവരുന്നതെന്തിനാണ്? നമുക്ക് ധനകാര്യസ്ഥാപനങ്ങളിൽനിന്ന് കിട്ടാവുന്നിടത്തോളം പണം സംഭരിച്ച് റിസോഴ്സസ് പരമാവധി കളക്ട് ചെയ്ത് ഇവിടെ കൊണ്ടുവരണമെന്നതാണ്. പിന്നെ അവിടെ ആളുകളെ അപ്പോയിന്റു ചെയ്തുവെന്നുള്ള കാര്യത്തെക്കുറിച്ചും പറഞ്ഞു. അതൊക്കെ രാഷ്ട്രീയത്തിന്റെ പേരിൽ നിങ്ങൾ പറയുന്നതാണ്. ഇതിന്റെ സദുദ്ദേശം ജനങ്ങളുടെ മുമ്പിൽ തുറന്നുപറഞ്ഞുകൊണ്ട് തന്നെയാണ് ഈ ബില്ല് കൊണ്ടുവന്നത്. ഈ അതോറിറ്റി ഉണ്ടാക്കിയിട്ട് കൂടുതൽ പണം കണ്ടെത്തി കൂടുതൽ സ്ഥലങ്ങളിലേക്ക് ശുദ്ധജല വിതരണം നടത്തുകയാണ്. ഈ രംഗത്ത് രാഷ്ട്രീയത്തിനതീതമായി നമ്മളെല്ലാവരും യോജിക്കുകയും ശ്രദ്ധിക്കുകയും ചെയ്യേണ്ട ഒരുപാടു കാര്യങ്ങളുണ്ട്. ഞാൻ അതുമാത്രമാണ് ഇപ്പോൾ ചൂണ്ടിക്കാണിക്കാൻ ആഗ്രഹിക്കുന്നത്. നിങ്ങൾ ഇവിടെ വീണ്ടും ഗംഗാധരന്റെ കാര്യമൊക്കെ പറഞ്ഞു. ഗംഗാധരനെ വീണ്ടും കൂശിക്കാൻ ശ്രമിച്ചതുകൊണ്ട് ഇത്രയും പറഞ്ഞുവെന്നേയുള്ളു. ശ്രീ. കെ. എം. മാണി അതിപ്രഗൽഭനായ ഒരു ഭരണാധികാരിയാണ്. അതിലാർക്കും ഒരു സംശയവുമില്ല. ഞാൻ പറഞ്ഞതിന്റെ അർത്ഥം, വാട്ടർ അതോറിറ്റിയുടെ കാര്യത്തിൽ വളരെ കാര്യമായിട്ടുള്ള നേതൃത്വം നൽകി ഈ സംസ്ഥാനം നേരിടുന്ന കുടിവെള്ള പ്രശ്നത്തിന് പരിഹാരം കാണാൻ അദ്ദേഹത്തിന് സാധിക്കുമെന്നാണ്.

ശ്രീ. കാനം രാജേന്ദ്രൻ: ശ്രീ. കെ. എം. മാണി അതിപ്രഗൽഭനായ ഭരണാധികാരിയാണെന്നു പറഞ്ഞല്ലോ? സാധാരണ 9-ാം ക്ലാസ്സിൽ നിന്ന് നല്ല മാർക്കോടുകൂടി പാസ്സായാൽ 10-ാം ക്ലാസ്സിലേക്കാണ് അഡ്മിറ്റ് ചെയ്യുന്നത്. ഇപ്പോൾ അദ്ദേഹത്തെ 7-ാം ക്ലാസിലേക്ക് താഴ്ത്തിയത് ഈ ഉദ്ദേശത്തോടുകൂടിയാണോ?

ശ്രീ. എം. എം. ഹസ്സൻ: ഇതിനകത്ത്, കമ്മ്യൂണിസ്റ്റുകാർ പറയുന്നതുപോലെ നിങ്ങളും ഞങ്ങളും തമ്മിൽ കാഴ്ചപ്പാടിൽ വ്യത്യാസമുണ്ട്.

ശ്രീ. കെ. എം. മാണി: ശ്രീ. കാനം രാജേന്ദ്രന് പണമാണോ വലുത്, വെള്ളമാണോ വലുത്, കൃഷിയാണോ വലുത്?

ശ്രീ. കാനം രാജേന്ദ്രൻ: എന്നെ സംബന്ധിച്ചിടത്തോളം അങ്ങാണ് വലുത്.

ശ്രീ. എ. സി. ഷൺമുഖദാസ്: കാനം രാജേന്ദ്രന്റെ നിയോജകമണ്ഡലത്തിലെ ഒരു വോട്ടറാണ് ശ്രീ. മാണിയുടെ ജാമാതാവ്. അതുകൊണ്ട് ശ്രീ. മാണി തന്നെയാണ് ശ്രീ. കാനം രാജേന്ദ്രന് വലുത്.

ശ്രീ. കെ. ഇ. ഇസ്മയിൽ: വളരെ പ്രഗൽഭനായതുകൊണ്ടാണോ അദ്ദേഹത്തെ ധനകാര്യ വകുപ്പിൽനിന്ന് മാറിയിയത്? ധനകാര്യത്തെ

LIBRARY ARCHIVES Kerala Legislative Assembly

ക്കാൾ വെള്ളം വലുതായതുകൊണ്ടാണോ ശ്രീ. മാണിയും കൂട്ടരും ഡൽഹിയിൽവരെ തീർത്ഥയാത്ര നടത്തിയത്, ധനകാര്യവകുപ്പ് തിരിച്ചുകിട്ടാൻ വേണ്ടി?

ശ്രീ. എം. എം. ഹസ്സൻ: ധനകാര്യത്തെക്കാൾ വലുതാണ് കുടിവെള്ളം. വെള്ളത്തിൽ മുക്കുകയല്ല കുടിവെള്ളം കൊടുക്കുക എന്ന ചുമതല വളരെ പ്രഗൽഭമായി നിർവ്വഹിക്കുന്നതിന് തീർച്ചയായിട്ടും മാണിസാറിനു കഴിയും. ആ കാര്യത്തിൽ ആർക്കും സംശയം വേണ്ട. അതുകൊണ്ട് ഞാൻ പറയുന്നത്, ഈ ഗവൺമെൻറ് നടപ്പിലാക്കിയ ഏറ്റവും ജനക്ഷേമകരമായ പ്രവർത്തനങ്ങളിൽ ഒന്നായ ശുദ്ധജല വിതരണപ്രവർത്തനങ്ങളിൽ അൽപ്പം വിഷം കലർത്തേണ്ടത് നിങ്ങളുടെ രാഷ്ട്രീയമായ ആവശ്യമാണ്. അതുകൊണ്ടാണ് ഈ ചർച്ച വരുന്ന അവസരത്തിലെല്ലാം നിങ്ങൾ കാടടച്ച് വെടിവയ്ക്കുന്നതുപോലെ സംസാരിക്കുന്നത്. ഈ ബിൽ കൊണ്ടുവന്ന് അതോറിറ്റി രൂപീകരിച്ചില്ലായിരുന്നുവെങ്കിൽ നമുക്ക് കൂടുതൽ പണം മറ്റു സ്ഥാപനങ്ങളിൽ നിന്ന് കണ്ടെത്താനും അതിന്റെ പ്രവർത്തനത്തിൽ കൂടുതൽ സ്വാതന്ത്ര്യം നൽകി കാര്യക്ഷമമായി പ്രവർത്തിപ്പിക്കാനും കഴിയുന്ന ഒരു സംവിധാനം ഉണ്ടാകുമായിരുന്നോ? ഇവിടെ ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞതിനോടൊന്നും ഞാൻ വിയോജിക്കുന്നില്ല. ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു, നിയന്ത്രണം വേണമെന്ന്. അത് വേണം. ഗവൺമെൻറിന് ചില നിയന്ത്രണങ്ങൾ വേണം. സബ്ജക്ട് കമ്മിറ്റിയിൽ വന്നിരിക്കുന്നത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ താഴെയുള്ള പോസ്റ്റുകളൊന്നും ഗവൺമെൻറിന്റെ അനുമതിയോടുകൂടി തീരുമാനിക്കണ്ടായെന്നുള്ളതാണ്. ഒരു ഗവൺമെൻറിന് ആ നിലയ്ക്ക് നിയന്ത്രണം വേണം. കാരണം, ഫൈനാൻഷ്യൽ ട്രീറ്റ്മെൻറ് ഉണ്ടാക്കുന്നതിന് ഗവൺമെൻറിന് നിയന്ത്രണം വേണം.

ശ്രീമതി കെ. ആർ. ഗൗരി: പി. എച്ച്. ഇ. ഡി. ആയാൽ വേൾഡ് ബാങ്കിന്റെ പണം കിട്ടുകയില്ല എന്നാണോ നിങ്ങൾ പറയുന്നത്? അഗ്രിക്കൾച്ചർ ഡിപ്പാർട്ടുമെൻറിന് ടി. ആൻഡ് വി. യുടെ കിട്ടിയല്ലോ? അതിന്റെതായിട്ടുള്ള സ്കീം വേണം, പ്രോജക്ട് വേണം. ഇതെല്ലാം ഉണ്ടാക്കിക്കഴിഞ്ഞിട്ട് ഗവൺമെൻറുമായിട്ട് എഗ്രിമെൻറ് ഉണ്ടാക്കിയാൽ മതി.

ശ്രീ. എം. എം. ഹസ്സൻ: ഇൻസ്റ്റിറ്റ്യൂഷണൽ ഫൈനാൻസ് കിട്ടാൻ ആട്ടോണമസ് സംവിധാനമാണ് ആവശ്യം. അല്ലെങ്കിൽ ട്രാൻസ്പോർട്ട് ഡിപ്പാർട്ടുമെൻറോ ഇലക്ട്രിസിറ്റി ഡിപ്പാർട്ടുമെൻറോ ഒക്കെപോലെ? എന്തിനാണ് ബോർഡ് ഉണ്ടാക്കിയത്? ശ്രീ. അച്യുതമേനോന്റെ ഗവൺമെൻറിന്റെ കാലത്ത് എടുത്ത തീരുമാനമുണ്ടല്ലോ?

ശ്രീ. എ. സി. ഷൺമുഖദാസ്: നഹാസാഹിബ് ഈ വകുപ്പിന്റെ ചാർജ് വഹിച്ചിരുന്ന കാലത്ത് അത് ആലോചിച്ചതാണ്. അവധാനപൂർവ്വം ചിന്തിക്കാതെ ചെയ്താൽ കേരളത്തിന്റെ സാമ്പത്തിക സ്ഥിതിക്ക് നേരേയുള്ള കണ്ഠകോടാലിയായിമാറും.

ശ്രീ. എം. എം. ഹസ്സൻ: അവധാനപൂർവ്വമുള്ള ചിന്ത വേണമെങ്കിൽ എത്ര കാലത്തേക്ക് വേണമെങ്കിലും തുടരാം. ചിന്തയുടെ അവസാനം വരെ തുടരാവുന്നതാണ്. പക്ഷേ ഇത് എവിടെയെങ്കിലും വച്ച് ബ്രേക്ക് ചെയ്യണം. പൊളിറ്റിക്കൽ ലീഡർഷിപ്പ് ഗവൺമെൻറിനു നൽകേണ്ട കാര്യങ്ങളാണ്. ശ്രീ. ഷൺമുഖദാസ് രണ്ടുകൊല്ലം ഇരുന്നിട്ട് എന്തുകൊണ്ട് തീരുമാനിച്ചില്ല? ഇവിടെ ഐക്യ ജനാധിപത്യ

LIBRARY ARCHIVES Kerala Legislative Assembly

മുന്നണി ഗവൺമെൻറ് അത് തീരുമാനിച്ചു. നിങ്ങളെല്ലാം പ്രകടിപ്പിച്ച വികാരം ഇതിനകത്ത് വന്നിട്ടുണ്ട്. മന്ത്രിയെ ചെയർമാനാക്കാൻ പാടില്ല. മന്ത്രിയല്ലെങ്കിൽ മറെറാരാളെ ആക്കാം. ജനാധിപത്യ സമ്പ്രദായത്തിൽ പ്രതിപക്ഷങ്ങളുടെ അഭിപ്രായങ്ങളും കൂടി മാനിച്ചുകൊണ്ടുള്ള ഭേദഗതികളും ഇതിനകത്ത് വന്നിട്ടുണ്ട്. സബ്ജക്ട് കമ്മിറെറി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ബിൽ എന്നു പറയുന്നത്, പ്രതിപക്ഷാഭിപ്രായങ്ങൾകൂടി പ്രതിപാദിക്കുന്ന ബില്ലാണ്.

ശ്രീ. കോടിയേരി ബാലകൃഷ്ണൻ: ഇവിടെ മന്ത്രിയല്ലാത്ത ഒരാളെ ചെയർമാനാക്കുക എന്ന ഒരു ഭേദഗതി സബ്ജക്ട് കമ്മിറെറി കൊണ്ടുവന്നത് ശ്രീ. ഗംഗാധരനെത്തന്നെ വീണ്ടും അതിന്റെ ചെയർമാനാക്കാൻ വേണ്ടിയാണോ?

ശ്രീ. എം. എം. ഹസ്സൻ: അത് ബഹുമാനപ്പെട്ട മന്ത്രിയോട് തന്നെ ചോദിച്ചാൽ മതി; അദ്ദേഹത്തിന്റെ മനസ്സിൽ ആരാണ് ഉള്ളതെന്ന്?

ശ്രീ. കെ. എം. മാണി: അങ്ങനെ വരിയില്ലാത്ത ഒരു വാചകം പറഞ്ഞു തന്നാൽ നമുക്ക് അത് ഉണ്ടാക്കാം.

ശ്രീ. കാനം രാജേന്ദ്രൻ: മന്ത്രിയല്ലാത്ത ആൾ എന്നതിനോടൊപ്പം എം. എൽ. എ. അല്ലാത്ത അല്ലെങ്കിൽ മുൻമന്ത്രിയല്ലാത്ത എന്നുള്ള ഭേദഗതി കൂടി കൊണ്ടുവന്നാലോ?

ശ്രീ. എം. എം. ഹസ്സൻ: നമുക്ക് ഇപ്പോൾ ആവശ്യം അതൊന്നുമല്ല. വാട്ടർ അതോറിറ്റി കാര്യക്ഷമമായി പ്രവർത്തിപ്പിക്കുന്ന കാര്യത്തിൽ ചില കാര്യങ്ങൾ തീരുമാനിക്കാനുണ്ട്. തലസ്ഥാന നഗരി എന്നു പറയുന്നത് വളരെ പ്രധാനപ്പെട്ടതാണ്. ഇപ്പോൾ തലസ്ഥാന നഗരിയിൽ പേപ്പാറാ ഡാം കെട്ടി. നമുക്ക് ഇവിടെ വെള്ളം കൊണ്ടുവരാനുള്ള സംവിധാനത്തിനുവേണ്ടി, വെള്ളക്ഷാമമുണ്ടാകാതിരിക്കാൻ വേണ്ടി, നമ്മൾ എടുത്ത നടപടിയാണ് അത്. പേപ്പാറാ ഡാം കൊണ്ടുമാത്രം പ്രശ്നം അവസാനിക്കുന്നില്ല. ഇവിടെ തലസ്ഥാന നഗരിയിൽ ഇഷ്ടംപോലെ എക്സ്റെറൻഷൻ കൊടുത്തിട്ടുണ്ട്. വളരെ കാലപ്പഴക്കമുള്ള ഡിസ്ട്രിബ്യൂഷൻ സിസ്റെറമാണ്. വാട്ടർ ട്രീറ്റ്മെൻറ് നടത്തുന്നതിനുവേണ്ടി പേപ്പാറാ ഡാം കെട്ടിയതുകൊണ്ടുമാത്രം പ്രയോജനം ഉണ്ടാവുകയില്ല. ട്രീറ്റ്മെൻറിന്റെ കാര്യത്തിൽ വേണ്ടത്ര ശ്രദ്ധയുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. നമ്മുടെ പത്രങ്ങളിലൊക്കെ വാർത്ത വന്നതാണ്. സിറെറിയിൽ എല്ലാ ദിവസത്തും ചില സമയങ്ങളിൽ നൂലുപോലെ വളരെ ചെറിയ തോതിലാണ് വെള്ളം കിട്ടുന്നത്. നമ്മൾ ഡിസ്ട്രിബ്യൂഷന് പൈപ്പ് കൊടുത്തിട്ട് വളരെക്കാലമായി. അതിന്റെ സംവിധാനങ്ങളിൽ ഉണ്ടായിട്ടുള്ള തകരാറുകൾ, പ്രത്യേകിച്ച് പീക്ക് അവറിൽ വെള്ളം കിട്ടുന്നില്ലെന്ന് പരാതിയുണ്ട്. മന്ത്രിമാരുടെ കോളനികളിലൊക്കെ ചിലപ്പോൾ ഈ ബുദ്ധിമുട്ട് ഉണ്ടായില്ലെന്നുവരും. പക്ഷേ സാധാരണ നഗരത്തിന്റെ ഉയർന്ന പ്രദേശങ്ങളിൽ ഒക്കെ ഈ ബുദ്ധിമുട്ട് വരുന്നുണ്ട്. ട്രീറ്റ്മെൻറ് പ്ലാൻറിന്റെ കാര്യം പറയുമ്പോൾ എനിക്ക് പറയുവാനുള്ളത്, രാസവസ്തുക്കൾ ചേർക്കുമ്പോൾ—ആലം, ബ്ലീച്ചിംഗ് പൗഡർ ഇതൊക്കെ ചേർക്കുന്നുണ്ടല്ലോ—ഒരു നിശ്ചിത അനുപാതത്തിൽ ചേർക്കണമെന്ന് വ്യവസ്ഥയുണ്ട്. അത് അത്ര കാര്യമായിട്ട് ആരെങ്കിലും ശ്രദ്ധിക്കുന്നുണ്ടോ? ചേർക്കാൻ ചുമതലപ്പെട്ട ആളുകൾ അവ ചേർക്കുന്നതിൽ

LIBRARY ARCHIVES Kerala Legislative Assembly

വേണ്ടത്ര ജാഗ്രത പാലിക്കുന്നുണ്ടോ, പരിശോധിക്കാൻ സംവിധാനമുണ്ടോ എന്നുള്ള കാര്യത്തിൽ എനിക്ക് സംശയമുണ്ട്. ചിലപ്പോൾ ടാപ്പ് തുറക്കുമ്പോൾ കളളിന്റെ നിറത്തോടുകൂടിയാണ് വെള്ളം വരുന്നത്.

ശ്രീ. എ. സി. ജോസ്: രുചിയുടെ കാര്യത്തിലും കള്ളും ഇതും തമ്മിൽ എന്താണ് വ്യത്യാസം?

ശ്രീ. എം. എം. ഹസ്സൻ: എങ്ങനെയാണെന്ന് അത് രുചിച്ചിട്ടുള്ള ആളുകൾ പറഞ്ഞു തന്നാൽ ഞാൻ അതുപോലെ പറയാം. ഇപ്പോൾ അരുവിക്കരയിൽ പുതിയ ഒരു ട്രീറ്റ്മെന്റ് പ്ലാന്റിന്റെ പണി നടക്കുന്നുയെന്നാണ് എനിക്ക് മനസ്സിലായത്. അതിന്റെ പണി പൂർത്തിയായോ? ട്രീറ്റ്മെന്റിന്റെ കാര്യത്തിൽ പ്രത്യേകമായി ടെസ്റ്റു ചെയ്യാനും മറ്റുമുള്ള ഏർപ്പാടുകൾ ഉണ്ടാകണം. അതുപോലെതന്നെ തിരുവനന്തപുരം സിറ്റിയിൽ വാട്ടർ കണക്ഷനുകൾ കൊടുക്കുമ്പോൾ റോഡ് പൊളിക്കും. റോഡ് പൊളിച്ചുകഴിഞ്ഞാൽ, അത് പി. എച്ച്. ഇ. ഡി. ആയിരിക്കുന്നകാലത്ത് റിപ്പെയർ ചെയ്യാനുള്ള പണം പി. എച്ച്. ഇ. ഡി. യിൽ നിന്ന് കൊടുക്കണം എന്നാണ് വ്യവസ്ഥ. ചിലപ്പോഴൊക്കെ കൊടുക്കുമായിരുന്നു. പക്ഷെ ഇന്ന് ഒരു ആട്ടോണമസ് ബോഡിയായതുകൊണ്ട് കൊമേഴ്സ്യൽ ഇൻസ്റ്റിറ്റ്യൂഷനാണ്, പണം തന്നേ തീരൂ എന്ന് പി. ഡബ്ലിയു. ഡി. ക്കാർ നിർബന്ധം പിടിക്കുന്നുണ്ട്. അതിന്റെ ഫലമായിട്ട് നാട്ടുകാർക്കാണ് ബുദ്ധിമുട്ട്. വാട്ടർ അതോറിറ്റിക്കാർ ചെന്ന് പൈപ്പുലൈനിനു വേണ്ടി കുഴിക്കും. പിന്നെ കുഴി മൂടും. വളരെയധികം ഗതാഗതമുള്ള പ്രദേശങ്ങളിൽ വളരെയധികം ബുദ്ധിമുട്ട് ഉണ്ടാകുന്നുണ്ട്, അതുകൊണ്ട് ആ കാര്യത്തിൽ പണമടയ്ക്കണം. ചെറിയ റിപ്പെയറാണെങ്കിൽ അവർതന്നെ ചെയ്യണം. വാട്ടർ അതോറിറ്റിക്ക് എഞ്ചിനീയർ ഇല്ലേ? അത് പ്രത്യേകം ശ്രദ്ധിക്കേണ്ടതായിട്ടുണ്ട്.

അതുപോലെതന്നെ വെള്ളത്തിനു കരം നിശ്ചയിക്കുന്ന കാര്യത്തെപ്പറ്റി ശ്രീ. വർക്കല രാധാകൃഷ്ണൻ പറഞ്ഞു. അതിനോട് ഞാൻ യോജിക്കുകയാണ്. അത് ഗവൺമെന്റ് തന്നെ തീരുമാനിക്കണം. അത് അതോറിറ്റിക്ക് വിട്ടുകൊടുക്കാനുള്ളതല്ല. അത് വർദ്ധിപ്പിക്കാൻ പോകുന്നുവെന്നു കേട്ടു.

ശ്രീ. എ. സി. ഷൺമുഖദാസ്: എൽ. ഐ. സി. യുടെയും വേംഡ് ബാങ്കിന്റേയും ഒക്കെ കണ്ടീഷൻ തന്നെ, എല്ലാ മാനേജുമെന്റും ഉള്ള ബോഡി വേണമെന്നാണ്.

ശ്രീ. എം. എം. ഹസ്സൻ: അതിന്റെ നിയമവശത്തെക്കുറിച്ച് ശ്രീ. വർക്കല രാധാകൃഷ്ണൻ ഇവിടെ പറഞ്ഞു. ഇപ്പോൾ യഥാർത്ഥത്തിൽ ടാങ്കുകളൊന്നും വൃത്തിയാക്കുന്നില്ല. പേരൂർക്കടയോ മറ്റോ ഒന്ന് ഒന്നര അടി കനത്തിൽ ടാങ്കിൽ ചെളി കെട്ടിക്കിടന്നതായി പത്രവാർത്ത കണ്ടു. വാസ്തവത്തിൽ ബഹുമാനപ്പെട്ട മന്ത്രിയടക്കം കുടിക്കുന്ന വെള്ളം (ഈ ബില്ലിൽ നിന്ന് വേസ്റ്റ് വാട്ടർ എടുത്തു കളഞ്ഞുവെങ്കിലും) അശുദ്ധജലമാണ്. അശുദ്ധജലമാണ് നമ്മുടെയൊക്കെ വീടുകളിൽ എത്തുന്നതെന്ന് സംശയിക്കത്തക്കവണ്ണം ടാങ്കുകളിൽ ചെളി കെട്ടിക്കിടക്കുകയാണ്. ടാങ്കുകൾ വൃത്തിയാക്കുന്നില്ല.

ശ്രീ. പി. സീതിഹാജി: പല വാട്ടർ ടാങ്കുകളും മൂടാത്തതിന്റെ പേരിൽ ശവങ്ങളും മറ്റും കൊത്തിവലിച്ചു കൊണ്ടിടുന്നതിന്റെ ഫലമായി

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. എം. എം. ഹസ്സൻ: അതും ശ്രദ്ധിക്കേണ്ടതാണ്. ഇപ്പോൾ ടാങ്കുകളും ശുദ്ധീകരിക്കേണ്ടതാവശ്യമാണ്. പ്രത്യേകിച്ചും ശുദ്ധജലമാണ്. നമുക്ക് കിട്ടുന്നത് ശുദ്ധജലമാണെന്നു കരുതിയാണ് നമ്മൾ കുടിക്കുന്നത്. അതിന് വേണ്ടത്ര കാര്യമായിട്ടുള്ള പരിശോധന വേണം. അതിനകത്ത് ബാക്ടീരിയയോ മറ്റോ ഉണ്ടായിക്കഴിഞ്ഞാൽ ഉണ്ടാകുന്ന ദോഷത്തെപ്പറ്റി ചിന്തിക്കണം. കുടിക്കാനുള്ള വെള്ളമാണ് സർ. വെള്ളം തിളപ്പിച്ചാറിക്കുടിക്കണമെന്ന് നമുക്ക് എല്ലാപേരോടും പറയാൻ പറ്റുമോ? വെള്ളം ശുദ്ധീകരിക്കാൻപറ്റിയില്ലെങ്കിൽ പച്ചവെള്ളം കുടിക്കരുതെന്ന് ഒരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് എല്ലാ പൈപ്പുകളിലും എഴുതിവയ്ക്കണം. 'പച്ചവെള്ളം കുടിക്കരുത്. വെള്ളം തിളപ്പിച്ചു മാത്രമേ കുടിക്കാവൂ' എന്ന് വാട്ടർ അതോറിറ്റിയുടെ വകയായി ഒരു സ്റ്റാറ്റ്യൂട്ടറി വാണിംഗ് എഴുതിവയ്ക്കണം. അതല്ലെങ്കിൽ ശുദ്ധിയാക്കി വിതരണം നടത്തണം.

അതുപോലെതന്നെ മറ്റൊരുകാര്യം പറയാനുള്ളത്, തലസ്ഥാനത്തെ ഡ്രെയിനേജ് സിസ്റ്റത്തെക്കുറിച്ചാണ്. അത് കഴിഞ്ഞതവണയും ഇവിടെ പറഞ്ഞതാണ്. തലസ്ഥാന നഗരിയുടെ മൂന്നിൽ ഒന്നു ഭാഗത്തു മാത്രമേ ഈ ഡ്രെയിനേജ് സിസ്റ്റം എത്തിയിട്ടുള്ളു. ഇനിയും മൂന്നിൽ രണ്ടുഭാഗത്ത് ഇത് കവർ ചെയ്യാൻ കഴിഞ്ഞിട്ടില്ല. ഇപ്പോഴത്തെ വളരെ ഓവർലോഡ് ആണ്. എത്രയോ വർഷങ്ങൾക്കുമുമ്പ് ഇട്ട പൈപ്പുകളാണ്. അതൊക്കെതന്നെ ഈ മാൻഹോൾവഴി ലീക്ക് ചെയ്യുകയാണ്. പലതിലും ആ കപ്പാസിറ്റി താങ്ങാൻ കഴിയാതെ പൊട്ടി ഒലിക്കുന്നു. ഈ മലിനജലംകൊണ്ടുള്ള അപകടം തലസ്ഥാന നഗരിയിലുള്ള നഗരവാസികൾക്ക് സഹിക്കാൻ പറ്റാത്ത രീതിയിലായിട്ടുണ്ട്. അതിനൊരു ട്രീറ്റ്മെന്റ് പ്ലാന്റ് ഉണ്ടാക്കണം. ഇപ്പോൾ തമിഴ്നാട്ടിൽ ചെയ്യുന്നതുപോലെ അശുദ്ധമായിട്ടുള്ള വസ്തുക്കൾ ഒന്നുകിൽ വളമാക്കിമാറ്റാനോ അല്ലെങ്കിൽ മറ്റ് ജലാശയങ്ങളിലേക്ക് മാറ്റി അതിന്റെ മോശമായിട്ടുള്ള അംശം കളഞ്ഞ് ശുദ്ധീകരിച്ച് നല്ലവെള്ളമാക്കിമാറ്റി വിടുന്നതിനോ ഉള്ള ട്രീറ്റുമെന്റ് പ്ലാന്റ് ഉണ്ടാക്കണം. ഇവിടെ അതിന്റെ പമ്പിംഗ് സ്റ്റേഷൻപോലും കാര്യമായി പ്രവർത്തിക്കുന്നില്ല. അതിനൊരു ജനറേറ്റർ ഇല്ല. പവർ കട്ട് ഉണ്ടാകുന്നു. വോൾട്ടേജ് കുറവാണ്. ഡ്രെയിനേജിനെ സംബന്ധിച്ച് ഇതൊക്കെ വളരെ ബുദ്ധിമുട്ടാണ്. ഡ്രെയിനേജ് സിസ്റ്റം നഗരങ്ങളിൽമാത്രമേയുള്ളു. ബാക്കിയുള്ള സ്ഥലങ്ങളിൽ നമുക്ക് എത്തിക്കാൻ പറ്റിയിട്ടില്ല. അതുകൊണ്ട് അതിന് പ്രത്യേകമായ ഒരു ശ്രദ്ധ കൊടുക്കണം. വേസ്റ്റ് വാട്ടർ എന്നുള്ളത് എടുത്തുകളഞ്ഞാണെങ്കിലും വേസ്റ്റ് വാട്ടറുമായി ബന്ധപ്പെട്ട സീവറേജിനെ സംബന്ധിച്ചുള്ള പ്രവർത്തനങ്ങളിൽ കാര്യക്ഷമമായ ഒരു ശ്രദ്ധ ഗവൺമെന്റ് ഈ അതോറിറ്റിയുടെ ഭാഗത്തുനിന്നുണ്ടാക്കാൻ വേണ്ട നടപടികളും സ്വീകരിക്കണം. പ്രതിപക്ഷ മെമ്പർമാരുടെ അഭിപ്രായങ്ങളെ വളരെയേറെ ആദരിച്ചുകൊണ്ടും ഒരു ലെജിസ്ലേറ്റീവ് പ്രോസസ്സിൽ വളരെ ആരോഗ്യകരമായ നിലയിൽ പല അഭിപ്രായങ്ങളും അംഗീകരിച്ചുകൊണ്ടുമാണ് സബ്ജക്ട് കമ്മിറ്റിയിൽനിന്ന് ഈ ബിൽ തിരിച്ചുവന്നിരിക്കുന്നത്. ഈ ബില്ലിന്റെ അടിസ്ഥാനത്തിൽ അവശേഷിക്കുന്ന ശുദ്ധജലക്ഷാമം പരിഹരിക്കുന്നതിനും നമ്മുടെ സീവറേജുപോലുള്ള ഡ്രെയിനേജ് പ്രവർത്തനങ്ങൾ കൂടുതൽ വിപുലപ്പെടുത്തുന്നതിനും കഴിയണം എന്നുമാത്രം പറഞ്ഞുകൊണ്ട് ഞാൻ അവസാനിപ്പിക്കുന്നു.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: സർ, ഈ ബിൽ പൊതു ജനാഭിപ്രായം ആരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണം. ഇതിന്റെ പ്രാരംഭ ചർച്ചകളിൽത്തന്നെ ഈ അതോറിറ്റി രൂപീകരിക്കുവാനുള്ള തിരക്കിനിടയിൽ വളരെ ധൃതിപിടിച്ച് വേണ്ടത്ര ആലോചിക്കാതെ എഴുതിയുണ്ടാക്കിയ ഒരു ഓർഡിനൻസ് അതേപടി ഇവിടെ ബില്ലാക്കുകയാണ് ചെയ്തത്. അതിന്റെ ഫലമായിട്ട് ഈ ബിൽ സബ്ജക്ട് കമ്മിറ്റിക്ക് അയയ്ക്കണമെന്ന നിർദ്ദേശം വന്നപ്പോഴും ചർച്ച വന്നപ്പോഴുമൊക്കെയുണ്ടായ ശക്തമായ വിമർശനങ്ങളുടെത്തുടർന്ന് സബ്ജക്ട് കമ്മിറ്റിതലത്തിൽ പരിശോധനയ്ക്ക് വന്നപ്പോഴുമൊക്കെ ലേശം വ്യത്യാസം വരുത്തിയിട്ടുണ്ട്. കുറെയെല്ലാം മെച്ചപ്പെട്ടിട്ടുണ്ടെന്നകാര്യത്തിൽ അഭിപ്രായവ്യത്യാസമില്ല. എന്നാൽ ഇനിയും ഒട്ടനവധി കാര്യങ്ങളും സൂക്ഷ്മമായ പരിശോധനയ്ക്ക് വിധേയമാക്കേണ്ടതായിട്ടുണ്ട്. ഇപ്പോഴത്തെന്നെ കുഴപ്പങ്ങളും നിറഞ്ഞതാണെന്ന് പ്രകടമായി ബോദ്ധ്യമായ വ്യവസ്ഥകളും മാറ്റിയെടുക്കേണ്ടതുണ്ടെന്നുള്ളതുകൊണ്ടാണ് ഇത് വീണ്ടും പൊതുജനാഭിപ്രായമാരായുന്നതിനുവേണ്ടി സർക്കുലേറ്റ് ചെയ്യണമെന്ന നിർദ്ദേശം ഞാൻ വച്ചത്. ഈ ബില്ലിന്റെ പേരുതന്നെ ഇപ്പോൾ മാറ്റിയിട്ടുണ്ട്. 'കേരള വാട്ടർ അതോറിറ്റി'യെന്നാണ് ഇപ്പോൾ സബ്ജക്ട് കമ്മിറ്റി മാറ്റിയിരിക്കുന്നത്. . കേരള വാട്ടർ അതോറിറ്റിയെന്ന പേരുതന്നെ തെറ്റിദ്ധാരണകൾക്കും ദുർവ്യാഖ്യാനത്തിനുമൊക്കെ ഇടയാക്കാവുന്ന ഒരു പേരാണ്. ജലാശയങ്ങളെ സംബന്ധിച്ചോ മറ്റ് വിപുലമായ അർത്ഥത്തിൽ വെള്ളത്തെ സംബന്ധിച്ചോ ഒന്നും ഈ ബില്ലിനകത്ത് പ്രതിപാദിക്കുന്നില്ല. നാം പ്രതിപാദിക്കുന്നത് വാട്ടർ സപ്ലൈയെപ്പറ്റി മാത്രമാണ്. വാട്ടർ സപ്ലൈയും സീവറേജുമൊക്കെയാണ് ഇതിനകത്ത് ആകെ കൈകാര്യം ചെയ്യുന്ന കാര്യങ്ങൾ. അതാണതിന്റെ വസ്തുതയെങ്കിൽ വളരെ വിപുലമായി ദുർവ്യാഖ്യാനംചെയ്യാവുന്ന വളരെ വ്യാപ്തിയുള്ള 'വാട്ടർ അതോറിറ്റി' എന്ന പേര് എന്തിന് ഇതിനുകൊടുക്കണമെന്നു ഞാൻ ചോദിക്കുകയാണ്. പിൽക്കാലത്തെങ്കിലും തെറ്റിദ്ധാരണയുണ്ടാക്കാനോ അതല്ലെങ്കിൽ കൂടുതൽ വ്യാപ്തി ഇതിലുണ്ടാക്കണമെന്നാവശ്യപ്പെടാനോ ഉദ്ദേശമില്ലെങ്കിൽ, വാട്ടർ സപ്ലൈയുടെയും സീവറേജിന്റെയുമൊക്കെ കാര്യങ്ങളുമായി ബന്ധപ്പെടുത്തി പ്രവർത്തിക്കുകമാത്രമാണുദ്ദേശമെങ്കിൽ ഇതിന്റെ പേരിൽത്തന്നെ അത് വ്യക്തമാക്കുന്നതുകൊണ്ട് എന്തു ദോഷമാണുള്ളതെന്ന് ഞാൻ ചോദിക്കുകയാണ്. 'വാട്ടർ അതോറിറ്റി' എന്നതിനുപകരം 'വാട്ടർ സപ്ലൈ ആൻഡ് സീവറേജ് അതോറിറ്റി' എന്ന് ഈ ബില്ലിന് പേരുകൊടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. സ്വാഭാവികമായും പേരിൽ പിടിവാശിയില്ലെങ്കിൽ വസ്തുതകൾ പരിശോധിച്ച് ഇതിന്റെ പ്രവർത്തനവുമായി ബന്ധപ്പെടുത്തി ഒരു പേരു കൊടുക്കുവാൻ താൽപ്പര്യമുണ്ടെങ്കിൽ ഈ പേര് സ്വീകരിക്കുന്നതിന് യാതൊരു അപകടവുമില്ലെന്നാണ് എനിക്ക് തോന്നുന്നത്. അതുകൊണ്ട് ഈ ബില്ലിന്റെ പേരുതന്നെ മാറണം. 'വാട്ടർ സപ്ലൈ ആൻഡ് സീവറേജ് അതോറിറ്റി' എന്നാക്കി മാറണം. തമിഴ്നാട്ടിലും കർണ്ണാടകത്തിലുമൊക്കെയുള്ള അതോറിറ്റിയെ അനുകരിച്ചിട്ടാണല്ലോ നമ്മൾ ഇവിടെ ഈ ബോർഡുണ്ടാക്കിയിരിക്കുന്നത്. 'വാട്ടർ സപ്ലൈ ആൻഡ് ഡ്രെയിനേജ് ബോർഡ്' എന്നാണ് കർണ്ണാടകത്തിൽ ഇതിന് പേരു കൊടുത്തിട്ടുള്ളത്. അങ്ങനെയാണ് തമിഴ്നാട്ടിലും പേരു കൊടുത്തിട്ടുള്ളത്. അവർ കുറെക്കൂടി സ്പെസിഫിക്കായി ബോർഡിന്റെ ജോലി സ്പെസിഫൈ ചെയ്തുകൊണ്ട് നിർവ്വചനത്തിനകത്തു പറ്റിയ ഒരു പേരു കൊടുത്തിരിക്കുന്നു. നമുക്ക് അനാവശ്യമായ, ദുർവ്യാഖ്യാനത്തിനിടയാകുന്ന, വ്യാപ്തിയുള്ള ഒരു പേരിന്റെ ആവശ്യകതയുണ്ടോ?

LIBRARY ARCHIVES Kerala Legislative Assembly

പ്രത്യേകമായി എന്തെങ്കിലുമുണ്ടെങ്കിൽ അത് മന്ത്രി പറഞ്ഞാൽ പരിശോധിക്കാം. ഇല്ലെങ്കിൽ 'വാട്ടർ സപ്ലൈ ആൻഡ് സീവറേജ് അതോറിറ്റി' എന്ന പേരുകൊടുക്കണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഈ ബോർഡ് അല്ലെങ്കിൽ ഈ അതോറിറ്റിയുണ്ടായതിനെത്തുടർന്ന് ഒട്ടനവധി നേട്ടങ്ങൾ ഈ രാജ്യത്തുണ്ടാക്കാൻ കഴിഞ്ഞിരിക്കുന്നുവെന്ന് ശ്രീമാൻ ഹസ്സൻ നേരത്തേ സംസാരിക്കുകയുണ്ടായി. ഈ അതോറിറ്റി വന്നതിനെത്തുടർന്ന് രാജ്യത്താകമാനം ശുദ്ധജലവിതരണ രംഗത്ത് ഒരു വലിയ മാറ്റം തന്നെ സംഭവിച്ചിരിക്കുന്നു എന്ന പ്രചരണം കഴിഞ്ഞ രണ്ടുകൊല്ലമായി നടത്തിക്കൊണ്ടിരിക്കുകയാണ്. ഒരു 'വെള്ളവിപ്ലവം' തന്നെ നടത്തിക്കൊണ്ടിരിക്കുകയാണെന്ന് പറയാത്തത് ഭാഗ്യം. എന്തായാലും ജനങ്ങളുടെയിടയിൽ ഒട്ടനവധി പ്രതീക്ഷകളുണ്ടായിട്ടുണ്ട്. ഈ ബോർഡുണ്ടായിക്കഴിഞ്ഞാൽ അല്ലെങ്കിൽ ഈ അതോറിറ്റി ഉണ്ടായിക്കഴിഞ്ഞാൽ ഏതെല്ലാം സാമ്പത്തികസ്ഥാപനങ്ങളിൽനിന്നും ധനസഹായസ്ഥാപനങ്ങളിൽനിന്നും നമുക്ക് വേണ്ടത്ര പണം ലഭിക്കുമെന്നും അതിന്റെയെല്ലാം ഫലമായി സമഗ്രമായി നമ്മുടെ സംസ്ഥാനത്ത് ശുദ്ധജലവിതരണത്തിനുള്ള ഒരു പദ്ധതി, ഡ്രെയിനേജുകൾ ആവശ്യമുള്ള പട്ടണങ്ങളിൽ സമഗ്രമായൊരു പദ്ധതി ഇതൊക്കെ ഏറെടുത്തുനടപ്പിലാക്കുവാൻ കഴിയും, അതിനുള്ള പണം വേണ്ടത്ര ലഭിക്കും, ലഭിക്കാൻ വേണ്ടിയാണ് ഇങ്ങനെയൊരു അതോറിറ്റി രൂപീകരിക്കുന്നതെന്നാണ് പ്രചരിപ്പിച്ചിരുന്നത്. എന്നാൽ ഇപ്പോൾ ഇതുണ്ടാക്കിയിട്ട് വർഷം രണ്ടുകഴിഞ്ഞിരിക്കുന്നു. ഈ അതോറിറ്റിവന്നതിനുശേഷം ഏതെല്ലാം ധനകാര്യസ്ഥാപനങ്ങളിൽനിന്ന് ഇത്തരം പദ്ധതികൾക്ക് സഹായം ലഭിച്ചിട്ടുണ്ടെന്നകാര്യം ബഹുമാന്യനായ മന്ത്രി ഒന്ന് വിശദീകരിച്ചാൽ തരക്കേടില്ലെന്ന് എനിക്ക് തോന്നുന്നു. ലോകബാങ്കിൽനിന്നോ നെതർലാൻഡുപോലെയുള്ള രാജ്യങ്ങളിൽനിന്നോ ഒക്കെ ധനസഹായം ലഭിക്കുമെന്നാണ് നാം പ്രതീക്ഷിക്കുന്നത്. അത് ഇല്ലെന്ന് ഞാൻ പറയുന്നില്ല. പക്ഷേ ഇപ്പോൾ ലോകബാങ്കിൽനിന്ന് ധനസഹായം പ്രതീക്ഷിക്കുന്ന പദ്ധതികളുടെ ചർച്ചകളും സാങ്കേതിക തീരുമാനങ്ങളുമൊക്കെ പൂർത്തിയാക്കപ്പെട്ടിരിക്കുകയാണ്. ലോകബാങ്ക് അംഗീകരിച്ചു കഴിഞ്ഞ പദ്ധതികൾതന്നെ ഈ അതോറിറ്റിയുണ്ടാകുന്നതിന് എത്രയോ വർഷംമുമ്പ് 1980—ൽ ശ്രീമാൻ എ. സി. ഷൺമുഖദാസ് ഇവിടെ പി. എച്ച്. ഇ. ഡി. വകുപ്പിന്റെ മന്ത്രിയായിരുന്നകാലത്ത് ആവിഷ്കരിച്ച പദ്ധതികളാണ്. അന്നുമുതൽ ലോകബാങ്കുമായി ചർച്ച ആരംഭിച്ച പദ്ധതികളാണ്. ആ ചർച്ചയുടെ തുടർച്ചയായിട്ടുള്ള നടപടികളുടെ ഭാഗമായിട്ടുള്ള സംഖ്യ മാത്രമാണ് നമുക്കിപ്പോൾ ഒരു പദ്ധതിയായി നമ്മുടെ മുമ്പിലുള്ളതെന്ന വസ്തുത ഓർക്കാതിരുന്നിട്ട് കാര്യമുണ്ടോ? അപ്പോൾ ഒരു അതോറിറ്റി പ്രത്യേകമായിട്ടുണ്ടായിരുന്നാൽ മാത്രമേ ധനകാര്യസ്ഥാപനങ്ങളിൽനിന്ന് വായ്പ കിട്ടുകയുള്ളു എന്ന പ്രചരണം തെറ്റാണെന്നുമാത്രമല്ല അങ്ങനെ ഒരു അതോറിറ്റി പ്രത്യേകമായി ഉണ്ടാക്കിയതുകൊണ്ട് നമുക്ക് വളരെപെട്ടെന്ന് ഒരു സഹായവും ആരുടെഭാഗത്തുനിന്നും ഇതുവരെ കിട്ടിയിട്ടുമില്ല. ഈ സ്ഥാപനത്തിന് കിട്ടാവുന്ന സഹായങ്ങൾ മറ്റ് നിലയിൽ പി. എച്ച്. ഇ. ഡി. ആയിത്തുടർന്നിരുന്നുവെങ്കിലും കിട്ടുമായിരുന്നുവെന്നുള്ളകാര്യത്തിൽ എനിക്ക് യാതൊരു സംശയവുമില്ല. ശുദ്ധജല വിതരണത്തിന്റെ കാര്യത്തിൽ എടുത്തു ചാട്ടമുണ്ടാക്കിയിരിക്കുന്നു എന്നാണ് അവർ അവകാശപ്പെടുന്നത്.

7 P.M.] കാലത്തേ ചോദ്യം ചോദിച്ചപ്പോൾ ഗവൺമെന്റിന്റെ സ്ഥിതി വിവരക്കണക്കുകൾക്കുകൂടി പറഞ്ഞിട്ടുള്ള കണക്കുകൾ തന്നെയാണ് പറഞ്ഞത്. പ്രശ്നഗ്രാമങ്ങൾ 1164 എണ്ണമുണ്ട്. അതിൽ 1148 എണ്ണത്തിൽ ശുദ്ധജലവിതരണം എത്തിച്ചു കഴിഞ്ഞിട്ടുണ്ട് എന്ന

LIBRARY ARCHIVES Kerala Legislative Assembly

മറുപടിയുണ്ടായി. പുതിയ മന്ത്രി ഇപ്പോഴും പറയുന്നത് 10 പ്രശ്നഗ്രാമങ്ങളും മാത്രമാണുള്ളതെന്നാണ്. ഡോക്ടർ കെ. സി. ജോസഫ് പറഞ്ഞു അദ്ദേഹത്തിന്റെ ഗ്രാമത്തിൽ ഒരു തുള്ളി ശുദ്ധജലം പോലും ലഭിക്കുന്നില്ലെന്ന്. അത് പതിനൊന്നാമത്തേതാണെന്ന് ശ്രീമാൻ കെ. സി. ജോസഫ് പറഞ്ഞു. എന്റെ നിയോജകമണ്ഡലത്തിൽ കുമ്പളങ്ങിൽ ഒരു പഞ്ചായത്തിനകത്ത് ഒരു ശുദ്ധജല വിതരണ പദ്ധതി പോലും ഇതുവരെ തുടങ്ങിയിട്ടില്ല. ഒരു തുള്ളി ശുദ്ധജലം പോലും കിട്ടുന്നില്ലെന്നു ഞാൻ പറഞ്ഞതാണ്. ഇങ്ങനെ ഓരോരുത്തരായി പറഞ്ഞാൽ ഈ 1148 പ്രശ്നഗ്രാമങ്ങളും എന്നു പറയുന്നത് കേരളത്തിൽതന്നെയുള്ള ഗ്രാമങ്ങളും എല്ലാം ചേർത്തു കൊടുത്തിട്ടുള്ള കണക്കാണോ? അതോ മറ്റു പല സ്ഥലങ്ങളും ചേർന്നിട്ടുണ്ടോ എന്നു സംശയമാണ്. ഈ ഗവൺമെന്റ് ഇത്തരം ഒരു അതോറിറ്റി വന്നതിനുശേഷം എങ്കിലും ശുദ്ധജലവിതരണത്തിനുള്ള സമഗ്രമായ പദ്ധതി ഉണ്ടാക്കിയിട്ടുണ്ടോ? എത്രയോ സ്ഥലത്ത് പൈപ്പുകളും കുഴിച്ചിട്ടിട്ടുണ്ട്. പൈപ്പുകളും കുഴിച്ചിട്ടിട്ടുള്ളിടത്ത് അതിന് മെയിൻ ലൈനുമായിട്ട് കണക്ഷൻ കൊടുത്തിട്ടില്ല. കണക്ഷൻ കൊടുക്കാവുന്നിടത്തു കൊടുത്തിട്ടില്ലെന്നു മാത്രമല്ല ചില സ്ഥലത്തു ഹൈഡ്രന്റ് വച്ചിട്ടില്ല. ചില സ്ഥലത്ത് അതിന് പമ്പിംഗ് സ്റ്റേഷൻ ഉണ്ടാവില്ല. വേറെ ചില സ്ഥലത്ത് ഓവർ ഹെഡ് ടാങ്ക് പണിയാൻ സ്ഥലം കിട്ടിക്കാണില്ല. കുഴൽക്കിണർ കുഴിച്ച സ്ഥലങ്ങളിൽത്തന്നെ അതിന്റെ മൂന്നിൽ രണ്ടു ഭാഗത്ത് വെള്ളം കിട്ടുന്നില്ലെന്ന് പിന്നീട് കണ്ടു പിടിച്ചു. കുഴൽക്കിണറുകളും കുഴിച്ചതിൽ 30 ശതമാനത്തിൽനിന്നു മാത്രമാണ് വെള്ളം കിട്ടുന്നത്. ആ വെള്ളം തന്നെ കിട്ടുന്നിടത്ത് പമ്പ് ചെയ്യുന്നതിനുള്ള സംവിധാനം ഉണ്ടാക്കിയിട്ടില്ല. പമ്പ് ചെയ്തിടത്ത് കുഴൽ ഉണ്ടാക്കിയിട്ടില്ല. കുഴലുള്ളിടത്ത് വെള്ളമില്ല. വെള്ളം ഉള്ളിടത്ത് കുഴലില്ല. ഇത്രമാത്രം അനാഥമായ ഒരവസ്ഥ ഈ സംസ്ഥാനത്ത് ഇപ്പോഴും നിലനിൽക്കുകയാണ്. എങ്കിലും വലിയ അവകാശവാദമാണ് നടത്തുന്നത്. നമ്മുടെ സംസ്ഥാനത്ത് ശുദ്ധജല വിതരണം ലഭിക്കാത്ത സ്ഥലം ഇല്ലെന്ന് തോന്നാവുന്ന വിധത്തിലാണ് ഇപ്പോഴും പ്രചരണം നീങ്ങിക്കൊണ്ടിരിക്കുന്നത്. എനിക്കീ ബഹുമാന്യനായ മന്ത്രിയോടു പറയാനുള്ളത് ''രാമേശ്വരത്തെ ക്ഷൗരംപോലെ'' അവിടവിടെയായി ഒരു ബന്ധവുമില്ലാതെ മുടക്കുന്ന പണം കൊണ്ട് പ്രയോജനം ലഭിക്കാത്ത സ്കീംസ് ഇങ്ങനെ അവടവിടെയായി തുടങ്ങുന്നതിനു പകരം പദ്ധതികളും തുടങ്ങുന്നത് സമഗ്രമായ ഒരു പരിപാടി ഉണ്ടാക്കിയതിനുശേഷം മാത്രമായിരിക്കണം എന്നുള്ളതാണ്. ഇപ്പോഴും ഏറെറടുത്തിട്ടുള്ള പദ്ധതികളും പൂർത്തീകരിക്കാൻ മുൻഗണന കൊടുക്കുകയും മറ്റു സ്ഥലങ്ങളിൽ ഏറെറടുക്കുന്നതിന് ക്രമപ്രവൃദ്ധമായ പരിപാടികളും ആവിഷ്ക്കരിക്കുകയും ചെയ്യുന്നതിന് ഒരു സംവിധാനം ഉണ്ടാക്കണം.

ഈ ബില്ലിൽ ഒരു സ്ഥലത്ത് സ്റ്റേറ്റർ പ്ലാൻ ഉണ്ടാക്കുന്നതിനെപ്പറ്റി പറഞ്ഞിട്ടുണ്ട്. വാസ്തവത്തിൽ നമ്മുടെ സംസ്ഥാനത്തിന്റെ വിവിധഭാഗങ്ങളിൽ ശുദ്ധജലം എത്തിക്കുന്നതിന് ഒരു സമഗ്രമായ പദ്ധതി ഉണ്ടാക്കാൻ അടിയന്തിരമായി ശ്രദ്ധിക്കണമെന്നു തന്നെയാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. അതിനെപ്പറ്റി ഒന്നും ഇതിനകത്ത് പറഞ്ഞിട്ടില്ല. ശ്രീമാൻ ഹസ്സൻ ഇവിടെ ഒരു വാദം ഉന്നയിച്ചു. ശുദ്ധജലം വേണ്ടിടത്തോളം കിട്ടിയിട്ടുണ്ടെന്നദ്ദേഹം പറഞ്ഞു. ഹസ്സന്റെ നിയോജകമണ്ഡലത്തിൽ തന്നെ വേണ്ടിടത്തോളം ശുദ്ധജലം ലഭിച്ചിട്ടുണ്ടെന്ന് അവകാശപ്പെടാമെന്നെനിക്കു തോന്നുന്നില്ല. ശ്രീമതി ഗൗരിയമ്മ പറഞ്ഞു, ഈ അതോറിറ്റി വന്നിട്ട് രണ്ടു കൊല്ലമായിട്ടും ആലപ്പുഴ

LIBRARY ARCHIVES Kerala Legislative Assembly

നഗരത്തിൽ ശുദ്ധജല വിതരണം ഏറ്റെടുക്കാൻ കഴിഞ്ഞിട്ടില്ലെന്ന്. ഏറ്റെടുക്കാൻ തയ്യാറായിട്ടില്ല. ശ്രീമാൻ ദിനകരൻ പറയുന്നത് അവിടെ തർക്കമുണ്ടായിട്ടാണെന്ന്. തർക്കം ഉണ്ടാകും. തർക്കമുണ്ടായാൽ അതു പരിഹരിക്കാൻ ഇവർക്ക് കഴിയണം. അങ്ങനെ തർക്കം ഉണ്ടെന്നുള്ളതിന്റെ പേരിൽ എത്രകാലം പ്രധാനപ്പെട്ട പട്ടണങ്ങളിൽ ശുദ്ധജല വിതരണ പദ്ധതി ഏറ്റെടുക്കാതെ മുമ്പോട്ടു പോകാൻ കഴിയും എന്നുള്ളതാണ് ഇവിടെ പ്രശ്നം. സ്വാഭാവികമായും ഈ ഗവൺമെന്റിനും ഈ അതോറിറ്റിക്കും ശുദ്ധജല വിതരണത്തിന്റെ താൽപ്പര്യത്തേക്കാൾ കൂടുതലായി മറ്റെന്തോ താൽപ്പര്യമാണ് ഇത്തരം ഒരു അതോറിറ്റി രൂപീകരിക്കുന്നതിന് ഇവർക്ക് പ്രേരണ നൽകിയത് എന്നാണ് എനിക്ക് തോന്നുന്നത്. ഈ അതോറിറ്റി ശുദ്ധജലവിതരണത്തിൽ വലിയ നേട്ടങ്ങൾ ഉണ്ടാക്കുന്നതിനെപ്പറ്റി പറഞ്ഞു. എന്താ വാസ്തവത്തിൽ നടന്നത്. ഈ വരൾച്ചക്കാലത്ത് കിട്ടിയ കുറേ പണം ഉപയോഗിച്ച് ഓരോ ഹരിജൻ സെറ്റിൽമെന്റുകളിൽ ചില സ്ഥലങ്ങളിൽ ഒന്നോ രണ്ടോ ടാപ്പുകൾ ഇടുന്നതിന് പൈപ്പുകൾ നീട്ടിക്കൊടുത്തിട്ട് അവിടെ രണ്ട് ടാപ്പുകൾ അല്ലെങ്കിൽ രണ്ട് ഹൈഡ്രൻറ് വച്ചുകൊടുത്തിട്ട് ഞങ്ങൾ എത്ര വില്ലേജുകളിൽ ശുദ്ധജല വിതരണം എത്തിച്ചിരിക്കുന്നു എന്നു പറയുകയാണ് ചെയ്തിരിക്കുന്നത്. യഥാർത്ഥത്തിൽ ഇന്നും ഭൂരിപക്ഷം പഞ്ചായത്തുകളിലേയും ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നില്ല. വിവിധ പ്രദേശത്ത് താമസിക്കുന്ന ജനങ്ങൾക്ക് വെള്ളം ലഭിക്കുന്നതിനുള്ള നടപടികൾ ഇതുവരെ ഉണ്ടായിട്ടില്ല എന്നുള്ളതാണ് വാസ്തവം.

ഇനി ബില്ലിന്റെ ഘടനയിലേക്ക് വരാം. നമ്മുടെ പുതിയ മന്ത്രി, ഇതിന്റെ ചെയർമാനായിരിക്കണം എന്ന ദുർവ്വാശി ഉപേക്ഷിച്ചു കണ്ടതിൽ വളരെ സന്തോഷമുണ്ട്. കഴിഞ്ഞ നിയമസഭാ സമ്മേളനത്തിൽ ഈ ബില്ലിന്റെ ചർച്ചാ വേളയിൽ മന്ത്രിതന്നെ ഇതിന്റെ ചെയർമാനായിരുന്നില്ലെങ്കിൽ ഉണ്ടാകാവുന്ന അപകടത്തെപ്പറ്റി ഘോരഘോരം പ്രസംഗിച്ച ഒരാളായിരുന്നു ശ്രീമാൻ ഗംഗാധരൻ. ഭാഗ്യവശാൽ അദ്ദേഹം ഇന്ന് മന്ത്രി അല്ല. മന്ത്രി അല്ലാത്ത ഒരാൾ ഇതിന്റെ ചെയർമാനായിവന്നാലും ഈ അതോറിറ്റി നിലനിൽക്കും എന്ന വിശ്വാസം ഇപ്പോഴെങ്കിലും ഉണ്ടായിക്കണ്ടതിൽ സന്തോഷമുണ്ട്. പക്ഷേ ഇതിനകത്ത് മന്ത്രി ആകാം, ആകാതിരിക്കാം എന്ന ശങ്ക വച്ചിരിക്കുന്നു. ശ്രീമാൻ മാണിയെ സംബന്ധിച്ചിടത്തോളം അദ്ദേഹത്തിന് ചെയർമാനായിട്ടിരിക്കണമെന്ന് താൽപ്പര്യമില്ലായിരിക്കാം. അതുകൊണ്ട് അദ്ദേഹത്തിന്റെ കാലം തീരുന്നതുവരെ അതിന്റെ ചെയർമാൻ മന്ത്രിയായിരിക്കുകയില്ലെന്ന് വിചാരിക്കാം. എന്നാൽ എല്ലാകാലത്തും മാണി തന്നെ മന്ത്രി ആയിരിക്കുകയില്ലെന്ന് അറിയാവുന്നതുകൊണ്ട് ഇനി വരുന്ന കാലഘട്ടത്തിലും ഈ അതോറിറ്റിയുടെ ചെയർമാനായി നമ്മുടെ സംസ്ഥാനത്തെ ഒരു മന്ത്രി വരരുത് എന്നുള്ള കാര്യം വളരെ വ്യക്തമായി ഇതിനകത്ത് രേഖപ്പെടുത്തണമെന്നാണ് എന്റെ അഭിപ്രായം. അതുകൊണ്ട് മന്ത്രിയല്ലാത്ത ഒരാളെ ഗവൺമെന്റ് നിയമിക്കണം. അർഹതയുള്ള, യോഗ്യതയുള്ള, പരിചയ സമ്പന്നനായ മറ്റാരെയെങ്കിലും ഇതിന്റെ ചെയർമാനായി നിയമിക്കാൻ നമുക്കു കഴിയണം. അതിനുള്ള വ്യവസ്ഥ വ്യക്തമാക്കണം. മന്ത്രിയല്ലാത്ത ഒരാൾ എന്നു പറഞ്ഞാൽ നമ്മുടെ നിയമസഭയിൽത്തന്നെ ആരെങ്കിലും ആയാൽ എന്താണെന്നുള്ള അഭിപ്രായം അറിയാതെ തന്നെ വന്നുകൂടിയിട്ടുണ്ട്. മന്ത്രിയല്ലാത്ത ഒരാൾ എന്നു പറയുമ്പോൾ ഇതിനകത്ത് നിയമസഭയിലെ അംഗമായ ഒരാളും ഇത്തരം ഒരു ബോർഡിന്റേയോ കോർപ്പറേഷന്റേയോ ചെയർമാനാകരുത് എന്നുള്ള കാര്യം ഇതിനകത്ത് വ്യക്തമായി എഴുതണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

സാധാരണ ബോർഡിന്റെ നേതൃത്വവും നിയന്ത്രണവും അതിന്റെ മറ്റു കാര്യങ്ങളുമെല്ലാം ചർച്ച ചെയ്യുന്ന ഒരു ബോഡി എന്നുള്ള നിലയ്ക്ക് ഈ സഭയിലെ ഒരു മന്ത്രി ചെയർമാനാകാൻ പാടില്ലെന്നു പറയുന്നതുപോലെ തന്നെ നിയമസഭാ സാമാജികൻമാരും ഇതിന്റെ ചെയർമാനാകാൻ പാടില്ലെന്നുള്ള കാര്യം ഇതിനകത്ത് വ്യക്തമായി വ്യവസ്ഥ ചെയ്യണമെന്നാണ് എന്റെ അഭിപ്രായം. ഇതിനകത്ത് പല ആളുകളെയും അപ്പോയിന്റ് ചെയ്യുമെന്നു പറയുന്നുണ്ട്. ഡയറക്ടർ ബോർഡിനെ ഗവൺമെന്റ് അപ്പോയിന്റ് ചെയ്യുന്നു. എന്നാൽ ഇതിനകത്ത് അപ്പോയിന്റ് ചെയ്യുമ്പോൾ ലോക്കൽ ബോഡീസിലെ ആളുകളെ എന്തിനാണ് അപ്പോയിന്റ് ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. സാധാരണയായി ലോക്കൽ ബോഡിയിലുള്ള ആളുകളെ നോമിനേറ്റ് ചെയ്യുകയാണ്/ ചെയ്യുന്നത്. അവരെ എങ്ങനെയാണ് അപ്പോയിന്റ് ചെയ്യുന്നതെന്ന് എനിക്ക് മനസ്സിലാകുന്നില്ല. ശമ്പളംകൊടുത്ത് അപ്പോയിന്റ് ചെയ്യുന്ന രീതിയാണോ ഉദ്ദേശിക്കുന്നത്. അങ്ങനെ അപ്പോയിന്റു ചെയ്യേണ്ട ആവശ്യമില്ലെന്നു ഞാൻ പറയുകയാണ്. ലോക്കൽ ബോഡീസിന്റെ പ്രതിനിധിയായി ഒരാളെ ഗവൺമെന്റ് അപ്പോയിന്റ് ചെയ്താൽത്തന്നെ ആ ലോക്കൽ ബോഡീസിന്റെ കാലാവധി തീരുന്ന മുറയ്ക്ക് അയാളുടെ മെമ്പർ സ്ഥാനം നഷ്ടപ്പെടുന്നു എന്നു പറയുന്നു. എന്നാൽ ലോക്കൽ ബോഡീസ് ഇല്ലാത്ത സമയത്ത്, മുമ്പ് ലോക്കൽ ബോഡി അംഗമായിരുന്ന ഒരാളെ അപ്പോയിന്റ് ചെയ്താൽ അല്ലെങ്കിൽ നോമിനേറ്റ് ചെയ്താൽ പിന്നീട് ലോക്കൽ ബോഡി ഇലക്ഷൻ കഴിയുന്ന മുറയ്ക്ക് ഇയാളുടെ കാലാവധി നഷ്ടപ്പെടുന്നതാണ് എന്ന് ഇതിന്റെ അകത്ത് വ്യവസ്ഥ ചെയ്തിട്ടില്ല. അതിന്റെ അർത്ഥം ലോക്കൽ ബോഡി ഇല്ലാത്ത സമയത്ത് ഡയറക്ടർ ബോർഡിലേക്ക് നിയമിക്കപ്പെടുന്ന ഒരാളെ പിന്നീട് ലോക്കൽ ബോഡി ഇലക്ഷൻ കഴിഞ്ഞ് മറ്റാളുകൾ തെരഞ്ഞെടുക്കപ്പെട്ടുവന്നാൽപ്പോലും മുമ്പ് നോമിനേറ്റ് ചെയ്യപ്പെട്ടയാൾ തെരഞ്ഞെടുക്കപ്പെട്ടയാൾ അല്ലെങ്കിൽപോലും അതിന്റെ പ്രാതിനിധ്യം ഇല്ലാതെ തന്നെ അദ്ദേഹം അവിടെ തുടരും എന്നാണ് പറഞ്ഞിരിക്കുന്നത്. അങ്ങനെ തുടരുന്നതിന് എന്തുയുക്തിയാണുള്ളത്? ലോക്കൽ ബോഡീസിന്റെ പ്രതിനിധിയായി ഒരാൾ തെരഞ്ഞെടുക്കപ്പെട്ടാൽ ആ ആൾ തെരഞ്ഞെടുപ്പു കഴിഞ്ഞ് വരുന്ന മുറയ്ക്ക് ലോക്കൽ ബോഡീസിന്റെ തെരഞ്ഞെടുപ്പുകൾ നടക്കാത്ത കാലത്ത് നോമിനേറ്റ് ചെയ്യപ്പെട്ടയാളുടെ ഡയറക്ടർ സ്ഥാനം നഷ്ടപ്പെടുന്നതുമാണ് എന്ന വ്യവസ്ഥ ഉണ്ടാകേണം. ലോക്കൽ ബോഡീസിൽ ഉള്ള ഒരാളെ തെരഞ്ഞെടുക്കപ്പെട്ട ലോക്കൽ ബോഡീസിൽ വച്ച് നോമിനേറ്റ് ചെയ്യേണ്ട കാര്യമില്ല. അവരെ തെരഞ്ഞെടുക്കാനുള്ള പ്രതിനിധികളും ഇതിനകത്തുണ്ടാകണം. തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികളും എന്നുള്ള നിലയ്ക്കുതന്നെ നേരത്തേ സൂചിപ്പിച്ചതുപോലെ തന്നെ പഞ്ചായത്തിന്റെ, കേരള സംസ്ഥാന സമിതിയുടെ അദ്ധ്യക്ഷനോ, മുനിസിപ്പൽ കോർപ്പറേഷൻസ്, ഇതൊക്കെയാണെങ്കിൽ അതിന്റെ മേയറിന്റെ അദ്ധ്യക്ഷനോ ആയ ആളുകളെ ഇതിനകത്ത് ഉൾപ്പെടുത്തണമെന്ന് ഞാൻ പറയുകയാണ്. അങ്ങിനെ പറയുമ്പോൾ പഞ്ചായത്തിന്റെ മാത്രമല്ല മുനിസിപ്പാലിറ്റികളുടെ മേയറിൽ തെരഞ്ഞെടുക്കപ്പെടുന്ന പ്രസിഡൻറിനെ അല്ലെങ്കിൽ പ്രതിനിധികളെക്കൂടി ഇതിന്റെയകത്ത് ഒരംഗമായി നിയമിക്കാൻ തയ്യാറാകണമെന്നാണ് എനിക്ക് നിർദ്ദേശിക്കുവാനുള്ളത്. ഇതിൽ ഉദ്യോഗസ്ഥൻമാരേയും സ്റ്റാഫംഗങ്ങളേയും നിയമിക്കുന്ന കാര്യത്തെപ്പറ്റി പറയുന്നുണ്ട്. അതിനകത്ത് The Authority may, with the previous approval of the Government, appoint on deputation a servant of the Central Government or the State Government as an employee of the Authority

LIBRARY ARCHIVES Kerala Legislative Assembly

on such terms and conditions as it thinks fit. ആദ്യഘട്ടത്തിൽ ഡെപ്യൂട്ടേഷനൊക്കെ വേണ്ടി വരുന്നതു് നമുക്കു് മനസ്സിലാക്കാവുന്ന കാര്യമാണു്. പെട്ടെന്നു് ഒരു സംവിധാനം ഉണ്ടാക്കുന്നു, അവിടെത്തന്നെ അർഹതയുള്ള ആളുകൾ ഇല്ലാതെ വരുന്നു. ആ നിലയ്ക്കു് പരിചയമുള്ള ആളുകളെ മറ്റു ഡിപ്പാർട്ടുമെൻറിൽനിന്നു് ഡെപ്യൂട്ടു് ചെയ്തു അവിടെ പ്രവർത്തിപ്പിക്കുന്നു എന്നതു് മനസ്സിലാക്കാവുന്ന കാര്യമാണു്. എന്നാൽ ഈ ഡെപ്യൂട്ടേഷൻ പ്രകാരം ഏതു കാലത്തും മറ്റു ഡിപ്പാർട്ടുമെൻറിൽനിന്നു് ഡെപ്യൂട്ടു് ചെയ്തു അവിടെ ആളുകളെ നിയമിക്കുക എന്നു് ഒരു സ്ഥിരം സംവിധാനം ഉണ്ടാക്കിവയ്ക്കേണ്ടതിന്റെ ആവശ്യകത എന്തെന്നു് എനിക്കു് മനസ്സിലാകുന്നില്ല. ഈ വകുപ്പു് പിൽക്കാലത്തേക്കു് ദുർവിനിയോഗം ചെയ്യപ്പെടാൻ ഇടയുള്ള വകുപ്പായതുകൊണ്ടു് അതു് റദ്ദാക്കേണമെന്നാണു് എന്റെ അഭിപ്രായം. ഡെപ്യൂട്ടേഷനു് ആളുകളെ എടുക്കേണ്ട കാര്യവുമില്ല; ആവശ്യവുമില്ല. അവിടെ ജോലി ചെയ്യാൻ ആളുകളുണ്ടെങ്കിൽ അവിടെ ഇൻറർവ്യൂ നടത്തി ജോലി ലഭിക്കുന്ന മുറയ്ക്കു മറ്റു സ്ഥലത്തുനിന്നും രാജിവച്ചു പോകുന്നതായിരിക്കും നല്ലതു് എന്നാണു് എന്റെ അഭിപ്രായം. ജി. സി. ഡി. എ. പോലുള്ള സ്ഥാപനങ്ങളിൽ ഡെപ്യൂട്ടേഷനിൽ കുറെ ആളുകളും പോയിട്ടുണ്ടു്. എന്നാൽ അവിടെ നിയമിക്കപ്പെട്ട കുറെ ആളുകളും ഉണ്ടു്. ഇവർ തമ്മിലുള്ള ദീർഘമായ ശീതസമരവും അതു് ഉണ്ടാക്കിയ കെടുതിയുമൊക്കെ അങ്ങേക്കു് അറിവുള്ളതുകൊണ്ടു് പറയുന്നതാണു്. ഈ ഡെപ്യൂട്ടേഷൻ എന്നുള്ള ഏർപ്പാടു് ഒരു സ്ഥിരം ഏർപ്പാടായിവയ്ക്കുന്നതു് പ്രവർത്തനങ്ങൾക്കു് നന്നായിരിക്കുകയില്ലെന്നാണു് എന്റെ വിനീതമായ അഭിപ്രായം. മറെറാരു കാര്യം ഞാൻ നേരത്തെ സൂചിപ്പിച്ചതാണു്. "Functions of Authority" യുടെ കാര്യത്തിൽ സമഗ്രമായ ഒരു ശുദ്ധജല വിതരണ പദ്ധതി നമുക്കു് ആവിഷ്കരിക്കാൻ കഴിയണം. അതിന്റെ സോഴ്സുകൾ കണ്ടെത്താനും ആ സോഴ്സുകളിൽനിന്നും കിട്ടുന്ന വെള്ളം വിതരണം ചെയ്യാനും ഉതകുന്നതിനുള്ള ഒരു പദ്ധതി ഉണ്ടാക്കണമെന്നു് ഈ സന്ദർഭത്തിൽ പറയുകയാണു്. നമ്മുടെ ശുദ്ധജലവിതരണത്തിന്റെ പോരായ്മകളെപ്പറ്റി മറ്റു ചില സന്ദർഭങ്ങളിൽ ഈ നിയമസഭയിൽ ചർച്ച ചെയ്തിട്ടുണ്ടെങ്കിലും ഈ സന്ദർഭത്തിൽ ഒന്നുകൂടി ചൂണ്ടിക്കാണിക്കുകയാണു്. നമ്മുടെ കൊച്ചി മേഖലയിൽ, എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ, ആലുവ, പറവൂർ, തൃപ്പൂണിത്തുറ തുടങ്ങിയ മുനിസിപ്പാലിറികളിലും കൊച്ചി നഗരം ഉൾപ്പെടെയുള്ള മുനിസിപ്പൽ നഗരങ്ങളിലും അതിന്റെ പരിസരത്തുമുള്ള 10–12 പഞ്ചായത്തുകളിലും സ്ഥലങ്ങളിലും ഇപ്പോൾ ലഭിക്കുന്ന വെള്ളം അവിടെ ആവശ്യമുള്ളതിന്റെ 2/3 ഭാഗം മാത്രമാണു്. 28 ദശലക്ഷം ഗ്യാലൻ വെള്ളമാണു് ആകെ അവിടത്തെ സോഴ്സിൽനിന്നും ലഭിക്കുന്നതു്. ആലുവാ പുഴയിൽനിന്നും ലഭിക്കുന്ന വെള്ളം ട്രീറ്റു ചെയ്തു വിതരണം ചെയ്തിരുന്നതു് എറണാകുളം മുനിസിപ്പാലിറിയും, മട്ടാഞ്ചേരി മുനിസിപ്പാലിറിയും ഫോർട്ടു് കൊച്ചി മുനിസിപ്പാലിറിയും ഉണ്ടായിരുന്ന കാലത്തെ ആവശ്യത്തിന്റെ അടിസ്ഥാനത്തിലാണു്. അതിനുശേഷം മുനിസിപ്പാലിറികൾതന്നെ വർദ്ധിച്ചു. നേവൽ ബേസിൽ വെള്ളം കൊടുത്തു. കൊച്ചിൻ പോർട്ടിൽ വെള്ളം കൊടുത്തു. ഷിപ്പ്യാഡിൽ വെള്ളം കൊടുത്തു. ഇതിനെല്ലാംകൂടി ഈ 28 ദശലക്ഷം ഗ്യാലൻ വെള്ളമാത്രമാണുള്ളതു്. ഈ വെള്ളം വിതരണം ചെയ്യുന്നതോടൊപ്പം കൂടുതൽ വെള്ളം ലഭ്യമാക്കണമെന്നുള്ളതുകൊണ്ടു് അതിന്റെ സോഴ്സ് ഇംപ്രൂവ് ചെയ്യണം. ശ്രീമാൻ ഷൺമുഖദാസ് പി. എച്ചു്. ഇ. ഡി. മന്ത്രിയായിരുന്ന കാലത്തു് ആലുവായിൽ ഒരു പുതിയ ട്രീറ്റുമെൻറ് പ്ലാൻറു കൂടി

LIBRARY ARCHIVES Kerala Legislative Assembly

ആരംഭിക്കുന്നതിനുള്ള അടിത്തറ കെട്ടിയതാണ്. പുഴയിൽ കെട്ടിയ അടിത്തറ ഇന്നും അതിന്റെ മുകളിൽ ഒരു കല്ലുപോലും വയ്ക്കാതെ ആ പദ്ധതി തള്ളിക്കൊണ്ടു പോവുകയാണ്. ഏറ്റവും ഒടുവിൽ മന്ത്രി പറഞ്ഞത് വേൾഡ് ബാങ്ക് സ്കീം അംഗീകരിച്ചു വായ്പ കിട്ടുമ്പോൾ ആ പദ്ധതി പൂർത്തിയാക്കാൻ കഴിയും എന്നാണ്. ആ പദ്ധതി പൂർത്തിയാകുന്നതുവരെ എത്ര പ്രക്ഷോഭണം കൊച്ചി നഗരത്തിന്റെ വിവിധ ഭാഗങ്ങളിൽ ഉണ്ടായാലും വെള്ളം കൂടുതൽ കൊടുക്കാൻ കഴിയുകയില്ല. അതിന്റെ ഫലമായി ഇന്ന് രാത്രിയും പകലും, ഗ്രാമപ്രദേശങ്ങളിൽ പ്രത്യേകിച്ചും കൊച്ചി നഗരത്തിന്റെ പല ഭാഗത്തും ആളുകൾ വെള്ളത്തിന് കുടവുമായി പാതിരായ്ക്ക് പൈപ്പുകളുടെ ചുവട്ടിൽ കുത്തിയിരിക്കുന്നത് ആർക്കും കാണാൻ കഴിയുന്ന കാഴ്ചയാണ്. ഇത് അവസാനിപ്പിക്കുന്നതിന് വാട്ടർ അതോറിറ്റി വന്ന് 2 കൊല്ലമായിട്ടും, അവരുടെ ശ്രദ്ധയിൽ പെടുത്തിയിട്ടും എന്തെങ്കിലും ഒരു പരിപാടി ആവിഷ്കരിച്ചോ? അടിയന്തിരമായെങ്കിലും കൊച്ചി നഗരംപോലുള്ള കേരളത്തിലെ ഏറ്റവും വലിയ നഗരത്തിലും അതിന്റെ പരിസര പ്രദേശത്തുള്ള പഞ്ചായത്തുകളിലും ശുദ്ധജല വിതരണത്തിലുള്ള പോരായ്മ പരിഹരിക്കുന്നതിന് ഒരു ട്രീറ്റ്മെന്റ് പ്ലാന്റ് പൂർത്തിയാക്കുന്നതിനുള്ള യാതൊരു നടപടിയും ഇതുവരെ എടുക്കാൻ കഴിഞ്ഞിട്ടില്ല. എന്താണ് ഈ അതോറിറ്റി വന്നതുകൊണ്ട് ശുദ്ധജല വിതരണരംഗത്ത് വന്ന മാറ്റം? അത്ഭുതകരമായ മാറ്റം എന്താണെന്ന് ശ്രീമാൻ ഹസ്സനോട് ചോദിക്കുകയാണ്. ശ്രീ. ഹസ്സന്റെ ബന്ധു വീട് അവിടെയായതുകൊണ്ട് ഇടയ്ക്ക് വിരുന്നിനെങ്കിലും അദ്ദേഹം കൊച്ചി നഗരത്തിൽ വരാറുണ്ട്. ആ വരുന്ന സമയത്ത് ആ ബന്ധുവിന്റെ വീട്ടിൽ, കൊച്ചുണ്ണി മാസ്റ്ററുടെ വീട്ടിൽ തന്നെ വെള്ളം കിട്ടാനുള്ള ബുദ്ധിമുട്ട് എന്തെന്ന് നേരിട്ട് അനുഭവിച്ചിട്ടുള്ള ആള്, ശ്രീ. ഗംഗാധരൻ വന്ന് രാജ്യം മുഴുവൻ വെള്ളം കൊടുത്ത ഒരു അവസ്ഥ ഉണ്ടാക്കിയെന്നു പറയുന്നതിൽ അത്ഭുതം തോന്നുന്നു. സോഴ്സസ് ഡവലപ്പ് ചെയ്യാൻ കഴിയാത്ത സ്ഥലത്ത് വെള്ളം കൊടുക്കാൻ ശ്രമിക്കുമെന്ന്.....

ശ്രീ. ബെന്നി ബഹനാൻ: കൊച്ചുണ്ണിമാസ്റ്ററുടെ വീട്ടിൽ വെള്ളത്തിന് എന്തെങ്കിലും ബുദ്ധിമുട്ടുവന്നാൽ അവിടെ വെള്ളം കൊടുക്കുന്നതിനാണ് ശ്രീ. ഹസ്സനെ അവിടം ഏൽപ്പിച്ചിരിക്കുന്നത്. അതറിയില്ലേ?

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: അത് ചർച്ചയാക്കുന്നത് മോശമാണ്. ശുദ്ധജലവിതരണത്തിന് പൈപ്പുകൾ ഇട്ടു എന്നു പറയുന്നിടത്ത് യാതൊരു കുഴപ്പവുമില്ല. ശ്രീമാൻ ഗംഗാധരൻ കൊച്ചി നഗരത്തിനും തൃപ്പൂണിത്തുറ മുനിസിപ്പാലിറ്റിക്കും ഇടയ്ക്കുള്ള എന്റെ നിയോജകമണ്ഡലമായ മരട് പഞ്ചായത്തിൽ 3–4 ടാപ്പുകൾ വച്ചിട്ട് ആ ടാപ്പിൽ വെള്ളം കൊടുക്കുന്നത് ഉൽഘാടനം ചെയ്യാൻ വന്നിരുന്നു. അദ്ദേഹം ഉൽഘാടനം ചെയ്തിട്ട് പോയി. കിട്ടുന്ന വെള്ളം ഒരു തുള്ളിപോലും വർദ്ധിപ്പിക്കാൻ കഴിയാത്തതുകൊണ്ട്, സപ്ലൈ ചെയ്യാവുന്ന വെള്ളം ഫിക്സഡ് കാൺടിറ്റി ആയതുകൊണ്ട് അദ്ദേഹം ഉൽഘാടനം ചെയ്തു എന്നു പറയുന്ന ടാപ്പുകളിൽകൂടി ഒരു തുള്ളിവെള്ളം പോലും പുതിയതായി കൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് ശരി. പകലും രാത്രിയിലും വെള്ളം കിട്ടിയിരുന്നവർക്ക് പകലും വെള്ളം കിട്ടാതാകുക, മുൻപ് നാലു മണിക്കൂർ വെള്ളം കിട്ടിയിരുന്നവർക്ക് ഒരു മണിക്കൂറാകുക, അങ്ങനെ കിട്ടിയിരുന്നവർക്ക് വെള്ളം നഷ്ടപ്പെടുത്തി കുറെ ടാപ്പുകൾ കൂടെ കൊടുത്ത

LIBRARY ARCHIVES Kerala Legislative Assembly

ല്ലാതെ, ഇല്ലായ്മ പങ്കിടുന്ന ഒരു ഏർപ്പാടല്ലാതെ പുതിയതായി എറണാകുളം ജില്ലയുടെ പടിഞ്ഞാറൻ മേഖലയിൽ ഒരാൾക്കും വെള്ളം കൊടുക്കാൻ ഇതുവരെ കഴിഞ്ഞിട്ടില്ലായെന്ന് ഈ സഭയിൽ ഞാൻ ചൂണ്ടിക്കാണിക്കുകയാണ്. അതുകൊണ്ട് ഒരു പദ്ധതി തയ്യാറാക്കുമ്പോൾ അത് സപ്ലൈ ചെയ്യുന്നതിന് ആവശ്യമായ ഡിസ്ട്രിബ്യൂഷനും അതോടൊപ്പം ഡെവലപ്പ് ചെയ്തുകൊണ്ട് വിതരണം നടത്തിക്കൊണ്ടുപോകാൻ ശ്രമിക്കണമെന്നാണ് എനിക്ക് ഈ സന്ദർഭത്തിൽ നിർദ്ദേശിക്കാനുള്ളത്. ഇവിടെ പി. എച്ച്. ഇ. ഡി. യുമായി ബന്ധപ്പെട്ട സ്ഥാപനങ്ങൾ ഈ അതോറിറ്റി ഏറ്റെടുക്കുന്ന സമയത്ത് അവിടെയുള്ള തൊഴിലാളികളെ സ്വാഭാവികമായും ഇവർ ഏറ്റെടുക്കണമെന്ന ഒരു വ്യവസ്ഥ ഇതിനകത്തുണ്ട്. "Transfer of employees to the Authority" സെക്ഷൻ 19-ൽ ഉണ്ട്. എന്നാൽ പല സ്ഥലത്തും പി. എച്ച്. ഇ. ഡി. യുടെ കീഴിൽ ജോലി ചെയ്യുന്ന തൊഴിലാളികളെ പിരിച്ചു വിട്ടുകൊണ്ട് പുതിയ ആളുകളെ റിക്രൂട്ട് ചെയ്യുകയാണ്. ഇത് ഒരു പരാതിയായിത്തന്നെ നമ്മുടെ മുമ്പിൽ ഉണ്ട്. അരുവിക്കരയിലുള്ള വാട്ടർ സപ്ലൈ സ്കീമിൽ അവിടെ പണി എടുക്കുന്ന തൊഴിലാളികളെ, എംപ്ലോയ്മെന്റിൽനിന്ന് നിയമിക്കപ്പെട്ട ആളുകളെ പൂർണ്ണമായി മാറ്റി നിറുത്തിക്കൊണ്ടാണ് (ഇന്നും അവർ പുറത്തു നിൽക്കുന്നു) പുതിയ ആളുകളെ ജോലിക്ക് വച്ചിരിക്കുന്നത് എന്നാണ് എനിക്ക് മനസ്സിലാക്കാൻ സാധിച്ചിട്ടുള്ളത്. ഈ അതോറിറ്റിയുടെ കീഴിൽ ജോലിക്ക് ആളുകളെ വച്ചതിന്റെ പേരിൽ പലരും സമ്പന്നന്മാരായിരിക്കുന്നു എന്ന പരാതി ഇതിനുമുൻപ് ഈ സഭയിൽ ഉണ്ടായിട്ടുണ്ട്. ആ പരാതിയെപ്പറ്റി അന്വേഷിക്കാൻ ആരും ഇതുവരെ മിനക്കെട്ടിട്ടില്ല. അർഹതയുള്ള തൊഴിലാളികളെ പുറത്തുനിറുത്തി മറ്റു ആളുകളെ നിയമിച്ചിട്ടുള്ളത് ഇങ്ങനെ ചിലർക്കെല്ലാം പണമുണ്ടാക്കാൻ വേണ്ടിയാണ് എന്ന ആരോപണം ശരിയാണെന്നല്ലേ അർത്ഥം. അത്തരം തെറ്റായ, സങ്കുചിതമായ, സ്വാർത്ഥപരമായ, ദുർമോഹപരമായ ലക്ഷ്യങ്ങളും വച്ചുകൊണ്ടാണ് ഈ അതോറിറ്റി തുടക്കം മുതലേ പ്രവർത്തിച്ചത്. വലിയ അഴിമതി ഈ അതോറിറ്റിയുടെ നിയമനങ്ങളിൽ ഉണ്ടായിട്ടുണ്ടെന്നകാര്യം ഈ സന്ദർഭത്തിൽ സൂചിപ്പിക്കുകയും ഇതേപ്പറ്റി അന്വേഷിക്കണമെന്ന ആവശ്യം ഈ സഭയിൽ പല പ്രാവശ്യം ഉന്നയിച്ചിട്ടുള്ളതാണെങ്കിലും വീണ്ടും ഉന്നയിക്കുകയും ചെയ്യുകയാണ്. ഇതിന്റെ അക്കൗണ്ട്സിന്റെ ആഡിറ്റിനെപ്പറ്റി പറയുന്നുണ്ട്. ഈ ഗവൺമെന്റ് നിശ്ചയിക്കുന്ന അതോറിറ്റിയിൽ ആഡിറ്ററെ ഗവൺമെന്റ് നിശ്ചയിക്കണമെന്ന് പറയുന്നുണ്ട്. ഇതിന് ഇവിടെ പറഞ്ഞിരിക്കുന്നത്. Section 29. Accounts and Audit: (2) The accounts of the Authority shall be audited by such Auditor, in such manner and at such time as the Government may, by general or special order, direct and the Auditor so appointed shall have such powers of requiring the production of documents and the furnishing of information respecting such matters,.....

അങ്ങനെ ആളുകളെ നിയമിക്കുക എന്നു പറയുന്നതിന്റെ ആവശ്യമെന്താണ്? ഗവൺമെന്റിന്റെതന്നെ ആഡിറ്റിംഗ് സെക്ഷൻ ഉണ്ട്. ഗവൺമെന്റ് എക്സാമിനേഴ്സ് ഉണ്ട്, അക്കൗണ്ടന്റ് ജനറൽ ഉണ്ട്, ലോക്കൽ ഫണ്ട് എക്സാമിനർ തുടങ്ങി ലോക്കൽ ഫണ്ട്സെല്ലാം പരിശോധിക്കുന്ന ആളുകൾ ഉണ്ട്. അത്തരം ഒരു ഏജൻസിയെ സ്വാഭാവികമായും ഇതിന്റെ പരിശോധനയ്ക്ക് നിയോഗിക്കുന്നതിനുപകരം ഗവൺമെന്റ് അതാത് കാലത്ത് നിശ്ചയിക്കുന്ന ഒരു ആഡിറ്ററെ നിയമിച്ച്, ആ ആഡിറ്റർ ആഡിറ്റു ചെയ്യണമെന്ന പ്രത്യേക വ്യവസ്ഥ വച്ചതിന്റെ ഉദ്ദേശത്തെപ്പറ്റി വളരെ വളരെ ആശങ്കയുണ്ട്. അത് ഗവൺമെന്റിനെ സ്വാധീനിച്ചുകൊണ്ട് പ്രത്യേ

LIBRARY ARCHIVES Kerala Legislative Assembly

കിച്ച് മന്ത്രിയോ മന്ത്രി നിയമിക്കുന്ന ആളോ ആണ് ചെയർമാനെങ്കിൽ അവരുടെയും കൂടെ താൽപ്പര്യമനുസരിച്ച് ഗവൺമെൻറിനെക്കൊണ്ട് തങ്ങൾക്ക് ഇഷ്ടമുള്ള ആളുകളെക്കൊണ്ട് ആഡിറ്റ് ചെയ്യിപ്പിക്കാമെന്നു പറയുന്നതുവഴി അവിടെ നടക്കുന്ന കാര്യങ്ങൾ നമുക്കോ, ഈ സഭയ്ക്കോ യാതൊരു ധാരണയും തരാതിരിക്കാൻതക്ക നിലയിൽ കാര്യങ്ങൾ ചെയ്യാനുള്ള ശ്രമത്തിന്റെ ഭാഗമാണ്. അതുകൊണ്ട് ഗവൺമെൻറിന്റെ മറ്റു സ്ഥാപനങ്ങൾ ആഡിറ്റ് ചെയ്യുന്നതുപോലെ ലോക്കൽഫണ്ട് എക്സാമിനറെയോ അക്കൗണ്ടന്റ് ജനറലിനെയോ, നമ്മുടെ കെ. എസ്. ഇ. ബി. യിലും കെ. എസ്. ആർ. ടി. സി. യിലും പരിശോധിക്കാനുള്ള അവകാശം പോലെതന്നെ ഇതിനകത്തും അവർക്ക് പരിശോധിക്കാനുള്ള അവകാശം കൊടുക്കണമെന്നാണ് എന്റെ അഭിപ്രായം. അങ്ങനെ ആഡിറ്റ് ചെയ്യുന്ന അക്കൗണ്ട്സ് സഭയുടെ മുമ്പിൽ വയ്ക്കണമെന്ന് ഒരു വ്യവസ്ഥയുണ്ട്.

[അദ്ധ്യക്ഷവേദിയിൽ മി. സ്പീക്കർ]

(4) The Government shall—

(a) cause the accounts of the Authority together with the audit report thereon received by it under sub-section (3) to be laid annually before the State Legislature; എന്ന് പറയുന്നുണ്ട്.....

ഇത് എന്ന് വയ്ക്കണമെന്ന് അതിനകത്ത് വ്യവസ്ഥയില്ല. ഇതിന്റെ പരിശോധനകൂടി കഴിഞ്ഞ് നിയമസഭയിൽ ചർച്ചയ്ക്ക് വരണമെന്ന കാര്യത്തിലും ഇതിനകത്ത് വ്യവസ്ഥയില്ല. അതിന് വ്യവസ്ഥ വേണമെന്നില്ല. നമുക്ക് ഈ നിയമസഭയിൽ ചർച്ച ചെയ്യാമെന്നുവയ്ക്കാം. പക്ഷേ ഇതുപോലുള്ള മറ്റു സ്ഥാപനങ്ങളുടെ അനുഭവംവെച്ചുനോക്കിയാൽ കെ. എസ്. ഇ. ബി. യിൽ ഇത്തരം ഒരു സ്റ്റേറ്റ്മെൻറ് തരണമെന്നു വ്യവസ്ഥ ഉണ്ടായിരുന്നിട്ടുപോലും ഇത്തരം സ്റ്റേറ്റ്മെൻറ് തരുന്ന കാര്യത്തിൽ കഴിഞ്ഞവർഷം ഈ സഭയിൽ അതിനെ സംബന്ധിച്ച് സാങ്കേതികമായ പ്രശ്നങ്ങൾ ഉന്നയിച്ചതിനുശേഷമാണ് അതിവിടെ തരുന്നതിനുള്ള നടപടിയെടുത്തത്. ഇങ്ങനെ അവ്യക്തമായി നമുക്ക് സ്റ്റേറ്റുമെൻറ് തരണമെന്നു പറഞ്ഞ് വ്യവസ്ഥ വച്ചാൽത്തന്നെയും അത് എന്ന് തരുമെന്നതിനെപ്പറ്റി യാതൊന്നും പറഞ്ഞിട്ടില്ല. എന്നെങ്കിലും തന്നാൽ മതി. അഞ്ചു കൊല്ലം കൂടുമ്പോഴും തന്നാലും മതി. അതാതു സാമ്പത്തിക വർഷം കഴിഞ്ഞാൽ അതിന്റെ സ്റ്റേറ്റ്മെൻറ് ഗവൺമെൻറിനു കൊടുക്കണമെന്നും, അത് സഭയിൽ ചർച്ചയ്ക്ക് വയ്ക്കണമെന്നും ഉള്ള വ്യക്തമായ വ്യവസ്ഥ ഇതിനകത്ത് വേണമെന്നാണ് എനിക്ക് പറയാനുള്ളത്. അങ്ങനെ ചെയ്തില്ലെങ്കിൽ ഇപ്പോൾ ശ്രീ. വർക്കല രാധാകൃഷ്ണൻ ചൂണ്ടിക്കാണിച്ചതുപോലെതന്നെ സഭയുടെ പൂർണ്ണമായ നിയന്ത്രണത്തിലുണ്ടായിരുന്ന ചെറിയ കാര്യങ്ങൾപോലും ചർച്ച ചെയ്ത് അനുവദിച്ചുകൊടുത്തിരുന്ന ഫണ്ട് കൊണ്ട് നടത്തിയിരുന്ന പി. എച്ച്. ഇ. ഡി. സ്വതന്ത്രമായി വിട്ടുകൊടുത്തതിനുശേഷം അതിന്റെ വരവുചെലവു കണക്കുകളും അതിന്റെ സ്റ്റേറ്റ്മെൻറും പരിശോധിക്കാനോ അതിനെപ്പറ്റി അഭിപ്രായം പറയാനോ എന്തെങ്കിലും നിർദ്ദേശങ്ങൾ കൊടുക്കുവാനോ ഉള്ള അവകാശം അസംബ്ലിക്ക് നഷ്ടപ്പെടുന്നതുപോലെയുള്ള ഒരവസ്ഥയുണ്ടാകുന്നത് ഒരിക്കലും അനുവദിക്കരുതെന്നാണ് എനിക്ക് പറയാനുള്ളത്.

പിന്നെ ടാക്സിന്റെ കാര്യം പറഞ്ഞിട്ടുണ്ട്.....

31 (2) The Authority may, in lieu of charging the cost of water according to volume accept a fixed sum for a specified period on the basis of expected consumption of water during that period.....

LIBRARY ARCHIVES Kerala Legislative Assembly

വെള്ളം എത്ര ഉപയോഗിക്കുമെന്ന പ്രതീക്ഷയുടെ അടിസ്ഥാനത്തിൽ ഒരു ചാർജ്ജ് നിശ്ചയിക്കാനുള്ള അധികാരം ഇതിനകത്ത് കൊടുക്കുകയാണ്. ഈ പ്രതീക്ഷതന്നെ വലിയ അപകടമാണ്. യഥാർത്ഥത്തിൽ മീറ്റർ നോക്കിയിട്ട് ചാർജ് വാങ്ങിക്കുന്ന ഏർപ്പാടല്ലാതെ മീറ്റർ നോക്കാതെ ഇത്ര ആവശ്യം വരും, ഇത്ര ഉപയോഗിച്ചേക്കും എന്നു പ്രതീക്ഷിച്ചുകൊണ്ട് ഇതിന്റെ കൺസ്യൂമേഴ്സിനു് അല്ലെങ്കിൽ ലോക്കൽ ബോഡീസിനു് ചാർജ് നിശ്ചയിക്കുന്നത് ശരിയല്ല. അങ്ങനെ വാങ്ങുന്നത് പലപ്പോഴും അതിന്റെ കൺസ്യൂമേഴ്സിനു് ദോഷമായിട്ടേ വരികയുള്ളൂ.

മി. സ്പീക്കർ: ഇനി കുറച്ചുപേർകൂടി സംസാരിക്കാനുണ്ട്. 15 മിനിട്ട് എങ്കിലും ബഹുമാനപ്പെട്ട മന്ത്രിക്ക് മറുപടി പറയാൻ വേണ്ടി വരും. വേണമെങ്കിൽ നമുക്ക് അൽപ്പംകൂടി നീട്ടിക്കൊണ്ടുപോകാം.

ഡോ. കെ. സി. ജോസഫ്: വളരെ പ്രധാനപ്പെട്ട ബില്ലായതുകൊണ്ട് എല്ലാവർക്കും സംസാരിക്കണമെങ്കിൽ കുറച്ചുസമയം കൂടി ഇരിക്കുന്നതിൽ ഗവൺമെന്റുഭാഗത്ത് വിരോധമില്ല.

മി. സ്പീക്കർ: വേണ്ടെങ്കിൽ ശ്രീ. പീതാംബരൻ മാസ്റ്റർ ഒരു വായി നിറുത്തണം. ഒരു മെമ്പർക്കുകൂടി സംസാരിക്കാമല്ലോ.

ശ്രീ. ടി. പി. പീതാംബരൻ മാസ്റ്റർ: ഇത്ര ഉപയോഗിക്കുമെന്നു പ്രതീക്ഷിച്ചുകൊണ്ട് ചാർജ് വയ്ക്കുന്ന ഏർപ്പാട് അപകടമാണ്. നമ്മുടെ ഇലക്ട്രിസിറ്റി ബോർഡിൽ സ്ലാബ് സിസ്റ്റം എന്നൊരു ഏർപ്പാട് വച്ചിട്ട് റേറ്റ് നിശ്ചയിച്ച് ആ റേറ്റിന്റെ അടിസ്ഥാനത്തിൽ കളക്ട് ചെയ്തുകൊണ്ടിരിക്കുകയാണ്. അധികം ഉപയോഗിക്കുകയാണെങ്കിൽ അങ്ങോട്ടു വാങ്ങിക്കുകയും കുറച്ച് ഉപയോഗിക്കുകയാണെങ്കിൽ തിരിച്ചുകൊടുക്കാതിരിക്കുകയും ചെയ്യുന്ന ഒരു അനുഭവം നമ്മുടെ മുമ്പിലുണ്ട്. ആ അനുഭവം ശുദ്ധജലത്തിന്റെ കാര്യത്തിലും ഉപഭോക്താക്കളുടെമേൽ അടിച്ചേൽപ്പിക്കുന്ന ഏർപ്പാട് ഒരിക്കലും അനുവദിക്കാൻ പാടില്ല. മീറ്റർവച്ച് അതിന്റെ അടിസ്ഥാനത്തിൽ ഈടാക്കണമെന്നാണ് എനിക്ക് പറയാനുള്ളത്. ശുദ്ധജലത്തിന്റെ റേറ്റ് നിശ്ചയിക്കുമ്പോൾ ഒരു കാര്യം കൂടി പറയാനുണ്ട്. ഞാൻ മനസ്സിലാക്കിയിടത്തോളം പി. എച്ച്. ഇ. ഡി തന്നെ നേരിട്ട് പട്ടണങ്ങളിലുള്ള ചാർജ്പോലും എടുക്കുമോ എന്ന കാര്യം സംശയമാണ്. അവർ ഹൗസ്കണക്ഷൻ ഉൾപ്പെടെ എടുക്കാൻ ശ്രമിക്കുന്നുണ്ടെന്നാണ് കേട്ടത്. പബ്ലിക് ഹെൽത്ത് സിനുള്ള റേറ്റ് ലോക്കൽ ബോഡീസിൽനിന്നും വാങ്ങിക്കുന്നുണ്ട്. ഹൗസ്കണക്ഷൻസിനു് നേരിട്ട് പി. എച്ച്. ഇ. ഡി. ബില്ല് കൊടുത്ത് വാങ്ങിക്കുന്നതിനു് ഒരു ശ്രമമുണ്ടെന്നു. കേൾക്കുന്നു. അങ്ങനെ വന്നാൽ ഒരു പിടി ബുദ്ധിമുട്ടുണ്ടാകും. എന്തുകൊണ്ടാണെന്നുവച്ചാൽ ലോക്കൽ ബോഡീസ് കളക്ട് ചെയ്യുന്ന ഹൗസ് ടാക്സിനകത്ത് വാട്ടർ സപ്ലൈയുടെ ഷെയർകൂടിയുണ്ട്. അതുംകൂടി ചേർത്താണ് വാങ്ങിക്കുന്നത്. അങ്ങനെ വീണ്ടും ചാർജ് ചെയ്യുക എന്നു വച്ചാൽ ഹൗസ്ടാക്സ് കൊടുക്കേണ്ടിവരുന്ന സമയത്ത് കൊടുക്കുന്ന വാട്ടർടാക്സിന്റെ വിഹിതത്തിന്റെ കൂടെ ഈ അതോറിറ്റിക്ക് ടാക്സ് കൊടുക്കേണ്ടിവരും. അങ്ങനെയൊരു അവസ്ഥയുണ്ടാകാൻ പാടില്ല. അതുകൊണ്ട് ഇതിന്റെ കളക്ഷന്റെ ചുമതല ലോക്കൽബോഡീസിനെതന്നെ ഏൽപ്പിക്കണമെന്നാണ് എന്റെ അഭിപ്രായം. ഇത് പൊതുജനാഭിപ്രായത്തിനു് വിടണമെന്ന അഭിപ്രായം ഞാൻ രേഖപ്പെടുത്തുകയാണ്.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. വി. കേശവൻ: സർ, ഈ ബിൽ പൊതുജനാഭിപ്രായം ആരായുന്നതിന് സർക്കുലേറ്റ് ചെയ്യണമെന്ന ഭേഗതിയെ ഞാൻ പിന്താങ്ങുന്നു. സബ്ജക്ട് കമ്മിറ്റിക്ക് ഈ ബിൽ പോയതിനുശേഷം ഇവിടെ അത് അവതരിപ്പിച്ചുകൊണ്ട് വീണ്ടും ശ്രീമാൻ മാണി അതിൽ വരുത്താനുദ്ദേശിക്കുന്ന ഭേഗതികളെ സംബന്ധിച്ച് ഇവിടെ പറയുകയുണ്ടായി. അതിൽ ചിലതെല്ലാം വളരെ സ്വീകാര്യമായിട്ടുള്ളതാണ്. സബ്ജക്ട് കമ്മിറ്റി ചർച്ച ചെയ്തപ്പോഴേതന്നെ ഇത്രയും ഗുണകരമായ ഭേഗതിവരുത്താൻ കഴിഞ്ഞു. എന്റെ അഭിപ്രായത്തിൽ ഈ സംസ്ഥാനത്തിലെ ജനങ്ങളെ സംബന്ധിച്ചിടത്തോളം അവർക്ക് ശുദ്ധജലം ലഭിക്കുന്നതിനുവേണ്ടിയും ശുദ്ധജലം നൽകുന്നതിനുവേണ്ടിയും പ്രധാനമായി ഉദ്ദേശിച്ചുകൊണ്ട് രൂപീകരിക്കുന്ന ഒരു വാട്ടർ അതോറിറ്റി എന്ന തരത്തിൽ വളരെയധികം പൊതുജനതാൽപ്പര്യമുള്ള ഒരു പ്രശ്നമാണ്. ഇത്തരം അതോറിറ്റികളും ബോർഡുകളും രൂപീകരിക്കുമ്പോഴും ഇപ്പോഴും ഈ സംസ്ഥാനത്ത് ഇത്തരം ചില സ്ഥാപനങ്ങളിൽ നിലനിന്നുപോരുന്ന ചില അനുഭവങ്ങൾ നമ്മുടെ രാജ്യത്തെ ജനങ്ങളുടെ മുമ്പിലുണ്ട്. ഇവിടെ നേരത്തെ പരാമർശിക്കപ്പെട്ട കെ. എസ്. ആർ. ടി. സി. യുടെ പ്രവർത്തനം നമ്മുടെ രാജ്യത്തെ സാധാരണക്കാരായ യാത്രക്കാരെ സംബന്ധിച്ചിടത്തോളം അതിനോടുള്ള മനോഭാവവും അഭിപ്രായവും എതിരായി വരത്തക്കരൂപത്തിലാണ് യഥാർത്ഥത്തിൽ ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത്. യാത്രാസൗകര്യം വർദ്ധിപ്പിക്കുക, വിപുലപ്പെടുത്തുക, തൃപ്തിപ്പെടുത്തുക എന്നിവയാണ്. പക്ഷേ ഇന്ന് ജനങ്ങൾക്ക് അത് ശാപമായിത്തീർന്നിരിക്കുന്നു. അതിന്റെ ഭരണം തകർത്ത് അധഃപതിപ്പിച്ച് സ്വകാര്യ വ്യക്തികൾക്ക് ഈ ട്രാൻസ്പോർട്ട് വ്യവസായം വിട്ടുകൊടുക്കത്തക്കരീതിയിൽ അതിന്റെ പ്രവർത്തനം എത്തിച്ചേർന്നിരിക്കുന്നു. ഇലക്ട്രിസിറ്റി ബോർഡിനെ സംബന്ധിച്ചിടത്തോളം അതുകൊണ്ട് ഉദ്ദേശിക്കപ്പെട്ടിട്ടുള്ളത് വൈദ്യുതി നമ്മുടെ നാട്ടിലെ വ്യവസായത്തിനും ജനങ്ങളുടെ ഉപയോഗത്തിനും ഉൽപ്പാദനരംഗത്തെ പ്രവർത്തനം ത്വരിതപ്പെടുത്താനും രാജ്യത്തിന്റെ സമ്പത്ത് വർദ്ധിപ്പിക്കാനും പരമാവധി ഉപയോഗപ്പെടുത്തുക എന്നുള്ളതാണ്. ആ തരത്തിൽ ഇന്ന് അതിന്റെ പ്രവർത്തനത്തെ! സംബന്ധിച്ചിടത്തോളം തൃപ്തികരമായിട്ടുള്ള അഭിപ്രായമാണോ നമ്മുടെ നാട്ടിലെ ജനങ്ങൾക്കുള്ളത്, ഉപഭോക്താക്കൾക്കുള്ളത് എന്നുള്ളത് പരിശോധിച്ചാൽ ഇല്ലെന്നു കാണാം. അതുകൊണ്ട് ഉദ്ദേശ ലക്ഷ്യം എന്തായാലും ശരി അത് പ്രാവർത്തികമാക്കിവരുമ്പോൾ ഇത്തരം ചില അനുഭവങ്ങൾ ഉള്ളതുകൊണ്ട് ഇവിടെ രൂപീകരിക്കപ്പെടാൻപോകുന്ന വാട്ടർഅതോറിറ്റിയെ സംബന്ധിച്ചിടത്തോളം അതിന്റെ പ്രവർത്തനം നന്നായി ജനങ്ങൾക്ക് പ്രയോജനപ്പെടുവാൻ സഹായിക്കുമാറ് പൊതുജനങ്ങളുടെകൂടി അഭിപ്രായങ്ങളും നിർദ്ദേശങ്ങളും ഇതിൽ സ്വീകരിക്കേണ്ടത് ഈ നിയമം കൂടുതൽ ഫലപ്രദമായി കൊണ്ടുവരാൻ സഹായിക്കുമെന്നുള്ളതുകൊണ്ടാണ് ഞാൻ ശക്തിയായി ഇത് പൊതുജനാഭിപ്രായത്തിന് വിടണമെന്നു പറയുന്നത്. അതേസമയം ഇവിടെ എനിക്കുമുമ്പ് സംസാരിച്ച ബഹുമാനപ്പെട്ട ശ്രീ. ഹസ്സൻ ഈ ഗവൺമെന്റ് അധികാരത്തിൽവന്നതിനുശേഷം ശുദ്ധജലവിതരണകാര്യത്തിൽ വമ്പിച്ച നേട്ടം കൈവരിച്ചു എന്നു പറയുകയുണ്ടായി. കുടിവെള്ളത്തെ സംബന്ധിച്ച് അസംബ്ലിയിൽ വന്ന ചോദ്യങ്ങൾക്ക് അങ്ങുതന്നെ പറഞ്ഞതാണ്. 48 മിനിട്ടുകൊണ്ട് 49 അംഗങ്ങൾ ചോദ്യങ്ങൾ ചോദിച്ചു കൂടുതലായി ചോദിക്കാൻ സമയമില്ലാത്തതുകൊണ്ട് നിറുത്തുകയാണ് എന്ന്. എല്ലാ പ്രദേശങ്ങളിലും പഞ്ചായത്ത്, മുനിസിപ്പാലിറ്റികളിലും സംസ്ഥാനത്ത് ഒട്ടാകെ ശുദ്ധജലം ലഭ്യമാക്കാനുള്ള ആഗ്രഹവുമായി, അല്പം കുടിനീർ കിട്ടാൻവേണ്ടി ജനങ്ങൾ കഴിഞ്ഞുകൂടുകയാണ്:

LIBRARY ARCHIVES Kerala Legislative Assembly

വമ്പിച്ച പുരോഗതിയുണ്ടെന്നും പ്രോബ്ലം വില്ലേജുകളിൽ മഹാഭൂരിപക്ഷത്തിലും ശുദ്ധജലം കൊടുത്തുവെന്നും പറയുമ്പോൾ അതിൽ എന്താണ് യാഥാർത്ഥ്യം. ഞാൻ അനുഭവത്തിൽനിന്ന് ഒരു കാര്യം ചൂണ്ടിക്കാണിക്കാം. 1981-ൽ എം. എൽ. എ. ആയതിനുശേഷം അസംബ്ലിയിൽ എല്ലാ സെഷനിലും അസംബ്ലി കൂടാത്ത അവസരത്തിലും നിരന്തരമായി ഉന്നയിക്കുന്നതാണ്, എന്റെ നിയോജകമണ്ഡലത്തിൽ 1300-ഓളം കുഷ്ഠരോഗികളും താമസിക്കുന്ന നൂറനാട് ലപ്രസി ആശുപത്രിയിലെ കുടിവെള്ള പ്രശ്നം. ഞാൻ അതു സബ്മിഷനായിട്ട് ഇപ്രാവശ്യവും ഉന്നയിച്ചതാണ്. ബഹുമാനപ്പെട്ട മുഖ്യമന്ത്രിക്ക് നിവേദനം കൊടുത്തു. ജൂലായ് 3-ാം തീയതിമുതൽ ഒരാഴ്ചക്കാലം ലപ്രസി സാനിട്ടോറിയത്തിനു മുൻപിലും അതിനുശേഷം ആലപ്പുഴ എക്സിക്യൂട്ടീവ് ഇഞ്ചിനീയറുടെ (ബിൽഡിംഗ് വിഭാഗം) മുൻപിലും കുഷ്ഠരോഗികളും നിരാഹാരസമരം നടത്തി. എന്താണ് പ്രശ്നമെന്നറിയാമോ? അവിടെ നിരന്തരമായി ശുദ്ധജലം കിട്ടാത്ത ഒരു ബുദ്ധിമുട്ടുണ്ട്. 1980-ൽ ശ്രീ. നായനാർ ഭരിക്കുന്ന കാലത്ത് ഇങ്ങനെ ബുദ്ധിമുട്ട് അനുഭവപ്പെട്ടപ്പോൾ അവർക്ക് അടിയന്തിരമായി ഫയർഫോഴ്സിന്റെ ഫയർ ഇഞ്ചിൻ ഉപയോഗിച്ച് വെള്ളം കൊടുക്കുന്നതിന് ഏർപ്പാടുണ്ടാക്കി. കൂടാതെ കോയിക്കച്ചാൽ എന്നു പറയുന്ന സ്ഥലത്തുനിന്നും അവർക്ക് വെള്ളം പമ്പ് ചെയ്തു കൊടുക്കുന്നതിനാവശ്യമായ നടപടികളും സ്വീകരിക്കുകയും ചെയ്തു. പക്ഷേ ഇന്ന് അത് അപര്യാപ്തമായതുകൊണ്ട് അവർക്ക് വെള്ളത്തിനുള്ള ബുദ്ധിമുട്ട് കൂടുതലായിക്കഴിഞ്ഞപ്പോൾ അവിടെ ഒരു ട്യൂബ് വെൽ സ്ഥാപിക്കാൻവേണ്ടി ഇടതുപക്ഷ ഐക്യജനാധിപത്യമുന്നണിയുടെ കാലത്ത് ഉണ്ടായിരുന്ന ഒരു പ്രപ്പോസൽ ജലസേചന മന്ത്രിയായിരുന്ന ശ്രീ. ഗംഗാധരന്റെ മുൻപിൽ ഉന്നയിച്ചു. കുഷ്ഠരോഗികളുടെ ഇവിടെവന്നുള്ള നിരന്തരമായ നിവേദനവും അവിടത്തെ അവരുടെ ഒച്ചപ്പാടും സമരങ്ങളുമൊക്കെക്കൊണ്ടാണ് അവിടെ കുഴൽക്കിണർ സ്ഥാപിക്കാൻ തീരുമാനിച്ചത്. അവിടെ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ടുമെൻറുകാർവന്നു. ആ സാനിട്ടോറിയത്തിനകത്ത് വെള്ളം കിട്ടുമെന്നു പറഞ്ഞ് ഇൻവെസ്റ്റിഗേഷൻ നടത്തി. സ്പോട്ട് നിശ്ചയിച്ചുകഴിഞ്ഞപ്പോൾ ഗ്രൗണ്ടുവാട്ടർ ഡിപ്പാർട്ടുമെൻറ് അതു സമ്മതിക്കുന്നില്ല. റിഗ്ഗുമായിട്ട് വന്ന ആളുകൾ പറയുന്നത് കുഴിക്കണ്ട അവിടെ വെള്ളം കിട്ടുകില്ലയെന്നാണ്. സാനിട്ടോറിയത്തിനു പുറത്ത് ദൂരെ ഒരു സ്ഥലത്ത് കുഴൽക്കിണർ സ്ഥാപിച്ചു. അങ്ങേക്കറിയാമല്ലോ. അങ്ങ് എസ്റ്റിമേറ്റ് കമ്മിറ്റി ചെയർമാനായിരുന്നപ്പോൾ കുഷ്ഠരോഗാശുപത്രി സന്ദർശിച്ച് അവിടത്തെ കുഷ്ഠരോഗികളുടെ പ്രയാസങ്ങളെ സംബന്ധിച്ച് ഹൃദയസ്പൃക്കായി പരാമർശിച്ചുകൊണ്ട് റിപ്പോർട്ടിൽ രേഖപ്പെടുത്തിയിട്ടുള്ളത് ഞാൻ വായിച്ചിട്ടുണ്ട്. അവിടെ ഇപ്പോഴും ശുദ്ധജല ദൗർലഭ്യം പരിഹരിക്കുന്നതിനും അവർക്കു വെള്ളം കൊടുക്കുന്നതിനുവേണ്ടി സ്ഥായിയായ യാതൊരു നടപടിയുമില്ല. മൂന്നേമുക്കാൽ ലക്ഷത്തോളം രൂപ ചെലവാക്കി അവിടെ കുഴൽക്കിണർ സ്ഥാപിച്ചു. മുഖ്യമന്ത്രി ഉൽഘാടനം ചെയ്യുമെന്ന് പണി പൂർത്തിയാകുന്നതിനുമുൻപ് അവിടത്തെ ആളുകളെ അറിയിച്ചു. മുഖ്യമന്ത്രിവന്ന് അവിടെ ഉദ്ഘാടനം ചെയ്തതായി ശിലാഫലകം എഴുതിവച്ചിരിക്കുന്നു, അദ്ദേഹം വന്നില്ല. ശ്രീമാൻ ഗംഗാധരൻ വന്നു. അപ്പോൾ അവിടെ വെള്ളം കൊടുത്തു. ശ്രീ. ഗംഗാധരൻ തിരിച്ചുപോന്നു. വെള്ളവും നിലച്ചു. അവിടെ കുഴൽക്കിണറിന്റെ പ്രവർത്തനം അതോടെ സ്തംഭിച്ചിരിക്കുകയാണ്. ഭയങ്കരമായൊരു സ്ഥിതിയിലാണ് വീണ്ടും സമരം ചെയ്യാനിടയായത്. ഇപ്പോൾ 66,000 രൂപ ചെലവാക്കി ഒരു ഓപ്പൺ വെല്ലിൽ മോട്ടോറും പൈപ്പും

LIBRARY ARCHIVES Kerala Legislative Assembly

സ്ഥാപിച്ച് തൽക്കാലം വെള്ളം കൊടുക്കാനുള്ള ഏർപ്പാട് ഉണ്ടാക്കി. വള രെക്കാലമായി ആ ട്യൂബ് വെൽ തകർന്നിരിക്കുകയാണ്. നോക്കാൻ ആരു മില്ല. അങ്ങനെ കുഷ്ഠരോഗികൾക്കുപോലും ഈ സംസ്ഥാനത്ത് കുടിനീർ കൊടുക്കാൻ കഴിയാത്ത ഒരു ഗവൺമെൻറാണ് ഇവിടെ ഭരിക്കുന്നത്. എന്നിട്ട് ഗവൺമെൻറ് ഭാഗത്തിരിക്കുന്ന ശ്രീ. ഹസ്സൻ പറയുകയാണ് ഇവിടെ എല്ലാവർക്കും ശുദ്ധജലം ലഭിച്ചുവെന്ന്. സർ, കുട്ടനാട്ടിലെ സ്ഥിതിയെപ്പറ്റി ഡോ. കെ. സി. ജോസഫ് ഇവിടെ പറഞ്ഞു. കുട്ട നാട്ടിൽ ജലവിതരണം ഇപ്പോഴും അനിശ്ചിതമായി കിടക്കുകയാണ്. തിരുവനന്തപുരത്തെക്കാര്യം ശ്രീ. ഹസ്സൻ സൂചിപ്പിച്ചപ്പോൾ, തിരു വനന്തപുരത്തെ ശുദ്ധജലവിതരണ ക്രമക്കേടുകളെപ്പറ്റിയും ബുദ്ധിമുട്ടു കളെപ്പറ്റിയും അദ്ദേഹം ഇവിടെ നിരത്തിവച്ചു. ശ്രീ. ദിനകരൻ പറഞ്ഞു കുട്ടനാട്ടിൽ സർവ്വത്ര വെള്ളമാണെന്ന്. അതു ശരിയാണ്. അദ്ദേഹ ത്തിന്റെ മണ്ഡലത്തിന്റെ കുറെ ഭാഗം കുട്ടനാടാണ്. അവിടെയെല്ലാം വെള്ളമാണ്. പടിഞ്ഞാറുവശം അറബിക്കടലാണ്. അവിടെയും വെള്ള മാണ്. അറബിക്കടലിലെ വെള്ളം അടിച്ചു കയറി നീർക്കുന്നത്ത് വരെ ഇപ്രാവശ്യം എത്തിയിട്ടുണ്ട്. അദ്ദേഹം കണ്ടതാണ്. എന്നാൽ ഈ പ്രദേശങ്ങളിൽ പലയിടങ്ങളിലും കുടിവെള്ളം കിട്ടാത്ത സ്ഥിതിയാണു ള്ളത്. ആലപ്പുഴ ടൗണിനെപ്പറ്റി ഇവിടെ പറഞ്ഞു. മന്ത്രി രമേശ് ചെന്നിത്തലയുടെ മണ്ഡലമായ തൃക്കുന്നപ്പുഴ, ആറാട്ടുപുഴ എന്നീ രണ്ടു പഞ്ചായത്തുകളും കടലിനു കിഴക്കും കായലിനു പടിഞ്ഞാറുമായി കിട ക്കുകയാണ്. അവിടെ ദിവസങ്ങളായി ഒരു തുള്ളി ശുദ്ധജലം കിട്ടു ന്നില്ല. കിട്ടുന്ന വെള്ളംതന്നെ കലക്കവെള്ളമാണ്. അവിടത്തെ ആളുകൾ വെള്ളം കിട്ടാതെ ബുദ്ധിമുട്ടുകയാണ്. എന്നും നിവേദനം നടത്തുക യാണ്. ശ്രീ. രമേശിനും അതിന്റെ ബുദ്ധിമുട്ടുകൾ അറിയാം. അങ്ങനെ ആ തീരപ്രദേശത്തു നോക്കിയാൽ വെള്ളത്തിന്റെ ബുദ്ധിമുട്ട് എന്താണെന്ന് അറിയാം.

എന്റെ മണ്ഡലത്തിൽ 8 പഞ്ചായത്തുകളുണ്ട്. ആ 8 പഞ്ചായ ത്തുകളിൽ 3 പഞ്ചായത്തുകളിലും കഴിഞ്ഞ വർഷം ഗ്രാമീണശുദ്ധജല വിതരണ പദ്ധതിയുടെ ഭാഗമായി പണി ആരംഭിച്ചതാണ്. ഇപ്പോൾ ഒരു ഭാഗത്ത് ഓവർ ടാങ്കിന്റെ പണി നടക്കുന്നുണ്ടെങ്കിലും അവിടെ കുഴ ലില്ല. കുഴൽ ഇട്ട സ്ഥലത്ത് ടാങ്കില്ല. അതുപോലെ ഓവർ ടാങ്കും കുഴലും ഇട്ട് അത് കമ്മീഷൻ ചെയ്യാൻ നോക്കുമ്പോൾ വെള്ളമില്ല. നൂറനാട് ശ്രീ. പി. കെ. വേലായുധനാണ് അറിയാവുന്നതാണ്. അവിടെ വെള്ളം കിട്ടുന്നില്ല. അവിടെ ഹരിജൻ കോളനികളും ധാരാളമുണ്ട്. അവിടെ യൊന്നും ശുദ്ധജലം കിട്ടുന്നില്ല. പാലമേൽ പഞ്ചായത്തിലും 12 ചെറിയ കുഴൽക്കിണറുകൾ സ്ഥാപിച്ചിട്ടുണ്ട്. മൂന്നെണ്ണത്തിൽ മാത്ര മാണ് വെള്ളം കിട്ടുന്നത്. ബാക്കി 9 എണ്ണത്തിലും വെള്ളം കിട്ടുന്നില്ല. ഇങ്ങനെ ചെലവിട്ട തുകയുടെ കണക്കു വച്ച് ഹരിച്ചും ഗുണിച്ചും കൂട്ടിയും ഇത്ര ആയിരം പേർക്ക് വെള്ളം കൊടുത്തിരിക്കുന്നുവെന്ന് കണക്കും രേഖയും കാണിച്ചാൽ മാത്രം പോരാ. ഈ സംസ്ഥാനത്ത് വേണ്ടത്ര വെള്ളം കിട്ടുന്നില്ല. അതുകൊണ്ട് വാട്ടർ അതോറിറ്റി രൂപീകരിക്കുന്നത് ജനങ്ങൾക്ക് ശുദ്ധജലം കൊടുക്കുന്നതിനുവേണ്ടിയാണെങ്കിൽ ആ ജനങ്ങ ളുടെ അഭിപ്രായം കൂടി ആരാഞ്ഞുകൊണ്ട് നല്ല ഒരു നിയമമുണ്ടാക്കുകയും അതിന്റെ അടിസ്ഥാനത്തിൽ പണം ചെലവാക്കുകയും ചെയ്യണം. ''മാറുവിൻ ചട്ടങ്ങളെ സ്വയം അല്ലെങ്കിൽ അവ മാറുമതുകളീ നിങ്ങളെ ത്താൻ'' എന്നു പറയുന്നതുപോലെ ഇന്നുള്ള അപാകത മാറുന്നില്ലെങ്കിൽ അതിന്റെ ഫലം നിങ്ങൾ അനുഭവിക്കേണ്ടിവരും. ഞാൻ കൂടുതൽ

LIBRARY ARCHIVES Kerala Legislative Assembly

അങ്ങോട്ടു കടക്കുന്നില്ല. ഇക്കാര്യത്തിൽ എനിക്ക് പറയാനുള്ളത് ഗ്രാമ പ്രദേശങ്ങളിലെ പാവപ്പെട്ട ജനങ്ങളാണ് ഇതിന്റെ ഗുണം ഏറ്റവും കൂടുതൽ അനുഭവിക്കേണ്ടിയിരിക്കുന്നത്. ഇന്ന് എക്സ്റ്റൻഷൻ കൊടുക്കുന്ന 30 മീറ്റർ എന്നുള്ളത് 60 മീറ്ററാക്കി കൊടുക്കണം. അതല്ലാതെ വന്നാൽ സാധാരണ ജനങ്ങൾക്ക് അത് പ്രയോജനകരമല്ലാതായിത്തീരും. അതു കൊണ്ട് 38–ാം സെക്ഷനിൽ പറയുന്ന ദൂരം 30 മീറ്റർ എന്നുള്ളത് 60 മീറ്ററാക്കി വർദ്ധിപ്പിക്കണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. അതു പോലെതന്നെ പാവപ്പെട്ട ആളുകളെ സംബന്ധിച്ചിടത്തോളം സെക്യൂരിറ്റി ഡെപ്പോസിറ്റ് വയ്ക്കണമെന്നുള്ള വ്യവസ്ഥയിൽനിന്ന് അവരെ ഒഴിവാക്കേണ്ടതാണ്. വൻകിട വ്യവസായികൾക്കോ വലിയ സ്ഥാപനങ്ങൾക്കോ കണക്ഷൻ കൊടുക്കുമ്പോൾ സെക്യൂരിറ്റി ഡെപ്പോസിറ്റ് വാങ്ങുന്നതിന് ഞാൻ എതിരല്ല. അതേ സമയത്ത് സാധാരണ ആളുകളെ സംബന്ധിച്ചിടത്തോളം വിദ്യുച്ഛക്തി ലഭിക്കുന്നതിന് സെക്യൂരിറ്റി ഡെപ്പോസിറ്റ് വച്ചെങ്കിൽ മാത്രമേ അവർക്ക് കണക്ഷൻ കൊടുക്കുകയുള്ളു എന്ന സ്ഥിതി വന്നാൽ അവർക്ക് അതൊരു അപൂർവ്വ വസ്തുവായിത്തീരും. അവർക്ക് അതു ഗുണം ചെയ്യുകില്ല. അതുകൊണ്ട് ഈ സംസ്ഥാനത്തിലെ മഹാഭൂരിപക്ഷം വരുന്ന പാവപ്പെട്ട ആളുകൾക്ക് പ്രയോജനപ്പെടേണ്ട ശുദ്ധജലവിതരണത്തെ സംബന്ധിച്ചിടത്തോളം അതിനു അവരെ സെക്യൂരിറ്റി വ്യവസ്ഥയിൽനിന്ന് ഒഴിവാക്കണമെന്നും ഈ നിയമത്തിലെ വ്യവസ്ഥയിൽനിന്ന് ഒഴിവാക്കണമെന്നും ഞാൻ അഭ്യർത്ഥിക്കുന്നു. അതുപോലെതന്നെ ഇതിന്റെ ബോർഡ് എലക്ട്രറൽ ബോർഡ് ആയിരിക്കണം. നോൺ ഒഫീഷ്യൽ മെമ്പർമാരെ തിരഞ്ഞെടുക്കേണ്ടതുണ്ട്.

അതുപോലെതന്നെ ഈ സംസ്ഥാനത്ത് അസംബ്ലിയെ പ്രതിനിധീകരിച്ചുകൊണ്ട് കുറഞ്ഞത് 3 എം. എൽ. എ. മാരെങ്കിലും ആ ബോർഡിൽ ഉണ്ടായിരിക്കത്തക്കവിധത്തിൽ ഈ നിയമത്തിൽ വ്യവസ്ഥ ചെയ്യണം. എങ്കിൽ മാത്രമേ അതിന്റെ പ്രവർത്തനം കാര്യമായി കൊണ്ടുപോകാൻ കഴിയുകയുള്ളു. അതുകൊണ്ട് ഈ ബില്ല് പൊതുജനാഭിപ്രായത്തിനു വിടണമെന്ന് ഞാൻ ഒരിക്കൽകൂടി ആവശ്യപ്പെടുന്നു.

ശ്രീ. വി. എസ്. ചന്ദ്രശേഖരൻപിള്ള: സർ, നമ്മുടെ സംസ്ഥാനത്തെ ഭൂരിപക്ഷം ജനങ്ങളെയും ബാധിക്കുന്ന, അവർക്കെല്ലാം തന്നെ സഹായകരമായിട്ടുള്ള അതിപ്രാധാന്യമർഹിക്കുന്ന ഒരു പ്രശ്നത്തെ ആധാരമാക്കിയുള്ള ഒരു ബില്ലാണ് ഇവിടെ മന്ത്രി അവതരിപ്പിച്ചിരിക്കുന്നത്. അതുകൊണ്ട് എനിക്ക് അദ്ദേഹത്തോട് അഭ്യർത്ഥിക്കുവാനുള്ളത് ഇതിന്റെ നാനാവശങ്ങളെ സംബന്ധിച്ച് വിശദമായി ചർച്ച ചെയ്തിട്ടു മാത്രമേ ഇത് പാസ്സാക്കി എടുക്കാവു എന്നാണ്. അതുകൊണ്ട് ബഹുജനാഭിപ്രായം ആരായുന്നതിനുവേണ്ടി ഈ ബില്ല് സർക്കുലേറ്റ് ചെയ്യണമെന്ന് ഞാൻ ആവശ്യപ്പെടുകയാണ്. സർ, പട്ടണപ്രദേശങ്ങളിലെ 85 ശതമാനം ആളുകൾക്കും ഗ്രാമപ്രദേശങ്ങളിലെ 55% ആളുകൾക്കും ശുദ്ധജലം വിതരണം ചെയ്യാൻ കഴിഞ്ഞിട്ടുണ്ടെന്നാണ് ഗവൺമെന്റിന്റെ ഭാഗത്തുനിന്നും അവകാശവാദം ഇവിടെ ഉന്നയിച്ചിരിക്കുന്നത്. അനുഭവത്തിൽ അതിൽ നിന്നും വളരെ വ്യത്യസ്തമാണ് സ്ഥിതി. ഗ്രാമപ്രദേശങ്ങളിൽ ഭൂരിപക്ഷം ആളുകൾക്കും ഇന്ന് ജലം എത്തിച്ചുകൊടുക്കാൻ കഴിഞ്ഞിട്ടില്ലെന്നുള്ളതാണ് യാഥാർത്ഥ്യമാണ്. അങ്ങനെയുള്ള സാഹചര്യത്തിൽ പരമാവധി ജനങ്ങൾക്ക് ദാഹജലം എത്തിച്ചുകൊടുക്കുന്നതിനാവശ്യമായ രീതിയിലുള്ള സംവിധാനമുണ്ടാകണം. ഇവിടെ പൈപ്പു മാത്രം കുഴിച്ചിട്ടതുകൊണ്ട് കാര്യമില്ല. കുഴിച്ചിടുന്ന പൈപ്പുകളിൽ നാട്ടുകാർക്കു വെള്ളം ലഭിക്കുന്നതിന് ആവശ്യമായ ഏർപ്പാടുകൂടി ഉണ്ടാക്കുന്നതിന്

LIBRARY ARCHIVES Kerala Legislative Assembly

ബഹുമാനപ്പെട്ട മന്ത്രി തയ്യാറാകണമെന്ന് ഞാൻ അഭ്യർത്ഥിക്കുകയാണ്. സർ, ഇതിന്റെ പേരുതന്നെ ഒന്നു മാറണമെന്നാണ് എനിക്കു തോന്നുന്നത്. ബഹുമാനപ്പെട്ട മുൻ മന്ത്രി ഗംഗാധരനാണ് വാട്ടർ ആൻഡ് വേസ്റ്റ് വാട്ടർ എന്ന പേരിൽ ബില്ല് ഇവിടെ അവതരിപ്പിച്ചത്. അതിൽ നിന്ന് വേസ്റ്റൊക്കെ പോയി എന്നാണ് പല മെമ്പർമാരും പറയുന്നത്. അത് ഒരു പരിധിവരെ ശരിയാണ്. ധാരാളം വേസ്റ്റ് അതിൽനിന്ന് പോയിട്ടുണ്ട്. എങ്കിൽപ്പോലും പൂർണ്ണമായി അദ്ദേഹത്തെ മറക്കേണ്ട. അതുകൊണ്ട് കേരളാവാട്ടർ ആൻഡ് സീവേജ് അതോറിറ്റി എന്ന് ഇതിന് പേര്. ഇടുന്നതിൽ തെറ്റില്ലെന്നാണ് എന്റെ അഭിപ്രായം. കാരണം ഇന്ന് നമ്മുടെ സംസ്ഥാനത്ത് ഒട്ടാകെ പരിശോധിച്ചാൽ ശുദ്ധജലം ലഭിക്കണമെന്നതോടൊപ്പംതന്നെ പ്രാധാന്യമർഹിക്കുന്ന ഒരു യാഥാർത്ഥ്യമാണ് ജലമലിനീകരണവും. ജലമലിനീകരണം മാത്രമല്ല, ശബ്ദമലിനീകരണവും വായുമലിനീകരണവുമൊക്കെ നിലനിൽക്കുന്ന ഒരു കാലഘട്ടമാണ് ഇത്. അതുകൊണ്ട് നിശ്ചയമായും ജലമലിനീകരണം എന്നത് ജനങ്ങളുടെ ആരോഗ്യത്തെ സാരമായി ബാധിക്കുന്ന ഒരു പ്രശ്നമെന്നുള്ള നിലയിൽ ആ ജലമലിനീകരണത്തിന്റെ ഏതെങ്കിലും ഒരംശം ഈ ബില്ലിൽ ഉണ്ടായിരിക്കണമെന്നാണ് എനിക്കു പറയുവാനുള്ളത്. ഇതിനെ വാട്ടർ ആൻഡ് സീവേജ് അതോറിറ്റി എന്നാക്കിയാലും തരക്കേടില്ല. മാത്രമല്ല, അൽപ്പം വ്യത്യസ്തമായ നിലയിൽ ഒരു പേര് ഇട്ടാലും വേണ്ടില്ല. ഇപ്പോഴത്തെ ബോർഡിന്റെയും കാലഘട്ടമാണല്ലോ. പ്രീഡിഗ്രി ബോർഡ് എന്ന് പറയുന്നതുപോലെ വാട്ടർ ആൻഡ് സീവേജ് ബോർഡ് എന്ന പേരിട്ടാലും തരക്കേടില്ല, അതും ബഹുമാനപ്പെട്ട മന്ത്രി പ്രസംഗത്തിൽ പരിഗണിക്കുന്നതുകൊണ്ട് തെറ്റില്ല എന്നാണെന്റെ അഭിപ്രായം. എന്ത് പേരിട്ടാലും ശരി, നമ്മുടെ സംസ്ഥാനത്ത് ഭൂരിപക്ഷം വില്ലേജുകളിലും—പ്രോബ്ലം വില്ലേജുകളിൽ മാത്രമല്ല—എല്ലായിടത്തും ജലം ലഭിക്കുന്നില്ലെന്നുള്ളത് ഒരു പ്രോബ്ലം ആണ്. അത് ബഹുമാനപ്പെട്ട മന്ത്രി പ്രത്യേകം കണക്കിലെടുത്ത്, പ്രത്യേകം പരിഗണിക്കണമെന്നാണ് എനിക്ക് പറയുവാനുള്ളത്.

ഇതിന്റെ എം. ഡി. യെക്കുറിച്ച് പല അഭിപ്രായങ്ങളും പല ബഹുമാനപ്പെട്ട മെമ്പർമാരും ഇവിടെ സൂചിപ്പിച്ചു. ഭരണപരിചയമുള്ള, പഴക്കമുള്ള ഒരാൾ എന്നുള്ളത് ഏറ്റവും അത്യാവശ്യമായ ഒരു സംഗതിയാണ്. പക്ഷേ അതോടൊപ്പംതന്നെ വിദഗ്ദ്ധനായ സാങ്കേതിക പരിജ്ഞാനമുള്ള ഒരാൾ തന്നെ ആയിരിക്കണം ഇതിന്റെ എം. ഡി. എന്നാണെന്റെ വ്യക്തമായ അഭിപ്രായം. അതുപോലെതന്നെ പ്രശ്നങ്ങൾ യഥാവസരം കൈകാര്യം ചെയ്യുന്നതിന് പഴക്കവും തഴക്കവുമുള്ളവർ വേണം. ഭരണപരിചയം മാത്രം പോരാ. ഇതിന്റെ നാനാവിധമായ സാങ്കേതികവശങ്ങളെ സംബന്ധിച്ച് പരിജ്ഞാനമുള്ള ആളും വേണ്ടവിധത്തിൽ യഥാവസരം അതിനുവേണ്ടിയുള്ള നിർദ്ദേശങ്ങൾ കൊടുക്കാൻ കഴിവുള്ള ഒരാളുമായിരിക്കണം അതിന്റെ എം. ഡി. എന്നുള്ളതുകൊണ്ട് ഇതിൽ നിർദ്ദേശിച്ചിരിക്കുന്ന ഭരണപരമായ തഴക്കവും പഴക്കവും എന്നതുപോലെ ടെക്നിക്കൽ ക്വാളിഫിക്കേഷൻ കൂടിയുള്ള ഒരാളായിരിക്കണമെന്ന് പ്രത്യേകമായും ഈ അവസരത്തിൽ എനിക്ക് നിർദ്ദേശിക്കുവാനുണ്ട്. ഈ അതോറിറ്റിയുടെ ആവശ്യങ്ങൾക്കുവേണ്ടി പണം ചെലവാക്കുന്നതിനെപ്പറ്റി ബഹുമാനപ്പെട്ട മന്ത്രി ഇവിടെ സൂചിപ്പിച്ചു. ഇതിന്റെ വിശദീകരണത്തിൽ ഒരു കോടി രൂപയിൽ കൂടുതൽ തുക അത്തരത്തിൽ അനുവദിക്കുന്നതിന് ഗവൺമെന്റിന്റെ പ്രത്യേക അനുമതി വേണമെന്ന് പറഞ്ഞിട്ടുണ്ട്. പക്ഷേ ഒരുകോടി രൂപ എന്നു പറയുന്നത് ഇന്ന് വലിയ സംഖ്യയൊന്നുമല്ല;

LIBRARY ARCHIVES Kerala Legislative Assembly

എങ്കിലും എനിക്ക് അറിയിക്കുവാനുള്ളത്, ആ ഒരുകോടി രൂപയെന്നുള്ളത് 50 ലക്ഷംരൂപയായി കുറയ്ക്കണമെന്നാണ്. 50 ലക്ഷംരൂപയിൽ കൂടുതൽ വിനിയോഗിക്കുന്നതിനുള്ള അതോറിറ്റിയുടെ ഏതു തീരുമാനത്തിനും ഗവൺമെന്റിന്റെ അനുമതി പ്രത്യേകം നേടിയിരിക്കണം എന്നാണെനിക്ക് പറയുവാനുള്ളത്. സ്വഭാവികമായി വളരെയധികം ബുദ്ധിമുട്ടും കഷ്ടപ്പാടുമൊക്കെയുള്ള ഒരു അവസരമാണിത്. ബഡ്ജറ്റ് കമ്മിയാണോ മിച്ചമാണോ എന്നുള്ളതിനെ സംബന്ധിച്ച വാദപ്രതിവാദങ്ങൾ ഇപ്പോഴും നടന്നുകൊണ്ടിരിക്കുകയാണ്. അതുകൊണ്ട് 50 ലക്ഷം രൂപയെന്നുള്ള നിലയിൽ അത് ലിമിറ്റു ചെയ്യണമെന്ന് എനിക്ക് പ്രത്യേകമായി അറിയിക്കുവാനുണ്ട്. അതുപോലെതന്നെ ഇതിൽ ഏറ്റവും പ്രധാനപ്പെട്ട ഒരു കാര്യം സെക്ഷൻ 15-ൽ കാണുന്നുണ്ട്. . വളരെ പ്രാധാന്യമർഹിക്കുന്ന ഈ കാര്യം മന്ത്രിയുടെ ശ്രദ്ധയിൽപ്പെടുത്തുവാൻ ഞാൻ ആഗ്രഹിക്കുകയാണ്. അതിൽ പറഞ്ഞിരിക്കുന്നത്, "15. (ix) to acquire, possess and hold lands and other property and to carry any water or sewerage works through, across, over or under any highway, road, street or place and, after reasonable notice in writing to the owner or occupier, into, through, over or under any building or land." എനിക്ക് തോന്നുന്നത് ഇത് സ്വൽപ്പം കുഴപ്പമുണ്ടാക്കുന്ന ഒരു ഉപ വകുപ്പാണെന്നാണ്. ഇപ്പോഴത്തെ വീടുകളുടെ കാര്യം ഒന്നും പറയേണ്ടതില്ലല്ലോ. മനോഹരമായ ഹർമ്മ്യങ്ങളൊക്കെ തീർത്താണ് നമ്മുടെ രാജ്യത്ത് ജനങ്ങൾ താമസിക്കുന്നത്. അവരുടെയൊക്കെ സുഖസൗകര്യങ്ങൾക്ക് തടസ്സം സംഭവിക്കത്തക്ക നിലയിൽ, അവരുടെ വീടുകളുടെ മുകളിൽകൂടിയോ അല്ലെങ്കിൽ അടിയിൽക്കൂടിയോ മറ്റോ സീവേജോ മറ്റ് ജലമോ കൊണ്ടുപോകുന്നതിനുള്ള സൗകര്യങ്ങൾ അഥവാ സംവിധാനങ്ങളുണ്ടാക്കുകയാണെങ്കിൽ സ്വാഭാവികമായും അത് കോടതിയിൽ ചോദ്യം ചെയ്യപ്പെടും. അങ്ങനെ കോടതിയിൽ ചോദ്യം ചെയ്യപ്പെടുന്നതിന്റെ ഫലമായി ബാക്കിയുള്ള എല്ലാ പ്രവർത്തനങ്ങളും വർഷങ്ങളോളം സ്തംഭിച്ച് നിൽക്കുവാനുള്ള സാഹചര്യമുണ്ടാകും. ആ സാഹചര്യം ഒഴിവാക്കുന്നതിന് ആവശ്യമായ രീതിയിൽ ഉള്ള എന്തെങ്കിലും ഭേദഗതികൾ 9-ാം ഉപവകുപ്പിൽ വരുത്തണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്. അവസാനമായി ഒരു കാര്യം കൂടി. ഇവിടെ ഒഫെൻസസ് കണ്ടുപിടിക്കുന്നതിന് — അതായത് 'കോഗ്നിസൻസ് ഓഫ് ഒഫൻസി' നെ സംബന്ധിച്ച് പറഞ്ഞിട്ടുണ്ട്. ഇവിടെ ബഹുമാനപ്പെട്ട പല മെമ്പർമാരും അത് സൂചിപ്പിച്ചു. സെക്ഷൻ 60-ന് ശേഷം 60 (എ) എന്ന ഒരു ഉപവകുപ്പുകൂടി എഴുതി ചേർക്കണം. അത് ബഹുമാനപ്പെട്ട മന്ത്രിയും സബ്ജക്ട് കമ്മിറ്റിയും വിട്ടുപോയതായിരിക്കാമെന്നാണ് എനിക്ക് തോന്നുന്നത്. എന്തായാലും അതിനെ സംബന്ധിച്ച് ഗൗരവമായി ആലോചിക്കണം. പുതിയ ഒരു വകുപ്പ് എഴുതി ചേർക്കണം. അതോ ഈ വകുപ്പ് വല്ല തെറ്റിദ്ധാരണയുടെ ഫലമായിട്ടാണോ വിട്ടുകളഞ്ഞത്? കുറ്റകൃത്യങ്ങളുടെ എണ്ണം ഇന്ന് വളരെ കുറഞ്ഞിട്ടുണ്ടെന്നാണ് ഗവൺമെന്റ് അവകാശപ്പെടുന്നത് അതുകൊണ്ട്, ഈ കുറ്റകൃത്യങ്ങൾ ഒന്നും കണ്ടുപിടിക്കേണ്ടാ, ആ കുറ്റകൃത്യങ്ങളുടെപേരിൽ ഒരുനടപടിയും എടുക്കേണ്ട, അതിന് ഓഫീസർമാരാരും വേണ്ടെന്നുള്ള ധാരണയാണെങ്കിൽ അത് ശരിയായ ധാരണയല്ല. അതുകൊണ്ട് ഈ കുറ്റകൃത്യങ്ങൾ കണ്ടുപിടിച്ച് യഥാർത്ഥകുറ്റവാളികളെ ശിക്ഷിക്കുന്നതിന് ആവശ്യമായ പ്രോസിക്യൂഷൻ സംവിധാനങ്ങൾ കോടതിയിൽ ഉണ്ടാക്കണം. അതിന് ആവശ്യമായ നിലയിൽ പുതിയ വകുപ്പ് എഴുതി ഉണ്ടാക്കണമെന്നാണ് എനിക്ക് അഭ്യർത്ഥിക്കുവാനുള്ളത്.

LIBRARY ARCHIVES Kerala Legislative Assembly

നിയമവും ജലസേചനവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. മാണി): സർ, ഇവിടെ നടന്ന ചർച്ച വളരെ ഫലവത്തായിരുന്നു. വളരെയധികം നല്ല നിർദ്ദേശങ്ങളും ബഹുമാനപ്പെട്ട മെമ്പർമാരുടെ പ്രസംഗങ്ങളിൽനിന്നും ലഭിക്കുകയുണ്ടായി എന്നുള്ളതു് ഞാൻ വളരെ സന്തോഷത്തോടുകൂടി അനുസ്മരിക്കുകയാണു്. ഇവിടെ പന്തളം എം.എൽ.എ. ശ്രീ. കേശവൻ സൂചിപ്പിച്ചതു്, കൂടിവെള്ളത്തിന്റെ പ്രശ്നം, ശുദ്ധജലത്തിന്റെ പ്രശ്നം, പല പദ്ധതികളും മുടങ്ങിക്കിടക്കുന്നു എന്നൊക്കെയാണു്. എന്തായാലും ഈ രംഗത്തുള്ള പ്രവർത്തനങ്ങളും ശക്തമാക്കാനുള്ള ഒരു നിയമ നിർമ്മാണം നടത്തി, ഈ നിയമ നിർമ്മാണം മൂലം വന്ന നിയമപരമായ ഒരു അതോറിറ്റിയിൽ, ഇപ്പോഴത്തെ ഓർഡിനൻസു് ഉണ്ടെങ്കിൽപ്പോലും, ഈ നിയമം പാസ്സാകുന്നതോടുകൂടി ഒരു പുതിയ വെളിച്ചം തീർച്ചയായും ഈ അതോറിറ്റിയിൽ ഉണ്ടാകും. അതിന്റെ പ്രവർത്തനങ്ങളും ശക്തമാക്കാൻ കഴിയും എന്നു് ഞാൻ ആശിക്കുകയാണു്. അപ്പോൾ ബഹുമാനപ്പെട്ട മെമ്പർ പറഞ്ഞ പല കാര്യങ്ങൾക്കും പ്രതിവിധിയുണ്ടാകുമെന്നാണു് കരുതുന്നതു്. പി. എസ്. സി. അപ്പോയിന്റ്മെന്റ്സിനെ സംബന്ധിച്ചു് ഇവിടെ സന്ദേഹം പ്രകടിപ്പിച്ചു. ഞാൻ അതിനെക്കുറിച്ചു് ഒരു പ്രഖ്യാപനം ഇവിടെ നടത്തിയിരുന്നു. ആത്മാർത്ഥതയോടുകൂടിത്തന്നെയാണു് അക്കാര്യം ഞാൻ അറിയിക്കാനാഗ്രഹിക്കുന്നതു്. ഈ അതോറിറ്റിയുടെ അപ്പോയിന്റ്മെന്റ്സു് പി. എസ്. സി. യ്ക്കു് വിടുന്നതിനു് മുൻപായി ഈ അതോറിറ്റിയുടെ ഡയറക്ടർ ബോർഡു് ഒരു റസല്യൂഷൻ പാസ്സാക്കിയിരുന്നു. ഞാൻ അതിനു് ഇവിടെനിന്നു് ഒരു ഡയറക്ഷൻ കൊടുത്തിട്ടുണ്ടു്. അടുത്ത 31—ാം തീയതി കൂടുന്ന ഡയറക്ടർ ബോർഡിൽ അപ്പോയിന്റ്മെന്റ്സു് പി. എസ്. സി: യ്ക്കു് വിടുന്നതിനുള്ള റസല്യൂഷൻ അതോറിറ്റി എടുക്കും, ആ റസല്യൂഷൻ എടുത്തുകഴിഞ്ഞാൽ ഒന്നുകിൽ ''K·P·S·C·—Additional Functions as respect of Corporation Companies Act 1970''.....അതു് അമെൻറ്മെന്റു് വരുത്തുകയോ അല്ലെങ്കിൽ ഈ ലോക്കൽ അതോറിറ്റി എന്നുള്ള നിലയിൽ ലോക്കൽ അതോറിറ്റീസിനു് ആപ്ലിക്കബിളായിട്ടുള്ള നിലയിൽ ഇതു് നോട്ടിഫൈ ചെയ്യുകയോ ചെയ്തുകൊണ്ടോ അവിടത്തെ അപ്പോയിന്റ്മെന്റ്സു് പി.എസ്.സി.യ്ക്കു് വിടുന്നതു് ഒരു യാഥാർത്ഥ്യമാക്കാൻ കഴിയുമെന്നാണു് എനിക്കു് സഭയെ അറിയിക്കുവാനുള്ളതു്. ഇവിടെ ബഹുമാനപ്പെട്ട ശ്രീ. വി. ജെ. തങ്കപ്പൻ വളരെ വാലിഡായിട്ടുള്ള ഒരു കാര്യം ചൂണ്ടിക്കാണിക്കുകയുണ്ടായി. അതായതു് ഏതെങ്കിലും ഒരു കുറ്റകൃത്യം ചെയ്തുവെന്നു് സംശയിക്കപ്പെടുന്ന ഒരാളെ കണ്ടുപിടിച്ചാൽ അയാളുടെ പേരും അഡ്രസ്സും വെളിപ്പെടുത്താൻ തയ്യാറില്ലെന്നുണ്ടെങ്കിൽ അയാളെ അറസ്റ്റു ചെയ്യുന്നതിനു് അതോറിറ്റിയിലെ ഉദ്യോഗസ്ഥൻമാർക്കു് അധികാരം നൽകപ്പെട്ടിരുന്ന 62 (1) വകുപ്പു് ഡെലീറ്റു ചെയ്തതിനുശേഷം 62 (2) ഉപവകുപ്പിൽ വന്നിട്ടുള്ള പരസ്പരവിരുദ്ധമായ ഒരു പദപ്രയോഗം കടന്നുകൂടിയിരിക്കുന്നുവെന്നു് അദ്ദേഹം പറയുകയുണ്ടായി. കാരണം, ഒരു ഒഫെൻസു് കോമ്പൗണ്ടു് ചെയ്യുമ്പോൾ ''If any person is in custody, he shall be discharged'' എന്ന ഒരു പദപ്രയോഗം സെക്ഷൻ 62 (2)—ലുണ്ടു്. അപ്പോൾ വീണ്ടും അറസ്റ്റുചെയ്യാതെ എങ്ങനെ വീണ്ടും ലീഗൽ കസ്റ്റഡിയിൽ വരും? അപ്പോൾ ലീഗൽ കസ്റ്റഡിയിലുള്ള ഒരാളെ ഡിസ്ചാർജ്ജുചെയ്യുവാൻ കഴിയുമോ? അതാണു് 62 (1) വകുപ്പിൽ പറഞ്ഞിട്ടുള്ളതു്. അതു് ഡെലീറ്റു ചെയ്ത സ്ഥിതിയ്ക്കു് 62 (2) വകുപ്പിലെ ''in custody shall be discharged'' എന്നുള്ള പദപ്രയോഗം കൂടി ഡെലീറ്റു ചെയ്യുന്നതാണു് നല്ലതെന്നുള്ള ശ്രീ. തങ്കപ്പന്റെ നിർദ്ദേശം ഞാൻ സ്വീകരിക്കുകയാണു്.

LIBRARY ARCHIVES Kerala Legislative Assembly

അതിനെ സംബന്ധിച്ചിടത്തോളം ഇവിടെ clause by clause ആയിട്ടുള്ള ഡിസ്കഷൻ വരുമ്പോഴും തീർച്ചയായും അതിനാവശ്യമുള്ള അമെൻമെന്റുകൾ കൊണ്ടുവരാം. അത് ഒരു ഇൻഅഡ്വെർട്ടൻസ് കൊണ്ട് വന്നതാണ്. അതുകൊണ്ട് നല്ല കാര്യങ്ങളും ഈ സഭയുടെ ഏത് ഭാഗത്തു നിന്ന് പറഞ്ഞാലും അത് സ്വീകരിക്കുവാൻ ഗവൺമെന്റ് ഒരുക്കമാണ്. അതുപോലെതന്നെ ഈ ബില്ലിനെ സംബന്ധിച്ച് മറൊരു കാര്യത്തിൽ അദ്ദേഹം ആശങ്ക പ്രകടിപ്പിച്ചു. അതായത് ഏത് മജിസ്ട്രേട്ടാണ് കുറ്റകൃത്യങ്ങളും ട്രൈ ചെയ്യേണ്ടത് എന്ന് പറഞ്ഞിട്ടില്ലാത്ത സ്ഥിതിയ്ക്ക് വലിയ ഒരു കൺഫ്യൂഷൻ ഉണ്ടെന്ന് അദ്ദേഹം പറഞ്ഞു. ആ അഭിപ്രായത്തോട് ഞാൻ യോജിക്കുന്നില്ല. സി. ആർ. പി. സി. യിൽ അതിന് വ്യക്തമായ നിയമം ഉണ്ട്. സി. ആർ. പി. സി. യിലെ നിയമത്തിൽ ഏതെങ്കിലും ഒരു നിയമത്തിൽ ഏത് കോടതിയാണോ ഒഫെൻസ് ട്രൈ ചെയ്യേണ്ടത് എന്ന് പറയുന്നില്ലെങ്കിൽ, അല്ലെങ്കിൽ പറയുകയോ പറയാതിരിക്കുകയോ ചെയ്യുന്ന സന്ദർഭങ്ങളിലാണെങ്കിൽ സി. ആർ. പി. സി. 26-ാം വകുപ്പാണ് ആപ്ലിക്കബിളായിട്ടുള്ളത്. സി.ആർ.പി.സി. യുടെ 26–ാം വകുപ്പിൽ ''.....any offence under any other law shall, when any Court is mentioned in this behalf in such law, be tried by such Court and when no Court is so mentioned, may be tried by

(i) the High Court, or

(ii) any other Court by which such offence is shown in the First Schedule to be triable'' അതായത് സി. ആർ. പി. സി. യുടെ ഫസ്റ്റ് ഷെഡ്യൂളിൽ ഓരോ ഒഫെൻസും ട്രൈ ചെയ്യേണ്ടത് ആരാണ് എന്നു നിയമത്തിൽ പറഞ്ഞിട്ടില്ലെങ്കിൽ ആ കാര്യങ്ങളൊക്കെ വളരെ വ്യക്തമായിട്ട് ഷെഡ്യൂളിനകത്ത് പ്രതിപാദിച്ചിരിക്കുന്നതുകൊണ്ട് ഈ ആശങ്കയ്ക്ക് കാര്യമില്ല. അതുകൊണ്ട് അതിനെ സംബന്ധിച്ചിടത്തോളം ട്രൈ ചെയ്യാനുള്ള മജിസ്ട്രേട്ടിന്റെ അധികാരത്തെ സംബന്ധിച്ചിടത്തോളം യാതൊന്നും ഇല്ലെന്ന് വളരെ വ്യക്തമായിട്ട് തന്നെ പറയാൻ ഞാനാഗ്രഹിക്കുകയാണ്. ശ്രീ. തങ്കപ്പൻ ഒരു കാര്യം കൂടി പറയുകയുണ്ടായി. ലോക്കൽ ബോഡി അത് പബ്ലിക് ഹെൽത്ത് സിസ്റ്റത്തിനു വേണ്ടി ലോക്കൽ ബോഡി അതോറിറ്റിക്ക് കൊടുക്കുന്ന ഫീസ് അത് ലെവി ചെയ്യുമ്പോൾ എങ്ങനെയാണെന്ന് ചോദിച്ചു. അതിന് വ്യക്തമായ നിർദ്ദേശങ്ങളും വ്യവസ്ഥകളും ഈ നിയമത്തിനകത്തുണ്ട്. 40–ാം വകുപ്പിൽ (3) ഉപവകുപ്പിൽ വളരെ വ്യക്തമായി പറഞ്ഞിട്ടുണ്ട്. അതിന് ചില നോംസ്, ഡയറക്ഷൻസ് ഉണ്ട്, as may be prescribed in Section 43' അതനുസരിച്ച് പ്രിസ്ക്രൈബ് ചെയ്യണം. ഗവൺമെന്റ് ഈ റൂൾ കൊണ്ടു വരണം. ആ റൂളിനകത്ത് അത് പ്രതിപാദിക്കുകയും എന്തെങ്കിലും ഡിസ്പ്യൂട്ട് ഉണ്ടെങ്കിൽ ഗവൺമെന്റിന് റഫറൻസിന് വിടാം. ഗവൺമെന്റിന് ആ ഡിസ്പ്യൂട്ടിൻമേൽ ആർബിട്രേറ്റ് ചെയ്യാൻ അവകാശമുണ്ട്. അതിന് ആവശ്യമായ തീരുമാനങ്ങളും എടുക്കാം. ആ നിലയ്ക്ക് ഗവൺമെന്റിന് ആവശ്യമുള്ള റഫറൻസിന് അധികാരമുണ്ട്. ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം ആവശ്യമായ നോംസ് ഏർപ്പെടുത്തുന്നതായിരിക്കും. അതിന് വ്യവസ്ഥയുണ്ട്. അതുകൊണ്ട് ആശങ്കക്കുള്ള യാതൊരു കാര്യവുമില്ല.

ബഹുമാനപ്പെട്ട വർക്കല രാധാകൃഷ്ണൻ വാട്ടർ ടാക്സിനെക്കുറിച്ച്, സെക്ഷൻ 23–ൽ ആർബിട്രറിയാണെന്ന് പറയുകയുണ്ടായി. സർ,

LIBRARY ARCHIVES Kerala Legislative Assembly

സെക്ഷൻ 23—നെ സംബന്ധിച്ചിടത്തോളം ഇത് ആർബിട്രറി ആയിട്ടല്ല, സെക്ഷൻ 23—ൽ വളരെ വ്യക്തമായി പറയുന്നുണ്ട്. എക്കണോമിക് ആയിട്ട് ഈ കാര്യങ്ങൾ നടത്തുന്നതിനെ സംബന്ധിച്ചിടത്തോളം സെക്ഷൻ 23 പറയുന്നത് "The Authority shall not, as far as practicable and after taking credit for any grants of subventions or capital contributions or loans from the Government under section 24, carry on its operations under this Act at a loss.....(നഷ്ടം കൂടാതെ നടത്തണം) .....and shall so fix and adjust its rates of taxes and charges under this Act as to enable it to meet as soon as feasible the cost of its operations, maintenance and debt service and where practicable to achieve an economic return on its fixed assets" എന്നാണ്. അപ്പോൾ ഇതിന്റെ ചെലവ് നീക്കം ചെയ്ത് ഒരു ഇക്കണോമിക് റിട്ടേൺ ഉണ്ടാകത്തക്കവണ്ണം മിനിമമായി ഒരു എക്കണോമിക് റിട്ടേൺ കിട്ടത്തക്കവണ്ണമുള്ള ചാർജ് ഒരു നോംസ് പ്രിസ്ക്രൈബ് ചെയ്തുകൊണ്ട് ആ നോംസിനു് അകത്ത് മാത്രമേ വാട്ടർ ചാർജ് ഈടാക്കാൻ അതോറിറ്റിക്കധികാരം കൊടുത്തിട്ടുള്ളൂ. അതുകൊണ്ട് ആർബിട്രറിയായിട്ടുള്ള ലെവിയല്ല എന്ന് ബഹുമാനപ്പെട്ട മെമ്പറെ അറിയിക്കാൻ ഞാൻ ആഗ്രഹിക്കുകയാണ്.

അതുപോലെ തന്നെ കടം എടുക്കുന്നതിനു് സംബന്ധിച്ചിടത്തോളം യാതൊരു കൺട്രോളുമില്ല. ഇഷ്ടംപോലെ കടമെടുക്കുമെന്ന് ബഹുമാനപ്പെട്ട രാധാകൃഷ്ണൻ പറയുകയുണ്ടായി. ഒരാശങ്കക്കും അടിസ്ഥാനമില്ല. സെക്ഷൻ 28 (5) അനുസരിച്ച് ആനുവൽ ഫിനാൻസിന്റെ എസ്റ്റിമേറ്റ് നിയമസഭയുടെ മുൻപാകെ വയ്ക്കുന്നുണ്ട്. ആനുവൽ ഫിനാൻസ് എസ്റ്റിമേറ്റ് നിയമസഭയ്ക്ക് മുൻപാകെ വയ്ക്കുമ്പോൾ ഈ നിയമസഭയെ സംബന്ധിച്ചിടത്തോളം നിയമസഭക്ക് അതിൻമേൽ ഒരു സ്ക്രൂട്ടണി നടത്താം. തന്നെയുമല്ല ലോണൊക്കെ കിട്ടണമെന്നുണ്ടെങ്കിൽ ഗവൺമെൻറിന്റെ ഗ്യാരൻറി വേണം. ഒന്നും പറഞ്ഞില്ലെങ്കിൽ പോലും ലോൺ കിട്ടുന്നതിനെ സംബന്ധിച്ചിടത്തോളം സ്വാഭാവികമായും ഇത് ക്യാബിനറ്റിൽ വരികയും ഗവൺമെൻറിന് ഗ്യാരൻറി നിൽക്കേണ്ട സന്ദർഭങ്ങളിൽ ഗവൺമെൻറിന് അത് പരിശോധിക്കുവാനുള്ള അവസരം ലഭിക്കുകയും ചെയ്യും. രണ്ടാമത് നിയമസഭയ്ക്കും ആ കാര്യങ്ങളെ സംബന്ധിച്ചിടത്തോളം അവസരം ലഭിക്കുന്നതാണ്. അതുകൊണ്ട് ഇങ്ങനെ ലോൺ വാങ്ങുന്നതിനുള്ള അനുവാദത്തിന് ഒരു കുഴപ്പവുമില്ല എന്നു് മാത്രമല്ല അനുവാദം തീർച്ചയായും നല്ലതാണ്. ഈ അതോറിറ്റി ഉണ്ടാക്കുന്നതിന്റെ ഒരു പ്രധാനപ്പെട്ട കാരണം തന്നെ ആവശ്യമായ ഫണ്ടിങ്ങിനു് വേണ്ടിയാണ്. അത് ആവശ്യമായി വർദ്ധിപ്പിക്കാൻ വേണ്ടിയാണ്. അതുപോലെ തന്നെ വർക്കല രാധാകൃഷ്ണൻ ആഡിറ്റിനെ സംബന്ധിച്ചിടത്തോളം ഒരു കാര്യം പറയുകയുണ്ടായി. ആരാണ് ആഡിറ്റ് ചെയ്യേണ്ടതെന്ന് സ്പെസിഫൈ ചെയ്തിട്ടില്ലെന്ന് പറഞ്ഞു. സർ, അത് ശരിയാണ്, സ്പെസിഫൈ ചെയ്തിട്ടില്ല. പക്ഷേ അതിന് ഒരു ബുദ്ധിമുട്ടുമില്ല. ഇത് ഇപ്പോൾ ഗവൺമെൻറിനെ സംബന്ധിച്ചിടത്തോളം.....

ശ്രീ. കെ. പങ്കജാക്ഷൻ: ഇതിനെ ലോക്കൽ അതോറിറ്റിയായിട്ടാണ് ഡിക്ലയർ ചെയ്തിരിക്കുന്നത്; അപ്പോൾ എക്സാമിനർ ഓഫ് ലോക്കൽ ആഡിറ്റ് ഫണ്ടിനെ നിർദ്ദേശിക്കുവാൻ എന്താണ് തടസ്സം?

ശ്രീ. കെ. എം. മാണി: ഞാൻ ബഹുമാനപ്പെട്ട പങ്കജാക്ഷൻ പറയുന്നതിനോട് യോജിക്കുന്നു. ലോക്കൽ അതോറിറ്റിയായിട്ട് ഡിക്ലയർ ചെയ്തിട്ടുണ്ടെങ്കിൽ എക്സാമിനർ ഓഫ് ലോക്കൽ ഫണ്ട് ആഡിറ്റ് അവരെയാണ് ആപ്പിക്കബിളാക്കുന്നത്. ഇനി അതല്ല അക്കൗണ്ടൻറ് ജനറൽ എന്ന് എടുത്ത് പറയണമെന്നുണ്ടെങ്കിൽ അതിനും ഞാൻ ഒരുക്ക

LIBRARY ARCHIVES Kerala Legislative Assembly

മാണ്. ക്ലാസ് ബൈ ക്ലാസ് ചർച്ചയിൽ അക്കൗണ്ടന്റ് ജനറൽ എന്ന് ചേർക്കണമെന്നുണ്ടെങ്കിൽ പോലും. ഞാൻ ഒരുക്കമാണ്. കാരണം നമ്മൾ ഒരു നിയമം ഉണ്ടാക്കുമ്പോൾ 'അതിനകത്ത്' പഴുതുണ്ടാകാൻ പാടില്ല. അത് ഭംഗിയായിരിക്കണം. ഗവൺമെന്റിനെ സംബന്ധിച്ചിടത്തോളം, ഗവൺമെന്റിന്റെ ഇന്റൻഷൻ അത് മാത്രമാണെന്നാണ് ഞാൻ പറയുന്നത് 29 (4)–ന്റെ വേറൊരു സവിശേഷത ബഹുമാനപ്പെട്ട മെമ്പർ അറിഞ്ഞിരിക്കേണ്ടത്, ഈ ആഡിറ്റഡ് റിപ്പോർട്ട് 29 (4) അനുസരിച്ച് നിയമസഭയിൽ വയ്ക്കുന്നുണ്ട്. അതേ ആഡിറ്റർ റിപ്പോർട്ട് തന്നെ നിയമസഭയിൽ വയ്ക്കുന്നതുകൊണ്ട് നിയമസഭയ്ക്ക് അതിനെ സംബന്ധിച്ച് വീണ്ടും പരിശോധിക്കാൻ ഒരവസരം ലഭിക്കുന്നതാണ്.

അതുപോലെ തന്നെ വേൾഡ് ബാങ്ക് അസിസ്റ്റൻസിനെ സംബന്ധിച്ച് ഇവിടെ കുറെ കാട് കയറി സംസാരിക്കുകയുണ്ടായി. അതുകൊണ്ട് എന്താണ് പ്രയോജനം? വേൾഡ് ബാങ്ക് അസിസ്റ്റൻസിൽ വല്ലതും കിട്ടിയോ? അത് വളരെ ലാഭകരമാണോ? അത് പ്രയാസകരമാണെന്ന് ബഹുമാനപ്പെട്ട പത്മനാഭനാണ് പറഞ്ഞത്. സർ, 1985–സെപ്തംബറിൽ ഒരു എഗ്രിമെന്റുണ്ടായിട്ടുണ്ട് അതാണ്, എനിക്ക് ഇതിനെ സംബന്ധിച്ച് പറയാനുള്ളത്. ഈ അതോറിറ്റി നിലവിൽ വന്നതിനുശേഷം വേൾഡ് ബാങ്കുമായി 41 മില്ല്യൻ ഡോളേഴ്സിന്റെ എഗ്രിമെന്റുണ്ടായി. ഒരു പ്രോജക്ട് എടുക്കുമ്പോൾ 50% കോസ്റ്റാണ് വേൾഡ് ബാങ്ക് തരുന്നത്. നമ്മുടെ കയ്യിൽ നിന്ന് അവർ ഈടാക്കുന്ന പലിശയോ വളരെ കുറഞ്ഞതുമാണ്. മുക്കാൽ ശതമാനം പലിശ മാത്രമാണ് സർവ്വീസ് ചാർജ്ജിന് വേണ്ടി ഈടാക്കുന്നത്. അതുപോലെ തന്നെ അതിന്റെ കാലാവധി അൻപത് വർഷമാണ്. 50 വർഷം കൊണ്ട് റീപേയ് ചെയ്താൽ മതി. തന്നെയുമല്ല ഇത് ഡോളറാണ്. ഫോറിൻ എക്സ്ചേഞ്ചാണ്. ഫോറിൻ എക്സ്ചേഞ്ച് സൗകര്യം കിട്ടുന്നു. 50 വർഷം കൊണ്ട് റീപേയ് ചെയ്താൽ മതി. മുക്കാൽ ശതമാനം പലിശയാണ് സർവ്വീസ് ചാർജ്. പിന്നെ സംസ്ഥാന ഗവൺമെന്റിന് സെൻട്രൽ ഗവൺമെന്റാണ് ചാനലൈസ് ചെയ്യുന്നത്. എക്സ്റ്റേണൽ അസിസ്റ്റൻസ് കേന്ദ്ര ഗവൺമെന്റ് ചാനലൈസ് ചെയ്യുമ്പോൾ കേന്ദ്ര ഗവൺമെന്റ് ഒരു പലിശ ഈടാക്കുന്നുണ്ട്. അത് മറ്റൊരു കാര്യം. അപ്പോൾ വേൾഡ് ബാങ്കിനെ സംബന്ധിച്ചിടത്തോളം വേൾഡ് ബാങ്കിന്റെ അസിസ്റ്റൻസ് നമുക്ക് വളരെ പ്രയോജനകരമാണ്. ഈ പ്രശ്നത്തെ സംബന്ധിച്ചിടത്തോളം എനിക്ക് കൂടുതലായിട്ട് പറയാനില്ല. അതുകൊണ്ട് ഞാൻ ചുരുക്കുകയാണ്. ഇവിടെ പറഞ്ഞ കുറെ കാര്യങ്ങൾ തെറ്റിദ്ധാരണകൊണ്ടു പറഞ്ഞതാണ്. പല നല്ല കാര്യങ്ങളും പറഞ്ഞിട്ടുണ്ട്. ചില പ്രായോഗികമായ നിർദ്ദേശങ്ങളുമുണ്ട്. ആ വക കാര്യങ്ങളെ സംബന്ധിച്ചിടത്തോളമൊക്കെയും ഗവൺമെന്റ് അത് മനസ്സിലാക്കുന്നു. അതനുസരിച്ച് നമുക്ക് ഇനി 28–ാം തീയതി ആണല്ലോ ക്ലാസ് ബൈ ക്ലാസ് ചർച്ച. അന്ന് വളരെ ബിസിനസ് ലൈക്കായിട്ട് നമുക്ക് ട്രാൻസാക്ട് ചെയ്തുകൊണ്ട് ഈ ക്ലാസിനെ സംബന്ധിച്ചിടത്തോളവും. ഇവിടെ നിർദ്ദേശിക്കപ്പെട്ടിട്ടുള്ള പല കാര്യങ്ങളെ സംബന്ധിച്ചിടത്തോളവും ആവശ്യമായ ഭേഗതി വരുത്തിക്കൊണ്ട് കൂടുതൽ ഭംഗിയാക്കാം. ഗവൺമെന്റ് ആ നിലയ്ക്ക് ഈ കാര്യം നിർവ്വഹിക്കുന്നതാണ്. ബഹുമാനപ്പെട്ട സഭയുടെ പിൻതുണ ആ കാര്യത്തിൽ ഉണ്ടാകുമെന്ന് പ്രതീക്ഷിച്ചുകൊണ്ട് ഞാൻ നിർത്തട്ടെ.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കാനം രാജേന്ദ്രൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു. ശ്രീ. കോടിയേരി ബാലകൃഷ്ണൻ അവതരിപ്പിച്ച ഭേദഗതി സഭ വോട്ടിനിട്ട് നിരാകരിച്ചു.

സബ്ജക്ട് കമ്മിറ്റി റിപ്പോർട്ട് ചെയ്ത പ്രകാരമുള്ള ജലവും മലിനജലവും സംബന്ധിച്ച 1984-ലെ കേരള ബിൽ പരിഗണനക്കെടുക്കണമെന്ന പ്രമേയം സഭ വോട്ടിനിട്ട് അംഗീകരിച്ചു.

ബിൽ സഭ പരിഗണനക്കെടുത്തു.

മി. സ്പീക്കർ: സഭ ഇപ്പോൾ പിരിയുന്നതും നാളെ രാവിലെ 8.30-ന് വീണ്ടും സമ്മേളിക്കുന്നതുമാണ്.

(1986 ജൂലൈ മാസം 25-ാം തീയതി വെള്ളിയാഴ്ച രാവിലെ 8.30 ന് വീണ്ടും സമ്മേളിക്കുന്നതിലേക്കായി സഭ രാത്രി 7. 57-ന് പിരിഞ്ഞു.)

അനുബന്ധം I

[നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ (2134) കാണുക]

ഈ വകുപ്പിൽ ലഭ്യമായിട്ടുള്ള കണക്കുകൾ പ്രകാരം സംസ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കുന്ന ദിനപ്പത്രങ്ങൾ തുടങ്ങിയവയുടെ എണ്ണം താഴെ ചേർക്കുന്നു:

ദിനപ്പത്രങ്ങൾ	97
വാരികകൾ	92
ദ്വൈവാരികകൾ	54
മാസികകൾ	553

1983-ലെ പ്രസ് രജിസ്ട്രാരുടെ റിപ്പോർട്ടുപ്രകാരം സംസ്ഥാനത്തു നിന്നും പ്രസിദ്ധീകരിക്കുന്ന സർക്കുലേഷൻ ലഭ്യമായ ദിനപത്രങ്ങൾ തുടങ്ങിയവയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു:

1.	മലയാള മനോരമ	5,09,022
2.	മാതൃഭൂമി	3,53,259
3.	കേരളകൗമുദി	1,24,646
4.	ദീപിക	61,944
5.	ദേശാഭിമാനി	47,066
6.	ജനയുഗം (കൊല്ലവും കോഴിക്കോടും ചേർത്ത്)	42,994
7.	എക്സ്പ്രസ്	53,727
8.	ചന്ദ്രിക	25,810
9.	ഇന്ത്യൻ എക്സ്പ്രസ്	65,992
10.	കേരള പത്രിക	26,506
11.	സതേൺസ്റ്റാർ	11,812
12.	അനുരഞ്ജനം	4,050
13.	കാനന്നൂർ ടൈംസ്	2,000
14.	കോസ്റ്റൽ എക്സ്പ്രസ്	2,613
15.	ജനറൽ	4,512
16.	ജനകേരളം	1,827
17.	ജയ്ഹിന്ദ്	1,996

LIBRARY ARCHIVES Kerala Legislative Assembly